No	Code	Grama Panchayat	Amount of Basic Grant in ₹
477	G080201	Choondal	1728000
478	G080202	Chowwannur	989000
479	G080203	Kadavallur	2053000
480	G080204	Kandanassery	1346000
481	G080205	Kattakambal	1391000
482	G080206	Porkulam	895500
483	G080207	Kadangode	1860000
484	G080208	Velur	1559500
485	G080301	Desamangalam	1217000
486	G080302	Erumapetty	1784000
487	G080304	Mullurkara	1337500
488	G080305	Thekkumkara	1733500
489	G080306	Varavoor	1225000
490	G080401	Chelakkara	2430500
491	G080402	Vallathol Nagar	1431500
492	G080403	Kondazhy	1324500
493	G080404	Panjal	1461000
494	G080405	Pazhayannur	2627000
495	G080406	Thiruvilwamala	1980000
496	G080501	Madakkathara	1806500
497	G080502	Nadathara	1660000
498	G080503	Pananchery	4997500
499	G080504	Puthur	2970000
500	G080601	Adat	1724000
501	G080602	Avanur	1186000
502	G080603	Kaiparambu	1837500
503	G080604	Mulamkunnathukavu	1114000
504	G080605	Tholur	1182500
505	G080606	Kolazhy	1574000
506	G080701	Elavally	1625000
507	G080702	Mullassery	1337000
508	G080703	Pavaratty	1125000
509	G080704	Venkitangu	1585500
510	G080801	Engandiyur	1685000
511	G080802	Vadanappally	2206000
512	G080803	Thalikulam	1825500
513	G080804	Nattika	1405500

No	Code	Grama Panchayat	Amount of Basic Grant in ₹
514	G080805	Valappad	2755000
515	G080901	Anthicad	1203500
516	G080902	Thanniyam	1556500
517	G080903	Chazhoor	1683000
518	G080904	Manallur	1986000
519	G080905	Arimpoor	1855500
520	G081001	Avinissery	1154000
521	G081002	Cherpu	1940500
522	G081003	Paralam	1367000
523	G081004	Vallachira	1125000
524	G081101	Alagappa Nagar	1632500
525	G081102	Kodakara	1687500
526	G081103	Mattathur	4216000
527	G081104	Nenmanikkara	1191000
528	G081105	Pudukkad	1307000
529	G081106	Trikkur	1572500
530	G081107	Varandarappilly	3698000
531	G081201	Karalam	1258000
532	G081202	Kattur	986000
533	G081203	Muriyad	1734500
534	G081204	Parappukkara	1728000
535	G081301	Padiyur	1194500
536	G081302	Poomangalam	719000
537	G081303	Puthenchira	1232500
538	G081304	Vellangallur	2098000
539	G081305	Vellookkara	1636500
540	G081401	Edathiruthy	1650000
541	G081402	Kaipamangalam	2494500
542	G081403	Mathilakam	1847500
543	G081404	Perinjanam	1374500
544	G081405	Sree Narayanapuram	2831500
545	G081406	Edavilangu	1414500
546	G081407	Eriyad	3360000
547	G081501	Alur	2333000
548	G081502	Annamanada	1679000
549	G081503	Kuzhur	1237500
550	G081504	Mala	1812000

No	Code	Grama Panchayat	Amount of Basic Grant in ₹
551	G081505	Poyya	1407000
552	G081601	Kadukutty	1380500
553	G081602	Kodassery	2037500
554	G081603	Koratty	1564500
555	G081604	Melur	1548000
556	G081605	Pariyaram	1314000
557	G081606	Athirappally	4458500
558	G090101	Anakkara	1354000
559	G090102	Chalisseri	1529500
560	G090103	Kappur	1698500
561	G090104	Nagalassery	1444000
562	G090105	Pattithara	1720500
563	G090106	Thirumittacode	2033500
564	G090107	Thrithala	1398000
565	G090201	Koppam	1555000
566	G090202	Kulukkallur	1543500
567	G090203	Muthuthala	1249500
568	G090204	Ongallur	2287000
569	G090206	Parudur	1430500
570	G090207	Thiruvegapuram	1862500
571	G090208	Vilayur	1268500
572	G090301	Ambalapara	2246000
573	G090302	Ananganadi	1271500
574	G090303	Chalavara	1277000
575	G090304	Lakkidiperur	2001500
576	G090305	Vaniamkulam	1886500
577	G090306	Thrikkadeeri	1317000
578	G090307	Vallapuzha	1557500
579	G090308	Nellaya	1913000
580	G090402	Kadampazhipuram	1930500
581	G090403	Karimpuzha	2130500
582	G090404	Pookkottukavu	854500
583	G090405	Sreekrishnapuram	1333500
584	G090406	Vellinezhi	1130500
585	G090407	Karakurissi	1859500
586	G090501	Alanallur	3107500
587	G090502	Karimba	2355500

No	Code	Grama Panchayat	Amount of Basic Grant in ₹
588	G090503	Kottoppadam	2893000
589	G090504	Kumaramputhur	2100500
590	G090505	Kanjirappuzha	2775000
591	G090507	Thachanattukara	1879500
592	G090508	Tachampara	1678000
593	G090509	Thenkara	2059000
594	G090601	Agali	5873500
595	G090602	Pudur	6535000
596	G090603	Sholayar	4520000
597	G090701	Keralassery	1079500
598	G090702	Kongad	1757500
599	G090703	Mankara	1530000
600	G090704	Mannur	1064500
601	G090705	Mundur	1646000
602	G090706	Parali	1819500
603	G090707	Pirayiri	2184000
604	G090801	Kottai	1116000
605	G090802	Kuthanoor	1400000
606	G090803	Kuzhalmannam	1574000
607	G090804	Mathur	1774500
608	G090805	Peringottukurissi	1561500
609	G090806	Thenkurissy	1439500
610	G090807	Kannadi	1238500
611	G090901	Eruthempathy	1531500
612	G090902	Kozhinjampara	2088000
613	G090903	Nalleppilly	1963500
614	G090904	Perumatty	2195500
615	G090905	Vadakarapathy	2025000
616	G090906	Elappully	2235500
617	G090907	Polpully	1021000
618	G091001	Kollenkode	2231500
619	G091002	Koduvayur	1555500
620	G091003	Muthalamada	3697500
621	G091004	Puthunagaram	978000
622	G091005	Vadavannur	1014000
623	G091006	Pattenchery	1587500
624	G091007	Peruvembu	1035000

No	Code	Grama Panchayat	Amount of Basic Grant in ₹
625	G091101	Ayiloor	1894000
626	G091102	Nelliampathy	5295500
627	G091103	Elavenchery	1201000
628	G091104	Pallassana	1361000
629	G091105	Melarcode	1581000
630	G091106	Nenmara	2054000
631	G091107	Vandazhy	2006000
632	G091201	Alathur	1513500
633	G091202	Erimayur	1779000
634	G091203	Kavassery	1737500
635	G091204	Kizhakkenchery	3354000
636	G091205	Puducode	1212500
637	G091206	Tarur	1640500
638	G091207	Vadakkanchery	2062000
639	G091208	Kannambra	1531500
640	G091301	Akathethara	1507000
641	G091302	Malampuzha	2737000
642	G091303	Marutharoad	1848000
643	G091304	Puduppariyaram	2473500
644	G091305	Pudussery	3423500
645	G091306	Kodumbu	1265500
646	G100101	Chaliyar	2207500
647	G100102	Chungathara	3365000
648	G100103	Moothedam	2250500
649	G100104	Vazhikkadavu	3729500
650	G100105	Edakkara	1811500
651	G100106	Pothukal	3170500
652	G100201	Amarambalam	3646500
653	G100202	Karulai	2122500
654	G100203	Kalikavu	2572500
655	G100204	Chokkadu	2701000
656	G100205	Karuvarakundu	3097000
657	G100206	Thuvvur	1766500
658	G100207	Edappatta	1876000
659	G100301	Mambad	2682000
660	G100302	Pandikkad	3183500
661	G100303	Porur	1854500

No	Code	Grama Panchayat	Amount of Basic Grant in ₹
662	G100304	Trikkalangode	2881500
663	G100305	Thiruvali	1613000
664	G100306	Vandoor	2616000
665	G100401	Chelambra	1715000
666	G100402	Cherukavu	1904500
667	G100405	Pallikkal	2387000
668	G100406	Vazhayur	1575500
669	G100407	Vazhakkad	1998000
670	G100408	Pulikkal	2075000
671	G100409	Muthuvallur	1389000
672	G100501	Urungattiri	2966000
673	G100502	Kavannur	2349500
674	G100503	Kizhuparambu	1163500
675	G100504	Pulpatta	2248000
676	G100505	Chekkode	1814000
677	G100506	Kuzhimanna	1796000
678	G100507	Areekode	1536000
679	G100508	Edavanna	2592000
680	G100601	Anakkayam	3490000
681	G100602	Morayur	1831000
682	G100603	Ponmala	1845500
683	G100604	Pookkottur	1969500
684	G100605	Kodoor	1910500
685	G100606	Othukkungal	1998000
686	G100701	Aliparambu	2116500
687	G100702	Elamkulam	1383500
688	G100703	Melattur	1572500
689	G100704	Keezhattur	2055000
690	G100705	Thazhekode	2371000
691	G100706	Vettathur	1598500
692	G100707	Pulamanthole	2070500
693	G100708	Angadipuram	2891000
694	G100801	Kuruva	2419500
695	G100802	Mankada	1674000
696	G100803	Makkaraparamba	957500
697	G100804	Moorkkanad	1840000
698	G100805	Koottilangadi	1844000

No	Code	Grama Panchayat	Amount of Basic Grant in ₹
699	G100806	Puzhakkattiri	1514000
700	G100901	Athavanad	2145500
701	G100902	Edayoor	2388500
702	G100903	Irimbilayam	1701000
703	G100904	Marakkara	2169500
704	G100905	Kuttippuram	2495500
705	G100907	Kalpakancheri	1762000
706	G101001	Abdul Rahiman Nagar	2522500
707	G101002	Edarikode	1418000
708	G101003	Parappur	1907000
709	G101004	Thennala	1526000
710	G101005	Vengara	2401500
711	G101006	Kannamangalam	2328500
712	G101007	Urakam	1578000
713	G101102	Thenhippalam	1704000
714	G101104	Vallikkunnu	3278000
715	G101105	Moonniyur	2892500
716	G101106	Nannambra	2084500
717	G101107	Peruvalloor	2036000
718	G101201	Cheriyamundam	1630500
719	G101202	Ozhur	1942000
720	G101203	Tanalur	2651000
721	G101204	Valavannur	1788500
722	G101206	Ponmundam	1338500
723	G101207	Niramaruthur	2199000
724	G101208	Perumannaclari	1430500
725	G101301	Purathur	3204000
726	G101302	Thalakkad	1957000
727	G101303	Triprangode	2352500
728	G101304	Vettom	3176500
729	G101305	Thirunavaya	2446500
730	G101306	Mangalam	2538500
731	G101401	Tavanur	1955000
732	G101402	Vattamkulam	1889500
733	G101403	Edappal	1731000
734	G101404	Kalady	1382500
735	G101501	Alamcode	2087000

No	Code	Grama Panchayat	Amount of Basic Grant in ₹
736	G101502	Marancheri	1979500
737	G101503	Nannamukku	1659000
738	G101504	Perumpadappa	2079500
739	G101505	Veliyancode	2358000
740	G110101	Azhiyoor	2017000
741	G110102	Chorode	2613000
742	G110103	Eramala	1949500
743	G110104	Onchiyam	1885500
744	G110201	Chekkiad	1494500
745	G110202	Edacheri	1610000
746	G110203	Purameri	1620000
747	G110204	Thuneri	1334500
748	G110205	Valayam	1244000
749	G110206	Vanimel	1967500
750	G110207	Nadapuram	2170000
751	G110301	Kunnummal	999500
752	G110302	Kayakkodi	1532500
753	G110303	Kavilumpara	2392500
754	G110304	Kuttiadi	1117500
755	G110305	Maruthomkara	1915000
756	G110306	Velom	1685500
757	G110307	Narippetta	2711000
758	G110401	Ayancheri	1545500
759	G110402	Villiappally	1925000
760	G110403	Maniyoor	2371500
761	G110404	Thiruvallur	2075500
762	G110501	Thurayur	813500
763	G110502	Keezhariyoor	895500
764	G110503	Thikkodi	1973500
765	G110505	Meppayyur	1549000
766	G110601	Cheruvannur	1394500
767	G110602	Nochad	1591000
768	G110603	Changaroth	1898500
769	G110604	Kayanna	930500
770	G110605	Kuthali	1046500
771	G110606	Perambra	1986500
772	G110607	Chakkittapara	2451500

No	Code	Grama Panchayat	Amount of Basic Grant in ₹
773	G110701	Balussery	1735500
774	G110702	Naduvannur	1617000
775	G110703	Ulliyeri	1873500
776	G110704	Kottur	2113000
777	G110705	Unnikulam	2660500
778	G110706	Panangad	2089500
779	G110707	Koorachundu	1962000
780	G110801	Chemanchery	2559500
781	G110802	Arikkulam	1160500
782	G110803	Moodadi	2191500
783	G110804	Chengottukavu	1834500
784	G110805	Atholi	1475000
785	G110901	Kakkodi	2191500
786	G110902	Chelannur	2815000
787	G110903	Kakkur	1427000
788	G110904	Nanmanda	1543500
789	G110905	Narikkuni	1379000
790	G110906	Thalakkulathur	1757000
791	G111001	Thiruvambadi	2297000
792	G111002	Koodaranji	1917000
793	G111003	Kizhakkoth	1653000
794	G111004	Madavoor	1645500
795	G111006	Puduppady	2965500
796	G111007	Thamarassery	1895000
797	G111008	Omassery	1914000
798	G111009	Kattippara	1650500
799	G111010	Kodenchery	2980000
800	G111101	Kodiyathur	1561000
801	G111102	Kuruvattur	1825000
802	G111103	Mavoor	1734000
803	G111104	Karassery	1859500
804	G111105	Kunnamangalam	2619000
805	G111106	Chathamangalam	2436500
806	G111108	Peruvayal	2525000
807	G111109	Perumanna	1777500
808	G111201	Kadalundi	2914500
809	G111204	Olavanna	4193000

No	Code	Grama Panchayat	Amount of Basic Grant in ₹
810	G120102	Vellamunda	3665000
811	G120103	Thirunelly	4780500
812	G120104	Thondernad	2846500
813	G120105	Edavaka	2474500
814	G120106	Thavinhal	3518500
815	G120201	Panamaram	4647500
816	G120202	Poothadi	3603000
817	G120203	Mullamkolly	2540500
818	G120204	Pulpalli	3014000
819	G120205	Kaniambetta	2290500
820	G120301	Meenangadi	2678000
821	G120302	Nenmeni	3688000
822	G120303	Ambalavayal	2784000
823	G120305	Noolpuzha	4075500
824	G120401	Kottathara	1231000
825	G120402	Vengappally	911500
826	G120403	Vythiri	1359500
827	G120404	Mutil	2550500
828	G120405	Pozhuthana	1806500
829	G120406	Thariyode	1299500
830	G120407	Padinharethara	2032500
831	G120408	Meppadi	3715000
832	G120409	Muppainadu	2040500
833	G130101	Kunhimangalam	1106500
834	G130102	Ramanthali	2308500
835	G130103	Karivellur Paralam	1351000
836	G130104	Kankole Alapadamba	1434500
837	G130105	Eramam Kuttoor	2018000
838	G130106	Peringome Vayakkara	2477000
839	G130107	Cherupuzha	2711500
840	G130201	Cheruthazham	1787500
841	G130202	Ezhone	1130000
842	G130203	Madayi	2492000
843	G130204	Mattool	1836500
844	G130205	Cherukunnu	1088500
845	G130206	Kalliasseri	1744500
846	G130207	Kannapuram	1114500

No	Code	Grama Panchayat	Amount of Basic Grant in ₹
847	G130208	Narath	1470000
848	G130301	Pattuvam	944000
849	G130302	Chengalai	2074000
850	G130303	Kurumathur	2031500
851	G130304	Pariyaram	2242000
852	G130305	Chapparapadavu	2145000
853	G130306	Naduvil	2856500
854	G130307	Udayagiri	2261500
855	G130308	Alakode	2831500
856	G130309	Kadannapally Panapuzha	1512500
857	G130401	Eruvessi	1551000
858	G130402	Irikkur	775500
859	G130403	Malapattom	720500
860	G130404	Payyavoor	2007000
861	G130405	Kuttiattor	1538500
862	G130406	Mayyil	1938000
863	G130408	Padiyurkalliad	1600500
864	G130409	Ulickal	3251500
865	G130501	Chirakkal	2547000
866	G130504	Valapattanam	733500
867	G130505	Azhikode	3703500
868	G130506	Pappinisseri	1776000
869	G130603	Kadamboor	995000
870	G130605	Chembilode	1975500
871	G130606	Munderi	2009500
872	G130607	Peralasseri	1613000
873	G130608	Kolacherry	1519500
874	G130701	Dharmadom	2058500
875	G130702	Eranjoli	1342000
876	G130703	Pinarayi	1951000
877	G130704	New Mahi	1190500
878	G130705	Muzhappilangad	1639500
879	G130706	Ancharakandy	1249000
880	G130707	Vengad	2159500
881	G130801	Kadirur	1660000
882	G130802	Chokli	1499000
883	G130805	Mokeri	1065500

No	Code	Grama Panchayat	Amount of Basic Grant in ₹
884	G130806	Panniyannur	1195500
885	G130901	Trippangottur	1937500
886	G130902	Chittariparamba	1874500
887	G130903	Kunnathuparamba	2158500
888	G130904	Mangattidom	2485500
889	G130905	Pattiom	1777000
890	G130906	Kottayam	1065000
891	G131001	Aralam	3126500
892	G131002	Ayyamkunnu	2338500
893	G131003	Keezhalloor	1454000
894	G131004	Thilankeri	1148500
895	G131005	Koodali	1939000
896	G131006	Payam	1742500
897	G131101	Kanichar	1660500
898	G131102	Kelakom	1507000
899	G131103	Kottiyoor	2646000
900	G131104	Muzhakkunnu	1440500
901	G131105	Kolayad	1760500
902	G131106	Malur	1502500
903	G131107	Peravoor	1786500
904	G140101	Mangalpady	3615500
905	G140102	Vorkady	1929000
906	G140103	Puthige	1395500
907	G140104	Meenja	1473500
908	G140105	Manjeswhar	3235500
909	G140106	Paivalike	2171500
910	G140107	Enmakaje	1766000
911	G140201	Belloor	910500
912	G140202	Kumbadaje	1023000
913	G140203	Muliyar	1451500
914	G140204	Karadka	1287500
915	G140205	Delampady	1720500
916	G140206	Bedaduka	2002500
917	G140207	Kuttikol	1689000
918	G140301	Chengala	4173000
919	G140302	Chemnad	3485000
920	G140303	Madhur	2290000

No	Code	Grama Panchayat	Amount of Basic Grant in ₹
921	G140304	Mogral Puthur	1760500
922	G140305	Badiyadka	2131500
923	G140306	Kumbala	3633000
924	G140401	Uduma	3009000
925	G140402	Ajanoor	3499500
926	G140403	Madikkai	1575500
927	G140404	Pallikkara	3259500
928	G140405	Pullurperiya	2157000
929	G140501	Balal	2121500
930	G140502	Kodom Beloor	2402000
931	G140503	Panathady	1912500
932	G140504	Kallar	1334000
933	G140505	East Eleri	1751000
934	G140506	West Eleri	2224500
935	G140507	Kinanoor Karindalam	2026000
936	G140601	Cheruvathur	1844500
937	G140602	Kayyur Cheemeni	1747500
938	G140603	Pilicode	1477000
939	G140604	Thrikkaripur	2066000
940	G140605	Valiyaparamba	1151000
941	G140606	Padne	1213000
		Total	**1744400000**

Section Officer.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 26/07/2022-ലെ തീരുമാനം നം.3.9 - ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഉപയോഗിയ്ക്കുന്നതിന് - ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.2031/2022/LSGD തീയതി,തിരുവനന്തപുരം, 20-08-2022

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 26/07/2022-ലെ തീരുമാനം നം.3.9

ഉത്തരവ്

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 26/07/2022-ലെ തീരുമാനം നം.3.9-ന്റെ അടിസ്ഥാനത്തിൽ കാനകളുടെ നിർമ്മാണത്തിനും ജലത്തിന്റെ ഒഴുക്ക് തടസ്സം കൂടാതെയാക്കുന്നതിനും ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഉപയോഗിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ത്രിതലപഞ്ചായത്തുകളിൽ നിയമനം ലഭിച്ചിട്ടുള്ള പ്രോജക്ട് അസിസ്റ്റന്റുമാരുടെ കരാർ കാലാവധി 2023 ഏപ്രിൽ 1 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് - ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1044/2023/LSGD തീയതി,തിരുവനന്തപുരം, 15-05-2023

പരാമർശം:-
1. സ.ഉ.(സാധാ) നം 1846/2021/തസ്വഭവ, തീയതി 24.09.21.
2. സ.ഉ.(സാധാ) നം .485/2022/തസ്വഭവ, തീയതി 28.02.22.
3. സ.ഉ.(സാധാ) നം .814/2022/തസ്വഭവ, തീയതി 31.03.22.
4. പഞ്ചായത്ത് ഡയറക്ടറുടെ 27.03.2022 ലെ PAN/14274/2021/J1(DP) നമ്പർ കത്ത്.

ഉത്തരവ്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നിർമ്മാണ പ്രവൃത്തികളുടെ ജിയോടാഗിംഗ് നടത്തുന്നതിനും ഗ്രാമ പഞ്ചായത്തുകളുടെ ബില്ലുകൾ ഇ-ഗ്രാമസ്വരാജ് പോർട്ടലിൽ തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാരെ സഹായിക്കുന്നതിനുമായി ഓരോ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്കുപഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ഒരു പ്രൊജക്ട് അസിസ്റ്റന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം (1), (2),(3) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു.

2. തദ്ദേശ സ്ഥാപനങ്ങളിൽ നിയമിതരായിട്ടുള്ള പ്രോജക്ട് അസിസ്റ്റന്റുമാരുടെ കാലാവധി 31.03.2023 ന് അവസാനിക്കുകയാണെന്നും 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക ഉപയോഗിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിർമാണ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പദ്ധതികൾ പലതും പൂർത്തീകരണ ഘട്ടത്തിലാണെന്നും ഇത്തരം പദ്ധതികൾ പല ഘട്ടങ്ങളിൽ ജിയോ ടാഗിങ് നടത്തിയെങ്കിൽ മാത്രമേ eGSPi ൽ ബില്ല് ജനറേറ്റ് ചെയ്യാൻ സാധിക്കൂ എന്നതിനാൽ പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് വിവിധ

തദ്ദേശ ഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടിരുന്നുവെന്നും പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവന മികവ് വിലയിരുത്തിയും, മറ്റ് മേഖലകളിലെ പ്രവർത്തനങ്ങൾക്ക് കൂടി പ്രയോജനപ്രദമായി ഇവരുടെ സേവനം ഉപയോഗിക്കത്തക്ക രീതിയിലും അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇവരുടെ സേവനം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നത് ഉചിതമായിരിക്കും എന്ന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനർ അറിയിക്കുകയും ചെയ്തിട്ടുണ്ടന്നും ആയതിനാൽ ഒരു വർഷത്തേക്ക് കൂടി eGSPI വഴിയുള്ള ധനകാര്യ കമ്മിഷൻ ഗ്രാന്റ് വിനിയോഗത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനം പഞ്ചായത്ത് ഭരണ സമിതിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് അസിസ്റ്റന്റുമാരുടെ കാലാവധി 2023 ഏപ്രിൽ 1 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും e G S P I വഴിയുള്ള ധനകാര്യകമ്മിഷൻ ഗ്രാന്റ് വിനിയോഗത്തിന് പഞ്ചായത്തുകൾക്ക് പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനം ആവശ്യമാണെന്ന വസ്തുത കണക്കിലെടുത്തും പരാമർശം (1),(2)(3) എന്നീ ഉത്തരവുകൾ പ്രകാരം നിയമിതരായ പ്രോജക്ട് അസിസ്റ്റന്റുമാരുടെ കാലാവധി ചുവടെ ചേർക്കുന്ന നിബന്ധനങ്ങൾക്ക് വിധേയമായി 2023 ഏപ്രിൽ1 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i . ദിവസവേതന/കരാർ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ധനവകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

ii. ഭാവിയിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള യാതൊരുവിധ അവകാശവും കരാർ ജീവനക്കാർക്ക് ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതും, സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം ഉന്നയിക്കുകയില്ല എന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും വാങ്ങേണ്ടതുമാണ്.

iii. കരാർ കാലാവധി നീട്ടിനൽകുന്നതിന് അനുമതി ഉത്തരവിൽ നീട്ടി അനുവദിക്കുന്ന കാലയളവ് (dd/mm/yy to dd/mm/yy) കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

iv. ഓരോ കരാർ ജീവനക്കാരന്റെയും കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ആവശ്യമായ സർവ്വീസ് ബ്രേക്ക് നിർബന്ധമായും നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
3. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
4. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമവികസന ഡയറക്ടർ മുഖേന)
5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
8. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
9. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യാക്ഷന്മാർക്കും
10. എല്ലാ ജില്ലാകളക്ടർമാർക്കും
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർക്കാർക്കും
12. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
13. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
14. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

17. ഡയറക്ടർ ജനറൽ, കില

18. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

20. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക് .

"ഭരണഭാഷ മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- ത്രിതലപഞ്ചായത്തുകളിൽ നിയമനം ലഭിച്ചിട്ടുള്ള പ്രോജക്ട് അസിസ്റ്റന്റുമാരുടെ കരാർ കാലാവധി 2024 ഏപ്രിൽ 1 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.914/2024/LSGD തീയതി,തിരുവനന്തപുരം, 25-05-2024

പരാമർശം:-

1. സ.ഉ.(സാധാ) നം 1846/2021/തസ്വഭവ, തീയതി 24.09.2021.
2. സ.ഉ.(സാധാ) നം .485/2022/തസ്വഭവ, തീയതി 28.02.2022.
3. സ.ഉ.(സാധാ) നം .814/2022/തസ്വഭവ, തീയതി 31.03.2022.
4. സ.ഉ(സാധാ)നം.1044/2023/തസ്വഭവ,തീയതി 15.05.2023.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.03.2024, 26.03.2024 എന്നീ തീയതികളിലെ LSGD/PD/67575/2023-DEF6 നമ്പർ കത്തുകൾ.

ഉത്തരവ്

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ നിർമ്മാണ പ്രവൃത്തികളുടെ ജിയോടാഗിംഗ് നടത്തുന്നതിനും ഗ്രാമ പഞ്ചായത്തുകളുടെ ബില്ലുകൾ ഇ-ഗ്രാമസ്വരാജ് പോർട്ടലിൽ തയ്യാറാക്കുവാൻ ഗ്രാമപഞ്ചായത്തുകളുടെ സെക്രട്ടറിമാരെ സഹായിക്കുന്നതിനുമായി ഓരോ ഗ്രാമപഞ്ചായത്തുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ഒരു പ്രൊജക്ട് അസിസ്റ്റന്റിനെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പരാമർശം(1) പ്രകാരം വ്യവസ്ഥകൾ നിശ്ചയിച്ചും തുടർന്ന് പരാമർശം(2) ഉത്തരവ് പ്രകാരം പ്രോജക്ട് അസിസ്റ്റന്റിനെ നിയമിക്കുന്നതിന് അനുമതി നൽകിയും ഉത്തരവായിരുന്നു. ഇപ്രകാരം നിയമിക്കപ്പെട്ട ജീവനക്കാരുടെ സേവനം പരാമർശം (3), (4) പ്രകാരം ദീർഘിപ്പിച്ച് നൽകിയിരുന്നു.

2. തദ്ദേശ സ്ഥാപനങ്ങളിൽ നിയമിതരായിട്ടുള്ള പ്രോജക്ട് അസിസ്റ്റന്റുമാരുടെ കാലാവധി 31.03.2024ന് അവസാനിക്കുകയാണെന്നും e-GSPI വഴിയുള്ള ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിന് പലപ്പോഴായി വരുന്നമാറ്റങ്ങൾ പരിഹരിച്ചു പോകുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിലവിൽ പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനം ആവശ്യമാണെന്നത് കണക്കിലെടുത്ത് ധനകാര്യ കമ്മീഷൻ ഗ്രാന്റുകളുടെ വിനിയോഗത്തിൽ ഇടക്കിടെ വരുന്ന മാറ്റങ്ങളുടെ പൂർണ്ണത കൈവരിക്കുന്നതുവരെ പ്രൊജക്ട് അസിസ്റ്റന്റുമാരുടെ സേവനം ആവശ്യമാണെന്നും ആയതിനാൽ ത്രിതല പഞ്ചായത്തുകളിൽ നിയമിച്ചിട്ടുള്ള പ്രോജക്ട് അസിസ്റ്റന്റുമാരുടെ കരാർ കാലാവധി 2024 ഏപ്രിൽ 1 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (5) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും e-GSPI വഴിയുള്ള ധനകാര്യകമ്മിഷൻ ഗ്രാന്റ് വിനിയോഗത്തിന് പഞ്ചായത്തുകൾക്ക് പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനം ആവശ്യമാണെന്ന വസ്തുത കണക്കിലെടുത്തും പരാമർശം ഉത്തരവുകൾ പ്രകാരം നിയമിതരായ പ്രോജക്ട് അസിസ്റ്റന്റുമാരുടെ കാലാവധി ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി 2024 ഏപ്രിൽ1 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന്

പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ദിവസവേതന/കരാർ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് ധനവകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

ii. ഭാവിയിൽ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള യാതൊരുവിധ അവകാശവും കരാർ ജീവനക്കാർക്ക് ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതും, സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം ഉന്നയിക്കുകയില്ല എന്ന സത്യവാങ്മൂലം ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും വാങ്ങേണ്ടതുമാണ്.

iii. കരാർ കാലാവധി ദീർഘിപ്പിച്ച് നൽകി പുറപ്പെടുവിക്കുന്ന അനുമതി ഉത്തരവിൽ ദീർഘിപ്പിച്ച് നൽകുന്ന കാലയളവ് (dd/mm/yy to dd/mm/yy) കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

iv. ഓരോ കരാർ ജീവനക്കാരന്റെയും കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ആവശ്യമായ സർവ്വീസ് ബ്രേക്ക് നിർബന്ധമായും നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
6. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
7. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
9. എല്ലാ ജില്ലാകളക്ടർമാർക്കും
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. എല്ലാ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാർക്കും
12. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 25-05-2024 15:35:54

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക് .

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. എഫ്.എം3/278/2023-തസ്വഭവ
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: **24-09-2024**

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വാട്ടർടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങാൻ ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല എന്നത് - സംബന്ധിച്ച്.

സൂചന:- 1) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.09.2023-ന നടന്ന യോഗത്തിന്റെ തീരുമാനം 3.6

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ന നടന്ന യോഗത്തിന്റെ തീരുമാനം 4.9

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ സൂചന (1) തീരുമാനം പ്രകാരം ജൽജീവൻ പദ്ധതിയുടെ ഭാഗമായി വാട്ടർടാങ്ക് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് ധനകാര്യകമ്മീഷൻ ടൈഡ് ഗ്രാന്റ് ഉപയോഗിക്കുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിരുന്നു. എന്നാൽ പ്രസ്തുത ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം ലഭ്യമാകുന്ന ടൈഡ് ഗ്രാന്റ് വാട്ടർടാങ്ക് നിർമ്മിക്കുന്നതിനായി സ്ഥലം വാങ്ങുന്നതിന് ഉപയോഗിക്കാവുന്നതല്ലായെന്ന വിവരം അറിയിക്കുന്നു.

അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർപേഴ്സൺ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കാണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് ന്യൂ മീഡിയ) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരസഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി - ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർമാരെ ഉൾപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2542/2024/LSGD തീയതി,തിരുവനന്തപുരം, 27-12-2024

പരാമർശം:-
1. സ.ഉ.(കൈ) നം.272/2021/ത.സ്വ.ഭ.വ; തീയതി 24.11.2021 പ്രിൻസിപ്പൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ 05.10.2024-ന് ചേർന്ന
2. തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനതല അവലോകനയോഗത്തിന്റെ നടപടിക്കുറിപ്പ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 30.10.2024ലെ LSGD/PD/37164/2024-DPLC5 നമ്പർ കത്ത്

ഉത്തരവ്

നഗരസഞ്ചയങ്ങൾക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനും നഗരസഞ്ചയ പ്രദേശത്തിന് പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ജില്ലാ ആസൂത്രണ സമിതിയെ സഹായിക്കുന്നതിന് ഒരു സബ്കമ്മിറ്റി രൂപീകരിക്കുന്നതിന് അത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ, നഗരസഞ്ചയ പദ്ധതി രൂപീകരണത്തിന്, മുഖ്യ നഗരസഭയുടെ അധ്യക്ഷ(ൻ) ചെയർപേഴ്സൺ ആയും മുഖ്യ നഗരസഭയുടെ സെക്രട്ടറി കൺവീനർ ആയും, ഒരു ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി (Joint Planning Committee) രൂപീകരിക്കുന്നതിനും ജില്ലാ ആസൂത്രണ സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനത്തെ നഗരസഞ്ചയ സ്ഥാപനങ്ങൾ ഗുരുതരമായ വീഴ്ച വരുത്തുന്നതായും, അർഹതപ്പെട്ട ഗ്രാന്റ് നേടിയെടുക്കുന്നതിൽ പരാജയപ്പെടുന്നതായും, സംസ്ഥാനതല അവലോകന യോഗത്തിൽ വിലയിരുത്തിയതായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം 3 പ്രകാരം അറിയിച്ചിട്ടുണ്ട്. അതിനാൽ, കേന്ദ്ര ധനകാര്യ കമ്മിഷൻ ഗ്രാന്റുപയോഗപ്പെടുത്തി നഗരസഞ്ചയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ രൂപീകരിക്കുന്നതിനും, അവലോകനം ചെയ്യുന്നതിനുമായി ചേരുന്ന ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ, നഗര സഞ്ചയങ്ങൾ നിർബന്ധിത പ്രോജക്ട് ആയി ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നിർവഹണ പുരോഗതി കൃത്യമായി വിലയിരുത്തുന്നതിനായി, ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരെ കൂടി ഉൾപ്പെടുത്തുന്നത് ഉചിതമാണെന്ന് അവലോകന യോഗത്തിൽ

നീരീക്ഷിച്ചിട്ടുള്ളതാണെന്നും, അടുത്ത ജോയിന്റ് പ്ലാനിംഗ് കമ്മിറ്റി മുതൽ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരെ ഉൾപ്പെടുത്തുന്നതിന്, നഗരസഞ്ചയങ്ങളുടെ കൺവീനർമാരായ സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ, തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ ജില്ലാ ജോയിന്റ് ഡയറക്ടർമാരെ ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി ഉത്തരവാകണമെന്നും പ്രിൻസിപ്പൽ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തെ 7 നഗരസഞ്ചയങ്ങൾക്കായി മില്യൺ പ്ലസ് സിറ്റീസ് ചലഞ്ച് ഫണ്ട് എന്ന പേരിൽ അനുവദിച്ചിട്ടുള്ള ഗ്രാന്റിന്റെ വിനിയോഗം കാര്യക്ഷമമാക്കുന്നതിനായി, പരാമർശിത സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന, മുഖ്യ നഗരസഭയുടെ അധ്യക്ഷ(ൻ) ചെയർപേഴ്സൺ ആയും മുഖ്യ നഗരസഭയുടെ സെക്രട്ടറി കൺവീനർ ആയുമുള്ള ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയിൽ അതത് ജില്ലാ ജോയിന്റ് ഡയറക്ടർമാരെ കൂടി അംഗമായി ഉൾപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

ജോയിന്റ് സെക്രട്ടറി

1. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. നഗരസഞ്ചയ പ്രദേശത്തെ എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. നഗരസഞ്ചയ പ്രദേശത്തെ എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. ബന്ധപ്പെട്ട ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർ
14. ബന്ധപ്പെട്ട ജില്ലാകളക്ടർ
15. ബന്ധപ്പെട്ട ജില്ലാ പ്ലാനിംഗ് ഓഫീസർ
16. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലാ ജോയിന്റ് ഡയറക്ടർമാർ (തദ്ദേശസ്വയംഭരണ വകുപ്പ്)
17. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
18. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
19. ഡയറക്ടർ ജനറൽ, കില
20. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
21. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
22. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
23. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

24. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ബി) കേന്ദ്ര ധനകാര്യ കമ്മീഷൻ - ഹെൽത്ത് ഗ്രാന്റ്

GOVERNMENT OF KERALA

LSGD-FM3/171/2021-LSGD
Local Self Government (FM) Department
Thiruvananthapuram,
Dated:27-04-2022

CIRCULAR

Sub: Fifteenth Finance Commission Health Sector Grants - Constitution of Committee for plan preparation of 22-23 health grants - sanctioned - Orders Issued.

Ref: Operational Guidelines for implementation of the recommendations of the 15th Finance Commission on Health Sector grants.

For the determination of how to proceed with 2022-23 health grants, a committee is constituted comprising the following members;

- Dr. Joy Elamon, Director General, KILA (Member - Convenor)
- Sri. S R Sanal Kumar, Convenor, SRG (Member)
- Smt. J. Josephine, Chief, Decentralisation Division, SPB (Member)
- Representative of NHM (Member)
- Representative of DHS (Member)
- Sri H Dineshan IAS, Director Rural (Member)

NHM and DHS shall suggest the nominee names in this regard. The team shall provide a draft framework for the health grants keeping in mind both the spirit and context of decentralisation in Kerala as well as the minimum non negotiable of the health grant instructions from Government of India within a fortnight.

R S KANNAN
SPECIAL SECRETARY

To

All Members Concerned.
The Director of Panchayats, Thiruvananthapuram.

The Director of Health Services, Thiruvananthapuram.
The State Mission Director, NHM State Mission Office, Thiruvananthapuram.
The Director, KILA.
The Convenor, Kerala State Planning Board.
The Chief, Decentralised Planning Division.
The Principal Accountant General (A&E), Kerala, Thiruvananthapuram.
The Accountant General (Audit II), Kerala, Thiruvananthapuram.
The Executive Director, IKM, Thiruvananthapuram.
The Finance CSFC (A) Department.
The Finance SFC (A) Department.
The Health & Family Welfare(P)Department.
Stock File/Office Copy.

Forwarded/By order,

Signed by Shemim Khan S H
Date: 29-04-2022 10:39:27
Section Officer.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 2021-22-ലെ ആരോഗ്യ മേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.2132/2022/LSGD തീയതി,തിരുവനന്തപുരം, 31-08-2022

പരാമർശം:-

1. കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021-ന് പുറപ്പെടുവിച്ച 15(2) FC - XV/FCD/ 2020-25 നമ്പർ മാർഗരേഖ
2. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക-പ്രവർത്തന മാർഗരേഖ
3. സ.ഉ. (സാധാ) നം.8010/2021/ധന; തീയതി 10.12.2021
4. സ.ഉ. (സാധാ) നം. 1057/2022/തസ്വഭവ; തീയതി 28.04.2022
5. ഗ്രാമവികസന കമ്മീഷണറുടെ 05.05.2022, 07.07.2022 എന്നീ തീയതികളിലെ 647/ഡി.പി.4/2022/സി.ആർ.ഡി നമ്പർ നടപടി ഉത്തരവുകൾ
6. പഞ്ചായത്ത് ഡയറക്ടറുടെ 05.07.2022 ലെ പി.എ.എൻ/ 11134(1)/ 2021-ജെ1(ഡി.പി) നമ്പർ നടപടി ഉത്തരവ്.
7. പഞ്ചായത്ത് ഡയറക്ടറുടെ 05.07.2022 ലെ പി.എ.എൻ /11134 (2) 2021-ജെ1 (ഡി.പി) നമ്പർ നടപടി ഉത്തരവ്
8. പഞ്ചായത്ത് ഡയറക്ടറുടെ 05.07.2022 ലെ പി.എ.എൻ/ 11134(3) 2021-ജെ1 (ഡി.പി) നമ്പർ നടപടി ഉത്തരവ്
9. നഗരകാര്യ ഡയറക്ടറുടെ 08.07.2022 ലെ ഡി.യു.എ/4280/2022-ഡി.സി.4 നമ്പർ നടപടി ഉത്തരവ്

ഉത്തരവ്

പതിനഞ്ചാം ധനകാര്യ കമ്മീഷൻ, പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. അവാർഡ് കാലയളവിലെ (2021-26) ആദ്യവർഷമായ 2021-22 ലെ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമ്മ പദ്ധതി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം അനുവദിക്കുന്ന ആരോഗ്യ ഗ്രാന്റിന്റെ നോഡൽ മന്ത്രാലയമായ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങളെ അടിസ്ഥാനമാക്കിയാണ് കർമ്മ പദ്ധതി തയ്യാറാക്കിയത്. അംഗീകാരം

ലഭിച്ച കർമ്മ പദ്ധതിയിലെ ചില പ്രവർത്തനങ്ങൾ ആരോഗ്യ കേരളം പ്രോജക്ട് (എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ) , കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) എന്നിവ മുഖേന നിർവ്വഹണം നടത്തുന്നതാണ്. മനുഷ്യ വിഭവശേഷിയെ (HR) നിയോഗിക്കുന്നതിനും മെഡിക്കൽ ഉപകരണങ്ങളുടെ പ്രൊക്യൂർമെന്റിനും ഉള്ള ഏജൻസികളെ കേന്ദ്രീകൃതമായി കണ്ടെത്തി ചുമതലപ്പെടുത്തണമെന്ന് കേന്ദ്ര-ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് യഥാക്രമം കെ.എം.എസ്.സി.എല്ലിനെയും എൻ.എച്ച്.എം സ്റ്റേറ്റ് മിഷനെയും ഈ ചുമതലകൾ നിറവേറ്റുന്നതിനായി നിയോഗിച്ചിട്ടുള്ളത്. മറ്റ് പ്രവർത്തനങ്ങൾക്കുള്ള വിഹിതത്തിൽ നിന്നും ആദ്യ ഗഡു തുക മുകളിൽ 5 മുതൽ 9 വരെ പരാമർശിച്ചിട്ടുള്ള ഉത്തരവുകൾ പ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കി തുക ഉടൻതന്നെ അനുവദിച്ച് നൽകുന്നതാണ്. ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുന്ന ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

2 . പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

2.1 സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം

1. 2021-22-ൽ ലഭിച്ച തുക ഉപയോഗിച്ച് നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള തേലംപറ്റ, കല്ലൂർ എന്നീ ഉപകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണപ്രവൃത്തി ആരംഭിക്കാവുന്നതാണ്. ഓരോ ഉപകേന്ദ്രത്തിനും 5 0 ലക്ഷം രൂപ എന്ന നിരക്കിൽ ആകെ ഒരു കോടി രൂപ ലഭ്യമാക്കുന്നതാണ്. പരാമർ ശം 6 പ്രകാരം അനുവദിച്ചിട്ടുള്ള 5 0 ലക്ഷം രൂപ, രണ്ട് ഉപ കേന്ദ്രത്തിന്റെയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ആദ്യ ഗഡുവായി പരിഗണിച്ച് നിർമ്മാണം ആരംഭിക്കാവുന്നതാണ്. ബാക്കി തുക (50 ലക്ഷം രൂപ) അടുത്ത വർഷം അനുവദിക്കുന്നതാണ്.

2. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർഗരേഖയുടെ അനുബന്ധം 3 . 3 പ്രകാരമുള്ള ലേഔട്ട് പ്ലാൻ കെട്ടിട നിർമ്മാണത്തിനുള്ള മാതൃകയായി സ്വീകരിക്കാവുന്നതാണ്.

3. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരിക്കണം നിർവഹണ ഉദ്യോഗസ്ഥൻ.

2.2 സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

1. പൊതുജനാരോഗ്യ പ്രസക്തമായ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനും രോഗവിവരങ്ങൾ ശേഖരിച്ചു സൂക്ഷിക്കുന്നതിനും വിശകലനം ചെയ്തു വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ഉള്ള സൗകര്യങ്ങളും വൈദഗ്ധ്യവും സജ്ജീകരിക്കപ്പെട്ടിട്ടുള്ളത് ജില്ലാ തലത്തിലാണ്. അതിനാൽ നിലവിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ജില്ലാതലത്തിലാണ് ആസൂത്രണം ചെയ്തു വരുന്നത്. എന്നാൽ പൊതുജനാരോഗ്യ

പ്രവർത്തനങ്ങൾ വികേന്ദ്രീകൃതമായി ആസൂത്രണം ചെയ്യേണ്ടതിന്റെ പ്രാധാന്യം കോവിഡ് കാലഘട്ടം നമ്മെ പഠിപ്പിച്ചു. ഈ അനുഭവത്തിന്റെ വെളിച്ചത്തിൽ കേരളത്തിൽ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു. ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റുവാൻ സർക്കാർ തിരഞ്ഞെടുത്തിട്ടുള്ള ആരോഗ്യ സ്ഥാപനങ്ങളിലാണ് പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കേണ്ടത്. ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് താഴെപ്പറയുന്ന മൂന്ന് യൂണിറ്റുകൾ ഉണ്ടാകണം. a) ബ്ലോക്ക് പബ്ലിക് ഹെൽത്ത് യൂണിറ്റ് b) ബ്ലോക്ക് പബ്ലിക് ഹെൽത്ത് ലബോറട്ടറി c) ബ്ലോക്ക് HMIS (ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) സെൽ. ഈ മൂന്ന് യൂണിറ്റുകളുടെയും പ്രവത്തനം സംബന്ധിച്ച വിശദമായ മാർഗനിർദ്ദേശങ്ങൾ പിന്നീട് നൽകുന്നതാണ്.

2. നിലവിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ ബ്ലോക്ക് മെഡിക്കൽ ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ, ലേഡി ഹെൽത്ത് സൂപ്പർവൈസർ, ലാബ് ടെക്നീഷ്യൻസ്, ബ്ലോക്ക് പബ്ലിക് റിലേഷൻസ് ഓഫീസർ എന്നിവർ പ്രവർത്തിക്കുന്നുണ്ട്. ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന മേല്പറഞ്ഞ ഉദ്യോഗസ്ഥർ പൊതുജനാരോഗ്യ യൂണിറ്റിന്റെ ഭാഗമായിരിക്കും. ഇവരോടൊപ്പം താഴെ പറയുന്നവരുടെ സേവനം കൂടി ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന അധികമായി 2023-24 മുതൽ ഉപയോഗപ്പെടുത്താവുന്നതാണ്. ഇപ്രകാരം പുതുതായി നിയോഗിക്കപ്പെടുന്നവർക്ക് വേതനം നൽകുന്നതിന് 2023-24 മുതൽ ലഭിക്കുന്ന ആരോഗ്യ മേഖലാ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണ്.

   (i) Epidemiologist / Entomologist - 1

   (ii) Public Health personnel -1

   (iii) Lab Technician - 2

   (iv) Data Manager -1

3. 2021-22-ൽ 3059.00 ലക്ഷം രൂപയാണ് ലഭിച്ചത്. ഈ തുക ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത 75 ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ളതാണ്. ഇതിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള 1071.727 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ബാക്കി 1987.273 ലക്ഷം രൂപ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ളതാണ്. ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രത്തിന് 25.50 ലക്ഷം രൂപ എന്ന നിരക്കിൽ 69 ബ്ലോക്ക് പഞ്ചായത്തുകൾക്കായി ആകെ 1759.50 ലക്ഷം രൂപ പരാമർശം 5 പ്രകാരം അനുവദിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിലെ ബാക്കി 6 ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള തുക ഉടൻതന്നെ അനുവദിക്കുന്നതാണ്.

4. അവശേഷിക്കുന്ന 77 ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് 2022-23-ൽ ലഭിക്കുന്ന ഗ്രാന്റ് അനുവദിക്കുന്നതാണ്.

5. ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുവാൻ സർക്കാർ തിരഞ്ഞെടുത്ത

ആരോഗ്യസ്ഥാപനങ്ങളിൽ, ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാകുന്ന ആരോഗ്യമേഖലാ ഗ്രാന്റ് (2021-22) ഉപയോഗപ്പെടുത്തി, താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

i. ഖണ്ഡിക 2.2(2)ൽ സൂചിപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥരിൽ പുതുതായി നിയോഗിക്കപ്പെടുന്നവർക്ക് കൂടി പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ - കെട്ടിട നവീകരണം, പാർട്ടീഷനിംഗ്, ഫർണിച്ചർ വാങ്ങൽ, ലാബ് നവീകരണം മുതലായവ

ii. പൊതുജനാരോഗ്യ പ്രവർത്തനത്തിന് അവശ്യം വേണ്ട വിവരസാങ്കേതികവിദ്യാ ഉപകരണങ്ങൾ വാങ്ങൽ.

iii. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ലാബ് ഉപകരണങ്ങൾ KMSCL വഴി ലഭിക്കും. ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബ് പ്രവർത്തനത്തിനാവശ്യമായ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവ ഏറ്റെടുക്കാവുന്നതാണ്.

iv. തുക ബാക്കിയുണ്ടെങ്കിൽ ലാബിലേയ്ക്കുള്ള റീയജന്റ് കിറ്റ് തുടങ്ങിയവ വാങ്ങുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

കുറിപ്പ്: - ഇനം (i)ന്റെ നിർവഹണം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയറും ഇനം (ii)ന്റെ നിർവഹണം സെക്രട്ടറിയും ഇനം (iii)ന്റെയും (iv)ന്റെയും നിർവഹണം ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും നടത്തേണ്ടതാണ്. ഓരോ ഇനത്തിനുമുള്ള പ്രോജക്ടുകൾ ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ ഓഫീസറുടെ അഭിപ്രായം കൂടി പരിഗണിച്ച് തയ്യാറാക്കേണ്ടതാണ്.

2.3 സ്കീം 3 - ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

(1) പ്രാഥമികാരോഗ്യ പരിരക്ഷ (Primary Health Care) നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഈ സ്കീമിന് രണ്ട് ഘടകങ്ങളുണ്ട് (a) ഉപകേന്ദ്രങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ (b) കുടുംബാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമികോരോഗ്യ പരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യ സ്ഥാപനങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

(2) സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്ക് കീഴിലുള്ള ഉപകേന്ദ്രങ്ങൾ ഉൾപ്പെടെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ഉപകേന്ദ്രങ്ങളിലും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ആയിരിക്കണം ഈ സ്കീം പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്. കുടുംബാരോഗ്യ കേന്ദ്രം (പ്രാഥമികാരോഗ്യ കേന്ദ്രം) ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പൊതുജനങ്ങൾക്ക് പ്രാഥമികാരോഗ്യ പരിരക്ഷാ സേവനം നൽകുന്നത് ഏത് ആരോഗ്യ സ്ഥാപനമാണോ (സാമൂഹികാരോഗ്യ കേന്ദ്രം/താലൂക്ക് ആശുപത്രി/ഗവ.ആശുപത്രി) ആ ആരോഗ്യ സ്ഥാപനം മുഖേന ബന്ധപ്പെട്ട

ഗ്രാമപഞ്ചായത്ത് ഈ സ്കീം നടപ്പാക്കേണ്ടതാണ്.

(3) 2021-22-ൽ ലഭിച്ചത് 8797 ലക്ഷം രൂപയാണ്. ഇതിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള തുക (7001 ലക്ഷം രൂപ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ബാക്കി തുക (1796 ലക്ഷം രൂപ) ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതാണ്. ആദ്യഘട്ടമായി 1601.46 ലക്ഷം രൂപ പരാമർശം 7 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ഉടൻ തന്നെ അനുവദിക്കുന്നതാണ്.

(4) മാനദണ്ഡപ്രകാരം ആരോഗ്യ ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ചെയ്യേണ്ടതുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രാഥമികാരോഗ്യ പരിരക്ഷാ സേവനം നൽകുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ (സബ്സെന്റർ, PHC, FHC, CHC, താലൂക്ക് ആശുപത്രി, ഗവ.ആശുപത്രി) താഴെപ്പറയുന്ന ഇനങ്ങളിൽ ആവശ്യാനുസരണം (ഗ്യാപ് അനാലിസിസ് അനുസരിച്ച്) ഗ്രാമപഞ്ചായത്തുകൾക്ക് തുക ചെലവഴിക്കാവുന്നതാണ്.

i. പരിശോധനക്ക് വേണ്ട റിയജന്റ്, പരിശോധന കിറ്റ് മുതലായവ വാങ്ങൽ

ii. ഉപകരണങ്ങൾ, റിയജന്റ്, കിറ്റ് സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തൽ

iii. ആരോഗ്യ കേന്ദ്രത്തിൽ ചെയ്യുവാൻ പറ്റാത്ത ടെസ്റ്റുകളുടെ സാമ്പിൾസ് എടുത്തു മുകൾതട്ടിലുള്ള ലാബുകളിലേക്ക് കൊണ്ടുപോകുന്നതിനുള്ള സൗകര്യം.

iv. ഉപകരണങ്ങളുടെ മെയിന്റനൻസ്, നന്നാക്കൽ.

v. ആരോഗ്യ സ്ഥാപനത്തിലെ ലാബ് ടെക്നിഷ്യൻ, ഫീൽഡ് സ്റ്റാഫ്, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്ക് പരിശോധനകൾ കൃത്യമായി നടത്തുന്നതിന് വേണ്ട പരിശീലനം.

vi. മോണിറ്ററിങ് ചെലവുകൾ

vii. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ.

viii. ലാബ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങളിൽ പുതിയ ലാബ് തുടങ്ങി മേല്പറഞ്ഞ ഇനങ്ങളിൽ തുക ചെലവഴിക്കാവുന്നതാണ്.

കുറിപ്പ്: - മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ നിർവഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ ആയിരിക്കണം.

2.4 സ്കീം 4 - ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

1. കേരളത്തിൽ 5000 ജനസംഖ്യക്ക് ഒരു ആരോഗ്യ ഉപകേന്ദ്രം എന്ന നിലയ്ക്ക് സബ് സെന്ററുകൾ (ഉപകേന്ദ്രങ്ങൾ) നിലവിലുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി ഉപകേന്ദ്രങ്ങൾ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ ആയി മാറുകയാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നവീകരണ പ്രവർത്തനങ്ങൾ നാഷണൽ ഹെൽത്ത് മിഷൻ മുഖേന നടന്നുവരുന്നു.

2. ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളിൽ നിന്നും താഴെ പറയുന്ന സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

i. ആരോഗ്യ വർദ്ധക സേവനങ്ങൾ- ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

ii. രോഗപ്രതിരോധ പ്രവർത്തനങ്ങൾ - വിവിധ രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള ഇടപെടലുകൾ

iii. വാർഷിക ആരോഗ്യ പരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

iv. പ്രാഥമിക രോഗ ചികിത്സാ സൗകര്യങ്ങൾ

v. ദീർഘ കാല രോഗങ്ങൾ ഉള്ളവർക്ക് മാനസിക സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

vi. രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവർക്ക് വീടുകളിൽ എത്തി നൽകുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ.

3. മേല്പറഞ്ഞ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടപ്പിലാക്കുന്നതിനുവേണ്ടി ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളിൽ JPHN/JHI മാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ NHM മുഖേന ഒരു സ്റ്റാഫ് നേഴ്സിനെ (Mid Level Service Provider) കൂടി പുതുതായി ലഭ്യമാക്കുന്നതാണ്.

4. ആർദ്രം മിഷന്റെ ഭാഗമായി കേരളത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറി വരുന്നു. ഇവിടെ ഖണ്ഡിക 2.4(2) പ്രകാരം വിഭാവനം ചെയ്തിട്ടുള്ള സേവനങ്ങൾക്ക് പുറമെ താഴെ പറയുന്ന സേവനങ്ങൾ കൂടി ലഭ്യമാകുന്നതാണ്.

i. ജീവിത ശൈലീ രോഗങ്ങൾക്കുള്ള ചികിത്സ

ii. ശ്വാസകോശ രോഗങ്ങൾ ബാധിച്ചവർക്കുള്ള ശ്വാസ് ക്ലിനിക്

iii. മാനസിക രോഗ ചികിത്സ

iv. കാൻസർ ഡിറ്റെക്ഷൻ ക്ലിനിക്

v. പകർച്ച വ്യാധികൾക്കുള്ള ചികിത്സ

vi. അമ്മയുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ

vii. മറ്റു പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ

viii. മറ്റു ദേശീയ സംസ്ഥാന ആരോഗ്യ പദ്ധതികളുമായി ബന്ധപ്പെട്ട സേവനങ്ങൾ

ix. മാനദണ്ഡപ്രകാരമുള്ള 64 പരിശോധനകൾ നടത്താവുന്ന രീതിയിലുള്ള ആധുനിക ലബോറട്ടറി സൗകര്യം

5. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ്, ലാബ് ടെക്നിഷ്യൻ എന്നിവരുടെ എണ്ണം സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ഉച്ച കഴിഞ്ഞും ഒ.പി. സൗകര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയോഗിക്കുന്നുണ്ട്

6. 2021-22-ൽ ലഭിച്ചത് 10542.70 ലക്ഷം രൂപയാണ്. ഇതിൽ നിന്നും ഉപകേന്ദ്രങ്ങളിൽ പുതുതായി നിയോഗിക്കപ്പെടുന്ന സ്റ്റാഫ് നഴ്സിനുള്ള വേതനം, കൂടുതൽ സേവനങ്ങൾ നൽകുവാൻ ആശമാർക്ക് അധിക ഇൻസെന്റീവ് നൽകൽ, പരിശീലനം നൽകൽ തുടങ്ങിയവയ്ക്കുള്ള വിഹിതം (8509.32 ലക്ഷം രൂപ) എൻ.എച്ച്.എം മുഖേന വിനിയോഗിക്കുന്നതാണ്. അതുപോലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിനുള്ള തുകയും (481.18 ലക്ഷം രൂപ) എൻ.എച്ച്.എം മുഖേന വിനിയോഗിക്കുന്നതാണ്.

7. ബാക്കി തുക (1552.20 ലക്ഷം രൂപ) കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ മുഖേന വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുള്ളതാണ്. ഇതിൽ നിന്നും 1313.50 ലക്ഷം രൂപ പരാമർശം 8 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ഉടൻതന്നെ അനുവദിക്കുന്നതാണ്.

8. ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന ആരോഗ്യമേഖലാ ഗ്രാന്റ് (2021-22) ഉപയോഗപ്പെടുത്തി, ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും (ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ഉപകേന്ദ്രങ്ങളിലും) താഴെ പറയുന്ന ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്.

i. വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള ചെലവ് - ഇന്റർനെറ്റ് ചാർജ് മുതലായവ - ഒരു ആരോഗ്യ സ്ഥാപനത്തിലെ ചെലവ് വർഷം 5000 രൂപയിൽ കവിയുവാൻ പാടില്ല.

ii. ആരോഗ്യ സ്ഥാപനത്തിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി

ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ഇടയിൽ വിവിധ രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ.

iii. തുക ബാക്കിയുണ്ടെങ്കിൽ ആരോഗ്യ സ്ഥാപനങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങാവുന്നതാണ്.

കുറിപ്പ്:- നിർവഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ ആയിരിക്കണം.

2.5 സ്കീം 5 - നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

1. 2021-22-ൽ ലഭിച്ചത് 1094 ലക്ഷം രൂപയാണ്. ഇതിൽ നിന്നും ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള വിഹിതം (359 ലക്ഷം രൂപ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനും പരിശീലനം തുടങ്ങിയ ചെലവുകൾക്കുള്ള വിഹിതം (735 ലക്ഷം രൂപ) എൻ.എച്ച്.എം.നും നൽകിയിട്ടുണ്ട്.

2. ഈ സ്കീമിന് 2021-22 വർഷത്തേക്ക് ലഭിച്ച വിഹിതത്തിൽ നിന്നും നഗരഭരണ സ്ഥാപനങ്ങൾക്ക് തുക അനുവദിക്കുന്നതല്ല.

2.6 സ്കീം 6 - അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ

1. ഈ സ്കീമിന് രണ്ട് ഘടകങ്ങളാണുള്ളത്- (a) അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ (b) അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ.

2. കേരളത്തിൽ നഗരപ്രദേശങ്ങളിൽ പൊതുജനങ്ങൾക്കാവശ്യമായ പ്രാഥമികാരോഗ്യ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനങ്ങൾ കുറവാണ്. പകർച്ച വ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ തുടങ്ങിയ ആരോഗ്യപ്രശ്നങ്ങൾ നഗരപ്രദേശങ്ങളിൽ കൂടുതലാണ് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അമ്പതിനായിരത്തിൽ അധികം ജനസംഖ്യയുള്ള മുനിസിപ്പാലിറ്റികളിൽ നഗര കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ (UPHC) പ്രവർത്തിക്കുന്നുണ്ടെങ്കിലും നഗര പ്രദേശങ്ങളിൽ കൂടുതൽ പ്രാഥമിക ആരോഗ്യ സൗകര്യങ്ങൾ ആവശ്യമുണ്ട്. അതിനാൽ ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തി പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകൾ മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും ആരംഭിക്കുവാൻ സർക്കാർ ലക്ഷ്യമിടുന്നു.

3. താഴെ പറയുന്ന സേവനങ്ങൾ ആണ് ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളിൽ നിന്നും ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നത്.

   i. ആരോഗ്യ വർദ്ധക സേവനങ്ങൾ- ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

   ii. രോഗപ്രതിരോധ പ്രവർത്തനങ്ങൾ - വിവിധ രോഗങ്ങൾ വരാതിരിക്കുന്നതിനുള്ള ഇടപെടലുകൾ

iii. വാർഷിക ആരോഗ്യ പരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

iv. അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

v. രോഗ ചികിത്സാ സൗകര്യങ്ങൾ - പകർച്ച വ്യാധികൾ, ജീവിത ശൈലീ രോഗങ്ങൾക്കുള്ള ചികിത്സ

vi. ദേശീയ, സംസ്ഥാന ആരോഗ്യ പദ്ധതികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

vii. ദീർഘകാല രോഗങ്ങൾ ഉള്ളവർക്ക് ചികിത്സ, മാനസിക സാമൂഹ്യ പിന്തുണ നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ

viii. രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവർക്ക് വീടുകളിൽ എത്തി നൽകുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ.

4. അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഉള്ള മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഒരു അർബൻ കുടുംബാരോഗ്യ കേന്ദ്രത്തിനു പുതിയ മൂന്നു ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ എന്ന നിരക്കിലും മറ്റു നഗരഭരണ സ്ഥാപനങ്ങളിൽ പുതിയ രണ്ടു ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ എന്ന നിരക്കിലും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്. ഉദാഹരണത്തിന് രണ്ട് അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങളുള്ള ഒരു നഗരഭരണ സ്ഥാപനത്തിൽ പുതുതായി 6 ഹെൽത്ത് ആന്റ് വെൽനസ്സ് സെന്ററുകൾ ആരംഭിക്കാം. ഇപ്രകാരം ആരംഭിക്കുന്ന പുതിയ സ്ഥാപനങ്ങൾ എവിടെയൊക്കെയാണ് വേണ്ടതെന്ന് നഗരഭരണ സ്ഥാപനത്തിന് തീരുമാനിക്കാവുന്നതാണ്.

5. മേൽപ്പറഞ്ഞ പ്രകാരം ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നത് കൂടാതെ പൊതുജനത്തിന് സ്പെഷ്യാലിറ്റി സർവീസ് ലഭ്യമാക്കുന്നതിനുവേണ്ടി അർബൻ പോളിക്ലിനിക്കുകൾ ആരംഭിക്കാനും സർക്കാർ ലക്ഷ്യമിടുന്നു. എല്ലാ അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും അർബൻ കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്ത മുനിസിപ്പാലിറ്റികളിൽ നിലവിലുള്ള PHC/CHC/FHC കളിലോ പുതുതായി തുടങ്ങുന്ന ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളിലോ ഏതിലെങ്കിലും ഒരിടത്തും അർബൻ പോളിക്ലിനിക് ആരംഭിക്കാവുന്നതാണ്. അർബൻ പോളിക്ലിനിക്കിൽ താഴെ പറയുന്ന സ്പെഷ്യലിറ്റി സേവനങ്ങൾ ആഴ്ചയിൽ ഒരു നിശ്ചിത ദിവസം എന്ന രീതിയിൽ ലഭ്യമാക്കാവുന്നതാണ്.

i. ജനറൽ മെഡിസിൻ

ii. പീഡിയാട്രിക്സ്

iii. ഒബ്സ്റ്റേട്രിക് ആൻഡ് ഗൈനക്കോളജി

iv. ഒഫ്താൽമോളജി

v. ഡെർമറ്റോളജി

vi. സൈക്യാട്രി

vii. പാലിയേറ്റീവ് മെഡിസിൻ

viii. ഡെന്റൽ

ix. ഫിസിയോതെറാപ്പിസ്റ്റ്

x. ഓപ്ടോമെട്രിസ്റ്റ്

6. അർബൻ പോളിക്ലിനിക്കുകളിൽ ഉദ്ദേശിച്ചിട്ടുള്ള സ്പെഷ്യലിസ്റ്റ് സേവനങ്ങൾ എല്ലാം ഒരുമിച്ച് ആരംഭിക്കേണ്ടതില്ല. പ്രദേശത്തെ ആവശ്യവും സ്ഥാപനത്തിലെ സൗകര്യങ്ങളും അനുസരിച്ച് സ്പെഷ്യലിസ്റ്റ് സേവനങ്ങൾ ഘട്ടം ഘട്ടമായി ആരംഭിക്കുന്നതാണ് അഭികാമ്യം.

7. സ്പെഷ്യലിസ്റ്റ് ലഭ്യതയും സ്ഥാപനത്തിന്റെ സൗകര്യവും അനുസരിച്ച് പോളിക്ലിനിക്കിന്റെ സമയം തീരുമാനിക്കണം. ഒരു പോളിക്ലിനിക്കിൽ ആഴ്ചയിൽ ഒരു നിശ്ചിത ദിവസം ഒരു മേഖലയിലെ സ്പെഷ്യലിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്ന തരത്തിൽ ജില്ലയിലെ എല്ലാ പോളിക്ലിനിക്കുകളിലും സ്പെഷ്യലിസ്റ്റുമാരെ നിയോഗിക്കുന്നതിനുള്ള ക്രമീകരണം ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഏർപ്പെടുത്തേണ്ടതാണ്.

8. ഈ സ്കീമിന്റെ നടത്തിപ്പിനായി 2021-22-ൽ ലഭിച്ചത് 19171.00 ലക്ഷം രൂപയാണ്. ഇതിൽ നിന്നും പുതുതായി ആരംഭിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള തുക (2660 ലക്ഷം രൂപ) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ, അർബൻ പോളിക്ലിനിക് എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അടിസ്ഥാന ഉപകരണങ്ങളും മരുന്നുകളും KMSCL ലഭ്യമാക്കുന്നതാണ്.

9. ബാക്കി തുകയിൽ (16511.00 ലക്ഷം രൂപ) നിന്നും ആദ്യ ഘട്ടമായി 9500 ലക്ഷം രൂപ 93 നഗരഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 9 പ്രകാരം അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന തുക ഉടൻതന്നെ അനുവദിച്ച് നൽകുന്നതാണ്.

10. നഗരഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന ആരോഗ്യമേഖലാ ഗ്രാന്റ്(2021-22) ഉപയോഗപ്പെടുത്തി ഒരു അർബൻ ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ നടത്തുന്നതിന് മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും താഴെപറയുന്ന പ്രകാരം ചെലവുകൾ വഹിക്കാവുന്നതാണ്

I. **ഒറ്റത്തവണ മാത്രമുള്ള ചെലവ് - പരിധി 25 ലക്ഷം**

i. സെന്റർ നടത്താൻ കണ്ടെത്തുന്ന കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ

ii. സ്വന്തം കെട്ടിടം കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ സ്ഥാപനം വാടകയ്ക്ക് എടുക്കൽ (മാസം 40,000 രൂപയിൽ കവിയാൻ പാടില്ല).

iii. ടെലി കൺസൾട്ടേഷൻ സംവിധാനം ഏർപ്പെടുത്തൽ

iv. ഫർണിച്ചർ വാങ്ങൽ

കുറിപ്പ്:- ഇനം (i) ന്റെ നിർവഹണ ഉദ്യോഗസ്ഥൻ നഗരഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/ അസിസ്റ്റന്റ് എഞ്ചിനീയറും മറ്റു പ്രവർത്തനങ്ങളുടെ നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയും ആയിരിക്കണം.

II. **ആവർത്തന ചെലവുകൾ**

i. മെഡിക്കൽ ഓഫീസർ-1, സ്റ്റാഫ് നേഴ്സ്,-1, മൾട്ടി പർപ്പസ് വർക്കർ-1, ക്ലീനിങ് സ്റ്റാഫ്-1 എന്നിവർക്ക് വേതനം മാസവേതനാടിസ്ഥാനത്തിൽ

ii. സ്റ്റാഫ് പരിശീലനം

iii. ക്വാളിറ്റി /ഇൻഫെക്ഷൻ കൺട്രോൾ പ്രവർത്തനങ്ങൾ

iv. ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ

v. IEC/ ബ്രാൻഡിംഗ് പ്രവർത്തനങ്ങൾ

vi. ആരോഗ്യ സുസ്ഥിതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ

vii. ടെലികൺസൾട്ടേഷൻ

viii. മോണിറ്ററിങ് ചെലവുകൾ

ix. മറ്റു ചെലവുകൾ

കുറിപ്പ്:- നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി ആയിരിക്കണം.

11. അർബൻ പോളിക്ലിനിക്കിൽ ഉദ്ദേശിച്ചിട്ടുള്ള സ്പെഷ്യലിസ്റ്റുകളെ ദിവസ/മാസ വേതനാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള വേതനം ആരോഗ്യ മേഖലാ ഗ്രാന്റിൽ

നിന്നും നൽകാവുന്നതാണ്. ഈ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി ആയിരിക്കണം.

12. ഉപകരണങ്ങളും മരുന്നുകളും കെ.എം.എസ്.സി.എൽ മുഖേന ലഭിക്കുന്നതിന് കാലതാമസം നേരിടുകയാണെങ്കിൽ നഗരഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗിച്ച് അവ നേരിട്ട് വാങ്ങാവുന്നതാണ്.

13. പുതുതായി ആരംഭിക്കുന്ന എല്ലാ ഹെൽത്ത് ആന്റ് വെൽനസ്സ് കേന്ദ്രങ്ങളിലും ആരോഗ്യ സ്ഥാപനങ്ങൾ ക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റികൾ നിശ്ചിത ഘടനയിൽ രൂപീകരിക്കേണ്ടതാണ്. ഖണ്ഡിക 2.6 (10) II പ്രകാരമുള്ള ആവർത്തന ചെലവുകളിൽ (ii) മുതൽ (ix) വരെയുള്ള ഇനങ്ങൾക്ക് (സ്റ്റാഫ് പരിശീലനം മുതൽ മറ്റ് ചെലവുകൾ വരെയുള്ളവ) വേണ്ടിയുള്ള തുക എച്ച്.എം.സി. അക്കൗണ്ടിൽ നിക്ഷേപിച്ച് എച്ച്.എം.സി. തീരുമാനപ്രകാരം വിനിയോഗിക്കാവുന്നതാണ്. നാല് മാസത്തേയ്ക്ക് ആവശ്യമുള്ള തുക മുൻകൂർ നൽകാം. ലഭ്യമായ തുകയുടെ 75% വിനിയോഗിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു തുക നൽകാം. ഇപ്രകാരം കൈമാറുന്ന തുകയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ എച്ച്.എം.സി. തീരുമാനപ്രകാരം ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർ നിർവഹിക്കേണ്ടതും ഈ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മോണിട്ടർ ചെയ്യേണ്ടതുമാണ്.

3. നിർവഹണ നടപടികൾ

3.1 തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കി നിർവഹണം നടത്തേണ്ടതാണ്.

3.2 സുലേഖ സോഫ്റ്റ് വെയറിലെ 'സ്പെഷ്യൽ പ്രോജക്ടുകൾ' എന്ന പ്രത്യേക സൗകര്യം ഉപയോഗിച്ച് ഇതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്.

3.3 ആരോഗ്യമേഖലാ വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ചശേഷം ഭരണസമിതി പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമ രൂപം നൽകേണ്ടതുമാണ്.

3.4 പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ ക്ലിയറൻസ് ആവശ്യമില്ല വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടുകൂടി നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങണം.

3.5 പ്രോജക്ടുകളുടെ ഫണ്ട് സ്രോതസ്സ് ആയി 'ഹെൽത്ത് ഗ്രാന്റ്' എന്ന് രേഖപ്പെടുത്തേണ്ടതും ഓരോ പ്രോജക്ടിനും ഖണ്ഡിക 2 പ്രകാരമുള്ള അനുയോജ്യമായ സ്കീം കോഡ് തെരഞ്ഞെടുത്ത് ഉൾപ്പെടുത്തേണ്ടതുമാണ്. 2022-23 ലാണ് പ്രോജക്ട് തയ്യാറാക്കുന്നതെങ്കിലും 2021-22-ലെ ഗ്രാന്റ് എന്ന രീതിയിൽ തന്നെ പ്രോജക്ടിൽ രേഖപ്പെടുത്തേണ്ടതാണ്.

3 . 6 പ്രോജക്ടുകളിൽ ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകൾ സംയോജിപ്പിക്കേണ്ടതില്ല. എന്നാൽ ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് ലക്ഷ്യമിടുന്ന സേവനങ്ങളുടെ പൂർണ്ണ പ്രയോജനം ലഭിക്കുന്നതിന് അധിക പ്രവൃത്തി നിർവഹിക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ അത് വികസനഫണ്ട്, തനത് ഫണ്ട് തുടങ്ങിയ അനുവദനീയമായ ഫണ്ടുകൾ വകയിരുത്തി പ്രത്യേകം പ്രോജക്ടുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

3 . 7 ആരോഗ്യ സ്ഥാപനങ്ങളിൽ നിയോഗിക്കപ്പെടുന്ന ഡോക്ടർമാർ, മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ യോഗ്യത, വേതനം തുടങ്ങിയവ നാഷണൽ ഹെൽത്ത് മിഷൻ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമായിരിക്കണം.

3.8 ആരോഗ്യമേഖലാ ഗ്രാന്റിന്റെ വിനിയോഗം പി.എഫ്.എം.എസുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ മുഖേന നിർവഹിക്കേണ്ടതാണ്. പ്രോജക്ടുകളുടെ പേയ്മെന്റ് സംബന്ധമായ കാര്യങ്ങൾക്ക് 02.01.2022-ലെ സ.ഉ.(സാധാ) നം.7/2022/തസ്വഭവ; പ്രകാരമുള്ള നടപടിക്രമങ്ങൾ എല്ലാ തലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകമായിരിക്കും.

3 . 9 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഈ ഉത്തരവ് പ്രകാരമുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ **സെപ്റ്റംബർ 20-നകവും** സാങ്കേതികാനുമതി ആവശ്യമില്ലാത്ത പ്രോജക്ടുകളുടെ വെറ്റിംഗ് പ്രക്രിയ **സെപ്റ്റംബർ 26-നകവും** സാങ്കേതികാനുമതി വേണ്ട പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്ന പ്രക്രിയ **ഒക്ടോബർ 1-നകവും** പൂർത്തിയാക്കേണ്ടതാണ്.

3.10 2021-22 വർഷത്തെ വിഹിതം ഉപയോഗിച്ച് ഇപ്പോൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് പിന്നീട് ഭേദഗതി ആവശ്യമായി വരികയാണെങ്കിൽ അവ ഭേദഗതി ചെയ്ത് വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടു കൂടി നിർവഹണം തുടരാവുന്നതാണ്. പ്രോജക്ടുകളുടെ ഭേദഗതികൾക്കും ജില്ലാ ആസൂത്രണസമിതിയുടെ ക്ലിയറൻസ് ഇല്ലാതെ തന്നെ നിർവഹണം തുടരാവുന്നതാണ്.

3.11 ഫണ്ട് സ്രോതസ്സ് ഏത് തന്നെയായിരുന്നാലും തദ്ദേശഭരണ സ്ഥാപനങ്ങൾ ആരോഗ്യമേഖലയിൽ നിർവഹണം നടത്തുന്ന പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടത് മെഡിക്കൽ ഓഫീസർ കൺവീനറായുള്ള തദ്ദേശഭരണ സ്ഥാപനതല വർക്കിംഗ് ഗ്രൂപ്പ് ആണ്. പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തേണ്ടത് ആരോഗ്യത്തിന്റെ ചുതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റിയുമാണ്. ആരോഗ്യ ഗ്രാന്റിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനതലത്തിൽ നിർവഹണം നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടെയും നിർവഹണ മോണിട്ടറിംഗ് ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി നിർവഹിക്കണം. ഈ ചുമതല ഫലപ്രദമായി നിറവേറ്റുന്നതിന് കെ.എം.എസ്.സി.എല്ലും എൻ.എച്ച്.എം. സ്റ്റേറ്റ് മിഷനും ഹെൽത്ത് ഗ്രാന്റിന്റെ ഭാഗമായി നിർവഹണം നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഓരോ തദ്ദേശഭരണ സ്ഥാപനത്തെയും രേഖാമൂലം അറിയിക്കേണ്ടതാണ്.

3.12 നിർവഹണ ഉദ്യോഗസ്ഥർ, ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നിർവഹണ പുരോഗതി തുടർച്ചയായി ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. മറ്റ് നിർദ്ദേശങ്ങൾ

4 . 1 തദ്ദേശഭരണസ്ഥാപനങ്ങൾ ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്ന പ്രവർത്തനങ്ങളും പ്രോജക്ടുകളുടെ വെറ്റിംഗ് പ്രക്രിയയും ജില്ലാ ആസൂത്രണസമിതിയും ജില്ലാ മെഡിക്കൽ ഓഫീസറും മോണിട്ടർ ചെയ്യേണ്ടതാണ്.

4.2 2022-23 മുതൽ 2025-26 വരയുള്ള ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള കർമ്മപദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കുന്നതിനുള്ള മാർഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്
9. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
10. പഞ്ചായത്ത് ഡയറക്ടർ
11. നഗരകാര്യ ഡയറക്ടർ
12. ഗ്രാമവികസന കമ്മീഷണർ
13. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
14. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
15. ചീഫ് ടൗൺ പ്ലാനർ
16. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
17. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
18. എല്ലാ ജില്ലാകളക്ടർമാർക്കും
19. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
21. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
23. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
24. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
25. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
26. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
27. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

28. ഡയറക്ടർ ജനറൽ, കില
29. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
31. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
32. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
33. തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്
34. ആരോഗ്യ വകുപ്പ്
34. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
35. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ആരോഗ്യമേഖലാ ഗ്രാന്റ് - 2022-23-ലെ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.2156/2022/LSGD തീയതി,തിരുവനന്തപുരം, 01-09-2022

പരാമർശം:-

1. സ.ഉ.(സാധാ)നം.553/2019/തസ്വഭവ; തീയതി 07.03.2019
2. സ.ഉ.(സാധാ)നം.619/2020/ആ.കു.വ; തീയതി 20.03.2020
3. കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021-ന് പുറപ്പെടുവിച്ച 15(2)FC - XV/FCD/2020-25 നമ്പർ മാർഗരേഖ
4. സ.ഉ.(സാധാ)നം.1633/2021/ ആ.കു.വ; തീയതി 01.08.2021
5. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക-പ്രവർത്തന മാർഗരേഖ
6. സ.ഉ.(സാധാ) നം. 2132/2022/തസ്വഭവ; തീയതി 31.08.2022

ഉത്തരവ്

പതിനഞ്ചാം ധനകാര്യ കമ്മീഷൻ, പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആരോഗ്യമേഖലാ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. 2021-22 മുതൽ 2025-26 വരെയുള്ള അഞ്ച് വർഷക്കാലയളവിലേയ്ക്ക് ഇന്ത്യയൊട്ടാകെയായി 70,051 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള അഞ്ച് വർഷത്തെ വിഹിതം 2968.28 കോടി രൂപയാണ്. അവാർഡ് കാലയളവിലെ ആദ്യവർഷമായ 2021-22 ലെ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമ്മപദ്ധതി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ തയ്യാറാക്കുകയും ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 6 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

2. 2022-23-ൽ കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം 558.98 കോടി രൂപയാണ്. ആറ് സ്കീമുകൾക്കായാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള സ്കീമുകളുടെയും ഗ്രാന്റിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്കീമുകൾ	നിർവ്വഹണ തദ്ദേശഭരണ സ്ഥാപനം	2022-23-ലെ വിഹിതം (കോടി രൂപ)
(എ)	ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങൾ		

1	കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം	ഗ്രാമപഞ്ചായത്തുകൾ	0.50
2	ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം	ബ്ലോക്ക് പഞ്ചായത്തുകൾ	30.59
3	ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	ഗ്രാമപഞ്ചായത്തുകൾ	89.19
4	ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	ഗ്രാമപഞ്ചായത്തുകൾ	105.43
	ആകെ (എ)		**225.71**
(ബി)	**നഗരഭരണ സ്ഥാപനങ്ങൾ**		
5	നഗരപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	നഗരഭരണ സ്ഥാപനങ്ങൾ	11.05
6	അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ	നഗരഭരണ സ്ഥാപനങ്ങൾ	322.22
	ആകെ (ബി)		**333.27**
	ആകെ (എ + ബി)		**558.98**

3. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായ ആർദ്രം മിഷനിലൂടെ കേരളത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പൊതുജനങ്ങൾക്ക് മികച്ച സേവനങ്ങൾ നൽകുന്നതിനുമുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ആർദ്രം മിഷൻ ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിന്റെ ബജറ്റ് വിഹിതം ഉപയോഗിച്ചും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായുമാണ് നിർവഹിച്ചു വരുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ലഭ്യമാകുന്ന ആരോഗ്യ മേഖലാ ഗ്രാന്റ് മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ഉപയോഗപ്പെടുത്തുക എന്ന സമീപനമായിരിക്കണം സ്വീകരിക്കേണ്ടത്.

4. 2022-23-ലെ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള കർമ്മ പദ്ധതി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം തദ്ദേശ ഭരണ സ്ഥാപനതലത്തിൽ തയ്യാറാക്കുന്ന കർമ്മ പദ്ധതികൾ ജില്ലാതലത്തിലും തുടർന്ന് സംസ്ഥാനതലത്തിലും ക്രോഡീകരിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്. സംസ്ഥാനതല കർമ്മ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള പ്രോജക്ടുകൾ

തയ്യാറാക്കി വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതും നിർവഹണ നടപടികൾ ആരംഭിക്കാവുന്നതുമാണ്. 2022-23-ലെ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

5. ആരോഗ്യ മേഖലാ ഗ്രാന്റിന്റെ ഭാഗമായ വിവിധ സ്കീമുകൾ പ്രകാരം 2022-23-ൽ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതത്തിൽ നിന്നും ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമുള്ള വിഹിതം യഥാക്രമം ഈ ഉത്തരവിന്റെ അനുബന്ധം 1, അനുബന്ധം 2, അനുബന്ധം 3 എന്നിവയിൽ നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന തുകയ്ക്ക് അനുസൃതമായി വേണം തദ്ദേശഭരണ സ്ഥാപനതല കർമ്മ പദ്ധതി തയ്യാറാക്കേണ്ടത്.

6 . ഓരോ സ്കീമിലും അനുവദനീയമായ പ്രവർത്തനങ്ങളും മാനദണ്ഡങ്ങളും ചുവടെ വിവരിക്കുന്നു.

6.1 സ്കീം 1 -കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം

1. 2022-23-ൽ ലഭിക്കുന്ന തുക, ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ദേവിയാർകോളനി പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള കൊരങ്ങാട്ടി ഉപകേന്ദ്രത്തിന്റെയും മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഊർങ്ങാട്ടിരി സാമൂഹികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള ഓടക്കയം ഉപകേന്ദ്രത്തിന്റെയും കെട്ടിട നിർമ്മാണ പ്രവൃത്തികൾക്കുള്ളതാണ്. ഓരോ ഉപകേന്ദ്രത്തിനും 5 0 ലക്ഷം രൂപ വീതം ലഭ്യമാക്കുന്നതാണ്. അടിമാലി, ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തുകൾക്ക് ഈ വർഷം ലഭിക്കുന്ന തുക (2 5 ലക്ഷം രൂപ വീതം) രണ്ട് ഉപകേന്ദ്രങ്ങളുടെയും കെട്ടിട നിർമ്മാണ പ്രവൃത്തിക്കുള്ള ആദ്യ ഗഡു തുകയാണ്. ബാക്കി തുക (25 ലക്ഷം രൂപ വീതം) വരും വർഷങ്ങളിൽ അനുവദിക്കുന്നതാണ്.

2. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 31.08.2021-ന് പുറപ്പെടുവിച്ച സാങ്കേതിക മാർ ഗരേഖയുടെ അനുബന്ധം 3 . 3 പ്രകാരമുള്ള ലേ ഔട്ട് പ്ലാൻ കെട്ടിട നിർമ്മാണത്തിനുള്ള മാതൃകയായി സ്വീകരിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരിക്കണം നിർവഹണ ഉദ്യോഗസ്ഥൻ.

6.2 സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

1. ഈ സ്കീമിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പരാമർശം 6 പ്രകാരമുള്ള ഉത്തരവിന്റെ ഖണ്ഡിക 2.2-ൽ വ്യക്തമാക്കിയിട്ടുണ്ട്. കഴിഞ്ഞ വർഷം (2021-22) ലഭിച്ച തുക 7 5 ബ്ലോക്ക് പഞ്ചായത്തുകളിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കുന്നതിനായാണ് അനുവദിച്ചത്. ഈ വർഷം (2022-23) ലഭിക്കുന്ന തുക അവശേഷിക്കുന്ന 7 7 ബ്ലോക്ക് പഞ്ചായത്തുകളിൽ (അനുബന്ധം 2) പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ളതാണ്.

2. പരാമർശം 2, 4 എന്നീ ഉത്തരവുകൾ പ്രകാരം ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആയി മാറ്റുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥാപനങ്ങളിലാണ് ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റുകൾ

സ്ഥാപിക്കേണ്ടത്. ഇങ്ങനെ തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ അല്ലെങ്കിൽ പോലും (ഉദാ: പ്രൈമറി ഹെൽത്ത് സെന്റർ/ഫാമിലി ഹെൽത്ത് സെന്റർ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആരോഗ്യ മേഖലാ ഗ്രാന്റ് വഴി ലഭിക്കുന്ന തുക ചെലവഴിച്ച് പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്. പരാമർശം 2, 4 പ്രകാരമുള്ള ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള ചില സ്ഥാപനങ്ങൾ നഗരഭരണ സ്ഥാപന പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. ഇപ്രകാരം നഗര ഭരണ സ്ഥാപന പരിധിയിൽ സ്ഥിതി ചെയ്യുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ ബ്ലോക്ക് പഞ്ചായത്തുകൾ പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കേണ്ടതില്ല. പകരം, ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തോടെ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഒരു ആരോഗ്യ സ്ഥാപനത്തിൽ ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റ് ആരംഭിക്കാവുന്നതും അതിനായി ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് വിനിയോഗിക്കാവുന്നതുമാണ്.

3. ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റ് ആരംഭിക്കുന്നതിന്റെ ഭാഗമായി ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

   i. പരാമർ ശം 6 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ ഖണ്ഡിക 2.2 (2) ൽ സൂചിപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥരിൽ പുതുതായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കൂടി പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ - കെട്ടിട നവീകരണം, പാർട്ടീഷനിംഗ്, ഫർണിച്ചർ വാങ്ങൽ, ലാബ് നവീകരണം മുതലായവ

   ii. പൊതുജനാരോഗ്യ പ്രവർത്തനത്തിന് അവശ്യം വേണ്ട വിവരസാങ്കേതിക വിദ്യാ ഉപകരണങ്ങൾ വാങ്ങൽ.

   iii. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ലാബ് ഉപകരണങ്ങൾ വാങ്ങൽ

   iv. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബ് പ്രവർത്തനത്തിനാവശ്യമായ മറ്റു സൗകര്യങ്ങൾ തുടങ്ങിയവ.

   v. തുക ബാക്കിയുണ്ടെങ്കിൽ ലാബിലേയ്ക്കുള്ള റീയജന്റ് കിറ്റ് തുടങ്ങിയവ വാങ്ങുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

കുറിപ്പ് : ഇനം (i) ന്റെ നിർവഹണ ഉദ്യോഗസ്ഥൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയറും ഇനം (ii) ന്റെ നിർവഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ഇനം (iii), (iv), (v) എന്നിവയുടെ നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസറും ആയിരിക്കണം.

6.3 സ്കീം 3 - ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

(1) ഈ സ്കീമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പരാമർശം 6 പ്രകാരമുള്ള ഉത്തരവിന്റെ ഖണ്ഡിക 2.3-ൽ വ്യക്തമാക്കിയിട്ടുണ്ട്. 2021-22-ൽ ലഭിച്ച ഗ്രാന്റിൽ നിന്നും 'ഉപകരണങ്ങൾ വാങ്ങൽ' എന്ന പ്രവർത്തനം കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്

മുഖേനയാണ് നടപ്പാക്കിയത്. 2022-23-ൽ ഈ സ്കീം പ്രകാരമുള്ള എല്ലാ പ്രവർത്തനങ്ങളും ഗ്രാമ പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്നതാണ്.

(2) മാനദണ്ഡപ്രകാരം ആരോഗ്യ ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ 6 4 തരം ടെസ്റ്റുകളും ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രാഥമികാരോഗ്യ പരിരക്ഷാ സേവനം നൽകുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ (സബ്സെന്റർ, PHC, FHC, CHC, താലൂക്ക് ആശുപത്രി, ഗവ.ആശുപത്രി) താഴെപ്പറയുന്ന ഇനങ്ങളിൽ ആവശ്യാനുസരണം (ഗ്യാപ് അനാലിസിസ് അനുസരിച്ച്) ഗ്രാമപഞ്ചായത്തുകൾക്ക് ആരോഗ്യ ഗ്രാന്റിൽ നിന്നും തുക ചെലവഴിക്കാവുന്നതാണ്.

i. ഉപകരണങ്ങൾ വാങ്ങൽ

ii. പരിശോധനയ്ക്ക് വേണ്ട റിയജന്റ്, പരിശോധന കിറ്റ് മുതലായവ വാങ്ങൽ

iii. ഉപകരണങ്ങൾ, റിയജന്റ്, കിറ്റ് സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തൽ

iv. ആരോഗ്യ കേന്ദ്രത്തിൽ ചെയ്യുവാൻ പറ്റാത്ത ടെസ്റ്റുകളുടെ സാമ്പിൾസ് എടുത്ത് മുകൾ തട്ടിലുള്ള ലാബുകളിലേക്ക് കൊണ്ടുപോകുന്നതിനുള്ള സൗകര്യം.

v. ഉപകരണങ്ങളുടെ മെയിന്റനൻസ്, നന്നാക്കൽ.

vi. ആരോഗ്യസ്ഥാപനത്തിലെ ലാബ്ടെക്നിഷ്യൻ, ഫീൽഡ് സ്റ്റാഫ്, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്ക് പരിശോധനകൾ കൃത്യമായി നടത്തുന്നതിന് വേണ്ട പരിശീലനം.

vii. മോണിറ്ററിങ് ചെലവുകൾ

viii. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ.

ix. ലാബ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങളിൽ പുതിയ ലാബ് തുടങ്ങി മേല്പറഞ്ഞ ഇനങ്ങളിൽ തുക ചെലവഴിക്കാവുന്നതാണ്.

കുറിപ്പ്:-മേൽപ്പറഞ്ഞ പ്രവർത്തനങ്ങളുടെ നിർവഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ ആയിരിക്കണം.

6.4 സ്കീം 4 - ഗ്രാമ പ്രദേശങ്ങളിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

1. ഈ സ്കീമിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പരാമർശം 6 പ്രകാരമുള്ള ഉത്തരവിന്റെ ഖണ്ഡിക 2.4-ൽ വ്യക്തമാക്കിയിട്ടുണ്ട്. 2021-22-ൽ ലഭിച്ച ഗ്രാന്റിൽ നിന്നും ചില പ്രവർത്തനങ്ങൾ (പുതുതായി നിയോഗിക്കപ്പെടുന്ന സ്റ്റാഫ് നഴ്സിന് വേതനം നൽകൽ, പരിശീലനം, കൂടുതൽ സേവനം നൽകുവാൻ ആശമാർക്ക് ഇൻസെന്റീവ് നൽകൽ) എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ മുഖേനയാണ് നടപ്പാക്കിയത്.

2. 2022-23-ൽ 'സ്റ്റാഫ് നഴ്സിന് വേതനം നൽകൽ' എന്ന പ്രവർത്തനം മാത്രം എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ മുഖേന നടപ്പാക്കുന്നതാണ്. ആകെ ലഭ്യമായ 10543.00 ലക്ഷം രൂപയിൽ നിന്നും സ്റ്റാഫ് നഴ്സുമാർക്ക് വേതനം നൽകുന്നതിന് ആവശ്യമായ തുക (6110.89 ലക്ഷം രൂപ) പഞ്ചായത്ത് ഡയറക്ടർ എൻ.എച്ച്.എം. സ്റ്റേറ്റ് മിഷന് നൽകേണ്ടതാണ്. ബാക്കി തുകയായ 4432.11 ലക്ഷം രൂപ ഗ്രാമപഞ്ചായത്തുകൾക്ക് വിഭജിച്ച് നൽകിയിട്ടുണ്ട് (അനുബന്ധം 1 കാണുക). ഇപ്രകാരം വിഭജിച്ച് നൽകിയ തുക വിനിയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്തുകൾ നേരിട്ട് നടപ്പാക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന ആരോഗ്യമേഖലാ ഗ്രാന്റ് (2022-23) ഉപയോഗപ്പെടുത്തി, ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഉപകേന്ദ്രങ്ങളിൽ താഴെ പറയുന്ന ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കാവുന്നതാണ്.

i. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള ചെലവ്- ഇന്റർനെറ്റ് ചാർജ് മുതലായവ - ഒരു ആരോഗ്യ സ്ഥാപനത്തിലെ ചെലവ് വർഷം 5000 രൂപയിൽ കവിയുവാൻ പാടില്ല.

ii. ആരോഗ്യസ്ഥാപനത്തിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കിടയിൽ വിവിധ രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക - ബോധവൽക്കരണ ക്ലാസ്സുകളിൽ പങ്കെടുക്കുന്നവർക്ക് ലഘുഭക്ഷണം നൽകുന്നത് ഉൾപ്പെടെയുള്ള ചെലവുകൾ വഹിക്കാവുന്നതാണ്. ലഘുഭക്ഷണം നൽകുന്നതിന് ഒരാൾക്ക് പരമാവധി 20 രൂപയിൽ അധികരിക്കാതെ തുക ചെലവഴിക്കാവുന്നതാണ്.

iii. ആശമാർക്ക് അധിക ഇൻസെന്റീവ് - ആശമാർ ക്കുള്ള ഓണറേറിയം, ഇൻസെന്റീവ് എന്നിവ എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ മുഖേനയാണ് നൽകുന്നത്. ഇതിനുള്ള മാനദണ്ഡങ്ങൾ 06.09.2021-ലെ സർക്കുലർ എൻ.എച്ച്.എം./3813/JC(SD)/2021/SPMSU പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. സർക്കുലർ പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് പുറമെ മാസത്തിൽ രണ്ടു ദിവസം സബ്സെന്റർ, ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ എന്നിവയുടെ പ്രവർത്തനങ്ങളിൽ (9 am - 4 pm) പങ്കെടുക്കുന്നതിന് ആശമാർക്ക് ആരോഗ്യ ഗ്രാന്റ് വഴി ലഭിക്കുന്ന തുകയിൽ നിന്നും മാസം ആയിരം രൂപ വീതം അധിക ഇൻസെന്റീവ് നൽകാവുന്നതാണ്. മേല്പറഞ്ഞ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞതിനാൽ 2022 ഏപ്രിൽ 1 മുതൽ ആശമാർക്ക് അധിക ഇൻസെന്റീവ് നൽകുന്നതിന് വേണ്ട തുക കണക്കാക്കി വകയിരുത്തേണ്ടതാണ്.

iv. സ്റ്റാഫ് പരിശീലനം: ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ആശമാർക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ ചെലവുകൾ വഹിക്കുന്നതിന് ആരോഗ്യ ഗ്രാന്റ് വഴി ലഭിക്കുന്ന തുക ഉപയോഗിക്കാവുന്നതാണ്. ഒരു ദിവസത്തെ പരിശീലനത്തിന്, ഒരാൾ ക്ക് 150 രൂപയിൽ അധികരിക്കാതെയുള്ള ഭക്ഷണ ചെലവും (ഉച്ചഭക്ഷണം, രാവിലെയും വൈകിട്ടും ലഘുഭക്ഷണം) വഹിക്കാവുന്നതാണ്.

v. തുക ബാക്കിയുണ്ടെങ്കിൽ ആരോഗ്യ സ്ഥാപനങ്ങളിലെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങാവുന്നതാണ്.

vi. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മൂന്ന് ഉപകേന്ദ്രങ്ങളിലെ ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾക്കാവശ്യമായ തുകയാണ് 2022-23-ലെ ആരോഗ്യമേഖലാ ഗ്രാന്റ് വഴി ലഭ്യമാകുന്നത്. ബാക്കിയുള്ള ഉപകേന്ദ്രങ്ങളിലെയും പ്രാഥമികാരോഗ്യ കേന്ദ്രത്തിലെയും കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക എൻ.എച്ച്.എം. പ്രോജക്ടിന്റെ ഭാഗമായി ലഭ്യമാക്കുന്നതാണ്. ഇപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാക്കേണ്ട തുക എത്രയെന്ന് എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ കണക്കാക്കി ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് കൈമാറേണ്ടതാണ്.

4. ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ആരോഗ്യ ഗ്രാന്റ് ഉപയോഗപ്പെടുത്തുന്ന ഉപകേന്ദ്രങ്ങളുടെ പട്ടികയും എൻ.എച്ച്.എം. ഗ്രാന്റ് ഉപയോഗപ്പെടുത്തുന്ന ഉപകേന്ദ്രങ്ങളുടെ പട്ടികയും ഗ്രാമ പഞ്ചായത്തുകൾ തയ്യാറാക്കി കർമ്മ പദ്ധതിക്കൊപ്പം നൽകേണ്ടതാണ്.

കുറിപ്പ്: നിർവഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ ആയിരിക്കണം.

6.5 സ്കീം 5 - നഗരപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

1. നഗര പ്രദേശങ്ങളിൽ പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും മറ്റ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും മറ്റ് ആശുപത്രികളിലും രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ലക്ഷ്യം. കഴിഞ്ഞ വർഷം ലഭിച്ച ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ മുഖേനയും എൻ.എച്ച്.എം. മുഖേനയുമാണ് നടപ്പാക്കിയത്.

2. 2022-23-ലെ പ്രവർത്തനങ്ങൾ പൂർണ്ണമായും നഗരഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതാണ്.

3. മാനദണ്ഡപ്രകാരം ആരോഗ്യ ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 6 4 തരം ടെസ്റ്റുകളും ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനുവേണ്ടി, നഗരഭരണ പ്രദേശങ്ങൾക്ക് ലഭ്യമാകുന്ന ആരോഗ്യ മേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്തി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാവുന്നതാണ്.

i. ഉപകരണങ്ങൾ വാങ്ങൽ

ii. പരിശോധനയ്ക്ക് വേണ്ട റിയജന്റ്, പരിശോധന കിറ്റ് മുതലായവ വാങ്ങൽ

iii. ഉപകരണങ്ങൾ, റിയജന്റ്, കിറ്റ് സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തൽ

iv. ആരോഗ്യ കേന്ദ്രത്തിൽ ചെയ്യുവാൻ പറ്റാത്ത ടെസ്റ്റുകളുടെ സാമ്പിൾസ് എടുത്തു മുകൾ

തട്ടിലുള്ള ലാബുകളിലേക്ക് കൊണ്ടുപോകുന്നതിനുള്ള സൗകര്യം.

v. ഉപകരണങ്ങളുടെ മെയിന്റനൻസ്, നന്നാക്കൽ.

vi. ആരോഗ്യസ്ഥാപനത്തിലെ ലാബ്ടെക്നിഷ്യൻ, ഫീൽഡ് സ്റ്റാഫ്, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർക്ക് പരിശോധനകൾ കൃത്യമായി നടത്തുന്നതിന് വേണ്ട പരിശീലനം.

vii. മോണിറ്ററിങ് ചെലവുകൾ

viii. പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ

ix. ലാബ് ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങളിൽ പുതിയ ലാബ് തുടങ്ങി മേല്പറഞ്ഞ ഇനങ്ങളിൽ തുക ചെലവഴിക്കാവുന്നതാണ്.

കുറിപ്പ് :- നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി ആയിരിക്കണം. വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വേണ്ട തുക ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി) അക്കൗണ്ടിൽ നിക്ഷേപിച്ച് എച്ച്.എം.സി. തീരുമാനപ്രകാരം വിനിയോഗിക്കാവുന്നതാണ്. നാല് മാസത്തേയ്ക്ക് ആവശ്യമുള്ള തുക മുൻകൂർ നൽകാം. ലഭ്യമായ തുകയുടെ 75% വിനിയോഗിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു തുക നൽകാം. ഇപ്രകാരം കൈമാറുന്ന തുകയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ എച്ച്.എം.സി. തീരുമാനപ്രകാരം ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർ നിർവഹിക്കേണ്ടതും നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മോണിട്ടർ ചെയ്യേണ്ടതുമാണ്.

6.6 സ്കീം 6 - അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ

1. ഈ സ്കീമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പരാമർശം 6 പ്രകാരമുള്ള ഉത്തരവിന്റെ ഖണ്ഡിക 2.6-ൽ വ്യക്തമാക്കിയിട്ടുണ്ട്.

2. 2021-22-ൽ ലഭിച്ച ഗ്രാന്റ് വിനിയോഗിച്ച് ആരംഭിക്കുന്ന പുതിയ അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങളുടെ താഴെപ്പറയുന്ന ആവർത്തന ചെലവുകൾ വഹിക്കുന്നതിന് 2022-23-ൽ ലിഭിക്കുന്ന ഗ്രാന്റ് ഉപയോഗപ്പെടുത്താവുന്നതാണ്.

   i. വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ മാസം 40,000 രൂപ വരെ വാടകയിനത്തിൽ ചെലവഴിക്കാവുന്നതാണ്

   ii. മെഡിക്കൽ ഓഫീസർ-1, സ്റ്റാഫ് നേഴ്സ്-1, ഫാർമസിസ്റ്റ് — 1, മൾട്ടി പർപ്പസ് വർക്കർ-1, ക്ലീനിങ്സ്റ്റാഫ്-1 എന്നിവർക്ക് വേതനം മാസവേതനാടിസ്ഥാനത്തിൽ

   iii. ആശ അധിക ഇൻസെന്റീവ്: - നിലവിൽ ആശമാർക്കുള്ള ഓണറേറിയം, ഇൻസെന്റീവ് എന്നിവ എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ മുഖേനയാണ് നൽകുന്നത്. ഇതിനുള്ള മാനദണ്ഡങ്ങൾ 06.09.2021-ലെ സർക്കുലർ എൻ.എച്ച്.എം/3813/JC(SD)/2021/SPMSU പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. സർക്കുലർ പ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് പുറമെ മാസത്തിൽ രണ്ടു ദിവസം സബ്സെന്റർ, ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്റർ എന്നിവയുടെ പ്രവർത്തനങ്ങളിൽ (9 am - 4 pm) പങ്കെടുക്കുന്നതിന് ആശമാർക്ക് ആരോഗ്യ ഗ്രാന്റ് വഴി ലഭിക്കുന്ന തുകയിൽ നിന്നും മാസം ആയിരം രൂപ വീതം അധിക ഇൻസെന്റീവ് നൽകാവുന്നതാണ്. മേല്പറഞ്ഞ

പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞതിനാൽ 2022 ഏപ്രിൽ 1 മുതൽ ആശമാർക്ക് അധിക ഇൻസെന്റീവ് നൽകുന്നതിന് വേണ്ട തുക കണക്കാക്കി വകയിരുത്തേണ്ടതാണ്

iv. സ്റ്റാഫ് പരിശീലനം: - ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ആശമാർക്കും ആരോഗ്യ പ്രവർത്തകർക്കും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ആരോഗ്യ ഗ്രാന്റ് വഴി ലഭിക്കുന്ന തുക ചെലവഴിക്കാവുന്നതാണ്. ഒരു ദിവസത്തെ പരിശീലനത്തിന്, ഒരാൾക്ക് 150 രൂപയിൽ അധികരിക്കാതെയുള്ള ഭക്ഷണ ചെലവും (ഉച്ചഭക്ഷണം, രാവിലെയും വൈകിട്ടും ലഘുഭക്ഷണം) വഹിക്കാവുന്നതാണ്.

v. ആരോഗ്യ വകുപ്പ് വഴി ലഭിക്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ചു ക്വാളിറ്റി /ഇൻഫെക്ഷൻ കൺട്രോൾ പ്രവർത്തനങ്ങൾ

vi. ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ

vii. IEC/ ബ്രാൻഡിംഗ് പ്രവർത്തനങ്ങൾ

viii. ആരോഗ്യ സുസ്ഥിതിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ

ix. ടെലി കൺസൾട്ടേഷൻ

x. മോണിറ്ററിങ് ചെലവുകൾ

xi. അടിസ്ഥാന ഉപകരണങ്ങൾ, മരുന്ന് എന്നിവ വാങ്ങൽ (ഇതിനായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് നൽകുന്നതാണ്)

xii. ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മറ്റു ചെലവുകൾ

കുറിപ്പ്: (a) മേല്പറഞ്ഞ ആവർത്തന ചെലവുകൾക്ക് ഒരു ഹെൽത്ത്& വെൽനെസ്സ് സെന്ററിന് പ്രതിവർഷം 3 0 ലക്ഷം രൂപ വരെ ചെലവഴിക്കാവുന്നതാണ്.

(b) നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി ആയിരിക്കണം.

3. പുതുതായി ആരംഭിച്ച അർബൻ പോളി ക്ലിനിക്കുകളിൽ നിയോഗിക്കുന്ന സ്പെഷ്യലിസ്റ്റുകൾക്ക് വേതനം നൽകുന്നതിനും 2022-23-ൽ ലഭിക്കുന്ന ആരോഗ്യമേഖലാ ഗ്രാന്റ് ഉപയോഗപ്പെടുത്താവുന്നതാണ്. ഒരു പോളിക്ലിനിക്കിന് പ്രതിവർഷം അഞ്ചു ലക്ഷം രൂപവരെ ഈയിനത്തിൽ ചെലവഴിക്കാവുന്നതാണ്. നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി ആയിരിക്കണം.

4. മുകളിൽ ഖണ്ഡിക (2)ലും (3)ലും സൂചിപ്പിച്ച പ്രവർത്തനങ്ങൾക്ക് വേണ്ട തുക കണക്കാക്കിയതിനു ശേഷം തുക ബാക്കിയുണ്ടെങ്കിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസൽ തയ്യാറാക്കി കർമ്മ പദ്ധതിയിൽ ഉൾക്കൊള്ളിക്കാവുന്നതാണ്. (എന്നാൽ സംസ്ഥാന/കേന്ദ്ര തലത്തിൽ നിന്നും അനുമതി ലഭിച്ചതിനുശേഷം മാത്രമേ ഈ ആവശ്യങ്ങൾക്ക് ആരോഗ്യ ഗ്രാന്റ് വിനിയോഗിക്കാൻ പാടുള്ളൂ).

i. പരാമർ ശം 1 പ്രകാരം പുറപ്പെടുവിച്ച പാലിയേറ്റീവ് കെയർ മാർഗ്ഗരേഖയിൽ നിർദേശിച്ച രീതിയിൽ പ്രൈമറി, വിദഗ്ധ (secondary) പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഒരു വർഷത്തെ ചെലവുകൾ

ii. വയോമിത്രം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ട തുക

5. ഖണ്ഡിക 6.6(2) ൽ ക്രമ നമ്പർ (iv) മുതൽ (xii) വരെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വേണ്ട തുക ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി) അക്കൗണ്ടിൽ നിക്ഷേപിച്ച് എച്ച്.എം.സി. തീരുമാനപ്രകാരം വിനിയോഗിക്കാവുന്നതാണ്. നാല് മാസത്തേയ്ക്ക് ആവശ്യമുള്ള തുക മുൻകൂർ നൽകാം ലഭ്യമായ തുകയുടെ 75% വിനിയോഗിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു തുക നൽകാം ഇപ്രകാരം കൈമാറുന്ന തുകയുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ എച്ച്.എം.സി. തീരുമാനപ്രകാരം ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർ നിർവഹിക്കേണ്ടതും ഈ പ്രോജക്ടിന്റെ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി മോണിട്ടർ ചെയ്യേണ്ടതുമാണ്.

7. ആസൂത്രണ പ്രക്രിയ

1. ആരോഗ്യ മേഖലാ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള തദ്ദേശഭരണ സ്ഥാപനതല കർമ്മ പദ്ധതി തയ്യാറാക്കുക എന്നതാണ് ആദ്യഘട്ടം. തദ്ദേശഭരണസ്ഥാപനത്തിലെ ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ആരോഗ്യ സ്ഥാപനങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി വേണം കർമ്മപദ്ധതി തയ്യാറാക്കേണ്ടത്. ആവശ്യമെങ്കിൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുമായി കൂടിയാലോചിക്കേണ്ടതാണ്.
2. ഈ ഉത്തരവിന്റെ അനുബന്ധം 1, 2, 3 എന്നിവ പ്രകാരം ലഭ്യമാകുന്ന തുകയ്ക്ക് അനുസൃതമായി വേണം ഓരോ സ്കീമിന്റെയും പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടത്. മറ്റ് ഫണ്ടുകൾ സംയോജിപ്പിക്കേണ്ടതില്ല. എന്നാൽ ആരോഗ്യ മേഖലാ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് ലക്ഷ്യമിടുന്ന സേവനങ്ങളുടെ പൂർണ്ണ പ്രയോജനം ലഭിക്കുന്നതിന് അധിക പ്രവൃത്തി നിർവഹിക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ അത് വികസന ഫണ്ട്, തനത് ഫണ്ട് തുടങ്ങിയ അനുവദനീയമായ ഫണ്ടുകൾ വകയിരുത്തി വാർഷിക പദ്ധതിയുടെ ഭാഗമായി പ്രത്യേകം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.
3. വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കുന്ന കർമ്മ പദ്ധതി ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചതിനുശേഷം ഭരണസമിതി പരിഗണിച്ച് അംഗീകാരം നൽകേണ്ടതാണ്.
4. തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിച്ച കർമ്മ പദ്ധതി ജില്ലാ ആസൂത്രണസമിതിക്ക് അയച്ചുകൊടുക്കണം.
5. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന കർമ്മപദ്ധതികൾ സംയോജിപ്പിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാതല കർമ്മപദ്ധതി തയ്യാറാക്കേണ്ടതാണ്.
6. ജില്ലാ ആസൂത്രണ സമിതി അംഗീകാരം നൽകിയ ജില്ലാ കർമ്മ പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതാണ്.
7. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, ജില്ലാതല കർമ്മ പദ്ധതികൾ സംയോജിപ്പിച്ച് സംസ്ഥാനതല കർമ്മ പദ്ധതി തയ്യാറാക്കേണ്ടതും സംസ്ഥാനതല

സമിതിയുടെ അംഗീകാരം നേടിയെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർന്ന് ആരോഗ്യ വകുപ്പുമായി കൂടിയാലോചിച്ച് ദേശീയതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കണം.

8. ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തെ പരാമർശം 3 പ്രകാരം പുറപ്പെടുവിച്ച മാർഗരേഖയുടെ ഖണ്ഡിക 5 (iii) പ്രകാരമുള്ള ജില്ലാതല കമ്മിറ്റിയുടെ അംഗീകാരമായി പരിഗണിക്കാവുന്നതാണ്.

9. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ കർമ്മ പദ്ധതി തയ്യാറാക്കുന്ന പ്രവർത്തനങ്ങൾക്ക് സാങ്കേതിക മേൽനോട്ടം വഹിക്കുന്നതിനും ജില്ലാ കർമ്മ പദ്ധതി തയ്യാറാക്കുവാൻ ജില്ലാ ആസൂത്രണസമിതിയെ സഹായിക്കുന്നതിനുമായി ചുവടെ പ്രതിപാദിക്കുന്ന ഘടനയിൽ ജില്ലാ ആസൂത്രണ സമിതി ഒരു സബ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

1	ജില്ല കളക്ടർ & മെമ്പർ സെക്രട്ടറി, ഡി.പി.സി	ചെയർപേഴ്സൺ
2	ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന 3 ഡി.പി.സി മെമ്പർമാർ	അംഗങ്ങൾ
3	ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി	അംഗം
4	ജില്ലാ വികസന കമ്മീഷണർ	"
5	ജില്ലാ പ്ലാനിംഗ് ഓഫീസർ	"
6	ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്	"
7	ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്	"
8	ജില്ലാ പ്രോഗ്രാം മാനേജർ, ദേശീയ ആരോഗ്യ ദൗത്യം	"
9	ആർദ്രം നോഡൽ ഓഫീസർ	"
10	പൊതുജനാരോഗ്യ രംഗത്തെ വിദഗ്ദ്ധർ (3 പേർ)	അംഗങ്ങൾ
11	കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ / സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർ (3 പേർ)	"
12	ജില്ലാ റിസോഴ്സ് സെന്ററിലെ ആരോഗ്യ മേഖലാ വിഷയ ഗ്രൂപ്പിന്റെ ചെയർപേഴ്സൺ	"
13	ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)	കൺവീനർ

10. മുൻ ഖണ്ഡിക പ്രകാരം രൂപീകരിക്കപ്പെടുന്ന ജില്ലാതല കമ്മിറ്റി തദ്ദേശഭരണ സ്ഥാപനതലത്തിൽ കർമ്മ പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുന്ന പ്രക്രിയയുടെ മേൽനോട്ടം വഹിക്കുന്നത് കൂടാതെ 2021-22 മുതലുള്ള ഗ്രാന്റിന്റെ വിനിയോഗത്തിന്

തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ നിർവഹണം മോണിട്ടർ ചെയ്യേണ്ടതുമാണ്.

8. **മറ്റ് നിർദേശങ്ങൾ**

(1) തദ്ദേശ ഭരണ സ്ഥാപനതല കർമ്മ പദ്ധതി തയ്യാറാക്കി 2022 സെപ്തംബർ 24 നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതികൾ ജില്ലാ കർമ്മ പദ്ധതി തയ്യാറാക്കി 2022 സെപ്തംബർ 28-നകം പ്രിൻസിപ്പൽ ഡയറക്ടർക്ക് നൽകേണ്ടതാണ്.

(2) സംസ്ഥാനതല കർമ്മ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സുലേഖ സോഫ്റ്റ് വെയർ ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കി നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. ഇതിനുള്ള നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

(3) ആരോഗ്യ ഗ്രാന്റിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനതലത്തിൽ നിർവഹണം നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടെയും നിർവഹണ മോണിട്ടറിംഗ് ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി നിർവഹിക്കണം. ഈ ചുമതല ഫലപ്രദമായി നിറവേറ്റുന്നതിന് എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഹെൽത്ത് ഗ്രാന്റിന്റെ ഭാഗമായി നിർവഹണം നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഓരോ തദ്ദേശഭരണ സ്ഥാപനത്തെയും രേഖാമൂലം അറിയിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്
9. സംസ്ഥാന മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ ദൗത്യം
10. പഞ്ചായത്ത് ഡയറക്ടർ
11. നഗരകാര്യ ഡയറക്ടർ
12. ഗ്രാമവികസന കമ്മീഷണർ
13. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
14. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

15. ചീഫ് ടൗൺ പ്ലാനർ
16. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
17. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
18. എല്ലാ ജില്ലാകളക്ടർമാർക്കും
19. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
21. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
22. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
23. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
24. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
25. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
26. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
27. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
28. ഡയറക്ടർ ജനറൽ, കില
29. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
30. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
31. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
32. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
33. തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്
34. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
35. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
36. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 02-09-2022 15:08:53

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു.ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്
5. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

Health Grant as per the 15th Finance Commission Award

Allcation to Grama Panchayats (2022-23)

(Rs. Lakh)

Sl.No.	LG Code	ഗ്രാമ പഞ്ചായത്ത്	Grama Panchayat	Grant for Building-less Sub-centres	Support for diagnostic infrastructure	Grant for Rural Health and Wellness Centres
1	G010101	ചെമ്മരുതി	Chemmaruthy		10.48	4.71
2	G010102	ഇടവ	Edava		9.19	4.71
3	G010103	ഇലകമൺ	Elakamon		9.06	4.71
4	G010104	മണമ്പൂർ	Manamboor		8.64	4.71
5	G010105	ഒറ്റൂർ	Ottoor		7.21	4.71
6	G010106	ചെറുന്നിയൂർ	Cherunniyoor		7.62	4.71
7	G010107	വെട്ടൂർ	Vettoor		7.74	4.71
8	G010201	കിളിമാനൂർ	Kilimanoor		8.10	4.71
9	G010202	പഴയകുന്നുമ്മേൽ	Pazhayakunnummel		8.92	4.71
10	G010203	കരവാരം	Karavaram		10.13	4.71
11	G010204	മടവൂർ	Madavoor		8.21	4.71
12	G010205	പള്ളിക്കൽ	Pallickal		7.38	4.71
13	G010206	നഗരൂർ	Nagaroor		9.30	4.71
14	G010207	നാവായിക്കുളം	Navaikulam		12.13	4.71
15	G010208	പുളിമാത്ത്	Pulimath		10.45	4.71
16	G010301	അഞ്ചുതെങ്ങ്	Anjuthengu		7.48	4.71
17	G010302	വക്കം	Vakkom		7.30	4.71
18	G010303	ചിറയിൻകീഴ്	Chirayinkeezhu		9.98	4.71
19	G010304	കിഴുവിലം	Kizhuvilam		10.57	4.71
20	G010305	മുദാക്കൽ	Mudakkal		11.29	4.71
21	G010306	കടയ്ക്കാവൂർ	Kadakkavoor		8.63	4.71
22	G010401	കല്ലറ	Kallara		9.16	4.71
23	G010402	നെല്ലനാട്	Nellanad		9.19	4.71
24	G010403	പുല്ലമ്പാറ	Pullampara		8.36	4.71
25	G010404	വാമനപുരം	Vamanapuram		8.20	4.71
26	G010405	പാങ്ങോട്	Pangode		9.80	4.71
27	G010406	നന്ദിയോട്	Nanniyode		9.38	4.71
28	G010407	പെരിങ്ങമ്മല	Peringammala		9.53	4.71
29	G010408	മാണിക്കൽ	Manickal		11.57	4.71

Annex-1

Sl.No.	LG Code	ഗ്രാമ പഞ്ചായത്ത്	Grama Panchayat	Grant for Building-less Sub-centres	Support for diagnostic infrastructure	Grant for Rural Health and Wellness Centres
30	G010501	ആര്യനാട്	Aryanad		9.27	4.71
31	G010502	പൂവച്ചൽ	Poovachal		12.71	4.71
32	G010503	വെള്ളനാട്	Vellanad		10.23	4.71
33	G010504	വിതുര	Vithura		9.24	4.71
34	G010505	ഉഴമലയ്ക്കൽ	Uzhamalackal		8.29	4.71
35	G010506	കുറ്റിച്ചൽ	Kuttichal		7.66	4.71
36	G010507	തൊളിക്കോട്	Tholicode		9.05	4.71
37	G010508	കാട്ടാക്കട	Kattakada		12.08	4.71
38	G010601	ആനാട്	Anad		10.33	4.71
39	G010602	അരുവിക്കര	Aruvikkara		10.67	4.71
40	G010603	പനവൂർ	Panavoor		8.07	4.71
41	G010604	കരകുളം	Karakulam		14.47	4.71
42	G010605	വെമ്പായം	Vembayam		11.72	4.71
43	G010701	അണ്ടൂർക്കോണം	Andoorkonam		10.15	4.71
44	G010702	കഠിനംകുളം	Kadinamkulam		13.29	4.71
45	G010703	മംഗലപുരം	Mangalapuram		11.38	4.71
46	G010704	പോത്തൻകോട്	Pothencode		9.87	4.71
47	G010705	അഴൂർ	Azhoor		9.47	4.71
48	G010801	ബാലരാമപുരം	Balaramapuram		11.22	4.71
49	G010802	പള്ളിച്ചൽ	Pallichal		13.03	4.71
50	G010803	മാറനല്ലൂർ	Maranalloor		11.36	4.71
51	G010804	മലയിൻകീഴ്	Malayinkeezh		11.41	4.71
52	G010805	വിളപ്പിൽ	Vilappil		11.24	4.71
53	G010806	വിളവൂർക്കൽ	Vilavoorkkal		10.35	4.71
54	G010807	കല്ലിയൂർ	Kalliyoor		12.16	4.71
55	G010901	പെരിങ്കടവിള	Perumkadavila		8.67	4.71
56	G010902	കൊല്ലയിൽ	Kollayil		9.01	4.71
57	G010903	ഒറ്റശേഖരമംഗലം	Ottasekharamangalam		7.76	4.71
58	G010904	ആര്യങ്കോട്	Aryancode		8.86	4.71
59	G010905	കള്ളിക്കാട്	Kallikkadu		6.71	4.71
60	G010906	കുന്നത്തുകാൽ	Kunnathukal		11.88	4.71
61	G010907	വെള്ളറട	Vellarada		12.03	4.71

Annex-1

Sl.No.	LG Code	ഗ്രാമ പഞ്ചായത്ത്	Grama Panchayat	Grant for Building-less Sub-centres	Support for diagnostic infrastructure	Grant for Rural Health and Wellness Centres
62	G010908	അമ്പൂരി	Amboori		7.18	4.71
63	G011001	അതിയന്നൂർ	Athiyannoor		9.39	4.71
64	G011002	കാഞ്ഞിരംകുളം	Kanjiramkulam		7.76	4.71
65	G011003	കരുംകുളം	Karumkulam		9.65	4.71
66	G011004	കോട്ടുകാൽ	Kottukal		10.66	4.71
67	G011005	വെങ്ങാന്നൂർ	Venganoor		11.19	4.71
68	G011101	ചെങ്കൽ	Chenkal		11.30	4.71
69	G011102	കാരോട്	Karode		10.41	4.71
70	G011103	കുളത്തൂർ	Kulathoor		10.51	4.71
71	G011104	പാറശ്ശാല	Parassala		14.44	4.71
72	G011105	തിരുപുറം	Thirupuram		7.78	4.71
73	G011106	പൂവാർ	Poovar		7.92	4.71
74	G020101	ഓച്ചിറ	Oachira		9.68	4.71
75	G020102	കുലശേഖരപുരം	Kulasekharapuram		13.82	4.71
76	G020103	ക്ലാപ്പന	Clappana		8.45	4.71
77	G020104	തഴവ	Thazhava		12.11	4.71
78	G020105	ആലപ്പാട്	Alappad		8.33	4.71
79	G020106	തൊടിയൂർ	Thodiyoor		13.51	4.71
80	G020201	ശാസ്താംകോട്ട	Sasthamcotta		10.65	4.71
81	G020202	വെസ്റ്റ് കല്ലട	West Kallada		7.63	4.71
82	G020203	ശൂരനാട് സൗത്ത്	Sooranad South		8.95	4.71
83	G020204	പോരുവഴി	Poruvazhy		9.74	4.71
84	G020205	കുന്നത്തൂർ	Kunnathur		9.00	4.71
85	G020206	ശൂരനാട് നോർത്ത്	Sooranad North		9.69	4.71
86	G020207	മൈനാഗപ്പള്ളി	Mynagappally		12.20	4.71
87	G020301	ഉമ്മന്നൂർ	Ummannur		10.75	4.71
88	G020302	വെട്ടിക്കവല	Vettikkavala		11.23	4.71
89	G020303	മേലില	Melila		8.38	4.71
90	G020304	മൈലം	Mylam		10.81	4.71
91	G020305	കുളക്കട	Kulakkada		10.48	4.71
92	G020306	പവിത്രേശ്വരം	Pavithreswaram		10.36	4.71
93	G020401	വിളക്കുടി	Vilakudy		10.59	4.71

Annex-1

Sl.No.	LG Code	ഗ്രാമ പഞ്ചായത്ത്	Grama Panchayat	Grant for Building-less Sub-centres	Support for diagnostic infrastructure	Grant for Rural Health and Wellness Centres
94	G020402	തലവൂർ	Thalavoor		10.84	4.71
95	G020403	പിറവന്തൂർ	Piravanthur		10.78	4.71
96	G020404	പട്ടാഴി വടക്കേക്കര	Pattazhi Vadakkekara		7.03	4.71
97	G020405	പട്ടാഴി	Pattazhi		7.54	4.71
98	G020406	പത്തനാപുരം	Pathanapuram		10.33	4.71
99	G020501	കുളത്തൂപ്പുഴ	Kulathupuzha		10.94	4.71
100	G020502	ഏരൂർ	Eroor		10.78	4.71
101	G020503	അലയമൺ	Alayamon		8.02	4.71
102	G020504	അഞ്ചൽ	Anchal		10.61	4.71
103	G020505	ഇടമുളയ്ക്കൽ	Edamulakkal		11.84	4.71
104	G020506	കരവാളൂർ	Karavaloor		8.78	4.71
105	G020507	തെന്മല	Thenmala		8.71	4.71
106	G020508	ആര്യങ്കാവ്	Aryankavu		6.22	4.71
107	G020601	വെളിയം	Veliyam		10.40	4.71
108	G020602	പൂയപ്പള്ളി	Pooyappally		8.88	4.71
109	G020603	കരീപ്ര	Kareepra		9.95	4.71
110	G020604	എഴുകോൺ	Ezhukone		8.85	4.71
111	G020605	നെടുവത്തൂർ	Neduvathur		9.92	4.71
112	G020701	പെരിനാട്	Perinad		10.78	4.71
113	G020702	കുണ്ടറ	Kundara		6.93	4.71
114	G020703	കിഴക്കേകല്ലട	Kizhakkekallada		8.28	4.71
115	G020704	പേരയം	Perayam		8.24	4.71
116	G020705	മൺട്രോതുരുത്ത്	Mundrothuruthu		5.89	4.71
117	G020706	പനയം	Panayam		9.36	4.71
118	G020708	തൃക്കരുവ	Thrikkaruva		9.08	4.71
119	G020801	തെക്കുംഭാഗം	Thekkumbhagam		7.38	4.71
120	G020802	ചവറ	Chavara		12.52	4.71
121	G020803	തേവലക്കര	Thevalakkara		12.59	4.71
122	G020804	പന്മന	Panmana		13.99	4.71
123	G020805	നീണ്ടകര	Neendakara		7.39	4.71
124	G020901	മയ്യനാട്	Mayyanad		14.37	4.71
125	G020902	തൃക്കോവിൽ വട്ടം	Thrikkovilvattom		16.24	4.71

Annex-1

Sl.No.	LG Code	ഗ്രാമ പഞ്ചായത്ത്	Grama Panchayat	Grant for Building-less Sub-centres	Support for diagnostic infrastructure	Grant for Rural Health and Wellness Centres
126	G020903	കൊറ്റങ്കര	Kottamkara		11.92	4.71
127	G020904	ഇളമ്പല്ലൂർ	Elambalur		11.70	4.71
128	G020905	നെടുമ്പന	Nedumpana		14.27	4.71
129	G021001	പൂതക്കുളം	Poothakkulam		9.88	4.71
130	G021002	കല്ലുവാതുക്കൽ	Kalluvathukkal		14.50	4.71
131	G021003	ചാത്തന്നൂർ	Chathannur		9.71	4.71
132	G021004	ആദിച്ചനല്ലൂർ	Adichanalloor		10.72	4.71
133	G021005	ചിറക്കര	Chirakkara		8.53	4.71
134	G021101	ചിതറ	Chithara		13.07	4.71
135	G021102	കടയ്ക്കൽ	Kadakkal		10.14	4.71
136	G021103	ചടയമംഗലം	Chadayamangalam		8.49	4.71
137	G021104	ഇട്ടിവ	Ittiva		11.23	4.71
138	G021105	വെളിനല്ലൂർ	Velinallur		9.77	4.71
139	G021106	ഇളമാട്	Elamadu		9.44	4.71
140	G021107	നിലമേൽ	Nilamel		7.08	4.71
141	G021108	കുമ്മിൾ	Kummil		8.07	4.71
142	G030101	ആനിക്കാട്	Anicadu		6.91	4.71
143	G030102	കവിയൂർ	Kaviyoor		7.37	4.71
144	G030103	കൊറ്റനാട്	Kottanadu		6.88	4.71
145	G030104	കോട്ടാങ്ങൽ	Kottangal		7.43	4.71
146	G030105	കല്ലൂപ്പാറ	Kallooppara		7.38	4.71
147	G030106	കുന്നന്താനം	Kunnanthanam		8.11	4.71
148	G030107	മല്ലപ്പള്ളി	Mallappally		7.54	4.71
149	G030201	കടപ്ര	Kadapra		8.16	4.71
150	G030202	കുറ്റൂർ	Kuttoor		7.93	4.71
151	G030203	നിരണം	Niranam		6.69	4.71
152	G030204	നെടുമ്പുറം	Nedumpram		6.56	4.71
153	G030205	പെരിങ്ങര	Peringara		8.20	4.71
154	G030301	അയിരൂർ	Ayiroor		8.36	4.71
155	G030302	ഇരവിപേരൂർ	Eraviperoor		9.03	4.71
156	G030303	കോയിപ്രം	Koipuram		9.28	4.71
157	G030304	തോട്ടപ്പുഴശ്ശേരി	Thottapuzhassery		6.89	4.71

Annex-1

Sl.No.	LG Code	ഗ്രാമ പഞ്ചായത്ത്	Grama Panchayat	Grant for Building-less Sub-centres	Support for diagnostic infrastructure	Grant for Rural Health and Wellness Centres
158	G030305	എഴുമറ്റൂർ	Ezhumattoor		7.76	4.71
159	G030306	പുറമറ്റം	Puramattom		6.81	4.71
160	G030401	ഓമല്ലൂർ	Omallur		7.52	4.71
161	G030402	ചെന്നീർക്കര	Chenneerkara		7.82	4.71
162	G030403	ഇലന്തൂർ	Elanthoor		7.07	4.71
163	G030404	ചെറുകോൽ	Cherukole		6.43	4.71
164	G030405	കോഴഞ്ചേരി	Kozhenchery		6.40	4.71
165	G030406	മല്ലപ്പുഴശ്ശേരി	Mallapuzhassery		6.35	4.71
166	G030407	നാരങ്ങാനം	Naranganam		7.29	4.71
167	G030501	റാന്നി പഴവങ്ങാടി	Ranni Pazhavangadi		8.89	4.71
168	G030502	റാന്നി	Ranni		6.69	4.71
169	G030503	റാന്നി അങ്ങാടി	Ranni Angadi		6.97	4.71
170	G030504	റാന്നി പെരുനാട്	Ranni Perunad		8.11	4.71
171	G030505	വടശ്ശേരിക്കര	Vadasserikkara		8.35	4.71
172	G030506	ചിറ്റാർ	Chittar		7.30	4.71
173	G030507	സീതത്തോട്	Seethathodu		7.15	4.71
174	G030508	നാറാണമൂഴി	Naranamoozhy		7.09	4.71
175	G030509	വെച്ചൂച്ചിറ	Vechuchira		8.32	4.71
176	G030601	കോന്നി	Konni		10.05	4.71
177	G030602	അരുവാപ്പുലം	Aruvapulam		7.90	4.71
178	G030603	പ്രമാടം	Pramadom		10.24	4.71
179	G030604	മൈലപ്ര	Mylapra		6.05	4.71
180	G030605	വള്ളിക്കോട്	Vallicode		8.05	4.71
181	G030606	തണ്ണിത്തോട്	Thannithode		6.60	4.71
182	G030607	മലയാലപ്പുഴ	Malayalapuzha		7.40	4.71
183	G030701	പന്തളം തെക്കേക്കര	Pandalam Thekkekara		7.67	4.71
184	G030702	തുമ്പമൺ	Thumpamon		5.51	4.71
185	G030704	ആറന്മുള	Aranmula		9.73	4.71
186	G030705	മെഴുവേലി	Mezhuveli		6.90	4.71
187	G030706	കുളനട	Kulanada		8.73	4.71
188	G030801	ഏനാദിമംഗലം	Enadimangalam		8.09	4.71
189	G030802	ഏറത്ത്	Erathu		8.97	4.71

Annex-1

Sl.No.	LG Code	ഗ്രാമ പഞ്ചായത്ത്	Grama Panchayat	Grant for Building-less Sub-centres	Support for diagnostic infrastructure	Grant for Rural Health and Wellness Centres
190	G030803	ഏഴംകുളം	Ezhamkulam		10.52	4.71
191	G030804	കടമ്പനാട്	Kadampanadu		9.38	4.71
192	G030805	കലഞ്ഞൂർ	Kalanjoor		10.40	4.71
193	G030806	കൊടുമൺ	Kodumon		9.53	4.71
194	G030807	പള്ളിക്കൽ	Pallickal		12.34	4.71
195	G040101	അരൂക്കുറ്റി	Arookutty		7.88	4.71
196	G040102	ചെന്നംപള്ളിപ്പുറം	Chennampallippuram		9.65	4.71
197	G040103	പാണാവള്ളി	Panavally		10.31	4.71
198	G040104	പെരുമ്പളം	Perumbalam		5.94	4.71
199	G040105	തൈക്കാട്ടുശ്ശേരി	Thaicattussery		8.17	4.71
200	G040201	വയലാർ	Vayalar		8.96	4.71
201	G040202	പട്ടണക്കാട്	Pattanakkad		10.92	4.71
202	G040203	തുറവൂർ	Thuravoor		9.75	4.71
203	G040204	കുത്തിയതോട്	Kuthiathodu		8.73	4.71
204	G040205	കോടംതുരുത്ത്	Kodamthuruthu		9.07	4.71
205	G040206	എഴുപുന്ന	Ezhupunna		8.30	4.71
206	G040207	അരൂർ	Aroor		12.22	4.71
207	G040301	മാരാരിക്കുളം നോർത്ത്	Mararikulam North		10.26	4.71
208	G040302	കഞ്ഞിക്കുഴി	Kanjikuzhi		9.98	4.71
209	G040303	തണ്ണീർമുക്കം	Thanneermukkam		12.45	4.71
210	G040304	ചേർത്തല സൗത്ത്	Cherthala South		12.01	4.71
211	G040305	കടക്കരപ്പള്ളി	Kadakkarappally		7.50	4.71
212	G040401	ആര്യാട്	Aryad		10.45	4.71
213	G040402	മണ്ണഞ്ചേരി	Mannanchery		14.19	4.71
214	G040403	മാരാരിക്കുളം സൗത്ത്	Mararikulam South		14.64	4.71
215	G040404	മുഹമ്മ	Muhamma		9.17	4.71
216	G040501	പുറക്കാട്	Purakkad		9.95	4.71
217	G040502	അമ്പലപ്പുഴ സൗത്ത്	Ambalapuzha South		8.64	4.71
218	G040503	അമ്പലപ്പുഴ നോർത്ത്	Ambalapuzha North		10.09	4.71
219	G040504	പുന്നപ്ര സൗത്ത്	Punnapra South		9.67	4.71
220	G040505	പുന്നപ്ര നോർത്ത്	Punnapra North		9.74	4.71
221	G040601	തലവടി	Thalavadi		8.09	4.71

Annex-1

Sl.No.	LG Code	ഗ്രാമ പഞ്ചായത്ത്	Grama Panchayat	Grant for Building-less Sub-centres	Support for diagnostic infrastructure	Grant for Rural Health and Wellness Centres
222	G040602	എടത്വാ	Edathua		7.82	4.71
223	G040603	തകഴി	Thakazhi		7.76	4.71
224	G040604	നെടുമുടി	Nedumudi		7.94	4.71
225	G040605	ചമ്പക്കുളം	Champakulam		7.17	4.71
226	G040606	കൈനക്കരി	Kainakary		7.82	4.71
227	G040701	മുട്ടാർ	Muttar		5.88	4.71
228	G040702	വെളിയനാട്	Veliyanad		6.50	4.71
229	G040703	നീലമ്പേരൂർ	Neelamperoor		6.70	4.71
230	G040704	കാവാലം	Kavalam		6.80	4.71
231	G040705	പുളിങ്കുന്ന്	Pulinkunnu		8.19	4.71
232	G040706	രാമങ്കരി	Ramankari		6.66	4.71
233	G040801	മുളക്കുഴ	Mulakuzha		9.65	4.71
234	G040802	വെന്മണി	Venmony		7.98	4.71
235	G040803	ചെറിയനാട്	Cheriyanad		8.40	4.71
236	G040804	ആല	Ala		6.68	4.71
237	G040805	പുലിയൂർ	Puliyoor		7.33	4.71
238	G040806	ബുധന്നൂർ	Budhannoor		7.69	4.71
239	G040807	പാണ്ടനാട്	Pandanad		6.30	4.71
240	G040808	തിരുവൻവണ്ടൂർ	Thiruvanvandur		6.94	4.71
241	G040901	കാർത്തികപ്പള്ളി	Karthigappally		6.55	4.71
242	G040902	തൃക്കുന്നപ്പുഴ	Thrikkunnapuzha		9.33	4.71
243	G040903	കുമാരപുരം	Kumarapuram		8.11	4.71
244	G040904	കരുവാറ്റ	Karuvatta		8.24	4.71
245	G040906	പള്ളിപ്പാട്	Pallippad		7.50	4.71
246	G040907	ചെറുതന	Cheruthana		6.57	4.71
247	G040908	വീയപുരം	Veeyapuram		6.26	4.71
248	G041001	മാവേലിക്കര തെക്കേക്കര	Mavelikkara Thekkekara		10.47	4.71
249	G041002	ചെട്ടിക്കുളങ്ങര	Chettikulangara		11.49	4.71
250	G041003	ചെന്നിത്തല തൃപ്പെരുന്തറ	Chennithala Thripperumthura		9.51	4.71
251	G041004	തഴക്കര	Thazhakara		11.19	4.71
252	G041005	മാന്നാർ	Mannar		9.78	4.71
253	G041101	നൂറനാട്	Nooranad		9.07	4.71

Annex-1

Sl.No.	LG Code	ഗ്രാമ പഞ്ചായത്ത്	Grama Panchayat	Grant for Building-less Sub-centres	Support for diagnostic infrastructure	Grant for Rural Health and Wellness Centres
254	G041102	വള്ളിക്കുന്നം	Vallikunnam		10.07	4.71
255	G041103	ഭരണിക്കാവ്	Bharanikavu		11.08	4.71
256	G041104	മാവേലിക്കര താമരക്കുളം	Mavelikkara Thamarakulam		9.40	4.71
257	G041105	ചുനക്കര	Chunakkara		8.54	4.71
258	G041106	പാലമേൽ	Palamel		10.50	4.71
259	G041201	പത്തിയൂർ	Pathiyoor		10.78	4.71
260	G041202	കണ്ടല്ലൂർ	Kandalloor		7.98	4.71
261	G041203	ചേപ്പാട്	Cheppad		8.01	4.71
262	G041204	മുതുകുളം	Muthukulam		8.14	4.71
263	G041205	ആറാട്ടുപുഴ	Arattupuzha		9.85	4.71
264	G041206	കൃഷ്ണപുരം	Krishnapuram		9.34	4.71
265	G041207	ദേവികുളങ്ങര	Devikulangara		8.07	4.71
266	G041208	ചിങ്ങോലി	Chingoli		6.75	4.71
267	G050101	തലയാഴം	Thalayazham		8.03	4.71
268	G050102	ചെമ്പ്	Chempu		8.21	4.71
269	G050103	മറവൻതുരുത്ത്	Maravanthuruthu		8.34	4.71
270	G050104	ടി.വി. പുരം	TV Puram		7.90	4.71
271	G050105	വെച്ചൂർ	Vechoor		7.40	4.71
272	G050106	ഉദയനാപുരം	Udayanapuram		9.12	4.71
273	G050201	കടുത്തുരുത്തി	Kaduthuruthy		10.36	4.71
274	G050202	കല്ലറ	Kallara		6.71	4.71
275	G050203	മുളക്കുളം	Mulakulam		9.15	4.71
276	G050204	ഞീഴൂർ	Njeezhoor		7.52	4.71
277	G050205	തലയോലപ്പറമ്പ്	Thalayolaparambu		8.51	4.71
278	G050206	വെള്ളൂർ	Velloor		8.55	4.71
279	G050302	അയ്മനം.	Aimanam		10.97	4.71
280	G050303	അതിരമ്പുഴ	Athirampuzha		12.03	4.71
281	G050304	ആർപ്പുക്കര	Arpookara		8.76	4.71
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് - 2021-22-ലെ ഗ്രാന്റിന്റെ രണ്ടാം ഗഡുവായി മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവദിച്ച തുക വിനിയോഗിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.1078/2023/LSGD തീയതി,തിരുവനന്തപുരം, 20-05-2023

പരാമർശം:-

1. സ.ഉ.(സാധാ)നം.553/2019/തസ്വഭവ; തീയതി 07.03.2019
2. സ.ഉ.(സാധാ)നം.7/2022/തസ്വഭവ; തീയതി 02.01.2022
3. സ.ഉ.(സാധാ)നം.2132/2022/തസ്വഭവ; തീയതി 31.08.2022
4. സ.ഉ.(സാധാ)നം.7506/2022/ധന; തീയതി 07.11.2022
5. സ.ഉ.(സാധാ)നം. 7544/2022/ധന; തീയതി 08.11.2022
6. സ.ഉ.(സാധാ)നം. 3157/2022/തസ്വഭവ; തീയതി 21.12.2022
7. സ.ഉ.(സാധാ) നം.555/2023/ആ.ക.വ; തീയതി 12.03.2023
8. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29-04-2023 ലെ LSGD/PD/15167/2023-DPLD4 നമ്പർ ഉത്തരവ്

ഉത്തരവ്

പതിനഞ്ചാം ധനകാര്യ കമ്മീഷൻ, പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. അവാർഡ് കാലയളവിൽ (2021-2026) ആറ് സ്കീമുകൾ നടപ്പാക്കുന്നതിനായാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. ഇതിൽ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും നടപ്പാക്കുന്ന 'അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ' എന്ന സ്കീം 6-നുള്ള 2021-22 ലെ ഗ്രാന്റിന്റെ ആദ്യ ഗഡുവായി 19171.00 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആദ്യ ഗഡുവായി അനുവദിച്ച തുകയുടെ വിനിയോഗത്തിനുള്ള മാർഗനിർദ്ദേശങ്ങൾ പരാമർശം 3, 6 ഉത്തരവുകൾ പ്രകാരം പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് രൂപം നൽകി നിർവ്വഹണ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2. 'അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ' എന്ന സ്കീം 6-നുള്ള 2021-22 ലെ ഗ്രാന്റിന്റെ രണ്ടാം ഗഡുവായി ലഭിച്ച 9430 ലക്ഷം രൂപ പരാമർശം 4, 5, 8 ഉത്തരവുകൾ പ്രകാരം മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവദിച്ചിട്ടുണ്ട്. ഏഴ്

പ്രവർത്തനങ്ങൾക്കായാണ് തുക അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക വിനിയോഗിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

2.1 പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ (Universalization of Palliative Care in Urban Pockets) - 2448 ലക്ഷം രൂപ

(1) എല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തുക അനുവദിച്ചിട്ടുണ്ട് (അനുബന്ധം-1). ഈ തുക ഉപയോഗപ്പെടുത്തിക്കൊണ്ട് പരാമർശം 1 പ്രകാരമുള്ള പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ 2023-24 സാമ്പത്തിക വർഷം നടപ്പാക്കാവുന്നതാണ്.

(2) പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി 2023-24 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പ്രോജക്ട് ഭേദഗതി ചെയ്യാവുന്നതും ഇതുവരെ ചെലവഴിച്ചത് കഴിച്ചുള്ള ബാക്കി തുക മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

(3) ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുള്ള തുക തികയാതെ വരികയാണെങ്കിൽ വാർഷിക പദ്ധതിയിൽ ഇതിനായി തുക വകയിരുത്താവുന്നതാണ് (ഖണ്ഡിക 4.4 കാണുക).

(4) നിലവിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്ന അതേ ആരോഗ്യ സ്ഥാപനം(ങ്ങൾ) മുഖേന പ്രോജക്ട് നടപ്പാക്കാവുന്നതാണ്.

2.2 ക്യാൻസർ കെയർ പ്രോജക്ട് - 209.10 ലക്ഷം രൂപ (Comprehensive Project for the Prevention, Early detection and Management of oral, breast and cervical cancer)

(1) നിലവിൽ ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലും സമഗ്ര ക്യാൻസർ കെയർ പ്രോജക്ട് നടപ്പാക്കി വരുന്നുണ്ട്. വായിലെയും സ്തനങ്ങളിലെയും ഗർഭാശയത്തിലെയും ക്യാൻസർ തടയുകയും മുൻകൂട്ടി കണ്ടെത്തി ചികിത്സ ലഭ്യമാക്കുകയുമാണ് ഈ പ്രോജക്ടിന്റെ ലക്ഷ്യം.

(2) ക്യാൻസർ കെയർ പ്രോജക്ട് ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിപുലമായി നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. എല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഹെൽത്ത് ഗ്രാന്റിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട് (അനുബന്ധം-1). ഈ പ്രോജക്ട് നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും (UPHCs) നഗരഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും (PHCs/FHCs/CHCs/Taluk Hospitals/General Hospitals/District Hospitals) നടപ്പാക്കണം. നഗര പ്രദേശങ്ങളിൽ പുതുതായി ആരംഭിക്കുന്ന ഹെൽത്ത് ആൻഡ് വെൽനെസ്സ് കേന്ദ്രങ്ങളിൽ ഈ പ്രോജക്ട് നടപ്പാക്കേണ്ടതില്ല.

(3) ഒന്നിലേറെ ആശുപത്രികൾ ഉള്ള നഗരഭരണ സ്ഥാപനങ്ങളിൽ ഓരോ ആശുപത്രിക്കും വേണ്ടി അതത് ആശുപത്രികളിലെ മെഡിക്കൽ ഓഫിസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായിക്കൊണ്ട് വെവ്വേറെ പ്രോജക്ടുകൾ തയ്യാറാക്കണം. എല്ലാ ആശുപത്രികൾക്കും വേണ്ടി ഒരു പ്രോജക്ട് എന്ന രീതി അവലംബിക്കാൻ പാടില്ല.

(4) ആശുപത്രിയിൽ ഒരു മെഡിക്കൽ ഓഫിസർ മാത്രമാണ് ഉള്ളതെങ്കിൽ ആ മെഡിക്കൽ ഓഫിസർ ആയിരിക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ. ഒന്നിലേറെ മെഡിക്കൽ ഓഫിസർമാർ ഉള്ള ആശുപത്രികളിൽ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസർക്ക് ഈ പ്രോജക്ടിന്റെ നിർവ്വഹണ ചുമതല നഗരഭരണ സ്ഥാപനം നിശ്ചയിച്ച് നൽകേണ്ടതാണ്.

(5) നഗരഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ലാത്ത ആരോഗ്യ സ്ഥാപനങ്ങളിൽ (ഉദാ: ജനറൽ ആശുപത്രി) ഈ പ്രോജക്ട് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ആശുപത്രികളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസർക്ക് പ്രോജക്ടിന്റെ നിർവ്വഹണ ചുമതല നിശ്ചയിച്ച് നൽകിക്കൊണ്ട് ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകുന്നതാണ്. ഇപ്രകാരം ആരോഗ്യ വകുപ്പ് ചുമതല നിശ്ചയിച്ച് നൽകുന്ന മെഡിക്കൽ ഓഫീസർമാർ, അവർ നഗരഭരണ സ്ഥാപനത്തിന് കൈമാറിയ ഉദ്യോഗസ്ഥർ അല്ലെങ്കിൽ പോലും, ഈ പ്രോജക്ട് നടപ്പാക്കുന്നതിന് നഗരഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കേണ്ടതാണ്.

(6) നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കാര്യത്തിൽ ക്യാൻസർ കെയർ പ്രോജക്ടിന്റെ ഭാഗമായുള്ള ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് പരാമർശം 6 പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 5-ൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കേണ്ടതാണ്.

(7) ക്യാൻസർ കെയർ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള മാർഗരേഖ (SOP) ആരോഗ്യവകുപ്പ് പരാമർ ശം 7 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മാർഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ മേല്പറഞ്ഞ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്നതിനും പ്രോജക്ട് നടപ്പാക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതിനും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവദിച്ചിട്ടുള്ള തുക ഉപയോഗപ്പെടുത്താവുന്നതാണ്.

2.3 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ആവർത്തന ചെലവുകൾ (Recurring cost for UPHCs and CHCs/PHCs/FHCs in Urban Area) — 546.21 ലക്ഷം രൂപ [300.56 + 245.65]

(1) നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കുടുംബാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും നിലവിലുള്ള നഗര ഭരണ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട് (അനുബന്ധം-2).

(2) മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിലുള്ള നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ദൈനംദിന ചെലവുകൾ വഹിക്കുന്നതിന് ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുള്ള തുക ഉപയോഗപ്പെടുത്താവുന്നതാണ്.

(3) ഒന്നിലേറെ ആശുപത്രികൾ ഉള്ള നഗരഭരണ സ്ഥാപനങ്ങളിൽ ഓരോ ആശുപത്രിക്കും വേണ്ടി അതത് ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായിക്കൊണ്ട് വെവ്വേറെ പ്രോജക്ടുകൾ തയ്യാറാക്കണം. എല്ലാ

ആശുപത്രികൾക്കും വേണ്ടി ഒരു പ്രൊജക്ട് എന്ന രീതി അവലംബിക്കാൻ പാടില്ല.

(4) ആശുപത്രിയിൽ ഒരു മെഡിക്കൽ ഓഫിസർ മാത്രമാണ് ഉള്ളതെങ്കിൽ ആ മെഡിക്കൽ ഓഫിസർ ആയിരിക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ. ഒന്നിലേറെ മെഡിക്കൽ ഓഫിസർമാർ ഉള്ള ആശുപത്രികളിൽ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസർക്ക് ഈ പ്രോജക്ടിന്റെ നിർവ്വഹണ ചുമതല നഗരഭരണ സ്ഥാപനം നിശ്ചയിച്ച് നൽകേണ്ടതാണ്.

(5) നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കാര്യത്തിൽ ഈ പ്രൊജക്ടിന്റെ ഭാഗമായുള്ള ദൈനംദിന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് പരാമർശം 6 പ്രകാരമുള്ള ഉത്തരവിലെ ഖണ്ഡിക 5 ൽ വിവരിച്ചിരിക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കേണ്ടതാണ്.

(6) തുക വിനിയോഗിക്കാവുന്ന ഇനങ്ങളുടെ വിശദാംശങ്ങൾ സംബന്ധിച്ച മാർഗനിർദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നതാണ്.

2.4 നഗര മേഖലയിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കൽ (Establishment of Urban Public Health Units) - 1133.30 ലക്ഷം രൂപ

(1) ഗ്രാമീണ മേഖലയിൽ ബ്ലോക്ക് തലത്തിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. ഇതേ മാതൃകയിൽ, ഓരോ ജില്ലയിലെയും നഗര മേഖലയിലെ ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റുകൾ ആരംഭിക്കുന്നത്. ഒരു ജില്ലയിൽ ഒരു പൊതുജനാരോഗ്യ യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. പൊതുജനാരോഗ്യ യൂണിറ്റിനോട് അനുബന്ധിച്ച് അർബൻ പബ്ലിക് ഹെൽത്ത് ലബോറട്ടറിയും അർബൻ HMIS (ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) സെല്ലും ഉണ്ടാകണം. അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകുന്നതാണ്.

(2) ഗ്രാന്റ് അനുവദിച്ച നഗരഭരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധം 3 ൽ നൽകിയിട്ടുണ്ട്. അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്ന സ്ഥാപനങ്ങളുടെ പട്ടിക ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നതാണ്.

(3) നഗര ഭരണ സ്ഥാപനത്തിന് ഇതിനായി ലഭ്യമായ ഹെൽത്ത് ഗ്രാന്റ്(2021-22) ഉപയോഗപ്പെടുത്തി, താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.

i. Epidemiologist, Lab Technicians, Data Manager തുടങ്ങി പബ്ലിക് ഹെൽത്ത് യൂണിറ്റിലേയ്ക്ക് നിയോഗിക്കപ്പെടുന്നവർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ - കെട്ടിട നവീകരണം, പാർട്ടീഷനിംഗ്, ഫർണിച്ചർ വാങ്ങൽ, ലാബ് നവീകരണം മുതലായവ.

ii. പൊതുജനാരോഗ്യ പ്രവർത്തനത്തിന് അവശ്യം വേണ്ട വിവരസാങ്കേതികവിദ്യാ ഉപകരണങ്ങൾ വാങ്ങൽ.

iii. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ലാബ് ഉപകരണങ്ങൾ K M S C L വഴി വാങ്ങാവുന്നതാണ്. ഈ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബ് പ്രവർത്തനത്തിനാവശ്യമായ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവയും ഏറ്റെടുക്കാവുന്നതാണ്.

iv. ലാബിലേയ്ക്കുള്ള റീയേജന്റ്, കിറ്റ് തുടങ്ങിയവ വാങ്ങുന്നതിനും തുക ഉപയോഗിക്കാവുന്നതാണ്.

(4) പുതുതായി ആരംഭിക്കുന്ന അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റിലേയ്ക്ക് ആവശ്യമുള്ള ജീവനക്കാരെ എൻ.എച്ച്.എം വഴി നിയോഗിക്കുന്നതും വേതനം എൻ.എച്ച്.എം. ഫണ്ടിൽ നിന്നും നൽകുന്നതുമാണ്.

2.5 നഗര മേഖലയിൽ പോളി ഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കൽ (Establishment of Poly Dental Clinics) - 2400 ലക്ഷം രൂപ

1. കേരളത്തിലെ ജില്ലാ, ജനറൽ, താലൂക്ക് ആശുപത്രികളിൽ ഡെന്റൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ മേഖലയിൽ ഡെന്റൽ സ്പെഷ്യാലിറ്റി സേവനങ്ങൾ കുറവാണ്. ഡെന്റൽ സ്പെഷ്യാലിറ്റി സേവനങ്ങൾ വർദ്ധിപ്പിക്കുക എന്നതാണ് അർബൻ പോളി ഡെന്റൽ ക്ലിനിക്കുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ഇടുക്കി, വയനാട് ജില്ലകളിൽ രണ്ട് പോളി ഡെന്റൽ ക്ലിനിക്കുകൾ വീതവും മറ്റ്12 ജില്ലകളിൽ മൂന്ന് യൂണിറ്റുകൾ വീതവുമാണ് 2021-22 ലെ ഹെൽത്ത് ഗ്രാന്റിൽ അനുവദിച്ചിട്ടുള്ളത്. അർബൻ പോളി ഡെന്റൽ ക്ലിനിക്കുകൾ ആരംഭിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളുടെയും ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അനുബന്ധം 4 ൽ നൽകിയിട്ടുണ്ട്.

2. പുതുതായി ആരംഭിക്കുന്ന പോളി ഡെന്റൽ ക്ലിനിക്കിലേക്ക് ആവശ്യമുള്ള ജീവനക്കാരെ എൻ.എച്ച്.എം വഴി നിയോഗിക്കുന്നതും വേതനം എൻ.എച്ച്.എം. ഫണ്ടിൽ നിന്നും നൽകുന്നതുമാണ്.

3. ക്ലിനിക് ആരംഭിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേതനം ഒഴികെയുള്ള മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്. ഇതിനുള്ള മാർഗനിർദ്ദേശങ്ങൾ (SOP) ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നതാണ്.

2.6 വയോജനങ്ങൾക്ക് വേണ്ടിയുള്ള സമഗ്ര പരിചരണ സംവിധാനം (Urban Multi-Disciplinary Unit for the Total Health Care of the Elderly) - 1433.39 ലക്ഷം രൂപ

(1) വയോജനങ്ങളുടെ ആരോഗ്യത്തിനും പരിചരണത്തിനും കേരളം മുന്തിയ പരിഗണനയാണ് നൽകി വരുന്നത്. എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും വയോജന പരിചരണ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരഭരണ സ്ഥാപനങ്ങളിലും പാലിയേറ്റീവ് പരിചരണ യൂണിറ്റുകളും പ്രവർത്തിക്കുന്നു. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും വയോമിത്രം ക്ലിനിക്കുകളും പ്രവർത്തിച്ചു

വരുന്നു. വയോജനങ്ങൾക്കാവശ്യമായ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിൽ സവിശേഷ ശ്രദ്ധയാണ് സംസ്ഥാനം നൽകുന്നത്.

(2) മേൽ വിവരിച്ച പ്രകാരം ഓരോ ജില്ലയിലും വയോജനങ്ങളെ; പ്രത്യേകിച്ച് ഭിന്നശേഷിക്കാരായ വയോജനങ്ങളെ, ലക്ഷ്യമിട്ട് നടത്തുന്ന ആരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അതിനാവശ്യമായ സാങ്കേതിക പിന്തുണ നൽകുന്നതിനും വേണ്ടിയാണ് ജില്ലയിലെ തെരഞ്ഞെടുത്ത ഒരു ആശുപത്രിയിൽ സമഗ്ര വയോജന പരിചരണ സംവിധാനം ആരംഭിക്കുന്നത്. സമഗ്ര വയോജന പരിചരണ സംവിധാനം ആരംഭിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളുടെയും ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അനുബന്ധം 5 ൽ നൽകിയിട്ടുണ്ട്.

(3) ജീവനക്കാരെ എൻ.എച്ച്.എം വഴി നിയോഗിക്കുന്നതും വേതനം എൻ.എച്ച്.എം. ഫണ്ടിൽ നിന്നും നൽകുന്നതുമാണ്.

(4) യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേതനം ഒഴികെയുള്ള മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്. ഇതിനുള്ള മാർഗനിർദ്ദേശങ്ങൾ (SOP) ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നതാണ്.

2.7 360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ - 1260 ലക്ഷം രൂപ

1. ജീവിതശൈലീ രോഗങ്ങൾ ഉള്ളവരുടെ എണ്ണം കേരളത്തിൽ വർദ്ധിക്കുന്നതായാണ് പഠനങ്ങൾ കാണിക്കുന്നത്. രക്താതിമർദ്ദം (Hypertension), പ്രമേഹം തുടങ്ങിയ രോഗങ്ങൾ ഉള്ളവരിൽ വർഷംതോറും സങ്കീർണ്ണങ്ങളായ പക്ഷാഘാതം, ഹൃദയരോഗങ്ങൾ, കിഡ്നി രോഗങ്ങൾ തുടങ്ങിയവ വരാനുള്ള സാധ്യത കൂടുതലാണ് ആയതിനാൽ രക്താതിമർദ്ദം, പ്രമേഹം തുടങ്ങിയ ജീവിതശൈലീ രോഗങ്ങൾ കൃത്യമായി നിയന്ത്രിച്ച് നിർത്തേണ്ടതും സങ്കീർണ്ണതകൾ വരുന്നുണ്ടോ എന്ന് വർഷം തോറും പരിശോധിക്കേണ്ടതും അത്യാവശ്യമാണ്.

2. നിലവിൽ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലീ രോഗങ്ങൾക്ക് ചികിത്സ നൽകി വരുന്നുണ്ട്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൽ വഴി രോഗികളുടെ ഭക്ഷണരീതിയും വ്യായാമ ശീലവും ക്രമീകരിക്കുന്നതിനുള്ള ഇടപെടലുകളും നടന്നുവരുന്നു. രക്താതിമർദ്ദം, പ്രമേഹം എന്നിവയ്ക്ക് ചികിത്സ എടുക്കുന്ന രോഗികൾക്ക് വർഷംതോറും സങ്കീർണ്ണതകൾ വരുന്നുണ്ടോ എന്ന് സമഗ്രമായി പരിശോധിക്കാനുള്ള സംവിധാനമാണ് 3 6 0 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ (Non-Communicable Diseases Care Centre). ഒരു ജില്ലയിൽ രണ്ട് ആരോഗ്യ സ്ഥാപനങ്ങളിലാണ് സെന്റർ ആരംഭിക്കുന്നത്. 360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ ആരംഭിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളുടെയും ഗ്രാന്റ് അനുവദിച്ച നഗരഭരണ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അനുബന്ധം 6 ൽ നൽകിയിട്ടുണ്ട്.

3. ജീവനക്കാരെ എൻ.എച്ച്.എം വഴി നിയോഗിക്കുന്നതും വേതനം എൻ.എച്ച്.എം. ഫണ്ടിൽ നിന്നും നൽകുന്നതുമാണ്.

4. യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും വേതനം ഒഴികെയുള്ള മറ്റ് ദൈനംദിന പ്രവർത്തനങ്ങൾക്കും ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാവുന്നതാണ്. ഇതിനുള്ള മാർഗനിർദ്ദേശങ്ങൾ (SOP) ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്നതാണ്.

3. ഇനം 2.4, 2.5, 2.6, 2.7 എന്നിവയ്ക്ക് ബാധകമായ പൊതു നിർദേശങ്ങൾ

3.1 പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കൽ, പോളി ഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കൽ, വയോജനങ്ങൾക്ക് വേണ്ടിയുള്ള സമഗ്ര പരിചരണ സംവിധാനം, 360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ എന്നീ പ്രോജക്ടുകൾ ചിലയിടങ്ങളിൽ നഗരഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾ (ഉദാ: ജനറൽ ആശുപത്രി) മുഖേന നടപ്പാക്കുന്നതിനാണ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളത്. അത്തരം ആശുപത്രികളിൽ ഈ പ്രോജക്ട് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ആശുപത്രികളിലെ ഏതെങ്കിലും ഒരു മെഡിക്കൽ ഓഫീസർക്ക് ഈ പ്രോജക്ടിന്റെ നിർവ്വഹണ ചുമതല നിശ്ചയിച്ച് നൽകിക്കൊണ്ട് ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകുന്നതാണ്. ഇപ്രകാരം ആരോഗ്യ വകുപ്പ് ചുമതല നിശ്ചയിച്ച് നൽകുന്ന മെഡിക്കൽ ഓഫിസർമാർ, അവർ നഗരഭരണ സ്ഥാപനത്തിന് കൈമാറിയ ഉദ്യോഗസ്ഥർ അല്ലെങ്കിൽ പോലും, ഈ പ്രോജക്ട് നടപ്പാക്കുന്നതിന് നഗരഭരണ സ്ഥാപനത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥരായി പ്രവർത്തിക്കേണ്ടതാണ്.

3.2 നഗരഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രിയുടെ കാര്യത്തിൽ ആ ആശുപത്രിയിലെ ഒരു മെഡിക്കൽ ഓഫീസർക്ക് പ്രോജക്ടിന്റെ നിർവ്വഹണ ചുമതല നഗരഭരണ സ്ഥാപനം നിശ്ചയിച്ച് നൽകേണ്ടതാണ്.

3.3 മേല്പറഞ്ഞ നാല് പ്രോജക്ടുകളും നടപ്പാക്കുന്നതിന് ആവശ്യമായ സ്ഥലം ബന്ധപ്പെട്ട ആശുപത്രിയിൽ നിലവിലുള്ള കെട്ടിടത്തിൽ തന്നെ കണ്ടെത്തേണ്ടതും അവശ്യം വേണ്ട നവീകരണ പ്രവർത്തനങ്ങൾ നടത്താവുന്നതുമാണ് (നിർവ്വഹണ ഉദ്യോഗസ്ഥൻ - എഞ്ചിനീയർ) . യൂണിറ്റ് /സെന്റർ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഫർണിച്ചർ, മറ്റ് അത്യാവശ്യ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങാവുന്നതാണ് (നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി) . മെഡിക്കൽ ഉപകരണങ്ങൾ ആവശ്യമാണെങ്കിൽ ആ പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ മെഡിക്കൽ ഓഫീസർ ആയിരിക്കണം. മേല്പറഞ്ഞ ചെലവുകൾ വഹിക്കുന്നതിന് വേണ്ട തുക പ്രോജക്ടിനായി അനുവദിച്ചിട്ടുള്ള ഹെൽത്ത് ഗ്രാന്റിൽ നിന്നും കണ്ടെത്താവുന്നതാണ്.

4. നിർവ്വഹണ നടപടികൾ

4.1 മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പരാമർശം 8 പ്രകാരം അനുവദിച്ച തുക വിനിയോഗിക്കുന്നതിന് 2021-22ലെ ഹെൽത്ത് ഗ്രാന്റിന്റെ കാര്യത്തിൽ പരാമർശം 3 പ്രകാരം നിശ്ചയിച്ചതും ചുവടെ നൽകിയിരിക്കുന്നതുമായ നടപടിക്രമങ്ങൾ ബാധകമായിരിക്കും.

4.2 2021-22ലെ ഹെൽത്ത് ഗ്രാന്റിന്റെ രണ്ടാം ഗഡുവായി ലഭിച്ച തുക വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള പ്രത്യേക സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്.

4.3 ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും ആരോഗ്യത്തിന്റെ ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ചശേഷം നഗരസഭാ കൗൺസിൽ പരിഗണിച്ച് പ്രോജക്ടുകൾക്ക് അന്തിമരൂപം നൽകേണ്ടതുമാണ്.

4.4 പ്രോജക്ടുൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ ക്ലിയറൻസ് ആവശ്യമില്ല വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടുകൂടി നിർവ്വഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി വാങ്ങണം.

4.5 പ്രോജക്ടുകളിൽ ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകൾ സംയോജിപ്പിക്കേണ്ടതില്ല. എന്നാൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് ലക്ഷ്യമിടുന്ന സേവനങ്ങളുടെ പൂർണ്ണ പ്രയോജനം ലഭിക്കുന്നതിന് അധിക പ്രവൃത്തി നിർവ്വഹിക്കേണ്ട സാഹചര്യം ഉണ്ടാകുകയാണെങ്കിൽ അത് വികസനഫണ്ട്, തനത് ഫണ്ട് തുടങ്ങിയ അനുവദനീയമായ ഫണ്ടുകൾ വകയിരുത്തി വാർഷിക പദ്ധതിയുടെ ഭാഗമായി പ്രത്യേകം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

4.6 ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം പി.എഫ്.എം.എസുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ മുഖേന നിർവ്വഹിക്കേണ്ടതാണ്. പ്രോജക്ടുകളുടെ പേയ്മെന്റ് സംബന്ധമായ കാര്യങ്ങൾക്ക്; പരാമർശം 2 പ്രകാരമുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കും.

4.7 ഈ ഉത്തരവ് പ്രകാരമുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ **ജൂൺ 10** നകം പൂർത്തിയാക്കേണ്ടതാണ്.

4.8 ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ഭേദഗതി ആവശ്യമായി വരികയാണെങ്കിൽ അവ ഭേദഗതി ചെയ്ത് വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടു കൂടി നിർവ്വഹണം തുടരാവുന്നതാണ്. പ്രോജക്ടുകളുടെ ഭേദഗതികൾക്കും ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ ക്ലിയറൻസ് ഇല്ലാതെ തന്നെ നിർവ്വഹണം തുടരാവുന്നതാണ്.

4.9 തദ്ദേശ ഭരണസ്ഥാപനങ്ങൾ ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കുന്ന പ്രവർത്തനങ്ങളും പ്രോജക്ടുകളുടെ വെറ്റിംഗ് പ്രക്രിയയും ജില്ലാ ആസൂത്രണസമിതിയും ജില്ലാ മെഡിക്കൽ ഓഫീസറും മോണിട്ടർ ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
3. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
5. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
6. തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
7. ഡയറക്ടർ, ആരോഗ്യ വകുപ്പ്
8. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്

10. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
11. എല്ലാ ജില്ലാ കളക്ടർമാർക്കും
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manju.I.s
സെക്ഷൻ ഓഫീസർ
Date: 22-05-2023 14:12:36

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

അനുബന്ധം -1

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ സാർവത്രികമാക്കൽ, ക്യാൻസർ കെയർ എന്നീ പ്രൊജക്ടുകൾ നടപ്പാക്കുന്നതിന് ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങൾ

(Rs. Lakh)

Sl. No.	District	Name of Municipality/ Corporation	Grant for Universalization of Palliative Care in Urban Areas	Grant for Comprehensive Programme for the Prevention, Early Detection and Management of Oral, Breast and Cervical Cancer
(1)	(2)	(3)	(4)	(5)
1	Thiruvananthapuram	TVM Corporation	72	6.15
2		Attingal Municipality	24	2.05
3		Neyyattinkara Municipality	24	2.05
4		Nedumangad Municipality	24	2.05
5		Varkala Municipality	24	2.05
6	Kollam	Kollam Corporation	48	4.10
7		Karunagappally Municipality	24	2.05
8		Paravur Municipality	24	2.05
9		Kottarakkara Municipality	24	2.05
10		Punalur Municipality	24	2.05
11	Pathanamthitta	Pathanamthitta Municipality	24	2.05
12		Adoor Municipality	24	2.05
13		Pandalam Municipality	24	2.05
14		Thiruvalla Municipality	24	2.05
15	Alappuzha	Alappuzha Municipality	24	2.05
16		Kayamkulam Municipality	24	2.05
17		Cherthala Municipality	24	2.05
18		Mavelikkara Municipality	24	2.05
19		Haripad Municipality	24	2.05
20		Chengannur Municipality	24	2.05
21	Kottayam	Kottayam Municipality	24	2.05
22		Changanassery Municipality	24	2.05
23		Vaikom Municipality	24	2.05
24		Pala Municipality	24	2.05
25		Ettumanoor Municipality	24	2.05
26		Erattupetta Municipality	24	2.05
27	Idukki	Thodupuzha Municipality	24	2.05
28		Kattappana Municipality	24	2.05
29	Ernakulam	Kochi Corporation	72	6.15
30		Aluva Municipality	24	2.05

Sl. No.	District	Name of Municipality/ Corporation	Grant for Universalization of Palliative Care in Urban Areas	Grant for Comprehensive Programme for the Prevention, Early Detection and Management of Oral, Breast and Cervical Cancer
31		Angamaly Municipality	24	2.05
32		Kalamassery Municipality	24	2.05
33		Kothamangalam Municipality	24	2.05
34		Muvattupuzha Municipality	24	2.05
35		North Paravoor Municipality	24	2.05
36		Maradu Municipality	24	2.05
37		Perumbavoor Municipality	24	2.05
38		Thrikkakara Municipality	24	2.05
39		Thripunithura Municipality	24	2.05
40		Eloor Municipality	24	2.05
41		Koothattukulam Municipality	24	2.05
42		Piravam Municipality	24	2.05
43	Thrissur	Thrissur Corporation	48	4.10
44		Chalakkudy Municipality	24	2.05
45		Chavakkad Municipality	24	2.05
46		Guruvayoor Municipality	24	2.05
47		Irinjalakuda Municipality	24	2.05
48		Kodungallur Municipality	24	2.05
49		Kunnamkulam Municipality	24	2.05
50		Wadakkancheri Municipality	24	2.05
51	Palakkad	Palakkad Municipality	24	2.05
52		Ottappalam Municipality	24	2.05
53		Mannarkad Municipality	24	2.05
54		Cherpulassery Municipality	24	2.05
55		Pattambi Municipality	24	2.05
56		Shoranur Municipality	24	2.05
57		Chittur Thathamangalam Municipality	24	2.05
58	Malappuram	Malappuram Municipality	24	2.05
59		Manjeri Municipality	24	2.05
60		Kottakkal Municipality	24	2.05
61		Perinthalmanna Municipality	24	2.05
62		Ponnani Municipality	24	2.05
63		Tirur Municipality	24	2.05
64		Tanur Municipality	24	2.05

Sl. No.	District	Name of Municipality/ Corporation	Grant for Universalization of Palliative Care in Urban Areas	Grant for Comprehensive Programme for the Prevention, Early Detection and Management of Oral, Breast and Cervical Cancer
65		Nilamboor Municipality	24	2.05
66		Tirurangady Municipality	24	2.05
67		Parappanagady Municipality	24	2.05
68		Valanchery Municipality	24	2.05
69		Kondotty Municipality	24	2.05
70	Kozhikode	Kozhikode Corporation	72	6.15
71		Ramanattukara Municipality	24	2.05
72		Feroke Municipality	24	2.05
73		Payyoli Municipality	24	2.05
74		Mukkam Municipality	24	2.05
75		Koduvally Municipality	24	2.05
76		Koyilanady Municipality	24	2.05
77		Vadakara Municipality	24	2.05
78	Wayanad	Mananthavady Municipality	24	2.05
79		Sulthanbathery Municipality	24	2.05
80		Kalpetta Municipality	24	2.05
81	Kannur	Kannur Corporation	48	4.10
82		Koothuparamba Municipality	24	2.05
83		Mattannur Municipality	24	2.05
84		Payyannur Municipality	24	2.05
85		Thalassery Municipality	24	2.05
86		Anthoor Municipality	24	2.05
87		Iritty Municipality	24	2.05
88		Sreekandapuram Municipality	24	2.05
89		Panoor Municipality	24	2.05
90		Thaliparamba Municipality	24	2.05
91	Kasargod	Kasaragod Municipality	24	2.05
92		Kanhangad Municipality	24	2.05
93		Nileshwaram Municipality	24	2.05
		Total	**2448**	**209.10**

അനുബന്ധം –2

നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നഗരപ്രദേശങ്ങളിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും കുടുംബാരോഗ്യ കേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും ആവർത്തന ചെലവുകൾക്കുള്ള ഗ്രാന്റ് അനുവദിച്ച നഗരണ ഭരണ സ്ഥാപനങ്ങൾ

(Rs. Lakh)

Sl No.	District	Name of Municipality/ Corporation	Grant for Recurring Cost of UPHCs	Grant for Recurring Cost of CHCs/PHCs/FHCs in Urban Area
1	Thiruvananthapuram	TVM Corporation	43.35	37.57
2		Neyyattinkara Municipality	5.78	2.89
3		Nedumangad Municipality	2.89	0
4		Varkala Municipality	2.89	0
5	Kollam	Kollam Corporation	8.67	14.45
6		Karunagappally Municipality	2.89	0
7		Paravur Municipality	0	2.89
8		Punalur Municipality	2.89	0
9	Pathanamthitta	Pathanamthitta Municipality	2.89	2.89
10		Adoor Municipality	0	2.89
11		Pandalam Municipality	0	2.89
12		Thiruvalla Municipality	2.89	2.89
13	Alappuzha	Alappuzha Municipality	11.56	0
14		Kayamkulam Municipality	2.89	0
15		Cherthala Municipality	2.89	0
16	Kottayam	Kottayam Municipality	5.78	2.89
17		Changanassery Municipality	2.89	0
18		Ettumanoor Municipality	0	2.89
19		Erattupetta Municipality	0	2.89
20	Idukki	Thodupuzha Municipality	2.89	0
21		Kattappana Municipality	2.89	0
22	Ernakulam	Ernakulam Corporation	37.57	2.89
23		Kalamassery Municipality	2.89	2.89
24		Maradu Municipality	0	5.78
25		Thrikkakara Municipality	2.89	5.78
26		Thripunithura Municipality	2.89	8.67
27		Eloor Municipality	0	2.89
28		Koothattukulam Municipality	0	2.89
29	Thrissur	Thrissur Corporation	8.67	14.45
30		Chalakkudy Municipality	2.89	0
31		Guruvayoor Municipality	2.89	5.78
32		Irinjalakuda Municipality	0	2.89
33		Kodungallur Municipality	2.89	2.89
34		Kunnamkulam Municipality	2.89	2.89
35		Wadakkancheri Municipality	0	2.89
36	Palakkad	Palakkad Municipality	8.67	2.89

Sl No.	District	Name of Municipality/ Corporation	Grant for Recurring Cost of UPHCs	Grant for Recurring Cost of CHCs/PHCs/FHCs in Urban Area
37		Ottappalam Municipality	2.89	2.89
38		Cherpulassery Municipality	0	2.89
39		Shoranur Municipality	2.89	2.89
40	Malappuram	Malappuram Municipality	2.89	0
41		Manjeri Municipality	5.78	0
42		Kottakkal Municipality	2.89	2.89
43		Perinthalmanna Municipality	2.89	0
44		Ponnani Municipality	5.78	2.89
45		Tirur Municipality	2.89	0
46		Tanur Municipality	2.89	2.89
47		Nilamboor Municipality	2.89	0
48		Tirurangady Municipality	2.89	0
49		Parappanagady Municipality	2.89	5.78
50		Valanchery Municipality	2.89	2.89
51		Kondotty Municipality	2.89	0
52	Kozhikode	Kozhikode Corporation	23.12	14.45
53		Ramanattukara Municipality	0	2.89
54		Feroke Municipality	2.89	0
55		Payyoli Municipality	2.89	2.89
56		Mukkam Municipality	0	2.89
57		Koduvally Municipality	0	2.89
58		Koyilanady Municipality	2.89	0
59		Vadakara Municipality	2.89	2.89
60	Wayanad	Mananthavady Municipality	0	2.89
61		Sulthanbathery Municipality	2.89	2.89
62		Kalpetta Municipality	2.89	0
63	Kannur	Kannur Corporation	2.89	14.45
64		Koothuparamba Municipality	2.89	0
65		Mattannur Municipality	2.89	2.89
66		Payyannur Municipality	2.89	0
67		Thalassery Municipality	2.89	2.89
68		Anthoor Municipality	2.89	5.78
69		Sreekandapuram Municipality	0	2.89
70		Panoor Municipality	2.89	8.67
71		Thaliparamba Municipality	2.89	0
72	Kasargod	Kasaragod Municipality	2.89	0
73		Kanhangad Municipality	2.89	0
74		Nileshwaram Municipality	2.89	2.89
		Total	**300.56**	**245.65**

അനുബന്ധം –3

നഗര മേഖലയിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങൾ

Sl No	District	Name of Municipality/Corporation to which the grant is sanctioned	Grant for Establishing PHUs (Rs. Lakh)
1	Thiruvanantha-puram	Thiruvananthapuram Corporation	80.95
2	Kollam	Kollam Corporation	80.95
3	Pathanamthitta	Pathanamthitta Municipality	80.95
4	Alappuzha	Alappuzha Municipality	80.95
5	Kottayam	Kottayam Municipality	80.95
6	Idukki	Thodupuzha Municipality	80.95
7	Eranakulam	Kochi Corporation	80.95
8	Thrissur	Thrissur Corporation	80.95
9	Palakkad	Palakkad Municipality	80.95
10	Malappuram	Malappuram Municipality	80.95
11	Kozhikode	Kozhikode Corporation	80.95
12	Wayanad	Kalpetta Municipality	80.95
13	Kannur	Kannur Corporation	80.95
14	Kasargod	Kasaragod Municipality	80.95
	Total	**X**	**1133.30**

അനുബന്ധം –4

നഗര മേഖലയിൽ പോളി ഡെന്റൽ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളും ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങളും

Sl No	District	Name of Health Institution	Name of Municipality/Corporation to which the grant is sanctioned	Grant for Establishing Urban Poly Dental Clinics (Rs. Lakh)
1	Thiruvananthapuram	1. THQH Varkala	Varkala Municipality	60
2	Thiruvananthapuram	2. TH Attingal	Attingal Municipality	60
3	Thiruvananthapuram	3. TH Fort	Thiruvananthapuram Corporation	60
4	Kollam	1. THQH Punalur	Punalur Municipality	60
5	Kollam	2. THQH Kottarakkara	Kottarakkara Municipality	60
6	Kollam	3. THQH Karunagappally	Karunagappally Municipality	60
7	Pathanamthitta	1.THQH Thiruvalla	Thiruvalla Municipality	60
8	Pathanamthitta	2. GH Pathanamthitta	Pathanamthitta Municipality	60
9	Pathanamthitta	3. GH Adoor	Adoor Municipality	60
10	Alappuaha	1. THQH Kayamkulam	Kayamkulam Municipality	60
11	Alappuaha	2. THQH Harippad	Haripad Municipality	60
12	Alappuaha	3. THQH Cherthala	Cherthala Municipality	60
13	Kottayam	1. GH Kottayam	Kottayam Municipality	60
14	Kottayam	2. GH Pala	Pala Municipality	60
15	Kottayam	3. GH Changanassery	Changanassery Municipality	60
16	Idukki	1. DH Thodupuzha	Thodupuzha Municipality	60
17	Idukki	2. THQH Kattappana	Kattappana Municipality	60
18	Eranakulam	1. THQH North Paravur	North Paravoor Municipality	60
19	Eranakulam	2. TH Angamay	Angamaly Municipality	60
20	Eranakulam	3. THQH Thrippunnithura	Thripunithura Municipality	60
21	Thrissur	1. GH Thrissur	Thrissur Corporation	60
22	Thrissur	2. THQH Kodungallur	Kodungallur Municipality	60
23	Thrissur	3. THQH Chalakudy	Chalakkudy Municipality	60
24	Palakkad	1. THQH Ottapalam	Ottappalam Municipality	60
25	Palakkad	2. THQH Mannarkkad	Mannarkad Municipality	60
26	Palakkad	3. TH Chittur	Chittur Thathamangalam Municipality	60

Sl No	District	Name of Health Institution	Name of Municipality/Corporation to which the grant is sanctioned	Grant for Establishing Urban Poly Dental Clinics (Rs. Lakh)
27	Malappuram	1. THQH Kondotty	Kondotty Municipality	60
28	Malappuram	2. TH Ponnani	Ponnani Municipality	60
29	Malappuram	3. THQH Thirurangadi	Tirurangady Municipality	60
30	Kozhikkode	1. DH Vadakara	Vadakara Municipality	60
31	Kozhikkode	2. THQH Koyilandy	Koyilanady Municipality	60
32	Kozhikkode	3. TH Feroke	Feroke Municipality	60
33	Wayanad	1. GH Kalpetta	Kalpetta Municipality	60
34	Wayanad	2. TH Sulthan Bathery	Sulthanbathery Municipality	60
35	Kannur	1. THQH Thaliparambu	Thaliparamba Municipality	60
36	Kannur	2. TH Koothuparamba	Koothuparamba Municipality	60
37	Kannur	3. TH Iritty	Iritty Municipality	60
38	Kasargod	1. GH Kasargod	Kasaragod Municipality	60
39	Kasargod	2. DH Kanhangad	Kanhangad Municipality	60
40	Kasargod	3. TH Neeleswar	Nileshwaram Municipality	60
	Total	**X**	**X**	**2400**

അനുബന്ധം –5

വയോജനങ്ങൾക്ക് വേണ്ടിയുള്ള സമഗ്ര പരിചരണ സംവിധാനം ആരംഭിക്കുന്നതിന് തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളും ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങളും

Sl No	District	Name of Health Institution	Name of Municipality/Corporation to which the grant is sanctioned	Grant for Establishing Urban Multi-Disciplinary Unit for the Total Health care of the Elderly and the Differently Abled Elderly (Rs. Lakh)
1	Thiruvanantha-puram	THQH Varkala	Varkala Municipality	102.385
2	Kollam	THQH Kottarakkara	Kottarakkara Municipality	102.385
3	Pathanamthitta	THQH Thiruvalla	Thiruvalla Municipality	102.385
4	Alappuzha	DH Mavelikkara	Mavelikkara Municipality	102.385
5	Kottayam	GH Changancherry	Changanassery Municipality	102.385
6	Idukki	THQH Kattappana	Kattappana Municipality	102.385
7	Eranakulam	THQH Fort Kochi	Kochi Corporation	102.385
8	Thrissur	THQH Kodungallur	Kodungallur Municipality	102.385
9	Palakkad	DH Palakkad	Palakkad Municipality	102.385
10	Malappuram	THQH Nilambur	Nilamboor Municipality	102.385
11	Kozhikkod	GH Kozhikode	Kozhikode Corporation	102.385
12	Kannur	THQH Koothuparamba	Koothuparamba Municipality	102.385
13	Wayanad	THQH Batheri	Sulthanbathery Municipality	102.385
14	Kasargod	DH Kanjangad	Kanhangad Municipality	102.385
	Total			**1433.39**

അനുബന്ധം –6

360 ഡിഗ്രി എൻ.സി.ഡി. കെയർ സെന്റർ ആരംഭിക്കുന്നതിന് തെരഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളും ഗ്രാന്റ് അനുവദിച്ച നഗര ഭരണ സ്ഥാപനങ്ങളും

Sl No	District	Name of Health Institution	Name of Municipality/Corporation to which the grant is sanctioned	Grant for 360 Degree NCD Care Centres (Rs. Lakh)
1	Thiruvanantha-puram	DMH Peroorkada	Thiruvananthapuram Corporation	45
2	Thiruvanantha-puram	THQH Varkala	Varkala Municipality	45
3	Kollam	DH Kollam	Kollam Corporation	45
4	Kollam	THQH Kottarakkara	Kottarakkara Municipality	45
5	Alappuaha	GH Alappuzha	Alappuzha Municipality	45
6	Alappuaha	THQH Kayamkulam	Kayamkulam Municipality	45
7	Pathanamthitta	GH Pathanmthitta	Pathanamthitta Municipality	45
8	Pathanamthitta	GH Adoor	Adoor Municipality	45
9	Kottayam	GH Kottayam	Kottayam Municipality	45
10	Kottayam	GH Pala	Pala Municipality	45
11	Idukki	DH Thodupuzha	Thodupuzha Municipality	45
12	Idukki	THQH Kattappana	Kattappana Municipality	45
13	Eranakulam	GH Moovattupuzha	Muvattupuzha Municipality	45
14	Eranakulam	THQH North Paravoor	North Paravoor Municipality	45
15	Thrissur	GH Thrissur	Thrissur Corporation	45
16	Thrissur	THQH Chavakkad	Chavakkad Municipality	45
17	Palakkad	DH Palakkad	Palakkad Municipality	45
18	Palakkad	THQH Ottappalam	Ottappalam Municipality	45
19	Malappuram	DH Tirur	Tirur Municipality	45
20	Malappuram	THQH Thirurangadi	Tirurangady Municipality	45
21	Kozhikode	GH Kozhikode	Kozhikode Corporation	45
22	Kozhikode	DH Vadakara	Vadakara Municipality	45
23	Wayanad	DH Mananthavadi	Mananthavady Municipality	45
24	Wayanad	THQH Batheri	Sulthanbathery Municipality	45
25	Kannur	DH Kannur	Kannur Corproation	45
26	Kannur	TH Thalipparamba	Thaliparamba Municipality	45
27	Kasargod	GH Kasargod	Kasaragod Municipality	45
28	Kasargod	THQH Nileeswar	Nileshwaram Municipality	45
	Total	**X**	**X**	**1260**

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

നം. എഫ്. എം.3/138/2023-തസ്വഭവ
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23-05-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് — നിർവഹണം സുഗമമാക്കുന്നതിനുള്ള നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(സാധാ)നം.2132/2022/തസ്വഭവ; തീയതി 31.08.2022.
2. സ.ഉ.(സാധാ)നം. 3157/2022/തസ്വഭവ; തീയതി 21.12.2022.
3.സ.ഉ.(സാധാ)നം. 996/2022/തസ്വഭവ; തീയതി 07.05.2023.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ, പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2021-26 കാലയളവിലേക്ക് ആകെ 2968.28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2021-22 ൽ ആദ്യ ഗഡുവായി ലഭിച്ച തുകയുടെ വിനിയോഗത്തിനുള്ള മാർഗനിർദ്ദേശങ്ങൾ സൂചന 1, 2 ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിന് ചുവടെ വിവരിക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കേരളത്തിൽ ആകെ 5415 ആരോഗ്യ ഉപ കേന്ദ്രങ്ങളാണ് (Sub Health Centres) നിലവിലുള്ളത്. ഇതിൽ 1670 ഓളം ഉപകേന്ദ്രങ്ങൾക്ക് സ്വന്തം കെട്ടിടമില്ല. കെട്ടിടമില്ലാത്ത എല്ലാ ഉപകേന്ദ്രങ്ങൾക്കും 2026 മാർച്ചിനുള്ളിൽ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക വരുന്ന മൂന്നു വർഷങ്ങളിലായി (2023-26) ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിക്കുന്നതാണ്. മുൻഗണനാ ക്രമത്തിൽ തുക അനുവദിക്കുന്നതിന്, കെട്ടിടമില്ലാത്ത ഉപ കേന്ദ്രങ്ങളിൽ സ്വന്തമായി സ്ഥലം ഉള്ള ഉപകേന്ദ്രങ്ങളുടെയും സ്ഥലം ഇല്ലാത്ത ഉപകേന്ദ്രങ്ങളുടെയും വിവരങ്ങൾ കൃത്യതയോടെ ശേഖരിക്കേണ്ടതുണ്ട്. ജില്ല തലത്തിൽ ഈയൊരു വിവരശേഖരം ഈ സർക്കുലറിന്റെ ഖണ്ഡിക 5 പ്രകാരമുള്ള കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്. എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഇതിനോടകം ശേഖരിച്ച വിവരങ്ങൾ വിവര ശേഖരണത്തിനുള്ള അടിസ്ഥാന രേഖയായി ഉപയോഗിക്കാവുന്നതാണ്. വിവരങ്ങളുടെ കൃത്യത ഉറപ്പാക്കിയ ശേഷം അത് 2023 മേയ് 31 നകം തദ്ദേശ

സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്കും എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർക്കും അയച്ചു കൊടുക്കേണ്ടതാണ്.

2. സ്ഥലമില്ലാത്ത ആരോഗ്യ ഉപ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അഞ്ച് സെന്റിൽ കുറയാതെയുള്ള സ്ഥലം, ഉപ കേന്ദ്രത്തിന്റെ നിയന്ത്രണ ചുമതലയുള്ള തദ്ദേശ ഭരണ സ്ഥാപനം 2023-24 ൽ ലഭ്യമാക്കേണ്ടതാണ്. സൗജന്യമായോ വിലക്ക് വാങ്ങിയോ സ്ഥലം ലഭ്യമാക്കണം. വിലയ്ക്ക് വാങ്ങുകയാണെങ്കിൽ പൊതു വിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഇതിനായി ഉപയോഗിക്കാവുന്നതാണ്. സ്ഥലം വിലക്ക് വാങ്ങുന്നതിനായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും തുക ചെലവഴിക്കാവുന്നതാണ്. ഇതിനുള്ള പ്രോജക്ട്, ഇപ്പോൾ അനുവദിച്ചിട്ടുള്ള പദ്ധതി ഭേദഗതിയിലൂടെയോ അല്ലെങ്കിൽ ഏറ്റവും ആദ്യം അടുത്ത് അനുവദിക്കുന്ന പദ്ധതി ഭേദഗതിയിലൂടെയോ വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്.

3. സ്വന്തമായി സ്ഥലമില്ലാത്ത ഉപ കേന്ദ്രങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ പ്രതിമാസ പദ്ധതി അവലോകന യോഗത്തിൽ പ്രത്യേക അജണ്ടയായി ചർച്ച ചെയ്യേണ്ടതാണ്. 2024 ജനുവരി 31-ന് മുൻപ് സ്ഥലം ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കണം.

4. സൂചന (1) ലെ സർക്കാർ ഉത്തരവിൽ വിവരിച്ചിട്ടുള്ള പ്രകാരം ആറ് സ്കീമുകൾ അവാർഡ് കാലയളവിൽ (2021-26) നടപ്പാക്കുന്നതിനായാണ് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകളുടെയും അവയ്ക്കായി ഏറ്റെടുക്കുന്ന വിവിധ പ്രോജക്ടുകളുടെയും നിർവഹണ പുരോഗതി ജില്ലാ ആസൂത്രണ കമ്മിറ്റി പ്രത്യേകം നിരീക്ഷിക്കേണ്ടതും നിർവഹണം സുഗമമാക്കുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങൾ നല്കേണ്ടതുമാണ്.

5. ജില്ലാ ആസൂത്രണ കമ്മിറ്റിയെ സഹായിക്കുന്നതിനും ഹെൽത്ത് ഗ്രാന്റ് സ്കീമുകളുടെ നിർവഹണം അവാർഡ് കാലയളവിൽ (2021-26) തുടർച്ചയായി മോണിറ്റർ ചെയ്യുന്നതിനുമായി ജില്ലാ തലത്തിൽ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം ഒരു കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

1.	ജില്ലാ പ്ലാനിംഗ് ഓഫീസർ	കൺവീനർ
2.	ജില്ലാ മെഡിക്കൽ ഓഫീസർ	അംഗം
3.	ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്	"
4.	ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്	"
5.	എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്	"
6.	ജില്ലാ പ്രോഗ്രാം മാനേജർ, നാഷണൽ ഹെൽത്ത് മിഷൻ	"
7.	ആർദ്രം നോഡൽ ഓഫീസർ	"

6. സ്കീമുകളുടെ പുരോഗതി മോണിട്ടർ ചെയ്യുന്നതിനൊപ്പം അനുവദിക്കുന്ന ഗ്രാന്റിന്റെ വിനിയോഗ പുരോഗതി കൂടി ജില്ലാ തല കമ്മിറ്റി മോണിട്ടർ ചെയ്യേണ്ടതാണ്.
7. ഗ്രാന്റിന്റെ വിനിയോഗ പുരോഗതി ജില്ലാതല കമ്മിറ്റി മോണിറ്റർ ചെയ്യുമ്പോൾ ചുവടെ പറയുന്ന കാര്യങ്ങൾ പ്രത്യേകം പരിശോധിച്ച് ക്രമപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്തണം.

   i. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ, 2021-22-ലെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുകയ്ക്ക് അത്രയും പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല. കമ്മിറ്റി ഇക്കാര്യം പ്രത്യേകം പരിശോധിക്കേണ്ടതും ലഭ്യമായ തുകയ്ക്ക് അത്രയും പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള ഇടപെടൽ നടത്തുകയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.

   ii. പി.എഫ്.എം.എസ് അക്കൗണ്ട് പ്രകാരം ചെലവഴിക്കുന്ന തുകയുടെ കണക്കുകൾ സുലേഖ സോഫ്റ്റ് വെയറിൽ കൃത്യമായി ചെലവ് തുകയായി രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ പി.എഫ്.എം.എസ് അക്കൗണ്ട് പ്രകാരമുള്ള ചെലവ് തുകയും സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു. ഈ പോരായ്മ പരിഹരിക്കുന്നതിനും ഓരോ മാസവും കണക്കുകൾ പരിശോധിച്ച് ക്രമപ്പെടുത്തുന്നതിനുമുള്ള ഇടപെടൽ ജില്ലാ തല കമ്മറ്റി നടത്തേണ്ടതാണ്.

അലക്സ് വർഗീസ് ഐഎഎസ്
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ(റൂറൽ),തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ(അർബൻ),തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, ആരോഗ്യ വകുപ്പ്
എല്ലാ ജില്ലാകളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
ഡയറക്ടർ ജനറൽ, കില
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും
സെക്രട്ടറിമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:-
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 2022-23-ലെ ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1625/2023/LSGD തീയതി,തിരുവനന്തപുരം, 09-08-2023

പരാമർശം:-

1. സ.ഉ.(സാധാ)നം. 3669/2021/ധന; തീയതി 22.04.2021
2. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 16.07.2021-ലെ 15(2)FC - XV/FCD/2020-25 നമ്പർ മാർഗരേഖ
3. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക-പ്രവർത്തന മാർഗരേഖ
4. സ.ഉ.(സാധാ)നം.7/2022/തസ്വഭവ; തീയതി 02.01.2022
5. സ.ഉ.(സാധാ)നം.115/2022/തസ്വഭവ; തീയതി 15.01.2022
6. സ.ഉ.(സാധാ)നം.2132/2022/തസ്വഭവ; തീയതി 31.08.2022
7. സ.ഉ.(സാധാ)നം.2156/2022/തസ്വഭവ; തീയതി 01.09.2022
8. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ 19.12.2022-ലെ 15(2) FC - XV/FCD/2020-25 നമ്പർ ഓഫീസ് മെമ്മോറാണ്ടം
9. സ.ഉ.(സാധാ)നം. 3157/2022/തസ്വഭവ; തീയതി 21.12.2022
10. സ.ഉ.(സാധാ)നം. 1078/2023/തസ്വഭവ; തീയതി 20.05.2023
11. സ.ഉ.(സാധാ)നം. 3551/2023/ധന; തീയതി 10.05.2023
12. സർക്കുലർ നം. എഫ്. എം. 3/138/2023-തസഭവ; തീയതി 23.05.2023
13. സ.ഉ.(സാധാ)നം. 4866/2023/ധന; തീയതി 26.06.2023
14. സ.ഉ.(സാധാ)നം. 5552/2023/ധന; തീയതി 25.07.2023

ഉത്തരവ്

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2021-22 ൽ ലഭിച്ച ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ മുകളിൽ പരമാർശിച്ചിരിക്കുന്ന 6, 9, 10 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപം നൽകുകയും അവയുടെ നിർവ്വഹണം പരോഗമിക്കുകയുമാണ്.

2. പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം കേരളത്തിനുള്ള 2022-23 ലെ ഹെൽത്ത് ഗ്രാന്റ് വിഹിതം 558.98 കോടി രൂപയാണ്. ആറ് സ്കീമുകൾ നടപ്പാക്കുന്നതിനായാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന് സമർപ്പിക്കേണ്ട സംസ്ഥാന തല കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി പരാമർശം 7 പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2022-23 ലെ നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നു.

3. ആറ് സ്കീമുകൾ ഉള്ളതിൽ ഓരോ സ്കീമിനുമുള്ള വിഹിതം ധനകാര്യ കമ്മീഷൻ തന്നെ നിശ്ചയിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനങ്ങളുടെ ആവശ്യ പ്രകാരം, ഒരു സംസ്ഥാനത്തിനുള്ള ആകെ വിഹിതത്തിൽ വർദ്ധനവ് വരാതെ, സ്കീമുകളുടെ വിഹിതങ്ങളിൽ മാറ്റം വരുത്തുവാൻ (re-appropriation) പരാമർശം 8 പ്രകാരം കേന്ദ്ര സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. അതുപ്രകാരം സ്കീം 6-നുള്ള വിഹിതത്തിൽ നിന്നും ഒരുഭാഗം സ്കീം 1, സ്കീം 5 എന്നിവയിലേക്ക് മാറ്റുന്നതിന് പരാമർശം 1 പ്രകാരമുള്ള സംസ്ഥാനതല കമ്മിറ്റി തീരുമാനിക്കുകയും അതനുസരിച്ച് സംസ്ഥാന തല കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. കേരളത്തിന്റെ കർമ്മ പദ്ധതിക്ക് പരാമർശം 2 ലെ മാർഗരേഖയുടെ ഖണ്ഡിക 5 പ്രകാരമുള്ള നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം ഓരോ സ്കീമിനുള്ള വിഹിതവും നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതി പ്രകാരം ഓരോ സ്കീമിനുള്ള വിഹിതവും ചുവടെ പട്ടികയിൽ നൽകിയിട്ടുണ്ട്.

പട്ടിക-1: പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് തുകയും നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതി പ്രകാരമുള്ള വിഹിതവും

(ലക്ഷം രൂപ)

ക്രമ നം.	സ്കീമുകൾ	നിർവ്വഹണ തദ്ദേശഭരണ സ്ഥാപനം	പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് തുക	നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതി പ്രകാരമുള്ള വിഹിതം
(എ)	**ഗ്രാമ തദ്ദേശഭരണ സ്ഥാപനങ്ങൾ**			
1	കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾക്കും കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും സമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുവാൻ സഹായം	• ഗ്രാമ പഞ്ചായത്തുകൾ (ഉപ കേന്ദ്രങ്ങൾ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾ) • ബ്ലോക്ക് പഞ്ചായത്തുകൾ (സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ)	50	15275.99

2	ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം	ബ്ലോക്ക് പഞ്ചായത്തുകൾ	3059	3059.00
3	ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	ഗ്രാമ പഞ്ചായത്തുകൾ	8919	8918.92
4	ഗ്രാമ പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങൾ മുഖേന ഹെൽത്ത് ആൻഡ് വെൽനെസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	ഗ്രാമ പഞ്ചായത്തുകൾ	10543	10543.00
	ആകെ (എ)		**22571**	**37796.91**
(ബി)	**നഗരഭരണ സ്ഥാപനങ്ങൾ**			
5	നഗരപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	നഗരഭരണ സ്ഥാപനങ്ങൾ	1105	4384.00
6	അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ	നഗരഭരണ സ്ഥാപനങ്ങൾ	32222	13716.20
	ആകെ (ബി)		**33327**	**18100.20**
	ആകെ (എ + ബി)		**55898**	**55897.11**

4. നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതി പ്രകാരം ഓരോ സ്കീമിന്റെയും ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട വിഹിതം വിഭജിച്ച് ഈ ഉത്തരവിന്റെ 1 മുതൽ 6 വരെയുള്ള അനുബന്ധങ്ങളിൽ നൽകിയിട്ടുണ്ട്. ഇപ്രകാരം ഓരോ സ്കീമും നടപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുള്ള ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗത്തിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

4.1 സ്കീം 1 - കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സഹായം

1. ഗ്രാമ പ്രദേശങ്ങളിലെ 513 ആരോഗ്യ ഉപകേന്ദ്രങ്ങൾക്കും (SHCs) 13 കുടുംബാരോഗ്യ/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും (FHCs/PHCs) 5 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിന് സ്കീം 1 ന്റെ ഭാഗമായി അംഗീകാരം ലഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് 55.5 ലക്ഷം രൂപ വീതവും കുടുംബാരോഗ്യ/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 143 ലക്ഷം രൂപ വീതവും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്ക് 575 ലക്ഷം രൂപ വീതവും വരുന്ന മൂന്നു വർഷങ്ങളിലായി ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിക്കുന്നതാണ്. കെട്ടിടം

നിർമ്മിക്കേണ്ട ആരോഗ്യ ഉപകേന്ദ്രങ്ങളുടെയും കുടുംബാരോഗ്യ/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെയും പട്ടിക യഥാക്രമം അനുബന്ധം 1, 2, 3 എന്നിവയിൽ നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി 2022-23 ലെ ഹെൽത്ത് ഗ്രാന്റിൽ നിന്നും ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് 27.5 ലക്ഷം രൂപ വീതം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ ക്കും (അനുബന്ധം 1) കുടുംബാരോഗ്യ/ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 35.75 ലക്ഷം രൂപ വീതം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്കും (അനുബന്ധം 2) സമൂഹികാരോഗ്യ കേന്ദ്രങ്ങൾക്ക് 115 ലക്ഷം രൂപ വീതം ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്കും (അനുബന്ധം 3) അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം അനുവദിച്ചിട്ടുള്ള തുക കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള ആദ്യ ഗഡുവായി പരിഗണിച്ച് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ബഹുവർഷ പ്രോജക്ടിന് രൂപം നൽകി കെട്ടിട നിർമ്മാണം ആരംഭിക്കേണ്ടതാണ്.

2. സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള ഗ്രാന്റ് ലഭിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകൾ പരാമർശം 5 പ്രകാരമുള്ള ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ ഈ സ്കീമിനായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും അതിനെ പി.എഫ്.എം.എസ്സിൽ സ്കീം 1 മായി (KL280 - Health Grant towards Building less Sub Centres, PHCs and CHCs) ബന്ധിപ്പിക്കേണ്ടതുമാണ്.

3. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം 31.08.2021 ന് പുറപ്പെടുവിച്ച സാങ്കേതിക മാർ ഗരേഖയുടെ (പരാമർ ശം 3) അനുബന്ധം 3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാനുകൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുള്ള മാതൃകയായി സ്വീകരിക്കാവുന്നതാണ്.

4. ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയറും ബ്ലോക്ക് പഞ്ചായത്തുകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും ആയിരിക്കണം നിർവഹണ ഉദ്യോഗസ്ഥർ.

4.2 സ്കീം 2- ബ്ലോക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്ക് സഹായം

1. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. പൊതുജനാരോഗ്യ യൂണിറ്റിനോട് അനുബന്ധിച്ച് പബ്ലിക് ഹെൽത്ത് ലബോറട്ടറിയും ബ്ലോക്ക് HMIS (ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) സെല്ലും ഉണ്ടാകണം. കൂടുതൽ വിശദാംശങ്ങൾ പരാമർ ശം 6 പ്രകാരമുള്ള ഉത്തരവിന്റെ ഖണ്ഡിക 2.2-ൽ വ്യക്തമാക്കിയിട്ടുണ്ട്.

2. 2021-22-ലെ ഹെൽത്ത് ഗ്രാന്റിൽ നിന്നും ഈ സ്കീമിനായി ലഭിച്ച തുക 75 ബ്ലോക്ക് പഞ്ചായത്തുകളിൽ പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായാണ് പരാമർശം 6 പ്രകാരം അനുവദിച്ചത്. അവശേഷിക്കുന്ന 77 ബ്ലോക്ക് പഞ്ചായത്തുകളിൽ ഈ വർഷം പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കേണ്ടതുണ്ട്.

3. 2022-23 ലെ ഹെൽത്ത് ഗ്രാന്റിൽ നിന്നും സ്കീം 2 നായി ലഭിച്ച 3059.00 ലക്ഷം രൂപയിൽ 2122.89 ലക്ഷം രൂപ പുതുതായി 77 പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ളതും ബാക്കി 936.11 ലക്ഷം രൂപ കഴിഞ്ഞ വർഷം ആരംഭിച്ച 75 പൊതുജനാരോഗ്യ യൂണിറ്റുകളുടെ ആവർത്തന ചെലവുകൾക്കുള്ളതുമാണ്. പുതുതായി 77

പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവുകൾക്കായി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് 27.57 ലക്ഷം രൂപ വീതം അനുബന്ധം 4 പ്രകാരം അനുവദിച്ചിട്ടുണ്ട്. പുതുതായി പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കേണ്ട ആരോഗ്യ സ്ഥാപനങ്ങളുടെ (77 എണ്ണം) പട്ടികയും അനുബന്ധം 4-ൽ നല്കിയിട്ടുണ്ട്.

4. 2021-22 ലെ ഗ്രാന്റ് ഉപയോഗിച്ച് ആരംഭിച്ച 75 പൊതുജനാരോഗ്യ യൂണിറ്റുകളുടെ ആവർത്തന ചെലവുകൾക്കായി ലഭിച്ച തുക (936.11 ലക്ഷം രൂപ) ഈ യൂണിറ്റുകളിൽ നിയോഗിക്കപ്പെടുന്ന Epidemiologist / Entomologist (1), Lab Technician (1), Data Manger (1) എന്നിവർക്ക് വേതനം നൽകുന്നതിനുള്ളതാണ്. വേതനം നൽകുന്നതിനുള്ള ഘടകം എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ മുഖേന നടപ്പാക്കുന്നതാണ്. ഇതിനാവശ്യമായ തുക (936.11 ലക്ഷം രൂപ) തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ-റൂറൽ ഹെൽത്ത് ഗ്രാന്റിൽ നിന്നും എൻ.എച്ച്.എം. സ്റ്റേറ്റ് മിഷന് നൽകേണ്ടതാണ്.

5. ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആയി മാറ്റുവാൻ തീരുമാനിച്ചിട്ടുള്ള സ്ഥാപനങ്ങളിലാണ് ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റുകൾ ആരംഭിക്കുന്നത്. ഇങ്ങനെ തിരഞ്ഞെടുത്ത സ്ഥാപനങ്ങൾ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ അല്ലെങ്കിൽ പോലും (ഉദാ: പ്രൈമറി ഹെൽത്ത് സെന്റർ/ഫാമിലി ഹെൽത്ത് സെന്റർ) ബ്ലോക്ക് പഞ്ചായത്തുകൾ ഹെൽത്ത് ഗ്രാന്റ് വഴി ലഭിക്കുന്ന തുക ചെലവഴിച്ച് പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

6. പുതുതായി 77 ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അനുവദിച്ച 27.57 ലക്ഷം രൂപ ഉപയോഗപ്പെടുത്തി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

   i. ബ്ലോക്ക് പൊതുജനാരോഗ്യ യൂണിറ്റുകളുടെ ഭാഗമായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തൽ - കെട്ടിട നവീകരണം, പാർട്ടീഷനിംഗ്, ഫർണിച്ചർ വാങ്ങൽ, ലാബ് നവീകരണം മുതലായവ

   ii. പൊതുജനാരോഗ്യ പ്രവർത്തനത്തിന് അവശ്യം വേണ്ട വിവരസാങ്കേതിക വിദ്യാ ഉപകരണങ്ങൾ വാങ്ങൽ.

   iii. മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ലാബ് ഉപകരണങ്ങൾ വാങ്ങൽ

   iv. ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബ് പ്രവർത്തനത്തിനാവശ്യമായ മറ്റു സൗകര്യങ്ങൾ തുടങ്ങിയവ.

   v. ലാബിലേയ്ക്കുള്ള റീയജന്റ്, കിറ്റ്, തുടങ്ങിയവ ഉൾപ്പെടെ ലാബിന്റെ പ്രവർത്തനത്തിന് ആവശ്യമായ വാങ്ങലുകൾ, ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകൾ,

   vi. IEC, പ്രിന്റിംഗ് തുടങ്ങിയ ചെലവുകൾ

vii. റിപ്പോർട്ടിംഗ് ആൻഡ് മോണിറ്ററിങ് ചെലവുകൾ

viii. പരിശീലന ചെലവുകൾ

ix. അത്യാവശ്യ ഉപകരണങ്ങൾ വാങ്ങൽ

കുറിപ്പ് : ഇനം (i) ന്റെ നിർവഹണ ഉദ്യോഗസ്ഥൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയറും ഇനം (i i) ന്റെ നിർവഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും (iii) മുതൽ (ix) വരെയുള്ള ഇനങ്ങളുടെ നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ആരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസറും ആയിരിക്കണം.

4.3 സ്കീം 3 - രോഗ നിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ

2022-23 ലെ ഗ്രാന്റ് (13716.20 ലക്ഷം രൂപ) വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതി പ്രകാരം വിവിധ ഘടകങ്ങൾ നടപ്പാക്കുന്നതിന് ഏജൻസികൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമുള്ള വിഹിതം (**ലക്ഷം രൂപ**)

ക്രമ നം	ഘടകങ്ങൾ (Components)	പ്രവർത്തനങ്ങൾ	നിർവഹണ ഏജൻസി	വിഹിതം
1	മരുന്ന് ലഭ്യമാക്കൽ	1.1 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, നഗര സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, സ.ഉ(സാധാ)നം.2132/2022/തസ്വഭവ; തീയതി 31.08.2022 പ്രകാരം ആരംഭിച്ച നഗരജനകീയാരോഗ്യ കേന്ദ്രങ്ങളും (UHWCs) അർബൻ പോളി ക്ലിനിക്കുകളും എന്നിവയ്ക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കുക.	കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ	5907.00
		1.2 സ.ഉ(സാധാ)നം.1078/2023/തസ്വഭവ; തീയതി 20.05.2023 പ്രകാരം ആഭിച്ച 360 ഡിഗ്രി മെറ്റബോളിക് (NCDC Care) സെന്ററുകൾക്ക് ആവശ്യമായ മരുന്ന് ലഭ്യമാക്കുക.	കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ	140.00
2	അർബൻ ഡയാലിസിസ് യൂണിറ്റുകൾ	സ്കീം 6 നുള്ള 2021-22 ലെ അവസാന ഗഡുവായി ലഭിച്ച ഗ്രാന്റ് (3622.00 ലക്ഷം രൂപ) ഉപയോഗിച്ച് ശാക്തീകരിച്ച 69 അർബൻ ഡയാലിസിസ് യൂണിറ്റുകളുടെ ആവർത്തന ചെലവുകൾ	എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ	690.00
3	ആരോഗ്യ കേന്ദ്രങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തൽ	നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, നഗരസാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, സ.ഉ(സാധാ)നം.2132/2022/തസ്വഭവ; തീയതി 31.08.2022 പ്രകാരം ആരംഭിച്ച നഗര ജനകീയാരോഗ്യ കേന്ദ്രങ്ങൾ (UHWCs) എന്നിവയെ ഇന്ത്യൻ പബ്ലിക് ഹെൽത്ത് മാനദണ്ഡങ്ങൾക്കും (IPHS) ദേശീയ ഗുണനിലവാര മാനദണ്ഡങ്ങൾക്കും (NQAS) അനുസൃതമായി പരിവർത്തനം ചെയ്യൽ	എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ	981.50
4	അർബൻ പോളി ക്ലിനിക്കുകൾ	4.1 സ.ഉ(സാധാ)നം.2132/2022/തസ്വഭവ; തീയതി 31.08.2022 പ്രകാരം ആരംഭിച്ച 93 അർബൻ പോളിക്ലിനിക്കുകളുടെ പ്രവർത്തന ചെലവുകൾ വഹിക്കൽ	എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ	186.00
		4.2 പുതുതായി 11 അർബൻ പോളിക്ലിനിക്കുകൾ ആരംഭിക്കൽ (9 അർബൻ പി.എച്ച്.സികളിലും 2 അർബൻ സി.എച്ച്.സികളിലും)	എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ	110.00

		(സ്ഥാപനങ്ങളുടെ പട്ടിക എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ബന്ധപ്പെട്ട നഗര ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്)		
5	അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റുകൾ	സ.ഉ(സാധാ)നം. 1078/2023/തസ്വഭവ; തീയതി 20.05.2023 പ്രകാരം ആരംഭിച്ച 14 അർബൻ പബ്ലിക് ഹെൽത്ത് യൂണിറ്റുകളുടെ ആവർത്തന ചെലവുകൾ	എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ	70.00
6	ആരോഗ്യ പ്രവർത്തകർക്ക് പരിശീലനം	നഗരപ്രദേശങ്ങളിലെ ജനങ്ങൾക്ക് സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ നൽകാൻ കഴിയുന്ന രീതിയിൽ ആരോഗ്യ പ്രവർത്തകരെ പ്രാപ്തരാക്കുന്നതിനുതകുന്ന പരിശീലനങ്ങൾ നടപ്പാക്കൽ	എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ	148.40
7	ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ	നഗരപ്രദേശങ്ങളിൽ വാർഷിക ആരോഗ്യ പരിശോധന, ഇ-ഹെൽത്ത് ഹോസ്പിറ്റൽ മൊഡ്യൂൾ, പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ഏകോപനം എന്നിവയുടെ സോഫ്റ്റ് വെയർ തയ്യാറാക്കി നടപ്പിലാക്കൽ	ഇ-ഹെൽത്ത്, കേരള	500.00
8	മോണിട്ടറിംഗ് & ഇവാല്യുവേഷൻ	ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട മോണിട്ടറിംഗും ഇവാല്യുവേഷനും	എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ	10.00
9	ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തന ചെലവുകൾ	ഈ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ	മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും	4019.50
10	ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ	ഈ മാർഗരേഖ പ്രകാരമുള്ള ഫീൽഡ് തല പ്രവർത്തനങ്ങൾ	മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും	850.30
		വെൽനസ് ഫെസിലിറ്റേഷൻ സെന്ററുകൾ (പ്രവർത്തന മാർഗ്ഗരേഖ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്)	കോർപ്പറേഷനുകൾ	103.50
ആകെ				**13716.20**

3. മുകളിൽ നൽകിയിട്ടുള്ള പട്ടികയിലെ ക്രമനമ്പർ 1 മുതൽ 8 വരെയുള്ള ഘടകങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ വിഹിതം പട്ടികയിൽ നൽകിയിട്ടുള്ള പ്രകാരം ബന്ധപ്പെട്ട ഏജൻസികൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ - അർബൻ അനുവദിച്ച് നൽകേണ്ടതാണ്.

4. ഓരോ ആരോഗ്യസ്ഥാപനത്തിനും മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയ തുകയുടെ വിശദാംശങ്ങൾ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ ആരോഗ്യ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട ഓരോ തദ്ദേശഭരണസ്ഥാപനത്തിനും ലഭ്യമാക്കേണ്ടതാണ്. അതുപോലെ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ നിർവഹണം നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ഓരോ തദ്ദേശഭരണസ്ഥാപനത്തെയും അറിയിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനതലത്തിൽ

ഫലപ്രദമായ മോണിട്ടറിംഗ് ഉറപ്പാക്കുന്നതിന് ഈ വിവരങ്ങൾ അനിവാര്യമാണ്.

5. മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഗ്രാന്റ് അനുവദിച്ചിട്ടുള്ളത് ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തന ചെലവുകൾ, ഹെൽത്ത് ആന്റ് വെൽനസ് ഫീൽഡ്തല പ്രവർത്തനങ്ങൾ, വെൽനസ് ഫെസിലിറ്റേഷൻ സെന്ററുകൾ എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനാണ്. അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ഈ ഉത്തരവിന്റെ അനുബന്ധം 1 ലും 2 ലുമായി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ നൽകുന്നു.

5.1 ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തന ചെലവുകൾ

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, നഗരസാമൂഹികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയ്ക്ക് ഓരോന്നിനും 3.5 ലക്ഷം രൂപ, നഗര ജനകീയാരോഗ്യ കേന്ദ്രങ്ങൾക്ക് (അർബൻ ഹെൽത്ത് ആന്റ് വെൽനസ് കേന്ദ്രങ്ങൾ-UHWCs) ഓരോന്നിനും 8.5 ലക്ഷം രൂപ, നഗര ഉപ ആരോഗ്യ കേന്ദ്രങ്ങൾക്ക് (Urban SHCs) ഓരോന്നിനും 0.25 ലക്ഷം രൂപ എന്ന നിരക്കിലാണ് ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുബന്ധം 1 പ്രകാരം തുക അനുവദിച്ചിട്ടുള്ളത്.
2. ഖണ്ഡിക (1) പ്രകാരം അനുവദിച്ച തുക ചുവടെയുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്.

i. ടെലിമെഡിസിൻ സംവിധാനം ഒരുക്കുവാനും റിപ്പോർട്ടിംഗ് നടത്തുവാനും ആവശ്യമായ കമ്പ്യൂട്ടർ, വെബ്ക്യാം, ഹെഡ്സെറ്റ്, പ്രിന്റർ എന്നിവ വാങ്ങൽ
ii. അണുബാധ നിയന്ത്രണ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും
iii. ബയോമെഡിക്കൽ മാലിന്യങ്ങളുടെ ശാസ്ത്രീയമായ പരിപാലനം
iv. ആരോഗ്യസ്ഥാപനങ്ങളിലെ അറ്റകുറ്റ പണികൾ
v. ബോധവൽക്കരണ പ്രവർത്തനങ്ങൾ
vi. ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ആവശ്യമായ ഓഫീസ് / സ്റ്റേഷനറി സാധനങ്ങൾ വാങ്ങൽ, ഫോമുകളുടെയും, രജിസ്റ്ററുകളുടെയും മറ്റ് രേഖകളുടെയും പ്രിന്റിംഗ് ചാർജ്ജുകൾ
vii. ആരോഗ്യ സ്ഥാപനങ്ങളുടെ വൈദ്യുതി, വെള്ളം, ഇന്റർനെറ്റ്, ടെലിഫോൺ എന്നീ ചാർജ്ജുകൾ, കെട്ടിടവാടക
viii. പരിശീലനങ്ങൾ, അവലോകന യോഗങ്ങൾ എന്നിവ സംഘടിപ്പിക്കൽ

5.2 ഹെൽത്ത് ആന്റ് വെൽനസ് ഫീൽഡ്തല പ്രവർത്തനങ്ങൾ

(1) ഈ ഇനത്തിൽ അനുവദിച്ചിട്ടുള്ള (അനുബന്ധം 2) തുക പ്രാഥമികാരോഗ്യ പരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ചുവടെ പ്രതിപാദിക്കുന്ന ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാവുന്നതാണ്.

i. ആരോഗ്യ വർദ്ധക സേവനങ്ങൾ - ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
ii. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ (ഉറവിട നശീകരണം, ഫോഗിംഗ്, സ്ക്രീനിംഗ് മുതലായവ); ജീവിതശൈലി രോഗങ്ങൾക്കുള്ള സ്ക്രീനിംഗും പ്രതിരോധ പ്രവർത്തനങ്ങളും;

അമ്മമാരുടെയും കുട്ടികളുടേയും ആരോഗ്യം സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളും സ്ക്രീനിംഗും; രോഗങ്ങൾ മൂലം കൂടുതൽ പ്രയാസമനുഭവിക്കുന്നവർക്ക് മുൻഗണനാ വിസിറ്റിന്റെ ഭാഗമായി വീടുകളിൽ എത്തി നൽകുന്ന പരിചരണ പ്രവർത്തനങ്ങൾ, ആരോഗ്യകരമായ ഭക്ഷണരീതിയും വ്യായാമക്രമവും ശീലമാക്കുവാൻ പൊതുജനങ്ങളുടെ ഇടയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ; ആരോഗ്യ സ്ഥാപനങ്ങളിലെ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ

iii. രോഗപ്രതിരോധ പ്രവർത്തനങ്ങൾ - രോഗങ്ങൾ വരാതിരിക്കാനുള്ള ഇടപെടലുകൾ

iv. വാർഷിക ആരോഗ്യ പരിശോധനയിലൂടെ അസുഖങ്ങൾ പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

v. ആരോഗ്യ സ്ഥാപനത്തിൽ നിന്നും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ള സേവനങ്ങളുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ ഇടയിൽ വിവിധ രീതിയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ.

vi. വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള ചെലവ് — ഇന്റർനെറ്റ് ചാർജ്ജ് മുതലായവ — ഒരു ആരോഗ്യ സ്ഥാപനത്തിലെ ചെലവ് വർഷം 5000 രൂപയിൽ കവിയാൻ പാടില്ല.

vii. തുക ബാക്കിയുണ്ടെങ്കിൽ ആരോഗ്യ സ്ഥാപനത്തിലെ ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങാവുന്നതാണ്.

5.3 വെൽനസ് ഫെസിലിറ്റേഷൻ സെന്റർ

1. ആറ് കോർപ്പറേഷനുകൾക്ക് മാത്രമാണ് ഇതിനായി തുക അനുവദിച്ചിട്ടുള്ളത് (അനുബന്ധം 2).
2. ആശാ വർക്കർമാരിൽ നിന്നും ഫീൽഡ് സ്റ്റാഫുകളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ട വെൽനസ് പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ ഏകോപിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രമാണ് വെൽനസ് ഫെസിലിറ്റേഷൻ സെന്റർ. ഇതിന്റെ പ്രവർത്തന ചെലവുകൾക്കായി തുക വിനിയോഗിക്കാവുന്നതാണ്. സെന്ററിന്റെ പ്രവർത്തന മാർഗ്ഗരേഖ എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

6. നിർവ്വഹണ നടപടിക്രമങ്ങൾ

6.1) പ്രോജക്ടുകൾക്ക് രൂപം നൽകി നിർവഹണം നടത്തുന്നതിന് പരാമർശം 4 ഉത്തരവിന്റെ ഖണ്ഡിക 5 ലെ മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമായിരിക്കും.

6.2) സ്കീം 6 പ്രകാരമുള്ള പ്രവർത്തനങ്ങളുടെ നിർവഹണ രീതി സംബന്ധിച്ച കാര്യങ്ങൾക്ക് നഗരണ ഭരണ സ്ഥാപനങ്ങൾ ചുവടെ പ്രതിപാദിച്ചിരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. PHC/CHC കളുടെയും ഇവയ്ക്ക് കീഴിലുള്ള ഉപ കേന്ദ്രങ്ങളുടെയും പ്രാഥമികാരോഗ്യ പരിരക്ഷ നല്കുന്ന താലൂക്ക് ആശുപത്രികളുടെയും കാര്യത്തിൽ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ ആയിരിക്കണം. ഒന്നിലേറെ ആരോഗ്യ സ്ഥാപനങ്ങൾ ഉള്ള നഗരഭരണ സ്ഥാപനങ്ങളിൽ ഓരോ ആരോഗ്യ സ്ഥാപനത്തിനും ആ ആരോഗ്യ

സ്ഥാപനത്തിന് കീഴിലുള്ള ഉപ കേന്ദ്രങ്ങൾക്കും വേണ്ടി അതത് ആരോഗ്യ സ്ഥാപനങ്ങളിലെ മെഡിക്കൽ ഓഫിസർമാർ നിർവഹണ ഉദ്യോഗസ്ഥരായി കൊണ്ട് പ്രോജക്ടുകൾ തയ്യാറാക്കണം. എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും വേണ്ടി ഒരു പ്രൊജക്ട് എന്ന രീതി അവലംബിക്കാൻ പാടില്ല.

2. UPHC/UCHC/UHWC കളുടെ കാര്യത്തിൽ പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി ആയിരിക്കണം. ഇങ്ങനെയുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങൾക്കും വേണ്ടി ഒരു പ്രോജക്ട് തയ്യാറാക്കിയാൽ മതിയാകും. UPHC/UCHC/UHWC കളുടെ കാര്യത്തിൽ നാല് മാസത്തേയ്ക്ക് ആവശ്യമായ തുക സെക്രട്ടറി പ്രോജക്ടിൽ നിന്നും മുൻകൂറായി പിൻവലിച്ച് ആരോഗ്യ സ്ഥാപനത്തിന്റെ എച്ച്.എം.സി.ക്ക് അനുവദിച്ച് നൽകണം. ലഭ്യമായ തുകയുടെ 75% വിനിയോഗിക്കുന്ന മുറയ്ക്ക് അടുത്ത ഗഡു തുക നൽകാം. ദൈനംദിന പ്രവർത്തനങ്ങൾ എച്ച്.എം.സി. തീരുമാന പ്രകാരം ആരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർ നിർവഹിക്കണം. നിശ്ചിത മാതൃകയിൽ ചെലവ് സ്റ്റേറ്റ്മെന്റുകളും വൗച്ചറുകളും മറ്റ് രേഖകളും കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ട ഉത്തരവാദിത്തം ഇതിനായി എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ചുമതല നിശ്ചയിച്ചു നൽകിയിട്ടുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്റർ കം അക്കൗണ്ടന്റിന് ആയിരിക്കും. ഓരോ മാസത്തെയും ചെലവ് സ്റ്റേറ്റ്മെന്റ് എച്ച്.എം.സി. അംഗീകരിക്കേണ്ടതാണ്. ചെലവ് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് എച്ച്.എം.സി. അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ വിനിയോഗ സർട്ടിഫിക്കറ്റ് സെക്രട്ടറിക്ക് നൽകണം. വിനിയോഗത്തിന്റെ ധനപരമായ ഉത്തരവാദിത്തം ആരോഗ്യ സ്ഥാപനത്തിലെ മെഡിക്കൽ ഓഫീസർക്ക് ആയിരിക്കും.

3. UPHC/UCHC/UHWC കളുടെ ആവശ്യങ്ങൾക്കായി മേൽഖണ്ഡിക (2) പ്രകാരം സെക്രട്ടറി തയ്യാറാക്കുന്ന പ്രോജക്ടിന്റെ വെറ്റിംഗ് ഓഫീസർ ജില്ലാ മെഡിക്കൽ ഓഫീസർ ആയിരിക്കും.

6.3 പ്രോജക്ടുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കി അവ **2025 ഫെബ്രുവരി 7** നകം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതാണ്.

6.4 നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളിൽ അവയ്ക്ക് കീഴിലുള്ള നഗര ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ (UHWCs) മെഡിക്കൽ ഓഫീസർമാരെ കൂടി ഉൾപ്പെടുത്തണമെന്ന് പരാമർശം 5 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇപ്രകാരം ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ പുന:സംഘടിപ്പിക്കുന്നതിന് ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി

സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
3. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
5. ഡയറക്ടർ, ആരോഗ്യ വകുപ്പ്
6. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ

7. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ -അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
22. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 20-01-2025 13:26:17
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
5. തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

Health Grant as per the Fifteenth Finance Commission Award (2022-23)

Allocation to Municipalities and Corporations for meeting operational expenses of PHCs/CHCs/UPHCs/UCHCs/UHWCs/U-SHCs under Scheme 6

(Rs. Lakh)

Sl No	ULBCode	Name of ULB	No. of PHCs/CHCs	No. of UPHCs/ UCHCs	No. of UHWCs	No. of U-SHCs	Allocation for meeting operational expenes
1	M010100	Varkala Municipality	0	1	3	0	29.00
2	M010200	Attingal Municipality	0	0	2	4	18.00
3	M010300	Nedumangad Municipality	0	1	3	0	29.00
4	M010400	Neyyattinkara Municipality	1	2	6	6	63.00
5	M020100	Karunagappally Municipality	0	1	3	7	30.75
6	M020200	Paravur Municipality	1	0	2	8	22.50
7	M020200	Paravoor Municipality	0	0	2	0	17.00
8	M020300	Punalur Municipality	0	1	3	0	29.00
9	M020400	Kottarakkara Municipality	0	0	2	0	17.00
10	M030100	Adoor Municipality	0	0	2	0	17.00
11	M030200	Thiruvalla Municipality	1	1	3	3	33.25
12	M030300	Pathanamthitta Municipality	0	1	3	0	29.00
13	M030400	Pandalam Municipality	1	0	2	6	22.00
14	M040100	Chengannur Municipality	0	0	2	0	17.00
15	M040200	Mavelikkara Municipality	0	0	2	0	17.00
16	M040300	Cherthala Municipality	0	1	3	0	29.00
17	M040400	Kayamkulam Muncipality	0	1	3	0	29.00
18	M040500	Alappuzha Muncipality	0	4	12	0	116.00
19	M040600	Haripad Municipality	1	0	2	4	21.50
20	M050100	Pala Municipality	0	0	2	0	17.00
21	M050200	Vaikom Municipality	0	0	2	0	17.00
22	M050300	Changanacherry Muncipality	0	1	3	0	29.00
23	M050400	Kottayam Municipality	1	2	6	11	64.25
24	M050500	Ettumanoor Municipality	1	0	2	8	22.50
25	M050600	Erattupetta Municipality	1	0	2	6	22.00
26	M060100	Thodupuzha Municipality	0	1	3	2	29.50
27	M060200	Kattappana Municipality	0	1	3	7	30.75
28	M070100	Kalamaserry Municipality	1	1	3	7	34.25
29	M070200	Kothamangalam Municipality	0	0	2	0	17.00
30	M070300	Angamaly Municipality	0	0	2	0	17.00
31	M070400	Thripunithura Municipality	3	1	3	3	40.25
32	M070500	Muvattupuzha Municipality	0	0	2	0	17.00
33	M070700	Perumbavoor Municipality	0	0	2	0	17.00
34	M070800	Aluva Municipality	0	0	2	0	17.00

Sl No	ULBCode	Name of ULB	No. of PHCs/CHCs	No. of UPHCs/ UCHCs	No. of UHWCs	No. of U-SHCs	Allocation for meeting operational expenes
35	M070900	Thrikkakara Municipality	2	1	3	6	37.50
36	M071000	Eloor Municipality	1	0	2	5	21.75
37	M071100	Maradu Municipality	2	0	2	9	26.25
38	M071200	Piravam Municipality	0	0	2	5	18.25
39	M071300	Koothattukulam Municipality	1	0	2	3	21.25
40	M080100	Guruvayoor Municipality	2	1	3	8	38.00
41	M080200	Chavakkad Municipality	0	0	2	0	17.00
42	M080300	Kodungallur Municipality	1	1	3	6	34.00
43	M080400	Chalakudy Muncipality	0	1	3	0	29.00
44	M080500	Irinjalakuda Municipality	1	0	2	3	21.25
45	M080600	Kunnamkulam Municipality	1	1	3	3	33.25
46	M080700	Wadakkancheri Municipality	1	0	2	5	21.75
47	M090100	Ottappalam Municipality	1	1	3	0	32.50
48	M090200	Shornur Muncipality	1	1	3	0	32.50
49	M090300	Chittur Municipality	0	0	2	0	17.00
50	M090400	Palakkad Municipality	1	3	9	0	90.50
51	M090500	Pattambi Municipality	0	0	2	4	18.00
52	M090600	Cherpulassery Municipality	1	0	2	6	22.00
53	M090700	Mannarkad Municipality	0	0	2	2	17.50
54	M100100	Perinthalmanna Municipality	0	1	3	6	30.50
55	M100200	Ponnani Municipality	1	2	6	6	63.00
56	M100300	Manjeri Municipality	0	2	6	4	59.00
57	M100400	Tirur Municipality	0	1	3	3	29.75
58	M100500	Malappuram Municipality	0	1	3	1	29.25
59	M100600	Nilambur Muncipality	0	1	3	1	29.25
60	M100700	Kotakkal Municipality	1	1	3	7	34.25
61	M100800	Kondotty Municipality	1	1	3	9	34.75
62	M100900	Tanur Municipality	1	1	3	11	35.25
63	M101000	Parappanagady Municipality	2	1	3	9	38.25
64	M101100	Valanchery Municipality	1	1	3	6	34.00
65	M101200	Tirurangadi Municipality	0	1	3	7	30.75
66	M110100	Vadakara Municipality	1	1	3	0	32.50
67	M110200	Koyilandy Municipality	0	1	3	0	29.00
68	M110300	Feroke Municipality	0	1	3	7	30.75
69	M110400	Payyoli Municipality	1	1	3	8	34.50
70	M110500	Ramanattukara Municipality	1	0	2	5	21.75
71	M110600	Koduvally Municipality	1	0	2	7	22.25
72	M110700	Mukkam Municipality	1	0	2	7	22.25

Sl No	ULBCode	Name of ULB	No. of PHCs/CHCs	No. of UPHCs/ UCHCs	No. of UHWCs	No. of U-SHCs	Allocation for meeting operational expenes
73	M120100	Kalpetta Municipality	0	1	3	6	30.50
74	M120200	Mananthavady Municipality	1	0	2	7	22.25
75	M120300	Sulthanbathery Municipality	1	1	3	8	34.50
76	M130100	Mattanoor Municipality	1	1	3	4	33.50
77	M130200	Thaliparamba Municipality	0	1	3	4	30.00
78	M130300	Koothuparambu Municipality	0	1	3	4	30.00
79	M130400	Payyannur Municipality	0	1	3	9	31.25
80	M130500	Thalassery Municipality	2	1	3	4	37.00
81	M130700	Anthoor Municipality	2	1	3	4	37.00
82	M130800	Iritty Municipality	0	0	2	7	18.75
83	M130900	Panoor Municipality	2	1	3	9	38.25
84	M131000	Sreekandapuram Municipality	1	0	2	5	21.75
85	M140100	Kanhangad Municipality	0	1	3	0	29.00
86	M140200	Kasaragod Municipality	0	1	3	1	29.25
87	M140300	Nileshwaram Municipality	1	1	3	8	34.50
88	C010100	Thiruvananthapuram Corporation	13	15	44	67	488.75
89	C020100	Kollam Corporation	5	3	9	37	113.75
90	C070100	Ernakulam Corporation	1	13	38	0	372.00
91	C080100	Thrissur Corporation	6	3	9	28	115.00
92	C110100	Kozhikode Corporation	4	8	24	23	251.75
93	C130100	Kannur Corporation	5	1	3	26	53.00
		Total	**85**	**104**	**380**	**512**	**4019.50**

Annex-2

Health Grant as per the Fifteenth Finance Commission Award (2022-23)

Allocation to Municipalities and Corporations for Health and Welness Activities under Scheme 6

(Rs. Lakh)

Sl. No.	LG Code	Municipality/ Corporation	Allocation for field level Health & Welness Activities	Allocation for Welness Facilitation Centres
1	M010100	Varkala	6.01	
2	M010200	Attingal	5.81	
3	M010300	Nedumangad	7.52	
4	M010400	Neyyattinkara	8.32	
5	M020100	Karunagappally	6.73	
6	M020200	Paravoor	5.80	
7	M020300	Punalur	6.51	
8	M020400	Kottarakkara	5.26	
9	M030100	Adoor	5.19	
10	M030200	Thiruvalla	6.97	
11	M030300	Pathanamthitta	5.82	
12	M030400	Pandalam	6.13	
13	M040100	Chengannur	4.76	
14	M040200	Mavelikkara	4.99	
15	M040300	Cherthala	6.44	
16	M040400	Kayamkulam	8.16	
17	M040500	Alappuzha	16.09	
18	M040600	Harippad	5.27	
19	M050100	Pala	4.66	
20	M050200	Vaikkom	4.75	
21	M050300	Changanassery	6.58	
22	M050400	Kottayam	13.39	
23	M050500	Ettumanoor	6.44	
24	M050600	Erattupetta	5.23	
25	M060100	Thodupuzha	6.91	
26	M060200	Kattappana	6.20	
27	M070100	Kalamassery	8.34	
28	M070200	Kothamangalam	5.92	
29	M070300	Angamaly	5.51	
30	M070400	Thrippunithura	9.95	

Sl. No.	LG Code	Municipality/ Corporation	Allocation for field level Health & Welness Activities	Allocation for Welness Facilitation Centres
31	M070500	Muvattupuzha	5.28	
32	M070600	North Paravur	5.37	
33	M070700	Perumbavoor	5.11	
34	M070800	Aluva	4.69	
35	M070900	Thrikkakkara	8.81	
36	M071000	Elloor	5.76	
37	M071100	Marad	6.36	
38	M071200	Piravam	5.05	
39	M071300	Koothattukulam	4.30	
40	M080100	Guruvayur	8.26	
41	M080200	Chavakkad	5.94	
42	M080300	Kodungallur	8.35	
43	M080400	Chalakkudy	6.72	
44	M080500	Irinjalakkuda	7.70	
45	M080600	Kunnamkulam	7.06	
46	M080700	Vadakkamchery	7.61	
47	M090100	Ottappalam	7.04	
48	M090200	Shornur	6.27	
49	M090300	Chittoor Thathamangalam	5.43	
50	M090400	Palakkad	12.84	
51	M090500	Pattambi	5.15	
52	M090600	Cherplassery	5.88	
53	M090700	Mannarkkadu	5.36	
54	M100100	Perinthalmanna	6.74	
55	M100200	Ponnani	9.80	
56	M100300	Manjeri	10.30	
57	M100400	Thirur	7.21	
58	M100500	Malappuram	8.12	
59	M100600	Nilambur	6.48	
60	M100700	Kottakkal	6.33	
61	M100800	Kondotty	7.45	
62	M100900	Thanur	8.25	
63	M101000	Parappanangadi	8.33	
64	M101100	Valancherry	6.03	

Sl. No.	LG Code	Municipality/ Corporation	Allocation for field level Health & Welness Activities	Allocation for Welness Facilitation Centres
65	M101200	Thirurangadi	7.26	
66	M110100	Vadakara	8.66	
67	M110200	Quilandy	8.40	
68	M110300	Feroke	7.06	
69	M110400	Payyoli	6.72	
70	M110500	Ramanattukara	5.70	
71	M110600	Koduvally	6.66	
72	M110700	Mukkom	6.06	
73	M120100	Kalpetta	5.37	
74	M120200	Mananthavady	6.60	
75	M120300	Sulthan Bathery	6.41	
76	M130100	Mattannur	6.54	
77	M130200	Thaliparamba	5.62	
78	M130300	Koothuparamba	5.23	
79	M130400	Payyannur	8.42	
80	M130500	Thalassery	9.95	
81	M130700	Anthur	5.83	
82	M130800	Iritty	6.03	
83	M130900	Panoor	7.34	
84	M131000	Sreekandapuram	5.52	
85	M140100	Kanhhangad	8.51	
86	M140200	Kasaragode	7.07	
87	M140300	Nileshwararam	6.02	
1	C010100	Thiruvananthapuram	75.60	25.00
2	C020100	Kollam	32.15	13.75
3	C070100	Kochi	48.24	18.50
4	C080100	Thrissur	26.74	13.75
5	C110100	Kozhikode	48.72	18.75
6	C130100	Kannur	20.83	13.75
			850.30	**103.50**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഹെൽത്ത് ഗ്രാന്റ് - സ്കീം 1 പ്രകാരമുള്ള ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് നാഷണൽ ഹെൽത്ത് മിഷന് കൈമാറി - നിർവ്വഹണം പൂർത്തീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ.(സാധാ) നം.295/2025/LSGD തീയതി,തിരുവനന്തപുരം, 31-01-2025

പരാമർശം:-
1. സ.ഉ.(സാധാ)നം.2132/2022/തസ്വഭവ; തീയതി 31.08.2022.
2. സ.ഉ.(സാധാ)നം. 1625/2023/തസ്വഭവ; തീയതി 09.08.2023.
3. സ.ഉ.(സാധാ) നം.1643/2024/LSGD; തീയതി 07.09.2024.

ഉത്തരവ്

പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച 2021-22 ലെ വിഹിതം വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പരാമർശം 1 പ്രകാരവും 2022-23 ലെ വിഹിതം (സ്കീം 6 ഒഴികെ) വിനിയോഗിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പരാമർശം 2 പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

2. ഇപ്രകാരം അനുവദിച്ച തുകയുടെ 50% ചെലവഴിച്ചാൽ മാത്രമേ ഹെൽത്ത് ഗ്രാന്റിന്റെ തുടർന്നുള്ള ഗഡുക്കൾ ലഭ്യമാകുകയുള്ളൂ എന്നതിനാലും, 2022-23ൽ സ്കീം 1 (കെട്ടിടങ്ങളില്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ധനസഹായം) പ്രകാരം ഫണ്ട് അനുവദിക്കപ്പെട്ടിട്ടുള്ള തദ്ദേശ സ്ഥാപനങ്ങൾ മിക്കതും നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നും, 13 പി.എച്ച്.സി.കൾക്കും, 5 സി.എച്ച്.സി.കൾക്കും കെട്ടിടനിർമ്മാണത്തിനായി മേൽ സ്കീം ആദ്യ ഗഡു ആയി അനുവദിച്ച തുക നാഷണൽ ഹെൽത്ത് മിഷൻ (എൻ.എച്ച്.എം.) ന് കൈമാറി നിർമ്മാണ പ്രവൃത്തികൾ എൻ.എച്ച്.എം. മുഖേന നടപ്പിലാക്കുന്നതിന് പരാമർശം 3 പ്രകാരവും അനുമതി നൽകിയിട്ടുണ്ട്.

3. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുകൊണ്ടുള്ള പദ്ധതികളുടെ നിർവഹണം വളരെ പതിയെയാണ് നിലവിലും പുരോഗമിക്കുന്നത് എന്ന് സർക്കാർ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ചുകൊണ്ടുള്ള കെട്ടിടമില്ലാത്ത ആരോഗ്യ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്കീം 1 പ്രകാരം, ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച ഫണ്ട് (പരാമർശം 2

ഉത്തരവിന്റെ അനക്സർ 1 പ്രകാരം അനുവദിച്ചത്), നാഷണൽ ഹെൽത്ത് മിഷന് കൈമാറി നിർവഹണം ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് ചുവടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- ആരോഗ്യ ഉപകേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങൾ ടെൻഡർ ക്ഷണിച്ച വർക്ക് അനുവദിച്ച കഴിഞ്ഞിട്ടുണ്ടെങ്കിൽ, ആ പ്രോജക്ടിന്റെ നിർവ്വഹണം തുടർന്നും ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനത്തിന് തന്നെ തുടരാവുന്നതാണ്.
- മേൽ പ്രവൃത്തികൾക്കായി ടെൻഡർ ക്ഷണിക്കുന്നതിനുള്ള നടപടികൾ പോലും സ്വീകരിച്ചിട്ടില്ലാത്ത തദ്ദേശ സ്ഥാപനങ്ങൾ, കെട്ടിടനിർമ്മാണത്തിനായുള്ള ഫണ്ട് നാഷണൽ ഹെൽത്ത് മിഷന് കൈമാറേണ്ടതാണ്.
- ടെൻഡർ ക്ഷണിക്കുകയും എന്നാൽ (Letter of Acceptance (LOA) നൽകിയിട്ടില്ലാത്തതുമായ കേസുകളിൽ സമയപരിധി നിശ്ചയിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം പ്രവൃത്തി അനുവദിക്കുന്ന നടപടി പൂർത്തിയായില്ലെങ്കിൽ തുക NHM-ന് കൈമാറി നിർവഹണം പൂർത്തിയാക്കേണ്ടതാണ്.

4. മേൽ നിർദ്ദേശ പ്രകാരം തദ്ദേശ ഭരണ സ്ഥാപനം തന്നെ ആരോഗ്യ ഉപകേന്ദ്രങ്ങളുടെ കെട്ടിടനിർമ്മാണ പ്രവൃത്തി ഏറ്റെടുക്കുന്ന സാഹചര്യങ്ങളിൽ, യഥാസമയം നടപടിക്രമങ്ങൾ പൂർത്തിയാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നുണ്ടെന്നും കാലതാമസം കൂടാതെ തുക വിനിയോഗിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ കൃത്യമായും ആയത് മോണിറ്റർ ചെയ്യേണ്ടതാണ്.

5. പരാമർശം 3 ഉത്തരവ് നിലനിൽക്കുന്നതാണ്. കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും സാമൂഹികാരോഗ്യ കേന്ദ്രങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് പരാമർശം 2 പ്രകാരം അനുവദിച്ച തുക (അനക്സർ 2 & 3) വിനിയോഗിക്കുന്നതിന് പരാമർശം 3 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ, ആരോഗ്യ വകുപ്പ്
9. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ

10. ഡയറക്ടർ-റൂറൽ
11. ഡയറക്ടർ -അറബൻ
12. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
18. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

സി) മെയ്ന്റനൻസ് ഗ്രാന്റ്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ സർക്കാർ അംഗീകരിച്ച ശിപാർശ 30(x) - റോഡിതര സംരക്ഷണ ഫണ്ട് ചെലവഴിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്

സ.ഉ.(കൈ) നം.116/2022/LSGD തീയതി,തിരുവനന്തപുരം, 01-06-2022

പരാമർശം:-
1. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ഒന്നാമത് റിപ്പോർട്ട്
2. 08/01/2021 ലെ ജി.ഒ(പി) നം. 6/2021/ഫിൻ. നമ്പർ ഉത്തരവ്
3. എംപവർഡ് കമ്മിറ്റിയുടെ 17.09.2021 ലെ യോഗതീരുമാനം.

ഉത്തരവ്

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ പരാമർശം (1) റിപ്പോർട്ട് പരാമർശം (2) ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചിരുന്നു. ടി റിപ്പോർട്ടിലെ ശിപാർശ 30(x) പ്രകാരം, റോഡിതര സംരക്ഷണ ഫണ്ട് വകമാറ്റാൻ പാടില്ല എന്ന വ്യവസ്ഥയിൽ റോഡിതര സംരക്ഷണ ഫണ്ട് ഉപയോഗിക്കാൻ കഴിയുന്ന ഏതെങ്കിലും ഇനത്തിനായി റോഡ് സംരക്ഷണ ഫണ്ട് ചെലവഴിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി

ഡയറക്ടർ,എൽ.എസ്.ജി.ഡി (റൂറൽ)

ഡയറക്ടർ,എൽ.എസ്.ജി.ഡി (അർബൻ)

അക്കൗണ്ടന്റ് ജനറൽ (എ&ഇ /എൽ ബി എ & എ) കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ് ഡയറക്ടർ, തിരുവനന്തപുരം

റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/കൊച്ചി/കോഴിക്കോട്

ധനകാര്യ വകുപ്പ്

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്

GOVERNMENT OF KERALA

Abstract

Local Self Government Department - 6th State Finance Commission Recommendation - Negative list with regard to the use of non-road Maintenance Funds - orders issued.

LOCAL SELF GOVERNMENT (FM) DEPARTMENT

G.O.(Ms)No.118/2022/LSGD Dated,Thiruvananthapuram, 04-06-2022

Read

1 First report of the Sixth State Finance Commission

2 G.O (Ms) No. 6/2021/Fin Dated 08.01.2021

3 Minutes of the first meeting of Empowered Committee held on 17.09.2021

ORDER

Government have accepted the first report of 6th State Finance Commission as per the G.O read as second paper above. Based on the 27th recommendation of the 6th Finance Commission, the following are included in the negative list regarding the utilisation of non-road Maintenance Funds-

(1) Air-conditioning of offices.

(2) Expenditures in the own offices of Village Panchayats, Municipalities and Municipal Corporations.

(3) Maintenance of assets related to solid and liquid waste management.

(4) Maintenance of shopping complexes, bus stands, bus bay, etc.

(5) Maintenance of water supply schemes run by the Local Governments.

(6) Maintenance of street lights.

(By order of the Governor)
SARADA MURALEEDHARAN I A S
ADDITIONAL CHIEF SECRETARY

The Principal Director, LSGD

The Director, LSGD (Rural), Thiruvananthapuram.

The Director, LSGD (Urban), Thiruvananthapuram.

All Panchayats (through the Director, LSGD (Rural)).

All Municipalities/corporations (through the Director, LSGD (Urban).

All Block Panchayats(through the Principal Director, LSGD).

The Principal Accountant General (A&E), Kerala, Thiruvananthapuram.

The Accountant General (Audit II), Kerala, Thiruvananthapuram.

The Director of Treasuries, Thiruvananthapuram.

The Executive Director, IKM, Thiruvananthapuram.

The Finance SFC (A) Department. (SFC-A3/82/202 1-FIN-Part(1) (E1997625))

Stock File/Office Copy.

Forwarded /By order

Section Officer

Copy to: PS to Hon'ble Minister, LSGD

PA to Additional Chief Secretary, LSGD

GOVERNMENT OF KERALA

Abstract

LSGD-Monitoring of the preparation and implementation of the Maintenance Plan by the Local Governments - Involvement of officers, including Head of Departments - Instructions - Orders Issued.

Local Self Government(DB)Department

G.O.(Rt)No.2845/2022/LSGD Dated,Thiruvananthapuram, 18-11-2022

Read: Supplement to the First report of the 6th State Finance Commission

ORDER

In submitting the Supplement to the First Report of the 6th State Finance Commission, the Commission recommended important points that needed to be acted upon immediately, since they were organically related to the discussions and themes covered in the First Report.

2. As recommended by the Commission in para 5.14, Government are pleased to direct a ll the officers, including the HODs, of the Departments from which assets have been transferred to Local Governments, to be formally involved in the monitoring of the preparation and implementation of the Maintenance Plan by the Local Governments. A software should be modified to ensure automatic upward movement of the Maintenance Plan to the departmental officers.

(By order of the Governor)
ANIL KUMAR G
ADDITIONAL SECRETARY

The Principal Director, LSGD.

Director of Panchayaths, Thiruvananthapuram

Director of Urban Affairs, Thiruvananthapuram

Commissioner for Rural Development, Thiruvananthapuram

Director, Agriculture Department

Director, Animal Husbandry Department

Director, Dairy Development Department
Director, Sarva Siksha Kerala, Thiruvananthapuram
Director, General Education Department
Director, Higher Secondary Education Department
Director, Technical Education Department
Director, Fisheries Department
Director, Health Department
Director, Homeopathy Department
Director, Ayurveda Department
Director, Social Welfare Department
Director, Scheduled Caste Development Department
Director, Scheduled Tribe Development Department
Director, Industries Department
Director, Co - operation Department
Accountant General (A & E/Audit), Kerala, Thiruvananthapuram
Executive Director, IKM, Thiruvananthapuram
Information officer, Web and New media (Wing), I&PRD, Thiruvananthapuram
Office copy/Stock File

Forwarded /By order

Section Officer

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

കുടിവെള്ളടാപ്പുകളുടെ വെള്ള ചാർജ്ജ് ഒടുക്കുന്നതിനു മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാനുള്ള അനുമതി റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം.799/2023/LSGD തീയതി,തിരുവനന്തപുരം, **01-04-2023**

പരാമർശം:-	1.	30.05.2009 ലെ സ ഉ (സാധാ)1275/2009/തസ്വഭവ
	2.	06.06.2022 - ലെ സ ഉ(കൈ)119/2022/തസ്വഭവ ഉത്തരവ്
	3.	കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 23.12.2022-ലെ SC1-5546/22 നമ്പർ കത്ത്
	4	08.03.2023-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.59

ഉത്തരവ്

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ചുകൊണ്ട് കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനായി 2022-23 വാർഷിക പദ്ധതിയിൽ പ്രൊജക്ട് ഉൾപ്പെടുത്തിയിരുന്നു (പ്രോജക്ട് നമ്പർ 163/23, കുടിവെള്ളക്കരം ഒടുക്കൽ, അടങ്കൽ 8,00,000/- രൂപ). ഇതിനായി മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാവുന്നതല്ല എന്നതിനാൽ പദ്ധതിക്ക് അനുമതി നിരസിക്കപ്പെട്ടു .ഈ സാഹചര്യത്തിൽ പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 2.5-ൽ പൊതുടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നതിന് തനതുഫണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ്, നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാൻ അനുമതിയുണ്ട് എന്നത് ചൂണ്ടിക്കാണിച്ചു ഈ പ്രോജക്ടിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

2. കേരള വാട്ടർ അതോറിറ്റി, KSEB എന്നിവയ്ക്ക് നൽകാനുള്ള തുക ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ തനതുവരുമാനം പൊതു ആവശ്യ ഗ്രാന്റ് എന്നിവയിൽ നിന്നും നൽകേണ്ട ആദ്യ ഇനം ആക്കേണ്ടതാണ് എന്നും ഈ തുക അടയ്ക്കുന്നതിൽ അകാരണമായി വരുന്ന കാലതാമസത്തിനുള്ള പിഴ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയാണ് എന്നും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ അഭ്യർത്ഥന

നിരസിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 2.5 പ്രകാരം പൊതു കുടിവെള്ളടാപ്പുകളുടെ വെള്ള ചാർജ്ജ് അടയ്ക്കാൻ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാനുള്ള അനുമതി റദ്ദ് ചെയ്യാനും വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി പരാമർശം (4) പ്രകാരം തീരുമാനിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിച്ചുകൊണ്ട് കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നതിനായി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന പ്രോജക്ടിന് അനുമതി നൽകണമെന്ന പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (3) -ലെ അപേക്ഷ കോ - ഓർഡിനേഷൻ സമിതിയുടെ പരാമർശം (4) തീരുമാനപ്രകാരം പരാമർശം (2) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി നിരസിക്കുന്നു. പൊതു കുടിവെള്ളടാപ്പുകളുടെ വെള്ള ചാർജ്ജ് ഒടുക്കുന്നതിനു മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഉപയോഗിക്കാനുള്ള പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 2.5 പ്രകാരമുള്ള അനുമതി റദ്ദ് ചെയ്ത്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രസിഡന്റ് / സെക്രട്ടറി, കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ(അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ഡയറക്ടർ (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപറേഷനുകൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-
തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് — ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ സപ്ലിമെന്ററി റിപ്പോർട്ടിന്മേലുള്ള നടപടി - മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(കൈ) നം.90/2023/LSGD തീയതി,തിരുവനന്തപുരം, 09-04-2023

പരാമർശം:-
1. സ.ഉ.(എം.എസ്) നം.330/2004/തസ്വഭവ; തീയതി 09.12.2004
2. സ.ഉ.(എം.എസ്) നം.118/2022/തസ്വഭവ; തീയതി 04.06.2022
3. ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ സപ്ലിമെന്ററി റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ടിലെ ഇനം 10, 12

ഉത്തരവ്

രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചതു പ്രകാരം 2004-05 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് അനുവദിച്ചുവരുന്നു. നോൺ റോഡ് മെയിന്റനൻസ് ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായാണ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിനുള്ള മാർഗരേഖ പരാമർശം 1 പ്രകാരം പുറപ്പെടുവിക്കുകയും അതിന് തുടർച്ചയായി കാലാകാലങ്ങളിൽ പല ഉത്തരവുകളും സർക്കുലറുകളും മുഖേന അധിക മാർഗനിർദ്ദേശങ്ങളും വിശദീകരണങ്ങളും നൽകുകയും ചെയ്തിട്ടുണ്ട്. മെയിന്റനൻസ് ഫണ്ടിന്റെ മുൻകാലങ്ങളിലെ വിനിയോഗം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ വിലയിരുത്തുകയുണ്ടായി. കഴിഞ്ഞ 18 വർഷത്തെ അനുഭവ പാഠങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള മാർഗനിർദ്ദേശങ്ങൾ സമഗ്രമായി പരിഷ്കരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

2. ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ മേൽപ്പറഞ്ഞ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിനുള്ള മാർഗരേഖ ,ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ളത് പ്രകാരം 01.04.2023 മുതൽ പ്രാബല്യം നൽകി, പരിഷ്കരിച്ച് ഉത്തരവാകുന്നു. മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിന് 2004-05 മുതൽ വിവിധ സർക്കാർ ഉത്തരവുകളും സർക്കുലറുകളും മുഖേന നൽകിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്ക് പകരമുള്ളതാണ് പരിഷ്കരിച്ച മാർഗരേഖ എന്നും സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, (റൂറൽ), തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, (അർബൻ), തദ്ദേശസ്വയംഭരണ വകുപ്പ് ,
എല്ലാ വകുപ്പ് ഡയറക്ടർമാർക്കും
ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
ഡയറക്ടർ ജനറൽ, കില
ധനകാര്യ (എസ്.എഫ്.സി-എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sheeba Beegom.a.m
Date: 11-04-2023 16:25:24
സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽസെക്രട്ടറിയുടെ പി.എയ്ക്ക്

അനുബന്ധം

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിനുള്ള പരിഷ്കരിച്ച മാർഗരേഖ

1. ആമുഖം

1.1 രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചത് പ്രകാരം 2004 –05 മുതലാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് അനുവദിച്ചു വരുന്നത്. തുടക്കത്തിൽ സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ (SOTR) 5.5 ശതമാനം തുകയാണ് മെയിന്റനൻസ് ഫണ്ടായി അനുവദിച്ചിരുന്നത്. എന്നാൽ ഇത് അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2018–19 മുതൽ 6.0 ശതമാനമായും ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2021–22 മുതൽ 6.5 ശതമാനമായും വർദ്ധിപ്പിച്ചു.

1.2 രണ്ട് വിഭാഗങ്ങളിലായാണ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത് – (i) നോൺ റോഡ് മെയിന്റനൻസ് ഫണ്ട് (ii) റോഡ് മെയിന്റനൻസ് ഫണ്ട്. സംസ്ഥാനത്ത് നടപ്പാക്കിയ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെയും ആസ്തികളുടെയും മെയിന്റനൻസിനുള്ളതാണ് നോൺറോഡ് മെയിന്റനൻസ് ഫണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സംരക്ഷണത്തിലുള്ള റോഡുകളുടെ പരിപാലനത്തിനായാണ് റോഡ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്.

1.3 2021–22 മുതൽ സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 6.5 ശതമാനം തുകയാണ് മെയിന്റനൻസ് ഫണ്ട് ആയി അനുവദിക്കുന്നത് (നോൺ റോഡ് മെയിന്റനൻസ് ഫണ്ട് – 4.0 ശതമാനം, റോഡ് മെയിന്റനൻസ് ഫണ്ട് – 2.5 ശതമാനം). സംസ്ഥാന ബജറ്റിൽ രണ്ട് വിഭാഗങ്ങളിലായി വകയിരുത്തുന്ന തുക ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത മാനദണ്ഡങ്ങൾ പ്രകാരം വിവിധ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി വിഭജിച്ചു നൽകുന്നു. ആസ്തികളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി ഫണ്ട് വിഭജിച്ച് നൽകുന്ന സമ്പ്രദായം 2023–24 മുതൽ നടപ്പാക്കുകയും ചെയ്തു.

1.4 മെയിന്റനൻസ് ഫണ്ടിന്റെ മുൻകാലങ്ങളിലെ വിനിയോഗം ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ പ്രധാന പ്രശ്നങ്ങൾ കമ്മീഷന്റെ ഒന്നാമത്തെ റിപ്പോർട്ടിന്റെ സപ്ലിമെന്റിൽ നൽകിയിട്ടുണ്ട്. അനുവദനീയമല്ലാത്ത ഇനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നു, അനിവാര്യമായും ഏറ്റെടുക്കേണ്ട ഇനങ്ങൾ അവഗണിക്കപ്പെടുന്നു, താരതമ്യേന മുൻഗണന കുറഞ്ഞ ഇനങ്ങൾക്ക് പ്രാധാന്യം നൽകുന്നു, ജില്ലാ പഞ്ചായത്തുകൾ തങ്ങൾക്ക് സംരക്ഷണ ചുമതലയില്ലാത്ത റോഡുകളുടെ അറ്റകുറ്റപ്പണി നിർവഹിക്കുന്നു തുടങ്ങിയവയാണ് കമ്മീഷന്റെ പ്രധാന കണ്ടെത്തലുകൾ. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലൂടെ നൽകുന്ന സേവനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിന് ഈ സ്ഥാപനങ്ങളുടെ ശരിയായ പരിപാലനവും ആസ്തികളുടെ യഥാസമയത്തെ അറ്റകുറ്റപ്പണിയും ഉറപ്പാക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായതിനാൽ അതിന് പര്യാപ്തമാകുന്ന തരത്തിൽ മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിനുള്ള മാർഗരേഖ സമഗ്രമായി പരിഷ്കരിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്.

1.5 കമ്മീഷന്റെ ശുപാർശകളും ആസ്തികളെ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കി മെയിന്റനൻസ് ഫണ്ട് വിഭജിച്ചു നൽകുന്ന സമ്പ്രദായം 2023–24 മുതൽ നടപ്പാക്കിയിട്ടുണ്ട് എന്നതും പരിഗണിച്ച് നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെയും റോഡ്

മെയിന്റനൻസ് ഫണ്ടിന്റെയും വിനിയോഗത്തിനുള്ള മാർഗരേഖ സമഗ്രമായി പരിഷ്കരിച്ച് ചുവടെ നൽകുന്നു.

2. നോൺ റോഡ് മെയിന്റനൻസ് ഫണ്ട്

2.1 ജില്ലാ തലത്തിലും അതിന് താഴെയുമുള്ള ഏറ്റവും പ്രധാനപ്പെട്ട പൊതു സേവന വിതരണ സ്ഥാപനങ്ങൾ (service delivery institutions) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടു എന്നത് കേരളത്തിൽ നടപ്പാക്കിയ വികേന്ദ്രീകരണത്തിന്റെ പ്രധാന സവിശേഷതകളിൽ ഒന്നാണ്. ആശുപത്രികൾ, സ്കൂളുകൾ, ഹോസ്റ്റലുകൾ, അങ്കണവാടികൾ, ക്ഷേമ സ്ഥാപനങ്ങൾ, മൃഗാശുപത്രികൾ, കൃഷിഭവനുകൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. ഇവയിൽ കൂടുതലും, സമൂഹത്തിന്റ അടിത്തട്ടിലുള്ളവർ ആശ്രയിക്കുന്ന സ്ഥാപനങ്ങളാണ്. ഇവയുടെ ശരിയായ പരിപാലനവും യഥാസമയത്തെ അറ്റകുറ്റപ്പണിയും ഉറപ്പാക്കി സേവന വിതരണത്തിലെ ഗുണമേന്മ ഗണ്യമായി മെച്ചപ്പെടുത്തുക എന്ന ഉത്തരവാദിത്തം തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്.

2.2 അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ സ്ഥാപനങ്ങളുടെ പരിപാലനത്തിനും കൈമാറിയ ആസ്തികളുടെ മെയിന്റനൻസിനുമായാണ് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. ഈ സ്ഥാപനങ്ങളും ആസ്തികളും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് മുൻപ് ഇവയുടെ സംരക്ഷണ ചുമതല ഉണ്ടായിരുന്ന വകുപ്പുകളുടെ ബജറ്റ് ശീർഷകത്തിൽ വകയിരുത്തി ബന്ധപ്പെട്ട വകുപ്പുകൾക്ക് അനുവദിച്ചിരുന്ന വിഹിതങ്ങൾ സംയോജിപ്പിച്ചാണ് 2004-05 മുതൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. അതു കൊണ്ടുതന്നെ ഈ സ്ഥാപനങ്ങളുടെ പരിപാലനത്തിനും ആസ്തികളുടെ മെയിന്റനൻസിനും ആയാണ് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കണം. നോൺറോഡ് മെയിന്റനൻസ് ഫണ്ട് മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല. എന്നാൽ ഈ മാർഗരേഖയുടെ ഖണ്ഡിക 2.6 പ്രകാരം അനുവദിച്ചിട്ടുള്ള തനതു ആസ്തികളുടെ മാത്രം മെയിന്റനസിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാ വുന്നതാണ്.

2.3 നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അനിവാര്യ ഇനങ്ങൾ, മുൻഗണനാ ഇനങ്ങൾ, അഭിലഷണീയമായ ഇനങ്ങൾ എന്നിങ്ങനെ മൂന്നു ഇനങ്ങളിലായാണ് മാർഗനിർദേശങ്ങൾ നൽകിയിട്ടുള്ളത്. നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിൽ ഈ മുൻഗണനാക്രമം പാലിക്കേണ്ടതാണ്. ആദ്യം, അനിവാര്യ ഇനങ്ങളിൽ ചെലവ് വേണ്ടി വരുന്ന കാര്യങ്ങൾക്കുള്ള തുക നിർബന്ധമായും മാറ്റിവെയ്ക്കണം. അതിനു ശേഷം മാത്രം മുൻഗണനാ ഇനങ്ങളും അഭിലഷണീയമായ ഇനങ്ങളും ഏറ്റെടുക്കാവുന്നതാണ്.

2.3.1 അനിവാര്യ ഇനങ്ങൾ (mandatory items) – കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ

(1) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളുടെയും കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, ടെലഫോൺ ചാർജ്, ഇന്റർനെറ്റ് ചാർജ് (സ്കൂൾ കമ്പ്യൂട്ടർ ലാബുകളിലെ ഇന്റർനെറ്റ് ചാർജ് ഉൾപ്പെടെ).

(2) കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന എല്ലാ കെട്ടിടങ്ങളുടെയും (തദ്ദേശഭരണ സ്ഥാപനങ്ങൾ നിർമ്മിച്ച കെട്ടിടങ്ങൾ ഉൾപ്പെടെ) അറ്റകുറ്റപ്പണി –

ഇലക്ട്രിക് സംവിധാനങ്ങളുടെയും കുടിവെള്ള സംവിധാനങ്ങളുടെയും അറ്റകുറ്റപ്പണി ഉൾപ്പെടെ.

(3) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളിലെയും ഫർണിച്ചറുകളുടെയും ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ.

(4) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളിലെയും കംപ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും ലബോറട്ടറി ഉപകരണങ്ങളുടെയും ആശുപത്രി ഉപകരണങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണി കരാറിനുള്ള ചാർജ്.

(5) ആശുപത്രികൾ, സ്കൂളുകൾ, ഹോസ്റ്റലുകൾ, അങ്കണവാടികൾ, സാമൂഹ്യനീതി വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പാത്രങ്ങൾ, കണ്ടെയ്നറുകൾ, അടുപ്പ് എന്നിവ വാങ്ങൽ.

(6) കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് എൽ.പി.ജി. ഉൾപ്പെടെയുള്ള ഇന്ധനം ലഭ്യമാക്കൽ.

(7) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ ഖര-ദ്രവ മാലിന്യ പരിപാലനം, ശൗചാലയങ്ങളുടെ ശരിയായ പരിപാലനം, മഴവെള്ള സംഭരണികളുടെ അറ്റകുറ്റപ്പണികൾ, അപകടകരമായ മാലിന്യങ്ങൾ കൈയ്യൊഴിയൽ എന്നിവ.

(8) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെ മെയിന്റനൻസ്, ഇന്ധന ചെലവ് ഉൾപ്പെടെയുള്ള ആവർത്തന ചെലവുകൾ [അദ്ധ്യാപക - രക്ഷാകർതൃ സമിതികളും, ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റികളും വാങ്ങിയതും വിവിധ വകുപ്പുകളോ സ്ഥാപനങ്ങളോ വ്യക്തികളോ വിവിധ സ്കീമുകൾ പ്രകാരമോ വാങ്ങി സംരക്ഷണ ചുമതല ഈ സമിതികളെ ഏൽപ്പിച്ചിട്ടുള്ളതും ആയ വാഹനങ്ങളുടെ ഇത്തരം ചെലവുകൾ ബന്ധപ്പെട്ട സമിതികൾ (PTA/HMC) തന്നെ വിഹിക്കേണ്ടതാണ്].

(9) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങൾക്കും കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ് മുതലായവയ്ക്കുള്ള ചെലവുകൾ - ആശുപത്രികൾക്കും മൃഗാശുപത്രികൾക്കും ആശുപത്രികളിലെയും സ്കൂളുകളിലെയും ലബോറട്ടറികൾക്കും ആവശ്യമായ കൺസ്യൂമബൾസ് ഉൾപ്പെടെ.

2.3.2 മുൻഗണനാ ഇനങ്ങൾ (priority items) - കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ

(1) മൃഗാശുപത്രികൾ ഉൾപ്പെടെയുള്ള എല്ലാ ആശുപത്രികൾക്കും വകുപ്പുകൾ മുഖേന ലഭ്യമാക്കുന്ന മരുന്നുകൾ മതിയാകാതെ വരുകയാണെങ്കിൽ അധികമായി വേണ്ട മരുന്നുകൾ വാങ്ങൽ. (ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാ മേധാവിയുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം മരുന്നുകൾ വാങ്ങേണ്ടതാണ്.)

(2) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളിലും പുരപ്പുറ മഴവെള്ളക്കൊയ്ത്ത് സംവിധാനങ്ങൾ ഏർപ്പെടുത്തൽ.

(3) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളിലെയും മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ.

(4) അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്‌ലറ്റുകളുടെ നിർമ്മാണം.

(5) ആശുപത്രികൾക്കും ഹോസ്റ്റലുകൾക്കും സാമൂഹ്യനീതി വകുപ്പിൽ നിന്നും കൈമാറിയ ക്ഷേമ സ്ഥാപനങ്ങൾക്കും കോട്ടുകൾ, കിടക്കകൾ, തുവാലകൾ, ബെഡ് ഷീറ്റുകൾ, വാർഡ്രോബുകൾ തുടങ്ങിയവ വാങ്ങൽ

2.3.3 അഭിലഷണീയമായ ഇനങ്ങൾ (desirable items) – കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ

(1) മൃഗാശുപത്രികൾക്ക് ഉൾപ്പടെ എല്ലാ ആശുപത്രികൾക്കും പുതിയ ഉപകരണങ്ങൾ വാങ്ങൽ

(2) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങൾക്കും ഫർണിച്ചറുകൾ വാങ്ങൽ.

(3) സ്കൂളുകൾക്കും അങ്കണവാടികൾക്കും ആവശ്യമായ പഠന സഹായികൾ വാങ്ങൽ

(4) അങ്കണവാടികൾക്ക് പാവകളും കളിപ്പാട്ടങ്ങളും വാങ്ങൽ

(5) സ്കൂളുകളിലെ ലൈബ്രറികളും സ്പോർട്സ് സംവിധാനങ്ങളും ശക്തിപ്പെടുത്തൽ (പുതിയ കെട്ടിട നിർമ്മാണത്തിന് നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ല)

(6) സ്കൂളുകളിലും അങ്കണവാടികളിലും ഹോസ്റ്റലുകളിലും അടുക്കളകൾ, സ്റ്റോറേജ് റൂം മുതലായ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

(7) കൈമാറിക്കിട്ടിയ എല്ലാ സ്ഥാപനങ്ങളും ഭിന്നശേഷി, ശിശു, വയോജന, ജെൻഡർ സൗഹൃദമാക്കി മാറ്റൽ

(8) കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ചുറ്റുമതിൽ (compound wall), ഗേറ്റുകൾ എന്നിവയുടെ നിർമ്മാണം.

(9) സ്കൂളുകളിലെ ലബോറട്ടറികൾക്ക് ഉപകരണങ്ങൾ വാങ്ങൽ, സ്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബുകൾ ഉൾപ്പെടെ വിവിധ ലബോറട്ടറികൾ സ്ഥാപിക്കൽ/സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (പുതിയ കെട്ടിട നിർമ്മാണത്തിന് നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ല).

(10) ലബോറട്ടറികൾക്ക് ആവശ്യമായ ഉപകരണങ്ങൾ, ചാർട്ടുകൾ, മാപ്പുകൾ, മാതൃകകൾ (models), ഉപഭോഗവസ്തുക്കൾ എന്നിവ വാങ്ങൽ.

(11) സ്കൂളുകളിലും അങ്കണവാടികളിലും സംഗീതം, ചിത്രരചന, പെയിന്റിംഗ് തുടങ്ങിയവയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങൽ.

(12) സ്കൂളുകൾ, ഹോസ്റ്റലുകൾ, സാമൂഹ്യനീതി വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ ക്ഷേമ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ലൈബ്രറികൾക്ക് പുസ്തകങ്ങൾ വാങ്ങൽ

(13) സ്കൂളുകൾ, ഹോസ്റ്റലുകൾ, സാമൂഹ്യനീതി വകുപ്പിൽ നിന്നും കൈമാറികിട്ടിയ ക്ഷേമ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗെയിമുകൾക്കും സ്പോർട്സിനുമുള്ള സാമഗ്രികൾ വാങ്ങൽ.

(14) സ്കൂളുകളിലും അങ്കണവാടികളിലും ചുവരുകളിൽ ചിത്രങ്ങൾ (പെയിന്റിംഗ്സ്) വരക്കൽ.

(15) ആശുപത്രികളിൽ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ലാബറട്ടറികൾ സ്ഥാപിക്കൽ, മോർച്ചറി സൗകര്യം മെച്ചപ്പെടുത്തൽ (പുതിയ കെട്ടിട നിർമ്മാണത്തിന് നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ല).

2.4 അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഖണ്ഡിക 2.3 പ്രകാരമുള്ള മെയിന്റനൻസ് ആവശ്യങ്ങൾക്ക് മാത്രമേ ഓരോ തദ്ദേശഭരണ സ്ഥാപനവും നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടുള്ളൂ.

2.5 സർക്കാരിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നും സ്ഥാപനങ്ങൾക്ക് ലഭിക്കാനിടയുള്ള തുക കഴിച്ച് ബാക്കിയുള്ളത് മാത്രം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനം കണ്ടെത്തേണ്ടതാണ്. ഇപ്രകാരം ലഭിക്കാനിടയുള്ള തുക എത്രയെന്ന് സ്ഥാപന മേധാവികൾ തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കണം. അതുപോലെ വിവിധ പ്രോജക്ടുകളുടെയും വകുപ്പുകൾ നടപ്പാക്കുന്ന സ്കീമുകളുടെയും ഭാഗമായി സ്ഥാപനങ്ങൾക്ക് ലഭ്യമാകാൻ സാധ്യതയുള്ള ഉപകരണങ്ങളും സാമഗ്രികളും ലൈബ്രറി പുസ്തകങ്ങളും (ഉദാ: സമഗ്ര ശിക്ഷാ കേരള പ്രോജക്ടിന്റെ ഭാഗമായി സ്കൂളുകൾക്ക് ലഭ്യമാകാൻ സാധ്യതയുള്ള ഉപകരണങ്ങളും സാമഗ്രികളും, സ്റ്റേഷനറി വകുപ്പിൽ നിന്നും ലഭിക്കാനിടയുള്ള സ്റ്റേഷനറി സാമഗ്രികൾ തുടങ്ങിയവ) ഒഴിവാക്കി വേണം സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ നിർണയിക്കേണ്ടത്

2.6 തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് സ്ഥാപനങ്ങളും തനത് ആസ്തികളും

(1) തനത് സ്ഥാപനങ്ങളുടെയും തനത് ആസ്തികളുടെയും ആവശ്യങ്ങൾക്കായി നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ല. എന്നാൽ ചുവടെ വിവരിക്കുന്ന ആവശ്യങ്ങൾക്ക് നോൺറോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുന്നതിന് പ്രത്യേക ഇളവ് അനുവദിക്കുന്നു.

(i) കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഖണ്ഡിക 2.3 പ്രകാരം അനുവദനീയമായ ചെലവുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ലൈബ്രറികൾ, ബാലവാടികൾ, ശിശുമന്ദിരങ്ങൾ, നഴ്സറികൾ, ബഡ്സ് സ്കൂളുകൾ, ബഡ്സ് റീഹാബിലിറ്റേഷൻ കേന്ദ്രങ്ങൾ, വയോജന പരിപാലന കേന്ദ്രങ്ങൾ എന്നിവയുടെ കാര്യത്തിലും, ഖണ്ഡിക 2.3-ലെ അതേ മുൻഗണനാ ക്രമത്തിൽ വഹിക്കുന്നതിന് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

(ii) ബഡ്സ് സ്കൂളുകൾക്കും ബഡ്സ് റിഹാബിലിറ്റേഷൻ കേന്ദ്രങ്ങൾക്കും ഫർണിച്ചർ, പഠനോപകരണങ്ങൾ, കളിയുപകരണങ്ങൾ, ചികിത്സാ ഉപകരണങ്ങൾ, മരുന്നുകൾ എന്നിവ വാങ്ങുന്നതിനും ഇവിടങ്ങളിൽ വർക്ക് ഷെഡുകൾ സ്ഥാപിക്കുന്നതിനും നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. എന്നാൽ പുതിയ കെട്ടിട നിർമ്മാണത്തിനും സ്ഥിര നിർമ്മിതികൾക്കും നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടില്ല.

(iii) ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ ഓഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി

(2) ഖണ്ഡിക 2.6(1) പ്രകാരം ഇളവ് നൽകിയിട്ടുള്ള ഇനങ്ങൾ ഒഴികെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള മറ്റ് തനത് ആസ്തികളുടെയോ തനത് സ്ഥാപനങ്ങളുടെയോ ഒരാവശ്യത്തിനും നോൺറോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കാൻ പാടുള്ളതല്ല.

2.7 ചുവടെ പ്രതിപാദിക്കുന്ന ആവശ്യങ്ങൾക്ക് നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുവാൻ പാടുള്ളതല്ല (Negative List).

(1) ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള ഫാമുകളുടെ മെയിന്റനൻസ് (ഫാമുകളിൽ നിന്നുള്ള വരുമാനത്തിൽ നിന്നുതന്നെ അവ നിർവ്വഹിക്കേണ്ടതാണ്).

(2) ഓഫീസുകളുടെ എയർ കണ്ടീഷനിംഗ്

(3) ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സ്വന്തം ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി.

(4) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേതല്ലാത്ത ഖര-ദ്രവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ആസ്തികളുടെ മെയിന്റനൻസ്

(5) ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്റ്റാൻഡുകൾ, ബസ് ബേ മുതലായവയുടെ അറ്റകുറ്റപ്പണികൾ

(6) തദ്ദേശഭരണ സ്ഥാപനങ്ങൾ പരിപാലിക്കുന്ന ജലവിതരണ സ്കീമുകളുടെ പരിപാലന (O&M) ചെലവുകൾ

(7) തെരുവ് വിളക്കുകളുടെ പരിപാലനം.

(8) ജലവിതരണ സ്കീമുകളിലെ പൊതുടാപ്പുകളുടെ വെള്ളക്കരം

(9) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേത് ഒഴികെയുള്ള കെട്ടിടങ്ങളുടെ വാടക [ഖണ്ഡിക 2.6(1)(i) ൽ പ്രതിപാദിക്കുന്ന സ്ഥാപനങ്ങളുടെ വാടക അനുവദിക്കാവുന്നതാണ്].

(10) നിലവിലുള്ള കെട്ടിടങ്ങളിൽ പുതിയ നിലകളുടെ നിർമ്മാണം

(11) കമാനങ്ങളുടെ നിർമ്മാണം

(12) സ്ഥാപനങ്ങളുടെ മോടിപിടിപ്പിക്കൽ, cladding പ്രവൃത്തികൾ, വലിയ ചെലവ് വരുന്നതും ആധുനിക രീതിയിലുള്ളതുമായ നെയിം ബോർഡുകൾ സ്ഥാപിക്കൽ

3. റോഡ് മെയിന്റനൻസ് ഫണ്ട്

3.1 ഗ്രാമ പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും നഗര ഭരണ സ്ഥാപനങ്ങൾക്കുമാണ് റോഡുകളുടെ സംരക്ഷണ ചുമതലയുള്ളത്. അതുകൊണ്ട് ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കുമാണ് റോഡ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്.

3.2 റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിന് ചുവടെ വിവരിക്കുന്ന മാർഗനിർദേശങ്ങൾ പാലിക്കേണ്ടതാണ്.

(1) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ പരിപാലനത്തിനായാണ് മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നത്. റോഡുകളുടെ പരിപാലനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട വിവിധ തരം റോഡുകൾ [ടാർ റോഡ്, കോൺക്രീറ്റ് റോഡ്, മെറ്റൽ റോഡ്, ഇന്റർലോക്ക് ചെയ്ത റോഡുകൾ, മൺറോഡ് തുടങ്ങിയവ] ഗതാഗതയോഗ്യമാക്കി സംരക്ഷിക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ നിർവഹിക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി കുഴികൾ നികത്തൽ, തകർന്നുപോയ ഭാഗം പൂർവ്വ സ്ഥിതിയിലാക്കൽ, ജലനിർഗമനത്തിന് വേണ്ട സൗകര്യം ഇല്ലാത്തതുകാരണം വെള്ളം കെട്ടിക്കിടന്ന് റോഡ് നശിക്കാൻ സാധ്യതയുള്ളയിടങ്ങളിൽ വെള്ളം ഒഴുകി പോകുന്നതിനുള്ള സ്ഥിരം സൗകര്യം ഏർപ്പെടുത്തൽ, ആവശ്യമായ സ്ഥലങ്ങളിൽ ഓടകൾ നിർമ്മിക്കൽ, നിലവിലുള്ള ഓടകളിലെയും കലുങ്കുകളിലെയും മണ്ണ് നീക്കം ചെയ്യൽ, വശങ്ങൾ ഇടിഞ്ഞുപോകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ ഭിത്തികെട്ടി സംരക്ഷിക്കൽ, കലുങ്കുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾ, പൊളിഞ്ഞ കലുങ്ക് മാറ്റി

പുതിയത് നിർമ്മിക്കൽ, സോളിംഗ് നശിച്ച റോഡുകളിൽ റീസോളിംഗ് ചെയ്യൽ എന്നീ പ്രവൃത്തികൾ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കാവുന്നതാണ്.

(2) മഴവെള്ളം ഒഴുകി പോകുന്നതിനുള്ള സൗകര്യം ഇല്ലാത്ത ഭാഗങ്ങളിൽ മാത്രം നിലവിലുള്ള പൊളിഞ്ഞ ടാറിംഗ് പ്രതലം scarify ചെയ്ത് പ്രതലം ഉറപ്പിച്ചശേഷം ഇന്റർലോക്ക്/ കോൺക്രീറ്റ് ചെയ്യുന്ന പ്രവൃത്തി റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാവുന്നതാണ്.

(3) നിലവിലുള്ള ടാർ റോഡുകൾ, കോൺക്രീറ്റ് റോഡുകൾ, മെറ്റൽ റോഡുകൾ തുടങ്ങിയവ സംരക്ഷിക്കുന്നതിന് ആവശ്യമായ വിഹിതം നീക്കിവെച്ചതിനുശേഷം തുക ബാക്കിയുണ്ടെങ്കിൽ മാത്രമേ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട മൺറോഡുകളുടെ സംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കാൻ പാടുള്ളൂ. അത്തരം സന്ദർഭങ്ങളിൽ ഏറ്റവും ബുദ്ധിമുട്ടുള്ള ഭാഗങ്ങളിൽ മാത്രം അത്യാവശ്യ പ്രവൃത്തികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കുകയാണ് വേണ്ടത്.

(4) പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന (PMGSY) പ്രകാരം സംസ്ഥാനത്ത് നിർമ്മിക്കപ്പെട്ടിട്ടുള്ള റോഡുകളുടെ സംരക്ഷണ ചുമതല ജില്ലാപഞ്ചായത്തുകൾക്കാണ്. പ്രസ്തുത പരിപാടിയിലെ ആദ്യരണ്ട് ഘട്ടങ്ങളിലായി (PMGSY – I, PMGSY – II) പൂർത്തിയാക്കിയ റോഡുകളിൽ അഞ്ച് വർഷത്തെ ഗ്യാരന്റി കാലാവധി കഴിഞ്ഞ റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ജില്ലാ പഞ്ചായത്തുകൾക്ക് നിർവ്വഹിക്കാവുന്നതാണ്.

(5) സർക്കാർ നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷനുകളോടുകൂടിയ മൈൽ സ്റ്റോണുകളും ദിശാ ബോർഡുകളും സ്ഥാപിക്കൽ, റോഡ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ എന്നിവയ്ക്ക് റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(6) റോഡ് മെയിന്റൻസ് ഫണ്ട് പുതിയ റോഡുകളുടെ നിർമ്മാണത്തിനായി വിനിയോഗിക്കാൻ പാടില്ല. അതുപോലെ റോഡുകളുടെ ഘടനയിൽ മാറ്റം വരുത്തുന്ന രീതിയിലുള്ള [ഉദാ: മൺറോഡ് മെറ്റൽ റോഡോ ടാർ റോഡോ കോൺക്രീറ്റ് റോഡോ ആക്കി മാറ്റുക, നിലവിലുള്ള റോഡുകൾ ബി.എം.ബി.സി (BM&BC) നിലവാരത്തിലേക്ക് ഉയർത്തുക തുടങ്ങിയ] പ്രവൃത്തികൾക്കും റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാൻ പാടില്ല. ഇത്തരം പ്രവൃത്തികൾ അനുവദനീയമായ മറ്റ് ഫണ്ടുകൾ (പൊതു വിഭാഗം സാധാരണ വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, തനത് ഫണ്ട്) ഉപയോഗിച്ച് നിർവഹിക്കാവുന്നതാണ്.

(7) റോഡുകളുടെ ഘടനയിൽ മാറ്റം വരുത്തുന്നത് അനുവദനീയമല്ലെങ്കിലും പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിക്കുന്നതിനു മുൻപ് (അതായത് 01.04.2022-ന് മുൻപ്) നിർമ്മിച്ച മെറ്റൽ റോഡുകൾ ടാർ റോഡുകളാക്കി മാറ്റുന്നതിന് മാത്രം റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(8) അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളിൽ മാത്രമേ ഈ മാർഗരേഖ പ്രകാരമുള്ള പ്രവൃത്തികൾ റോഡ് മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നിർവഹിക്കാൻ പാടുള്ളൂ.

4. മെയിന്റൻസ് പ്ലാൻ തയ്യാറാക്കൽ

4.1 തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള റോഡുകളുടെയും കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയും ഖണ്ഡിക 2.6 പ്രകാരം നോൺറോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ള തനത് സ്ഥാപനങ്ങളുടെയും മെയിന്റനൻസ്

ഫണ്ട് ഒഴികെയുള്ള മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് മെയിന്റനൻസ് നിർവഹിക്കേണ്ട സ്വന്തം ആസ്തികളുടെയും പരിപാലനത്തിനായി ഒരു ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ഓരോ വർഷവും തയ്യാറാക്കേണ്ടതും അത് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതുമാണ്.

4.2 മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാർഗരേഖ പരിഷ്കരിക്കുന്നതിനൊപ്പം മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങളും പരിഷ്കരിക്കണമെന്ന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. 2023-24 ലേയ്ക്കുള്ള മെയിന്റനൻസ് ആവശ്യങ്ങൾ ക്രോഡീകരിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇതിനോടകം ഏറെക്കുറെ പൂർത്തിയായ സാഹചര്യത്തിൽ പുതുക്കി നിശ്ചയിക്കുന്ന നടപടിക്രമങ്ങൾ 2024-25 വാർഷിക പദ്ധതി മുതൽ ബാധകമായിരിക്കും.

4.3 മെയിന്റനൻസ് പ്ലാനിന്റെ ഭാഗമാക്കുന്ന പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയുടെ ഭാഗമാക്കി, അതിനു ബാധകമായ നടപടിക്രങ്ങൾ പാലിച്ച് നിർവഹണം നടത്തേണ്ടതാണ്.

5. ആകസ്മികമായ മെയിന്റനൻസ് പ്രവർത്തികളുടെ നിർവ്വഹണം.

5.1 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്, ആവശ്യമെങ്കിൽ, മെയിന്റനൻസ് ഫണ്ടിൽ നിന്നും അടിയന്തര മെയിന്റനൻസ് ആവശ്യങ്ങൾക്കായി പ്രത്യേകം തുക മാറ്റിവയ്ക്കാവുന്നതാണ്. ഇപ്രകാരം മാറ്റി വയ്ക്കുന്ന തുക, മുൻകൂട്ടി കാണാൻ കഴിയാത്തതും ആകസ്മികമായി ഉണ്ടാകുന്നതുമായ അടിയന്തര മെയിന്റനൻസ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. നോൺ റോഡ് മെയിന്റനൻസ് ഫണ്ട്, റോഡ് മെയിന്റനൻസ് ഫണ്ട് എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും ബജറ്റ് വിഹിതത്തിന്റെ അഞ്ച് ശതമാനം വരെയുള്ള തുക, ചുവടെ പറയുന്ന പരിധിക്ക് വിധേയമായി അടിയന്തര സ്വഭാവമുള്ള മെയിന്റനൻസ് പ്രോജക്ടുകൾക്കായി മാറ്റിവയ്ക്കാം.

(i) നോൺ റോഡ് മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്തുകൾക്ക് 50 ലക്ഷം രൂപയും മുനിസിപാലിറ്റികൾക്ക് 25 ലക്ഷം രൂപയും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 40 ലക്ഷം രൂപയും ആയിരിക്കും പരിധി. അഞ്ച് ശതമാനം തുക കണക്കാക്കുമ്പോൾ ഒരു ലക്ഷം രൂപയിൽ കുറവ് വരുന്ന ഗ്രാമ/ബ്ലോക്ക്പഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വരെ മാറ്റിവയ്ക്കാം.

(ii) റോഡ് മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾക്ക് 10 ലക്ഷം രൂപയും, ജില്ലാ പഞ്ചായത്തുകൾക്ക് 25 ലക്ഷം രൂപയും മുനിസിപാലിറ്റികൾക്ക് 25 ലക്ഷം രൂപയും മുനിസിപ്പൽ കോർപ്പറേഷനുകൾക്ക് 50 ലക്ഷം രൂപയും ആയിരിക്കും പരിധി. അഞ്ച് ശതമാനം തുക ഒരു ലക്ഷം രൂപയിൽ കുറവ് വരുന്ന ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ലക്ഷം രൂപ വരെ മാറ്റിവയ്ക്കാം.

5.2 മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള തുക മെയിന്റനൻസ് ഫണ്ടിൽ നിന്നും പ്രത്യേകം മാറ്റിവയ്ക്കുന്നതിനും അവയുടെ വിനിയോഗത്തിനും താഴെ പറയുന്ന നടപടിക്രമങ്ങൾ ബാധകമായിരിക്കും.

(i) വാർഷിക പദ്ധതി രൂപീകരണ സമയത്ത് 'അടിയന്തര സ്വഭാവമുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള വിഹിതം (നോൺ റോഡ്)', 'അടിയന്തര സ്വഭാവമുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നതിനുള്ള വിഹിതം (റോഡ്)' എന്നിങ്ങനെ രണ്ട് പ്രോജക്ടുകളിലായി അനുവദനീയമായ തുക മാറ്റിവയ്ക്കാവുന്നതാണ്.

(ii) അടിയന്തര സ്വഭാവത്തിൽ ഒരു പ്രോജക്ട് ഏറ്റെടുക്കേണ്ടി വരുന്ന സന്ദർഭത്തിൽ അതിനുള്ള വിഹിതം മാറ്റിവയ്ക്കപ്പെട്ട വിഹിതത്തിൽ നിന്നും കണ്ടെത്താവുന്നതും ഭരണ സമിതി തീരുമാന പ്രകാരം സുലേഖ സോഫ്റ്റ്‌വെയറിൽ അതിനുള്ള പ്രോജക്ട് തയ്യാറാക്കി വെറ്റിംഗ് ഓഫീസറുടെ അംഗീകാരത്തോടുകൂടി നിർവ്വഹണം നടത്താവുന്നതുമാണ്.

(iii) സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ട് ആണെങ്കിൽ പ്രൈസ് സോഫ്റ്റ് വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങണം.

(iv) മെയിന്റനൻസ് ഫണ്ടിന്റെ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രോജക്ടുകൾക്ക് മാത്രമേ മാറ്റിവെയ്ക്കപ്പെട്ട തുക വിനിയോഗിക്കുന്നുള്ളൂവെന്ന് സെക്രട്ടറി ഉറപ്പാക്കണം.

(v) ജില്ലാ ആസൂത്രണ സമിതിയുടെ മുൻകൂർ അനുമതി ഇത്തരം പ്രോജക്ടുകൾക്ക് ആവശ്യമില്ല. എന്നാൽ ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ജില്ലാ ആസൂത്രണ സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണം.

5.3 ജനുവരി 31-ന് ശേഷം വാർഷിക പദ്ധതിയിൽ ഭേദഗതി അനുവദിക്കുന്നത് വരെ, മാറ്റിവയ്ക്കപ്പെട്ട വിഹിതത്തിൽ നിന്നുള്ള തുക വകയിരുത്തി അടിയന്തിര പ്രോജക്ടുകൾ രൂപീകരിച്ച് നിർവഹണം നടത്താവുന്നതാണ്. വിഹിതം ബാക്കിയുണ്ടെങ്കിൽ ജനുവരി 31-ന് ശേഷമുള്ള വാർഷിക പദ്ധതി ഭേദഗതിക്കൊപ്പം ബാക്കി തുക വിനിയോഗിക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിച്ച് വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ടതും നിർവ്വഹണം നടത്തേണ്ടതുമാണ്.

6. പൊതുനിർദേശങ്ങൾ

6.1 ഈ മാർഗരേഖ പ്രകാരം അനുവദനീയമായ ഇനങ്ങൾക്ക് മാത്രമേ മെയിന്റനൻസ് ഫണ്ട് നീക്കി വെയ്ക്കുന്നുള്ളൂ എന്ന് സെക്രട്ടറിയും ജില്ലാ ആസൂത്രണ കമ്മിറ്റിയും വെറ്റിംഗ് ഓഫീസർമാരും ഉറപ്പാക്കേണ്ടതാണ്.

6.2 ഈ മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ പ്രോജക്ടുകൾക്ക് മാത്രമേ തുക വിനിയോഗിക്കുന്നുള്ളൂവെന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരും ഉറപ്പാക്കേണ്ടതാണ്.

6.3 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഖണ്ഡിക 2.3 പ്രകാരം അനുവദനീയമായ മെയിന്റനൻസ് ആവശ്യങ്ങൾക്ക് ലഭ്യമായ നോൺ റോഡ് മെയിന്റനൻസ് ഫണ്ട് തികയാതെ വരുകയാണെങ്കിൽ റോഡ് മെയിന്റനൻസ് ഫണ്ട് ചെലവഴിക്കാവുന്നതാണ്. എന്നാൽ നോൺ റോഡ് മെയിന്റനന്സ് ഫണ്ട് അതിനായി അനുവദിച്ചിട്ടുള്ള ഇനങ്ങൾക്കായല്ലാതെ വകമാറ്റുവാൻ പാടുള്ളതല്ല.

6.4 മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി ഏറ്റെടുക്കുന്ന എല്ലാ അറ്റകുറ്റപ്പണികൾക്കും അതതു കാലങ്ങളിൽ സർക്കാർ നിഷ്കർഷിക്കുന്ന Defect Liability Period നിർബന്ധമാക്കേണ്ടതാണ്.

പ്രസ്തുത കാലാവധി കഴിഞ്ഞശേഷം മാത്രമേ തുടർന്ന് വീണ്ടും അതേ അറ്റകുറ്റപണികൾ ഏറ്റെടുക്കാൻ പാടുള്ളൂ.

6.5 തദ്ദേശഭരണ സ്ഥാപനങ്ങൾ മെയിന്റനൻസ് ഫണ്ടിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് വകയിരുത്തുന്ന തുകയുടെ വിനിയോഗം ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ വകുപ്പുമേധാവികളും ജില്ലാതല ഉദ്യോഗസ്ഥരും അവലോകനം ചെയ്യേണ്ടതാണ്. ജില്ലാ തല സ്ഥാപനങ്ങളുടെ കാര്യത്തിൽ വകുപ്പുമേധാവി തന്നെ അവലോകനം ചെയ്യണം. മറ്റ് സ്ഥാപനങ്ങളുടെ കാര്യത്തിൽ ജില്ലാതല ഉദ്യോഗസ്ഥർ വിളിച്ചു ചേർക്കുന്ന പ്രതിമാസ ജില്ലാതല അവലോകന യോഗങ്ങളിൽ ഇക്കാര്യം പ്രത്യേകമായി അവലോകനം ചെയ്യേണ്ടതാണ്. ഇപ്രകാരം അവലോകനം ചെയ്യുന്നതിന് പര്യാപ്തമാകുന്ന തരത്തിലുള്ള റിപ്പോർട്ടുകൾ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതാണ്.

–

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മെയിന്റനൻസ് ഫണ്ട് വിനിയോഗിക്കുന്നതിനുള്ള പരിഷ്കരിച്ച മാർഗരേഖ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്

സ.ഉ.(കൈ) നം.98/2023/LSGD തീയതി,തിരുവനന്തപുരം, 24-04-2023

പരാമർശം:- സ.ഉ.(എം.എസ്) നം.90/2023/എൽ.എസ്.ജി.ഡി ; തീയതി 09-04-2023

ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുന്ന മെയിന്റനൻസ് ഫണ്ട് സംബന്ധിച്ച് നിലവിലുള്ള എല്ലാ ഉത്തരവുകളും, സർക്കുലറുകളും ഏകോപിപ്പിച്ച് ആറാം ധനകാര്യ കമ്മിഷന്റെ സപ്ലിമെന്ററി റിപ്പോർട്ടിന്മേലുള്ള നടപടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച പരാമർശത്തിലെ ഉത്തരവിനോടൊപ്പമുള്ള അനുബന്ധത്തിലെ ഖണ്ഡിക 1.3 ൽ "നോൺ റോഡ് മെയിന്റനൻസ് ഫണ്ട് 4.0 ശതമാനം, റോഡ് മെയിന്റനൻസ് ഫണ്ട് 2.5 ശതമാനം" എന്നതിനു പകരം **" നോൺ റോഡ് മെയിന്റനൻസ് ഫണ്ട് 2.5 ശതമാനം ,റോഡ് മെയിന്റനൻസ് ഫണ്ട് 4.0 ശതമാനം"** എന്ന് തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2.പരാമർശിത ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം)
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, റൂറൽ
തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ, അർബൻ
എല്ലാ വകുപ്പ് ഡയറക്ടർമാർക്കും
ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

ചീഫ് ടൗൺ പ്ലാനർ

ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്

എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും

എല്ലാ ജില്ലാകളക്ടർമാർക്കും

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും

എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)

എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

ഡയറക്ടർ ജനറൽ, കില

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ധനകാര്യ (എസ്.എഫ്.സി സെൽ -എ) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശസ്വയംഭരണവകുപ്പ്മന്ത്രിയുടെ പ്രൈവറ്റ്സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണവകുപ്പ്പ്രിൻസിപ്പൽസെക്രട്ടറിയുടെ പി.എയ്ക്ക്

3) സദ്ഭരണം

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള ISO അംഗീകാരം - കൺസൾട്ടൻസി സഹായം നൽകുന്നതിന് കിലയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇ എം) വകുപ്പ്

സ.ഉ.(സാധാ) നം.2176/2022/LSGD തീയതി,തിരുവനന്തപുരം, 03-09-2022

പരാമർശം:- 1. സ.ഉ. (സാധാ.) നമ്പർ. 308/2018/ത.സ്വ.ഭ.വ. തീയതി 02/02/2018.

2. പഞ്ചായത്ത് ഡയറക്ടറുടെ PAN/13639/2021-RGSA1 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ISO സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള കൺസൾട്ടൻസിയായി KILA (Kerala Institute of Local Administration)-യെ അംഗീകരിക്കുകയും ISO സെർറ്റിഫിക്കേഷനുവേണ്ടി കൺസൾട്ടൻസി ചാർജ് ഇനത്തിൽ 2,36,55,500/-രൂപ കിലയ്ക്കായി പരാമർശം (1) പ്രകാരം സർക്കാർ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു

2) ISO certification നിലനിർത്തുന്നതിനായി നിലവിലെ certification അവസാനിക്കുന്ന മുറയ്ക്ക് പുതിയ അംഗീകാരം ലഭിക്കുന്നതിനാവശ്യമായ കൺസൾട്ടൻസി സർവീസ് നല്കാൻ KILA സന്നദ്ധമാണെന്നും, ഇതിനായി ഒരു ഗ്രാമപഞ്ചായത്തിന് ഫീസിനത്തിൽ 38,000/- രൂപ യായി നിശ്ചയിച്ചിരുന്നത് 30,000/- രൂപയായി കുറയ്ക്കാൻ കില തയ്യാറായാകുകയും ചെയ്തതിട്ടുള്ളതായും പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും അവയുടെ ഘടക സ്ഥാപനങ്ങൾക്കും ISO അംഗീകാരം നേടുന്നതിനുള്ള കൺസൾട്ടൻസി സർവീസ് നൽകുന്നതിനുള്ള ഏജൻസിയായി കിലയെ ചുമതലപ്പെടുത്തുവാൻ പഞ്ചായത്ത് ഡയറക്ടർ അപേക്ഷിച്ചിരുന്നു

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ (RGSA) പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾക്ക് ISO Certification നൽകുന്ന പ്രവർത്തനങ്ങൾ വളരെ മാതൃകാപരമായി കില നിറവേറ്റിയിട്ടുള്ളത് കണക്കിലെടുത്ത്, നിലവിൽ ബാധകമായിട്ടുള്ള ISO 9001 : 2015 സർട്ടിഫിക്കേഷൻ സ്റ്റാന്റേർഡുകളിൽ ഉണ്ടാകുന്ന കാലികമായ മാറ്റങ്ങളിലും കൺസൾട്ടേഷൻ നൽകേണ്ടതാണ് എന്ന വ്യവസ്ഥയിൽ, സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അവയുടെ ഘടക സ്ഥാപനങ്ങളുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള അനുബന്ധ സ്ഥാപനങ്ങളുടെയും ISO അംഗീകാരം നേടുന്നതിനും അത് നിലനിർത്തുന്നതിനുമുള്ള കൺസൾട്ടൻസി സേവനം നൽകുന്നതിനായി കിലയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

4) മാത്രവുമല്ല, സംസ്ഥാനത്തിന്റെ തനതായ ക്വാളിറ്റി മാനേജ്മെന്റ് സംവിധാനം രൂപപ്പെടുത്തുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി കില ഊർജ്ജിതമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രഞ്ജൻ രാജ് ആർ പി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം.
ഡയറക്ടർ ജനറൽ, കില, തൃശ്ശൂർ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.)
സ്റ്റോക്ക് ഫയൽ [LSGD-EM1/45/2022-LSGD].

ഉത്തരവിൻ പ്രകാരം
Signed by M.k.pradeesh Kumar
Date: 03-09-2022 11:20:41
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - 'ഒപ്പമുണ്ട് ഉറപ്പാണ്' - എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസിനോട് ചേർന്ന് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.279/2022/LSGD തീയതി,തിരുവനന്തപുരം, 31-12-2022

പരാമർശം:-
1. സ.ഉ.(കൈ) നം. 123/2009/തസ്വഭവ; തീയതി 02.07.2009
2. സ.ഉ.(കൈ) നം. 57/2014/തസ്വഭവ തീയതി 19.03.2014
3. പഞ്ചായത്ത് ഡയറക്ടറുടെ 03.12.2022ലെ PAN/13493/2022-J8(DP) നമ്പർ കത്ത്

ഉത്തരവ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് നിലവിൽ വന്നതോടെ സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രദേശിക സർക്കാരുകൾ എന്ന തലത്തിലേക്ക് ഉയർന്നിട്ടുണ്ട്. വിവിധ ആവശ്യങ്ങൾക്കായി ഗ്രാമപഞ്ചായത്തുകളിൽ എത്തിചേരുന്ന ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിലേക്കായി ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പൊതുജനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട അപേക്ഷകൾ തയ്യാറാക്കുന്നതിനും, സേവനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിനും കുടുംബശ്രീ മുഖേന ഹെൽപ് ഡെസ്ക് ആരംഭിക്കുന്നതിന് പരാമർശം (2) പ്രകാരവും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

2. ഗ്രാമപഞ്ചായത്തുകൾ നൽകിവരുന്ന സേവനങ്ങൾക്ക് പുറമെ വിവിധ വകുപ്പുകൾ / ഏജൻസികളിൽ നിന്നും ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ച് അറിയുന്നതിന് പൊതുജനങ്ങൾ ഗ്രാമപഞ്ചായത്തുകളെ സമീപിക്കാറുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാ സേവന/വിവരങ്ങളും നേടിയെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശവും, സഹായവും ഗ്രാമപഞ്ചായത്തുകളിൽ എത്തിചേരുന്ന പൊതുജനങ്ങൾക്ക് നൽകുന്നതിലേക്കായി എല്ലാ ഗ്രാമ പഞ്ചായത്തുകളിലും സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കേണ്ടതാണ്. വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭിക്കേണ്ട എല്ലാ സേവന / വിവരങ്ങളും, ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണെങ്കിലും അല്ലെങ്കിലും, ഗ്രാമപഞ്ചായത്ത് കാര്യാലയങ്ങളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അവ ലഭ്യമാക്കാൻ കൃത്യവും വ്യക്തവുമായ മാർഗ്ഗനിർദ്ദേശങ്ങളും, സഹായവും നൽകുന്നതിന് ഓരോ ഗ്രാമ പഞ്ചായത്തിലും ഫ്രണ്ട് ഓഫീസിനോട് ചേർന്നു സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള ചുവടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

1. വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ലഭിക്കേണ്ട എല്ലാ സേവന / വിവരങ്ങളും, ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതാണെങ്കിലും അല്ലെങ്കിലും ഗ്രാമപഞ്ചായത്ത് ഓഫീസുകളെ സമീപിക്കുന്ന പൊതുജനങ്ങൾക്ക് അവ നേടിയെടുക്കാൻ കൃത്യവും വ്യക്തവുമായ മാർഗ്ഗനിർദ്ദേശങ്ങളുൾപ്പടെ സഹായം നൽകുന്നതിന് സിറ്റിസൺ ഫെലിസിറ്റേഷൻ സെന്റർ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 2023 ജനുവരി 10നു മുമ്പായി ആരംഭിക്കേണ്ടതാണ്.
2. കുടുംബശ്രീ ഹെൽപ്പ് ഡെസ്ക് ഉള്ള ഗ്രാമപഞ്ചായത്തുകളിൽ ആ സംവിധാനത്തെ ഉപയോഗിക്കാവുന്നതും, കുടുംബശ്രീ ഹെൽപ് ഡെസ്ക് ആരംഭിച്ചിട്ടില്ലാത്ത ഗ്രാമ പഞ്ചായത്തുകളിൽ ആയത് ആരംഭിക്കുന്നതു വരെ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റിനെ ഉപയോഗിച്ച് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കാവുന്നതുമാണ്. ടെക്നിക്കൽ അസിസ്റ്റന്റ് ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനത്തിനായി ദിവസവേതനാടിസ്ഥാനത്തിൽ MSW യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്.
3. മുഴുവൻ സമയവും ടി സെന്ററിൽ പ്രവർത്തനത്തിനായി ആവശ്യാനുസരണം വോളണ്ടിയർമാരെ കൂടി ഉപയോഗപ്പെടുത്താവുന്നതാണ്. സംരംഭക സഹായ പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിച്ചിരിക്കുന്ന ഇന്റേണുകളെയും ഫെസിലിറ്റേഷൻ സെന്ററിൽ നിയോഗിക്കാവുന്നതാണ്.
4. ഫെസിലിറ്റേഷൻ സെന്ററിൽ നിയോഗിക്കുന്നവർക്ക് കേന്ദ്ര / സംസ്ഥാന സർക്കാരുകൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ മുഖേന നൽകുന്ന എല്ലാ സേവനങ്ങൾ സംബന്ധിച്ചും അറിവ് ഉണ്ടായിരിക്കേണ്ടതാണ്. ഇതിനായി എല്ലാ വകുപ്പുകളും/ ഏജൻസികളും പൊതുജനങ്ങൾ അറിയേണ്ട വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുമ്പോഴും സേവനങ്ങൾ സംബന്ധിച്ച വിവരങ്ങളും അപ്പപ്പോൾ എല്ലാ ഫെസിലിറ്റേഷൻ സെന്ററുകളിലേക്കും ഇ-മെയിൽ വഴി അയച്ചു നൽകേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് ആസ്ഥാനത്ത് സംസ്ഥാന തലത്തിൽ ഒരു മോണിട്ടറിംഗ് യൂണിറ്റ് ഇതിന്റെ മേൽനോട്ടം വഹിക്കേണ്ടതാണ്.
5. കേന്ദ്ര / സംസ്ഥാന സർക്കാരുകൾ, വിവിധ വകുപ്പുകൾ, ഏജൻസികൾ മുഖേന നൽകുന്ന സേവനങ്ങൾ സംബന്ധിച്ചുള്ള കൈപുസ്തകം ഫെസിലിറ്റേഷൻ സെന്ററിൽ സൂക്ഷിക്കേണ്ടതാണ്.
6. ഫെസിലിറ്റേഷൻ സെന്റർ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളും ഡോക്യുമെന്റേഷനും കില നിർവ്വഹിക്കേണ്ടതാണ്. ഇതിനാവശ്യമായ കൈപുസ്തകങ്ങൾ, കുറിപ്പുകൾ, തുടങ്ങിയവ കില തയ്യാറാക്കി നൽകേണ്ടതാണ്.
7. ഫെസിലിറ്റേഷൻ സെന്ററിൽ നിയോഗിക്കപ്പെടുന്നവർ ഫെസിലിറ്റേഷൻ സെന്ററിൽ പ്രവർത്തിക്കുന്ന സമയത്ത് "ഒപ്പമുണ്ട് ഉറപ്പാണ് " ടാഗ് ലൈൻ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ലോഗോ എന്നിവ രേഖപ്പെടുത്തിയ നീല നിറത്തിലുള്ള ജാക്കറ്റ് ധരിക്കേണ്ടതാണ്. ഇത്തരത്തിൽ രേഖപ്പെടുത്തൽ വരുത്തിയ ഒരു ജോഡി ജാക്കറ്റിനുള്ള തുക ഗ്രാമപഞ്ചായത്തിൽ നിന്നും നൽകാവുന്നതാണ്.
8. സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ തിരിച്ചറിയുന്ന തരത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ബോർഡ് സ്ഥാപിക്കേണ്ടതാണ്. ബോർഡിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ലോഗോ, "ഒപ്പമുണ്ട് ഉറപ്പാണ്" ടാഗ് ലൈൻ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
9. ഗ്രാമപഞ്ചായത്ത് ഫെസിലിറ്റേഷൻ സെന്റർ മാതൃകയിൽ പ്രാദേശികമായ ആവശ്യകത

പരിശോധിച്ച് പശ്ചാത്തല സൗകര്യം ലഭ്യമാകുന്നമുറയ്ക്ക് ഗ്രാമപഞ്ചായത്തുകളിൽ വാർഡ് / ഗ്രാമകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് തീരുമാനം കൈകൊള്ളാവുന്നതാണ്. വാർഡുകളുടെ ഘടനയ്ക്കനുസൃതമായി ഒന്നിൽകൂടുതൽ വാർഡുകൾക്ക് ഒരു പൊതുവായ വാർഡ് /ഗ്രാമകേന്ദ്രം ആരംഭിക്കാവുന്നതാണ്.

10. ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ അടിസ്ഥാന ഘടകമായിക്കൂടി ഈ സംവിധാനത്തെ കണ്ട് ഭാവിയിൽ പൊതുജനങ്ങൾക്കുള്ള സമ്പൂർണ്ണ വിവര വിനിമയ സഹായ കേന്ദ്രമായി സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററിനെ പരിവർത്തനം ചെയ്യാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
5. ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്
6. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
7. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ചീഫ് ടൗൺ പ്ലാനർ
9. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
10. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
11. പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ
12. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ
13. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ
14. ആരോഗ്യ വകുപ്പ് ഡയറക്ടർ
15. കൃഷി വകുപ്പ് ഡയറക്ടർ
16. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ
17. പ്രസിഡന്റ്/ ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
18. എല്ലാ ജില്ലാ ആസൂത്രണ സമിതിഅദ്ധ്യക്ഷന്മാർക്കും
19. എല്ലാ ജില്ലാ കളക്ടർമാർക്കും
20. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
21. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
22. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
24. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
25. ഡയറക്ടർ ജനറൽ, കില
26. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
27. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
28. വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്

29. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. തദ്ദേശസ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ പ്രവർത്തന ഏകോപനത്തിനും പദ്ധതിയുടെ പുരോഗതി മോണിറ്റർ ചെയ്യുന്നതിനും മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ ജി) വകുപ്പ്

സ.ഉ.(സാധാ) നം.1539/2023/LSGD തീയതി,തിരുവനന്തപുരം, 27-07-2023

പരാമർശം:- 1) 2/2/2023 തീയതിയിൽ ചേർന്ന വകുപ്പ മന്ത്രിതല യോഗ തീരുമാനം .
2) 29/03/2023 തീയതിയിൽ ചേർന്ന വകുപ്പ മന്ത്രിതല യോഗ നടപടിക്കുറിപ്പ് .
3) പ്രിൻസിപ്പൽ ഡയറക്ടറുടെ 27.06.2023ലെ കത്ത്.

ഉത്തരവ്

കേരളത്തെ സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി പരാമർശം (1) പ്രകാരം ചേർന്ന യോഗത്തിൽ കേരളത്തിൽ വസിക്കുന്ന എല്ലാ വിഭാഗം ജനങ്ങൾക്കും വിവര സാങ്കേതിക വിദ്യ വിനിയോഗത്തിന്റെ സാധ്യതകളും പ്രാഥമികമായ അറിവും ലഭ്യമാക്കുന്നതിന് സംസ്ഥാനം നടത്തിയിട്ടുള്ള സമ്പൂർണ്ണസാക്ഷരതാ യജ്ഞത്തിന് സമാനമായിട്ടുള്ള മാതൃകയിൽ ഒരു ക്യാമ്പയിൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കാനും കുടുംബശ്രീ മിഷനെ ക്യാമ്പയിന്റെ നോഡൽ ഏജൻസി ആക്കാനും, സാക്ഷരതാ മിഷന്റെ ദേശീയ മാനദണ്ഡങ്ങൾക്കൊപ്പം കേരളത്തിന്റേതായ ഒരു ഇനം കൂടി ഉൾപ്പെടുത്തി വിശദമായ പദ്ധതി റിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടർ അടിയന്തരമായി സമർപ്പിക്കാനും പ്രിൻസിപ്പൽ ഡയറക്ടറുടെ നേതൃത്വത്തിൽ ഐ.കെ.എം, കില, ഐ.ടി.മിഷൻ, കുടുംബശ്രീ തുടങ്ങിയ ഏജൻസി/സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഒരു വർക്ക്ഷോപ്പ് സംഘടിപ്പിക്കാനും ചുമതലപ്പെടുത്തി തീരുമാനമെടുത്തിരുന്നു.

2) സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ കൈവരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച "ഡിജി-കേരള പദ്ധതി" നടത്തിപ്പിനുള്ള ശിപാർശ പരാമർശം (2) പ്രകാരം ചേർന്ന യോഗത്തിൽ ചർച്ച ചെയ്യുകയും ഡിജി കേരള പദ്ധതിക്കായി മോഡൽ പ്രോജക്ട് തയ്യാറാക്കാനും , ടെയിനിംഗ് നടത്താനും കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി സർവ്വേ നടത്താനും സന്നദ്ധ പ്രവർത്തകരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എൻറോൾ ചെയ്യുവാനും ആഗസ്റ്റിൽ ഫീൽഡ് തല പ്രവർത്തനം ആരംഭിക്കാനും ഒക്ടോബർ മാസം പതിനഞ്ചോടെ പദ്ധതി പൂർത്തിയാക്കി നവംബർ മാസം ഒന്നാം തീയതി സംസ്ഥാനത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി പ്രഖ്യാപിക്കാൻ സജ്ജമാക്കാനും, ഇൻഫർമേഷൻ കേരള മിഷനും കിലയും പദ്ധതിക്കുള്ള പരിശീലനത്തിന് നേതൃത്വം നൽകുവാനും പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറെ ചുമതലപ്പെടുത്തുവാനും പദ്ധതി ചെലവ് വികസന ഫണ്ടിൽ നിന്നും നിർവ്വഹിക്കേണ്ടതാണെന്നും

തീരുമാനമെടുത്തിരുന്നു.

3) രാജ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ആദ്യത്തെ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് ലക്ഷ്യമിടുന്ന "ഡിജി കേരളം" - എന്ന സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനം, ജില്ല, തദ്ദേശസ്ഥാപനം എന്നീ തലങ്ങളിൽ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ പുരോഗതി മോണിറ്റർ ചെയ്യുന്നതിനും മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കേണ്ടതാണെന്നും സമിതികളുടെ അദ്ധ്യക്ഷനായി സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയും ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും തദ്ദേശ സ്ഥാപന തലങ്ങളിൽ അതത് അദ്ധ്യക്ഷന്മാരും ആവുന്നത് ഉചിതമായിരിക്കുമെന്നും ടി സമിതികളുടെ കൺവീനർമാരായി സംസ്ഥാന തലത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ, ജില്ലാ തലത്തിൽ ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), തദ്ദേശ സ്ഥാപന തലത്തിൽ അതത് സെക്രട്ടറിമാരെയും ചുമതലപ്പെടുത്താമെന്നും പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുമുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ പ്രവർത്തനങ്ങൾ സംസ്ഥാനം, ജില്ല, തദ്ദേശസ്ഥാപനം എന്നീ തലങ്ങളിൽ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ പുരോഗതി മോണിറ്റർ ചെയ്യുന്നതിനും ചുവടെ ചേർക്കും പ്രകാരം മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് ഉത്തരവാകുന്നു.

1. സംസ്ഥാനതല മോണിറ്ററിംഗ് സമിതി

അദ്ധ്യക്ഷൻ - ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

കൺവീനർ - പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

2. ജില്ലാ തല മോണിറ്ററിംഗ് സമിതി

അദ്ധ്യക്ഷൻ - ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് & ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ

കൺവീനർ - ജോയിന്റ് ഡയറക്ടർ ,തദ്ദേശസ്വയംഭരണ വകുപ്പ്

3. തദ്ദേശസ്ഥാപനതല മോണിറ്ററിംഗ് സമിതി

അദ്ധ്യക്ഷൻ - തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ

കൺവീനർ - തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ , തിരുവനന്തപുരം
ജില്ലാ പഞ്ചായത്ത്/ ഗ്രാമ പഞ്ചായത്ത് അദ്ധ്യക്ഷന്മാർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ജോയിന്റ് ഡയറക്ടർമാർ /സെക്രട്ടറിമാർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
വിവരസാങ്കേതിക വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/19/2023/LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.തദ്ദേശ സ്വയം ഭരണ,എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി /പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ യ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി. എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം . ത. സ്വ. ഭ.വ.-ഇ ജി1/30/2023/ത. സ്വ. ഭ.വ
തദ്ദേശ സ്വയം ഭരണ (ഇ ജി)വകുപ്പ്
തിരുവനന്തപുരം,
തീയതി: 21-12-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ കെ-സ്മാർട്ട് (K-SMART) സോഫ്റ്റ്‌വെയർ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും വിന്യസിക്കുന്നത്- മാർഗനിർദേശങ്ങൾ -സംബന്ധിച്ച്

****

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കിയ കെ-സ്മാർട്ട് (K-SMART- Kerala Solution for Managing Administrative Reformation and Transformation) സോഫ്റ്റ്‌വെയർ എല്ലാനഗരസഭകളിലും വിന്യസിച്ച് നഗരസഭകളുടെ ഭരണനിർവ്വഹണം 2024 ജനുവരി 1 മുതൽ ഡിജിറ്റൈസ് ചെയ്യുകയാണ്. ആദ്യ ഘട്ടത്തിൽ സിവിൽ രജിസ്ട്രേഷൻ, കെട്ടിട നിർമ്മാണം, പ്രോപ്പർട്ടി ടാക്സ്, ധനകാര്യം, ഡിജിറ്റൽ ഫയൽ മാനേജ്മെന്റ്, പരാതി പരിഹാര സംവിധാനം, മാനവശേഷി പരിപാലന സംവിധാനം (HRMS - കോൺഫിഗറേഷൻ മൊഡ്യൂൾ), ബിസിനസ് ഫെസിലിറ്റേഷൻ (ട്രേഡ് ലൈസൻസ്) എന്നീ 8 മോഡ്യൂളുകളാണ് നഗരസഭകളിൽ വിന്യസിക്കപ്പെടുന്നത്. കൂടാതെ ഒരു മൊബൈൽ ആപ്പും (K SMART Mobile App) വിന്യസിക്കപ്പെടുകയാണ്.

കെ-സ്മാർട്ടിന്റെ കാര്യക്ഷമമായ വിന്യാസത്തിനും, നടത്തിപ്പിനുമായി നിരവധി ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ആയതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ നഗരസഭാ സെക്രട്ടറിമാരും അടിയന്തിരമായി പാലിക്കേണ്ടതും ആവശ്യമായ ക്രമീകരണങ്ങൾ നഗരസഭകളിൽ 01.01.2024 മുതൽ ഏർപ്പെടുത്തേണ്ടതുമാണ്.

1. പൊതുജനങ്ങൾ അപേക്ഷ തരുന്നതു മുതൽ നഗരസഭയിൽ നിന്ന് സേവനം നൽകുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളിലും അപേക്ഷകൻ നഗരസഭകളിൽ നേരിട്ട് എത്താതെ സേവനം നൽകുന്ന രീതിയിലാണ് K-SMART തയ്യാറാക്കിയിട്ടുള്ളത്. പൊതുജനങ്ങൾക്ക് K SMARTസിറ്റിസൺ വെബ് പോർട്ടൽ വഴി ലോഗിൻ ചെയ്ത് വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകൾ നല്കാനും അതിന്റെ അറിയിപ്പുകളും സേവനങ്ങളും സാക്ഷ്യപത്രങ്ങളും പോർട്ടലിലും SMS/WhatsApp വഴിയും ലഭിക്കാനുമാണ് സംവിധാനം ഒരുക്കിയിട്ടുള്ളത്.

നിലവിൽ അപേക്ഷകൾ കടലാസിൽ സ്വീകരിക്കുന്നതടക്കമുള്ള രീതിയിൽ നിന്നും ഡിജിറ്റൽ രീതിയിലേക്ക് ഭരണസംവിധാനം മാറുമ്പോൾ തുടക്കത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ആശയക്കുഴപ്പവും പ്രയാസവും ഒഴിവാക്കുന്നതിന് കടലാസിൽ ലഭിക്കുന്ന അപേക്ഷകൾ

ഡിജിറ്റൈസ് ചെയ്യുന്നതിനുമായി എല്ലാ കോർപ്പറേഷനുകളിലും, നഗരസഭകളിലും ആവശ്യാനുസരണം സിറ്റിസൺ ഫെസിലിറ്റേഷൻ സെൻററുകൾ 2024 ജനുവരി 1 നു മുൻപായി ആരംഭിക്കേണ്ടതുണ്ട്.

നഗരസഭകളിൽ ആരംഭിക്കേണ്ട സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററിന്റെ സുഗമമായ നടത്തിപ്പിന് കോർപ്പറേഷനുകളിൽ ചുരുങ്ങിയത് 10 ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെയും, മറ്റ് നഗരസഭകളിൽ ചുരുങ്ങിയത് മൂന്നോ നാലോ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെയും നിയോഗിക്കേണ്ടതുണ്ട്. കഴിയുന്നതും അതത് നഗരസഭാ ജീവനക്കാരെത്തന്നെ (ഓഫീസ് അറ്റൻഡർമാർ ഉൾപ്പെടെ) ഇതിനായി നിയോഗിക്കേണ്ടതാണ്. ആവശ്യത്തിന് ജീവനക്കാരില്ലെങ്കിൽ മാത്രം കുടുംബശ്രീ മുഖേനയോ, താത്കാലിക വേതന വ്യവസ്ഥയിലോ, അക്ഷയകേന്ദ്രങ്ങളുമായി സഹകരിച്ചോ ഒരു മാസത്തേക്ക് ആളുകളെ നിയമിക്കേണ്ടതാണ്. പൊതുജനങ്ങൾക്ക് സുഗമമായി അപേക്ഷ ഡിജിറ്റൈസ് ചെയ്തു തിരികെ പോകാവുന്ന രീതിയിൽ ആയിരിക്കണം ക്രമീകരണങ്ങൾ നടത്തേണ്ടത്.

സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററിൽ എത്തുന്ന പൊതുജനങ്ങൾക്ക് നഗരസഭയിലേക്ക് അടവാക്കേണ്ട തുകകൾ യു.പി.ഐ മുഖേന അടവാക്കാവുന്നതാണ്. എന്നിരുന്നാലും എല്ലാ നഗരസഭകളിലും രണ്ട് ക്യാഷ് കൗണ്ടറുകൾ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററിനോട് അനുബന്ധമായി ക്രമീകരിക്കേണ്ടതും, സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററിൽ സ്വീകരിച്ച അപേക്ഷകളിൽ അടവാക്കാനുള്ള തുക ക്യാഷായി സ്വീകരിക്കുന്നതിന് ആവശ്യമെങ്കിൽ പ്രസ്തുത ക്യാഷ് കൗണ്ടർ ഉപയോഗപെടുത്തേണ്ടതുമാണ്.

നഗരസഭകൾ, സോണൽ-സർക്കിൾ ഓഫീസുകളിൽ ഓരോ ദിവസവും പ്രതീക്ഷിക്കുന്ന അപേക്ഷകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകൾ ക്രമപ്പെടുത്തേണ്ടതാണ്.

2. 2024 ജനുവരി 1 മുതൽ K-SMART വിന്യാസിക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന സംവിധാനങ്ങൾ വഴിയുള്ള ഡാറ്റാ എൻട്രികൾ താൽക്കാലികമായി നിർത്തിവയ്ക്കേണ്ടതുണ്ട്. ആയതിനാൽ മേൽ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം നഗരസഭകളിൽ താഴെ പറയുന്ന തീയതികളിൽ പൂർണമായും നിർത്തലാക്കുന്നതാണ്.

I. Sevana CR - 27.12.2023

ഇതിന്റെ ഭാഗമായിട്ടുള്ള ഹോസ്പിറ്റൽ കിയോസ്ക് വഴിയുള്ള ഡാറ്റാ എൻട്രി സൗകര്യം 23.12.2023 മുതൽ ലഭിക്കുന്നതല്ല. മേൽ സോഫ്റ്റ് വെയറുകളിൽ ചെയ്തു തീർക്കാൻ ബാക്കിയുള്ള എല്ലാ ഓഫീസ് തല ജോലികളും 26.12.2023 തീയതിയ്ക്കുള്ളിൽ ബന്ധപ്പെട്ട ജീവനക്കാർ പൂർത്തീകരിക്കേണ്ടതാണ്.

II. Sanchaya Property Tax - 28.12.2023

സഞ്ചയ സോഫ്റ്റ്‌വെയറിൽ ചെയ്തു തീർക്കാൻ ബാക്കിയുള്ള എല്ലാ ഓഫീസ് തല ജോലികളും 27.12.2023 തീയതിയ്ക്കുള്ളിൽ ബന്ധപ്പെട്ട ജീവനക്കാർ പൂർത്തീകരിക്കേണ്ടതാണ്.

III. Sanchaya License - 27.12.2023

സഞ്ചയ ലൈസൻസ് സോഫ്റ്റ്‌വെയറിൽ ചെയ്തു തീർക്കാൻ ബാക്കിയുള്ള എല്ലാ ഓഫീസ് തല ജോലികളും 26.12.2023 തീയതിയ്ക്കുള്ളിൽ ബന്ധപ്പെട്ട ജീവനക്കാർ പൂർത്തീകരിക്കേണ്ടതാണ്.

IV. Soochika - 27.12.2023

സൂചിക സോഫ്റ്റ്‌വെയറുകളിൽ ചെയ്തു തീർക്കാൻ ബാക്കിയുള്ള എല്ലാ ഓഫീസ് തല ജോലികളും 26.12.2023 തീയതിയ്ക്കുള്ളിൽ ബന്ധപ്പെട്ട ജീവനക്കാർ പൂർത്തീകരിക്കേണ്ടതാണ്.

V. Sanchaya Property Tax – 28.12.2023

സഞ്ചയ ഡാറ്റാബേസിൽ ഡിജിറ്റൽ സൈൻ ചെയ്ത ഡാറ്റാ മാത്രമാണ് കെ-സ്മാർട്ടിലേക്ക് പോർട്ട് ചെയ്തെടുക്കുന്നത്. അപ്രൂവ് ചെയ്ത പഴയ ഡാറ്റാ എത്രയും വേഗം പ്യൂരിഫിക്കേഷൻ നടത്തി ഡിജിറ്റൽ സൈൻ ചെയ്ത് കെ-സ്മാർട്ടിലേക്ക് പോർട്ട് ചെയ്യാനും അതുപോലെ നികുതി അടച്ചതിന്റെ പോസ്റ്റിങ് പൂർത്തീകരിക്കുന്നതിനും കർശന നിർദേശം നല്കുന്നു. എല്ലാ പെൻഡിങ് ജോലികളും 27.12.2023 തീയതിക്കുള്ളിൽ ബന്ധപ്പെട്ട ജീവനക്കാർ പൂർത്തീകരിക്കേണ്ടതാണ്.

3. താഴെ പറയുന്ന സോഫ്റ്റ്‌വെയർ മുഖേനയുള്ള ഡാറ്റാ എൻട്രി 23.12.2023 നു തന്നെ നിർത്തി വയ്ക്കേണ്ടതുണ്ട്. മേൽ സോഫ്റ്റ്‌വെയറുകൾ നഗരസഭകളിൽ 2024 ജനുവരി 1 മുതൽ ഭാഗികമായി നിർത്തലാക്കുന്നതാണ്.

I. IBPMS
II. Sanketham
III. Suvega

കെ-സ്മാർട്ട് ആപ്ലിക്കേഷൻ വിന്യസിക്കുന്ന 2024 ജനുവരി 1 മുതൽ എല്ലാവിധത്തിലുമുള്ള കെട്ടിട നിർമാണ പെർമിറ്റിനുമുള്ള അപേക്ഷകൾ (സെൽഫ് സർട്ടിഫിക്കേഷന്റെ കീഴിൽ വരുന്ന കെട്ടിടങ്ങൾ, മറ്റ് എല്ലാവിധ കെട്ടിടങ്ങൾ, കോമ്പൗണ്ട് വാൾ, കിണറുകൾ, കൂട്ടിച്ചേർക്കലുകൾ, നിലവിലുള്ള കെട്ടിടങ്ങളുടെ മാറ്റങ്ങൾ, ക്രമവൽക്കരണം മുതലായവ എല്ലാം ഉൾപ്പെടെ) കെ- സ്മാർട്ടിലെ ബിൽഡിംഗ് പെർമിഷൻ മൊഡ്യൂളിലൂടെ മാത്രമേ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. IBPMS, Sanketham, Suvega എന്നിവ വഴി 2024 ജനുവരി 1 മുതൽ പുതിയ കെട്ടിട നിർമാണ പെർമിറ്റിനുള്ള അപേക്ഷകൾ ഒന്നും തന്നെ നഗരസഭകളിൽ സ്വീകരിക്കില്ല. എന്നാൽ ടി സോഫ്റ്റ്‌വെയറുകളിലൂടെ നേരത്തെ നല്കിയിട്ടുള്ള അപേക്ഷകളുടെ തുടർനടപടികൾ, പെർമിറ്റിന്റെ കാലാവധി നീട്ടി നൽകൽ, പ്രസ്തുത കെട്ടിടങ്ങളുടെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകൽ മുതലായ കാര്യങ്ങൾ ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളിലൂടെ തന്നെ ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിർവ്വഹിക്കാവുന്നതാണ്.

IV. Sankhya

നഗരസഭകളിൽ വരുന്ന എല്ലാ വരവുകളും 2024 ജനുവരി 1 മുതൽ കെ-സ്മാർട്ടിലെ ഫിനാൻസ് മൊഡ്യൂൾ വഴി മാത്രമേ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. 2023 ഡിസംബർ മാസത്തെ ശമ്പള വിതരണം, റിക്കവറി പണമടയ്ക്കൽ എന്നിവ മാത്രം ചെയ്യുന്നതിന് 15.01.2024

വരെ സാംഖ്യ സോഫ്റ്റ്‌വെയർ പ്രവൃത്തിക്കും. ബാക്കിയുള്ള എല്ലാ ഇടപാടുകളും കെ-സ്മാർട്ടിലെ ഫിനാൻസ് മൊഡ്യൂൾ വഴി മാത്രമായിരിക്കും നിർവ്വഹിക്കേണ്ടത്.

V. Sthapana

2023 ഡിസംബർ മാസത്തെ ശമ്പള വിതരണം, റിക്കവറി പണമടയ്ക്കൽ എന്നിവ ചെയ്യുന്നതിന് 15.01.2024 വരെ സ്ഥാപന സോഫ്റ്റ്‌വെയർ പ്രവർത്തിക്കും. കണ്ടിൻജന്റ് വിഭാഗം തൊഴിലാളികളുടെ സേവന-വേതന സംവിധാനങ്ങൾ ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ സ്ഥാപന സോഫ്റ്റ്‌വെയർ വഴി ആയിരിക്കും.

4. പണമിടപാടുകൾ പൂർണമായും ഡിജിറ്റൽ ആയി മാറുന്നതിനാൽ നഗരസഭകളിൽ മാനുവൽ ആയി രസീത് നല്കി പണം സ്വീകരിക്കാൻ കഴിയുകയില്ല. ആയതിനാൽ 2024 ജനുവരി 1 മുതൽ മാനുവൽ ആയുള്ള രസീത് സംവിധാനം നഗരസഭകളിൽ നിർത്തലാക്കുന്നു. ഓഫീസിനു പുറത്തുപോയി നികുതികളും ഫീസുകളും പിരിച്ചെടുക്കുന്നതിനു ചുമതലപ്പെട്ട എല്ലാ ജീവനക്കാർക്കും സ്മാർട്ട് ഇ-പോസ് മെഷീനുകൾ ലഭ്യമാക്കും. നഗരസഭകൾ തിരഞ്ഞെടുത്ത ബാങ്കുകൾ വഴി ടി മെഷീനുകൾ സൗജന്യമായി ലഭ്യമാക്കും. പൊതുജനങ്ങളിൽ നിന്ന് സർവീസ് ചാർജ്ജുകളൊന്നും കൂടാതെ പണം സ്വീകരിക്കാൻ വേണ്ട ക്രമീകരണങ്ങൾ വരുത്തി പ്രസ്തുത മെഷിനുകൾ ഫീൽഡിൽ ഉപയോഗിക്കേണ്ടതാണ്.

5. നഗരസഭകളിൽ ആവശ്യത്തിന് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ, നല്ല വേഗതയുള്ള നെറ്റ്‌വർക്ക് (സ്റ്റാന്റ്ബൈ അടക്കം) എന്നിവ ഉണ്ടായാൽ മാത്രമേ പൂർണമായും ഡിജിറ്റൽ ആയി പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനം നല്കാൻ കഴിയുകയുള്ളൂ. കൂടാതെ ജീവനക്കാർക്ക് കമ്പ്യൂട്ടറിലും സോഫ്റ്റ്‌വെയറിലും ഉള്ള പ്രവൃത്തിപരിചയവും ഉണ്ടാകേണ്ടതുണ്ട്. ഇത് ഉറപ്പുവരുത്താൻ നേരത്തെ തന്നെ നടപടി നിർദ്ദേശം സർക്കാർ നൽകിയിട്ടുണ്ടായിരുന്നു. ടി ഉത്തരവു പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും ബന്ധപ്പെട്ട സെക്രട്ടറിമാർ സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും പോരായ്മകൾ ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് അടിയന്തിരമായി പരിഹരിക്കേണ്ടതുമാണ്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ സർക്കാർ ഗൗരവമായി കാണുന്നതാണ്. കെ-സ്മാർട്ട് പരിശീലനത്തിനായി നിയോഗിക്കുന്ന ജീവനക്കാർ, റിസോഴ്സ്പേഴ്സൺമാർ, ഫെസിലിറ്റേറ്റർമാർ എന്നിവർ പ്രസ്തുത പരിശീലന പരിപാടിയിൽ കൃത്യമായി പങ്കെടുക്കുന്നുണ്ട് എന്നും ബന്ധപ്പെട്ട സെക്രട്ടറിമാരും ഓഫിസ് തലവൻമാരും ഉറപ്പുവരുത്തേണ്ടതാണ്.

6. സെക്രട്ടറിമാരുടെ സി.യു.ജി നമ്പറുകൾ എല്ലായ്പ്പോഴും പ്രവർത്തനക്ഷമമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കെ-സ്മാർട്ടിലെ അഡ്മിനിസ്ട്രേറ്റർ സെറ്റിംഗിന്റെ OTP സി.യു.ജി നമ്പറിൽ മാത്രമാണ് ലഭ്യമാവുക.

7. 2024 ജനുവരി മാസം മുതൽ മുഴുവൻ ജീവനക്കാരുടെയും ശമ്പളബില്ലുകൾ സ്പാർക്ക് / ജി-സ്പാർക്ക് വഴി എടുത്ത് കെ-സ്മാർട്ടിലെ ഫിനാൻസ് മൊഡ്യൂൾ മുഖേന മാത്രമേ പ്രോസസ് ചെയ്യാൻ സാധിക്കുകയുള്ളൂ. കൂടാതെ കെ- സ്മാർട്ടിലെ യൂസർ ഐ.ഡി, സ്പാർക്ക്/ജി-സ്പാർക്ക് വഴി ജനറേറ്റ് ചെയ്യുന്ന PEN / G-PEN ആയിരിക്കും. ആയതിനാൽ എല്ലാ ജീവനക്കാർക്കും SPARK / G- SPARK ഐ.ഡി ഉണ്ടെന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പ് വരുത്തേണ്ടതാണ്. സർവീസ് ബുക്ക് ഉള്ള എല്ലാ ജീവനക്കാർക്കും ജി-പെൻ നമ്പറും മറ്റ് താത്കാലിക

ജീവനക്കാർക്ക് ടെമ്പററി ജി-പെൻ നമ്പറും ഇല്ലാത്തപക്ഷം അവർക്ക് ശമ്പളം എടുക്കാനോ കെ-സ്മാർട്ടിൽ ലോഗിൻ ID നൽകാനോ കഴിയാതെ വരും.

8. കെ-സ്മാർട്ടിലെ വിവിധ അപ്രൂവലുകൾ ചെയ്യുമ്പോൾ ചുമതലപ്പെട്ട വ്യക്തികൾ നിലവിൽ ഉപയോഗിച്ചു വരുന്ന ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് തന്നെ ഉപയോഗിച്ച് ഡിജിറ്റൽ സൈൻ ചെയ്യാവുന്നതാണ്. കൂടാതെ e-Sign ചെയ്യുന്നതിനുള്ള സൗകര്യവും കെ-സ്മാർട്ട് ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായി പ്രസ്തുത വ്യക്തികൾ e-Mudra e-Sign വാങ്ങേണ്ടതുണ്ട്. ഇത് ലഭിക്കുന്നതിന് വേണ്ടി ADHAAR/PEN നമ്പറുകൾ ഉപയോഗിച്ച് എൻറോൾ ചെയ്യേണ്ടതാണ്.

9. കെ-സ്മാർട്ട് ആപ്ലിക്കേഷന്റേ സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്തേണ്ടതിനായി ഓരോ ജില്ലകളിലെയും നഗരസഭകളുടെ ചുമതല അതത് ജില്ലയിലെ ജില്ലാ തലത്തിൽ നിയോഗിക്കപ്പെട്ട നോഡൽ ഓഫീസർമാർക്ക് നല്കുന്നു. മേൽനോട്ട ചുമതല ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് ആയിരിക്കും. ഓരോ നഗരസഭകളുടെയും ചുമതലയുള്ള ഇന്റേണൽ വിജിലൻസ് ഓഫീസർമാർ അതാത് നഗരസഭകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കേണ്ടതും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും റിപ്പോർട്ടുകൾ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും പ്രിൻസിപ്പൽ ഡയറക്ടർക്കും നൽകേണ്ടതുമാണ്. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് ഓഫീസർമാർ കെ- സ്മാർട്ട് ഇംപ്ലിമെന്റേഷൻ & ട്രെയിനിംഗ് ടീമിനൊപ്പം പ്രവർത്തിച്ച് സംസ്ഥാനതലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്.

10. സംസ്ഥാനതലത്തിൽ ഇത് ഏകീകരിക്കുന്ന ചുമതല സ്റ്റേറ്റ് നോഡൽ ഓഫീസർക്കായിരിക്കും. കെ-സ്മാർട്ട് ഇംപ്ലിമെന്റേഷൻ & ട്രെയിനിംഗ് ടീമിലെ ജീവനക്കാരുടെ സേവനം ആവശ്യമാവുന്ന സാഹചര്യങ്ങളിൽ ടി ജീവനക്കാരെ അവർ സേവനമനുഷ്ഠിക്കുന്ന സ്ഥാപനങ്ങളിലെ ഓഫീസ് മേലധികാരികൾ വിട്ടു നൽകേണ്ടതാണ്.

കെ-സ്മാർട്ട് ആപ്ലിക്കേഷൻ വളരെ നല്ല രീതിയിൽ ഉപയോഗിക്കപ്പെടുന്നുണ്ട് എന്ന് ബന്ധപ്പെട്ട സെക്രട്ടറിമാർ ഉറപ്പുവരുത്തേണ്ടതും എന്തെങ്കിലും പ്രശ്നങ്ങളോ ബുദ്ധിമുട്ടുകളോ ശ്രദ്ധയിൽപ്പെട്ടാലുടൻ പ്രശ്ന പരിഹാരത്തിനായി ജില്ലാ തലത്തിൽ നിയോഗിക്കപ്പെടുന്ന ടെക്നിക്കൽ ടീമിന്റേയും ജില്ലാ നോഡൽ ഓഫീസറുടെയും, ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെയും സഹായത്തോടുകൂടി ആയത് പരിഹരിക്കേണ്ടതുമാണ്. പരാതിരഹിതമായി സോഫ്റ്റ്‌വെയർ എല്ലാ നഗരസഭകളിലും വിന്യസിക്കപ്പെടുന്നുണ്ടെന്നും എല്ലാ ജീവനക്കാരും ആയത് യഥാവിധി ഉപയോഗിക്കുന്നുണ്ടെന്നും നിർദ്ദേശങ്ങളെല്ലാം കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നും ഇന്റേണൽ വിജിലൻസ് ഓഫീസർമാർ മുഖേന പരിശോധന നടത്തി ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതും അപാകതകൾ ഉണ്ടാവുകയാണെങ്കിൽ ആയത് യഥാസമയം സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സർക്കാരിന്റെ സേവന നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന കെ- സ്മാർട്ട്, വിന്യസിക്കുന്നതും പരിപാലിക്കുന്നതുമായ പ്രവർത്തനങ്ങളിലുണ്ടാകുന്ന മനഃപൂർവ്വമായ വീഴ്ചകൾ സർക്കാർ ഗുരുതരമായി വീക്ഷിക്കുന്നതും ഉത്തരവാദിയാകുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ ഡയറക്ടറേറ്റ് ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ , തിരുവനന്തപുരം
നഗരസഭാസെക്രട്ടറിമാർ (തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
വിവരസാങ്കേതിക വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/30/2023/LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - സംസ്ഥാനത്ത് നടപ്പാക്കുന്ന സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാപദ്ധതിയായ ഡിജികേരളം മാർഗ്ഗ രേഖ - ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ ജി) വകുപ്പ്

സ.ഉ.(കൈ) നം.79/2024/LSGD തീയതി,തിരുവനന്തപുരം, 27-06-2024

പരാമർശം:- 1. 29/09/2023 -ലെ സ.ഉ.(കൈ)നം.174/2023/ത.സ്വ.ഭ.വ

2. ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/05/2024നു ചേർന്ന യോഗം

3. പ്രിൻസിപ്പൽ ഡയറക്ടറുടെ 20/05/2024-ലെ LSGD/PD/50241/2023-GEB2 നമ്പർ കത്ത്

ഉത്തരവ്

കേരള സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയായ "ഡിജി-കേരളം" നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (1) ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. പരാമർശം (2) ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഡിജിറ്റൽ സാക്ഷരത പദ്ധതിയുടെ സമയക്രമം കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു.

മേൽ സാഹചര്യത്തിൽ, സംസ്ഥാനത്ത് സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയായ "ഡിജി കേരളം" പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി പരാമർശം (1) പ്രകാരം അംഗീകരിച്ച മാർഗ്ഗരേഖ മേൽ പറയുംപ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭേദഗതി വരുത്തിയ മാർഗ്ഗ രേഖ അനുബന്ധമായി ചേർക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/19/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Manikkuttan R
Date: 28-06-2024 10:31:36
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ ,എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്കു്.
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്കു്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി എ യ്ക്കു്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി യ്ക്കു്.
തദ്ദേശ സ്വയം ഭരണ (എഫ്. എം /ഡി ഡി/ഡി എ) വകുപ്പ്

ഡിജി കേരളം' സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതി

മാർഗ്ഗ നിർദ്ദേശങ്ങൾ

പദ്ധതിയുടെ ലക്ഷ്യം

സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ള ജനങ്ങൾക്കും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ലഭ്യമാക്കി, വിവരസാങ്കേതിക വിദ്യയുടെ ഗുണങ്ങൾ അവരിലേക്ക് ഫലപ്രദമായി വ്യാപിപ്പിച്ച് അവരുടെ ശാക്തീകരണം ഉറപ്പാക്കുകയും സർക്കാർ നൽകുന്ന ദൈനംദിന സേവനങ്ങൾ എളുപ്പത്തിൽ ഉപയോഗിക്കുന്നതിനും, വികസന പദ്ധതികളിൽ പങ്കാളികൾ ആയി അതിന്റെ ഫലങ്ങൾ അനുഭവവേദ്യമാക്കുന്നതിനും ആണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. അത്തരത്തിൽ, സംസ്ഥാനത്തെ മുഴുവൻ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കി രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതും പദ്ധതി വഴി ലക്ഷ്യമിടുന്നു.

പദ്ധതിയുടെ നിർവഹണ രീതി

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുമുള്ള മുഴുവൻ ജനങ്ങളെയും സംബന്ധിച്ച വിവരശേഖരണം നടത്തി, അവരിൽ ഡിജിറ്റൽ സാക്ഷരത ഇല്ലാത്ത 14 വയസ്സിന് മുകളിലുള്ള മുഴുവൻ പൗരന്മാർക്കും വോളണ്ടിയർമാർ മുഖേന പരിശീലനം നൽകി ഡിജിറ്റൽ സാക്ഷരർ ആക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഡിജിറ്റൽ സാക്ഷരതാ പരിശീലനം നൽകുന്നതിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ലെങ്കിലും 1 4 മുതൽ 6 5 വയസ്സ് വരെയുള്ളവരെ മാത്രം, പദ്ധതിയുടെ ലക്ഷ്യപ്രാപ്തി അളക്കുന്നതിന് നടത്തുവാൻ ഉദ്ദേശിക്കുന്ന അന്തിമ മൂല്യനിർണ്ണയ പ്രക്രിയയ്ക്ക് (evaluation) വിധേയരാക്കിയാൽ മതിയാകും.

സർവ്വേയിലൂടെ ഡിജിറ്റൽ സാക്ഷരർ അല്ലെന്ന് കണ്ടെത്തുന്നവർക്ക് NSS, NCC, NYK, SPC, കുടുംബശ്രീ, സാക്ഷരതാ മിഷൻ, എസ്.സി. - എസ്.റ്റി. പ്രമോട്ടർമാർ, സന്നദ്ധ സേന, ലൈബ്രറി കൗൺസിൽ, യുവജനക്ഷേമ ബോർഡ്, യുവതി-യുവാക്കൾ , വിദ്യാർത്ഥികൾ എന്നിവയിൽ ഉൾപ്പെട്ട വോളണ്ടിയർമാരിൽ, സ്മാർട്ട്ഫോൺ ഉപയോഗിക്കാൻ അറിയാവുന്നവരെ കണ്ടെത്തി പരിശീലിപ്പിച്ച് അവർ മുഖേനയാണ് താഴെ തട്ടിൽ പരിശീലനം നടത്തുന്നത്. ഈ പ്രവൃത്തികൾ വിജയകരമായി പൂർത്തീകരിക്കുന്നതിന് വോളണ്ടിയർമാരെ സഹായിക്കുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗിക്കേണ്ടതാണ്.

വിവരശേഖരണം, പരിശീലനം, മൂല്യനിർണ്ണയം എന്നിവ നടത്തുന്നതിന് ഒരു മൊബൈൽ ആപ്ലിക്കേഷനും, ശേഖരിച്ച വിവരങ്ങൾ വിശകലനം നടത്തി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ഉദ്യോഗസ്ഥരുടെയും വോളണ്ടിയർമാരുടെയും രജിസ്ട്രേഷൻ നടത്തുന്നതിനും അവർക്ക് ചുമതലകൾ നൽകുന്നതിനും ഒരു വെബ്പോർട്ടലും ഉണ്ടായിരിക്കുന്നതാണ്. അവ വികസിപ്പിക്കുന്നതിന് ഒരു സ്റ്റാർട്ട് അപ്പ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വോളണ്ടിയർമാരുടെ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ലിങ്ക് പ്രവർത്തനക്ഷമമാണ്. https://digikeralam.lsgkerala.gov.in/ എന്ന 'ഡിജി കേരളം' പദ്ധതിയുടെ വെബ് പോർട്ടലിൽ ഈ ലിങ്ക് ലഭ്യമാണ്.

പ്രചാരണ പ്രവർത്തനങ്ങൾ

'ഡിജി കേരളം' — സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയെ മൂന്ന് ഘട്ടങ്ങൾ ആയി തരം തിരിക്കാവുന്നതാണ്. വിവരശേഖരണത്തിന്റെ ആദ്യ ഘട്ടം, ഡിജിറ്റൽ സാക്ഷരത ഇല്ലാത്തവർക്ക് പരിശീലനം നൽകുന്നതിന്റെ രണ്ടാം ഘട്ടം, പരിശീലനം സിദ്ധിച്ചവർ ഡിജിറ്റൽ സാക്ഷരത

കൈവരിച്ചോ എന്ന് മൂല്യ നിർണ്ണയം നടത്തുന്ന മൂന്നാം ഘട്ടം എന്നിവയാണവ. ഈ മൂന്ന് ഘട്ടവും വിജയകരമായി പൂർത്തിയാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിപുലമായ മാനവ വിഭവശേഷി ആവശ്യമുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ, ഡിജിറ്റൽ സാക്ഷരതയും അതിന്റെ പ്രാധാന്യവും ജനങ്ങൾക്ക് മനസിലാകുന്ന രീതിയിലും, യുവജനങ്ങൾക്കും കൗമാരക്കാർക്കും വോളണ്ടീയർ ആകാനുള്ള പ്രേരണ നൽകുന്ന വിധത്തിലുമുള്ള പ്രചാരണ പരിപാടികൾ നടത്തേണ്ടതുണ്ട്. പദ്ധതിയുടെ ആവശ്യകതയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചുമുള്ള വാർത്തകൾ, പരസ്യങ്ങൾ, വീഡിയോകൾ, റീലുകൾ എന്നിവ തയ്യാറാക്കുന്നതിനുള്ള സംസ്ഥാനതല പ്രചാരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തദ്ദേശ സ്ഥാപന തലങ്ങളിലും പദ്ധതിയെ സംബന്ധിച്ച് വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്. പരമാവധി ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി വ്യാപകമായ പ്രചരണം നൽകേണ്ടതാണ്. ഡിജി കേരളം പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാതല പ്രവർത്തനങ്ങൾ ജില്ലാ കലക്ടറുടെ നേതൃത്വത്തിലാണ് ഏകോപിപ്പിക്കേണ്ടത്. തദ്ദേശ സ്ഥാപന തലത്തിലെ പരിപാടികൾ ജനപ്രതിനിധികളുടെയും മറ്റ് വിശിഷ്ട വ്യക്തികളുടെയും സാന്നിദ്ധ്യത്തിലും പങ്കാളിത്തത്തിലും നടത്തേണ്ടതാണ്.

ഡിജി കേരളം പദ്ധതി ജനകീയമാക്കുന്നതിനും കൂടുതൽ പേരെ പദ്ധതിയുടെ ഭാഗമാക്കുന്നതിനുമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും "ഡിജി വാരം" ആഘോഷിക്കേണ്ടതാണ്. കൂടാതെ, സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലെയും മുൻസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും എല്ലാ വാർഡുകളിലും "ഡിജി സഭ" ചേരേണ്ടതാണ്. ഡിജി വാരത്തിന്റെ ഭാഗമായി കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, സ്കൂൾ വിദ്യാർത്ഥികൾ, സാക്ഷരതാ മിഷൻ, ലൈബ്രറി കൗൺസിൽ, എൻ.എസ്.എസ്. തുടങ്ങിയവരുമായി ചേർന്ന് പദ്ധതിയുടെ പ്രചരണാർത്ഥം ഏതെങ്കിലും ഒരു പരിപാടി എല്ലാ ദിവസങ്ങളിലും തദ്ദേശ സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യം മുൻനിർത്തി പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ ചേരേണ്ടതാണ്.

1. വിവരശേഖരണ പ്രക്രിയ

ഡിജിറ്റൽ സാക്ഷരത ആവശ്യമുള്ള പരിശീലനാർത്ഥികളെ കണ്ടെത്തുന്നതിനുള്ള വിവരശേഖരണം ആരംഭിക്കേണ്ടതുണ്ട്. ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി കുടുംബത്തിന്റെ വിവരങ്ങൾ നൽകുന്നതിന് തയ്യാറുണ്ടോ എന്ന് ചോദിച്ച ശേഷം തയ്യാറുള്ള കുടുംബങ്ങളുടെ മാത്രം വിവരങ്ങൾ ശേഖരിച്ചാൽ മതിയാകും. ഓരോ തദ്ദേശ സ്ഥാപന തലത്തിലും വ്യാപകമായ പ്രചാരണം നൽകി, ഓരോ വാർഡിലും/ഡിവിഷനിലും ജനപ്രതിനിധികൾ, കലാ-സാംസ്കാരിക പ്രവർത്തകർ, മറ്റ് മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ വഴി ജനങ്ങൾക്കിടയിൽ സ്വാധീനമുള്ള വ്യക്തികൾ എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പാക്കി വേണം വിവരശേഖരണ പ്രക്രിയയുടെ ആരംഭം കുറിയ്ക്കേണ്ടത്.

i. വോളണ്ടിയർമാരുടെ രജിസ്ട്രേഷൻ

ഏറ്റവും താഴെ തട്ടിൽ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംഘടനാ സംവിധാനത്തെ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതോടൊപ്പം തന്നെ തദ്ദേശ സ്ഥാപന പരിധിയിലെ ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, യുവതീ-യുവാക്കൾ, വിദ്യാർത്ഥികൾ, NSS, NCC, NYK, SPC, കുടുംബശ്രീ, സാക്ഷരതാ മിഷൻ, സന്നദ്ധ സേന, ലൈബ്രറി കൗൺസിൽ, യുവജനക്ഷേമ ബോർഡ് എന്നിവയിൽ ഉൾപ്പെട്ട വോളണ്ടിയർമാർ, പ്രാദേശിക വോളണ്ടിയർമാർ എന്നിവരുടെ സേവനവും പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് ഉപയോഗിക്കേണ്ടതാണ്. ഇതിനായി പരമാവധി വോളണ്ടിയർമാരെ ഉൾപ്പെടുത്തുന്നതിനുള്ള വ്യാപകമായ പ്രചാരണം പ്രാദേശിക തലത്തിലും സാമൂഹ്യ മാധ്യമങ്ങളിലും നടത്തേണ്ടതാണ്.

കൂടാതെ, ഓരോ തദ്ദേശ സ്ഥാപനത്തിലെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരെയും അവരുടെ താത്പര്യം അനുസരിച്ച്, അവരുടെ ദൈനംദിന ജോലികളെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ, പദ്ധതിയുടെ വാർഡ്/ഡിവിഷൻ തല മോണിറ്ററിങ്ങിന് അതത് തദ്ദേശ സ്ഥാപനത്തിന് നിയോഗിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി പരമാവധി വോളന്റിയർമാരെ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തണം. പ്രാദേശിക വോളന്റിയർമാരോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും വോളന്റിയറായി പദ്ധതിയിൽ രജിസ്റ്റർ ചെയ്യേണ്ടതും വിവരശേഖരണം, പരിശീലനം, മൂല്യനിർണ്ണയം തുടങ്ങി വിവിധ ഘട്ടങ്ങളിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതുമാണ്. എന്നാൽ മേൽ വിവരിച്ച പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല ഉദ്യോഗസ്ഥർക്ക് മാത്രമായി നൽകുവാൻ പാടില്ല.

ഇത് കൂടാതെ, ആവശ്യമെങ്കിൽ ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും വാർഡ്/ഡിവിഷൻ തലത്തിൽ മോണിറ്ററിംഗ് ചുമതല നല്കാവുന്നതാണ്. അവരുടെ ദൈനംദിന ജോലികളെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ, അവരെ ഓരോ വാർഡ്/ഡിവിഷനിലേക്ക് നിയോഗിക്കുന്നതിന് അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് ചുമതല നല്കാവുന്നതാണ്.

"'ഉന്നത് ഭാരത് അഭിയാൻ" പദ്ധതിയുടെ ഭാഗമായി ഒരു പ്രദേശത്തെ വികസനപരമായ പദ്ധതികളിൽ അവിടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളും ഭാഗമാകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഭാഗമാകാൻ താത്പര്യം അറിയിച്ച I.I.T. പാലക്കാട് (വടക്കൻ മേഖല) കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി (മധ്യമേഖല), IISER (തെക്കൻ മേഖല) സ്ഥാപനങ്ങളെയും, കേരളത്തിൽ 14 ജില്ലകളിലായി പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 186 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും AICTE അംഗീകാരം ഉള്ള എല്ലാ സ്ഥാപനങ്ങളേയും ഈ പദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്. ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 'ഡിജി കേരളം' പദ്ധതിയുടെ പ്രചരണാർത്ഥം പരിപാടികൾ സംഘടിപ്പിക്കാവുന്നതും താത്പര്യമുള്ള അദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യാവുന്നതാണ്. അവരിൽ സാമൂഹ്യ സേവനത്തിന്റെ പ്രാധാന്യം മനസിലാക്കിക്കൊടുത്ത് പദ്ധതിയിൽ ചേർക്കേണ്ടതാണ്. IISER, തിരുവനന്തപുരം, , IIT പാലക്കാട്, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി, ഐ ടി മിഷൻ എന്നീ സ്ഥാപനങ്ങളെ പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി നിയോഗിക്കാവുന്നതാണ്.

ഇതോടൊപ്പം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലും വോളണ്ടിയർ മാരായി പ്രവർത്തിക്കുവാൻ താത്പര്യം ഉള്ള മുഴുവൻ കുടുംബശ്രീ പ്രവർത്തകർക്കും പദ്ധതിയിൽ പങ്കാളികൾ ആവുന്നതിന് വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം പ്രാദേശിക വോളണ്ടിയർമാർക്കും വിദ്യാർഥികൾക്കും മറ്റ് യുവജനങ്ങൾക്കും നൽകണം.

സേവനതൽപരരായ വോളണ്ടിയർമാർക്ക് തങ്ങളുടെ പേരുകൾ രജിസ്റ്റർ ചെയ്യുന്നതിനും, ഏത് തദ്ദേശ സ്ഥാപനത്തിലാണ് സേവനം ചെയ്യുവാൻ താത്പര്യം ഉള്ളത് എന്ന് രേഖപ്പെടുത്തുന്നതിനും പദ്ധതിയുടെ നടത്തിപ്പിനായി വികസിപ്പിക്കുന്ന വെബ്പോർട്ടലിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

വിവരശേഖരണ പ്രക്രിയ ഒരാഴ്ച കൊണ്ട് പൂർത്തിയാക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ വീടുകളുടെയും കണക്ക് പരിശോധിച്ച് 3 0 വീടുകൾ സന്ദർശിക്കുന്നതിന് ഒരാൾ, എന്ന കണക്കിൽ സർവ്വേയ്ക്കായി വോളണ്ടിയർമാരെ കണ്ടെത്തേണ്ടതാണ്. ഓരോ തദ്ദേശ സ്ഥാപനത്തിലും എത്ര പേർക്കാണ് ഡിജിറ്റൽ സാക്ഷരതാ പരിശീലനം നൽകേണ്ടത് എന്നത് മുൻകൂട്ടി നിശ്ചയിക്കാൻ കഴിയില്ല. അതിന്റെ

കണക്ക് വിവരശേഖരണത്തിന് ശേഷം മാത്രമേ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. സർവ്വേയിൽ കണ്ടെത്തുന്ന പഠിതാക്കൾക്ക് പരിശീലനം നൽകുന്നതിന്, 20 പഠിതാക്കൾക്ക് ഒരു വോളണ്ടിയർ എന്ന കണക്കിൽ വോളണ്ടിയർമാരെ നിയോഗിക്കേണ്ടതുണ്ട്. അത് കൊണ്ട് പരമാവധി വോളണ്ടിയർമാരെ രജിസ്റ്റർ ചെയ്യിക്കുന്നതിനും 'റിസർവ്' ആക്കി വയ്ക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

രജിസ്ട്രേഷൻ പൂർത്തിയായി, മതിയായ വോളണ്ടിയർമാരെ കണ്ടെത്തിക്കഴിഞ്ഞാൽ, അവരുടെ താത്പര്യം അനുസരിച്ച് തദ്ദേശ സ്ഥാപനവും വാർഡ്/ഡിവിഷനും അനുവദിക്കുന്നതിനുള്ള സംവിധാനം വെബ്പോർട്ടലിൽ തദ്ദേശ സ്ഥാപനതല പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട്.

വോളണ്ടിയർമാരുടെ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ലിങ്ക് പ്രവർത്തനക്ഷമമാണ്. https://digikeralam.lsgkerala.gov.in/ എന്ന 'ഡിജി കേരളം' പദ്ധതിയുടെ വെബ് പോർട്ടലിൽ ഈ ലിങ്ക് ലഭ്യമാണ്. എല്ലാ വോളന്റീയർമാരും ഈ ലിങ്കിൽ കയറി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

ii. വോളണ്ടിയർമാർക്കുള്ളപരിശീലനം

ഈ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പരിശീലനങ്ങളും കിലയുടെ നേതൃത്വത്തിലായിരിക്കും നടത്തുന്നത്. വിദ്യാർത്ഥികൾ, മറ്റ് വോളണ്ടീയർമാർ എന്നിവരുടെ പരിശീലനം എൻ.എസ്.എസ്, IIT പാലക്കാട്, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, IISER എന്നീ സ്ഥാപനങ്ങൾ കിലയുമായി സഹകരിച്ച് പൂർത്തിയാക്കേണ്ടതാണ്. മേൽ വിവരിച്ച മാതൃകയിൽ വിവരശേഖരണത്തിന് 3 0 വീടുകൾ സന്ദർശിക്കുന്നതിന് ഒരു വോളന്റീയർ എന്നും, 20 പഠിതാക്കൾക്ക് പരിശീലനം നൽകുന്നതിന് ഒരു വോളണ്ടിയർ എന്നും കണക്കിൽ മതിയായ എണ്ണം വോളണ്ടിയർമാരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഓരോ തദ്ദേശ സ്ഥാപനത്തിലും വിവരശേഖരണം നടത്തുന്നതിന് ആകെ വീടുകളുടെ എണ്ണം അനുസരിച്ച് വിവരശേഖരണ പ്രവർത്തനത്തിനുള്ള വോളണ്ടിയർമാരുടെ ഏകദേശ എണ്ണം അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർ തിട്ടപ്പെടുത്തേണ്ടതാണ്. വിവരശേഖരണത്തിനുള്ള പരിശീലനം നൽകുന്നതിനുള്ള വീഡിയോ ട്യൂട്ടോറിയൽ സംസ്ഥാന സെൽ ലഭ്യമാക്കുന്നതാണ്.

തദ്ദേശ സ്ഥാപന സെക്രട്ടറിമാർ തിട്ടപ്പെടുത്തുന്ന വോളണ്ടിയർമാരുടെ ഏകദേശ എണ്ണം ജില്ലാ ജോയിന്റ് ഡയറക്ടർമാർ ശേഖരിച്ച് ഓരോ ജില്ലയിലും ഏകദേശം എത്ര വോളണ്ടിയർമാരെ പരിശീലിപ്പിക്കേണ്ടി വരും എന്ന് കണക്കാക്കേണ്ടതും മതിയായ എണ്ണം മാസ്റ്റർ ട്രെയിനർമാരെ കണ്ടെത്തേണ്ടതുമാണ്. സന്നദ്ധ സേവനം, നേതൃപാടവം മുതലായ വിഷയങ്ങളിൽ പരിശീലനം നൽകുവാൻ ശേഷിയുള്ളവരും വേണ്ടത്ര പ്രചോദനം നൽകി വോളണ്ടീയർമാരെ ഈ പദ്ധതിയുടെ ഭാഗമാക്കുവാൻ കഴിവുള്ളവരും സ്മാർട്ട്ഫോൺ ഉപയോഗിക്കാൻ അറിയാവുന്നവരെയുമാണ് മാസ്റ്റർ ട്രെയിനർമാരായി തെരഞ്ഞെടുക്കേണ്ടത്. ഇതിനായി കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, സാക്ഷരതാ പ്രേരക്മാർ, എൻ.എസ്.എസ്. , ബഹു. മുഖ്യമന്ത്രിയുടെ സന്നദ്ധ സേന എന്നിവയിൽ പ്രവർത്തിയ്ക്കുന്നവരിൽ താല്പര്യമുള്ളവരെയും മാസ്റ്റർ ട്രെയിനർമാരായി പരിഗണിക്കാവുന്നതാണ്. ഓരോ ജില്ലയിലേയും ജില്ലാതല മാസ്റ്റർ ട്രെയിനർമാരുടെ പട്ടിക ജില്ലാ ജോയിന്റ് ഡയറക്ടർമാർ പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനം പൂർത്തിയാക്കേണ്ടതുമാണ്. ജില്ല മോണിറ്ററിംഗ് കമ്മിറ്റി പരിശീലനവുമായി ബന്ധപ്പെട്ട് തുടർനടപടികൾ മോണിറ്റർ ചെയ്യുന്നതാണ്. മാസ്റ്റർ ട്രെയിനറായി തെരഞ്ഞെടുക്കപ്പെടുന്നവർ https://form.jotform.com/232680992045057 എന്ന ലിങ്കിൽ അവരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് അതത് ജോയിന്റ് ഡയറക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്. തുടർന്ന് വോളണ്ടീയർമാരുടെ പരിശീലനം തദ്ദേശ സ്ഥാപനതലങ്ങളിൽ പൂർത്തിയാക്കണം.

2. പഠിതാക്കൾക്കുള്ള പരിശീലനം

i. പരിശീലന രീതി

തെരഞ്ഞെടുത്ത വോളണ്ടിയർമാരുടെ സേവനം വിനിയോഗിച്ച് ചുവടെ ചേർത്തിട്ടുള്ള രീതികളിൽ ആയിരിക്കണം പഠിതാക്കൾക്ക് പരിശീലനം നൽകേണ്ടത്.

a. **ക്ലസ്റ്റർ രീതി–** കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തിയ "ബാക്ക് ടു സ്കൂൾ" പദ്ധതിയുടെ മാതൃകയിൽ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെ ഉപയോഗിച്ച് പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ലസ്റ്റർ മാതൃകയിൽ പരിശീലനം നൽകാവുന്നതാണ് . ഇതിനായി 'ബാക്ക് ടു സ്കൂൾ' പദ്ധതിക്ക് അനുവദിച്ച് തന്നതുപോലെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അനുവദിച്ച് നൽകുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള വായനശാലകളിൽ സായാഹ്ന ക്ലാസ്സുകളും സംഘടിപ്പിക്കാവുന്നതാണ് . അനാഥാലയങ്ങൾ, പുവർ ഹോമുകൾ, ആശുപത്രികൾ, ജയിൽ തുടങ്ങിയ സ്ഥലങ്ങളിൽ അവിടെയുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് ഡിജിറ്റൽ സാക്ഷരത ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.

b. **തൊഴിലുറപ്പ് പദ്ധതി സൈറ്റ് പോലെ ആളുകൾ ഒരുമിച്ച് കൂടുന്ന സ്ഥലങ്ങളിൽ പരിശീലനം നൽകുന്ന രീതി-** തൊഴിലുറപ്പ് പദ്ധതി സൈറ്റ് പോലെ ആളുകൾ കൂട്ടം കൂടുന്ന സ്ഥലങ്ങളിൽ വച്ച് പരിശീലനം ആവശ്യം ഉള്ളവർക്ക് അത് നൽകുന്ന രീതി അവലംബിക്കാവുന്നതാണ്. ഇങ്ങനെ പരിശീലനം നൽകുമ്പോൾ അവരുടെ ജോലി സമയം കഴിഞ്ഞുള്ള ഇടവേളകളിൽ മാത്രമേ പരിശീലനം നൽകുവാൻ പാടുള്ളൂ. ഡിജിറ്റൽ സാക്ഷരതാ പരിശീലനം ഒരു തരത്തിലും അവരുടെ പ്രവൃത്തിയെ ബാധിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

c. **വീടുകൾ കേന്ദ്രീകരിച്ച് പരിശീലനം–**സ്കൂളുകളിലേക്കും വായനശാലകളിലേക്കും എത്തിപ്പെടാൻ കഴിയാത്ത പരിശീലനാർത്ഥികൾക്ക് വീടുകളിൽ എത്തി പരിശീലനം നൽകാനുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്. ഡിജിറ്റൽ സാക്ഷരതാ പരിശീലനം ആവശ്യമുണ്ട് എന്ന് കണ്ടെത്തുന്നവർക്ക് അവരുടെ വീടുകളിൽ തന്നെയുള്ള, സ്മാർട്ട് ഫോൺ ഉപയോഗിച്ച് പരിചയമുള്ള, യുവതി-യുവാക്കളെയും വിദ്യാർത്ഥികളേയും ഉപയോഗിച്ച് പരിശീലനം നല്കാവുന്നതാണ്. ഇങ്ങനെ പരിശീലനം നൽകുമ്പോഴും ക്ലസ്റ്റർ രീതിയിൽ വിവരിച്ച മാതൃകയിൽ പഠിതാവിനെ ഒരു വോളണ്ടിയറുടെ കീഴിൽ 'map' ചെയ്ത ശേഷം മാത്രമേ പരിശീലനം നൽകുവാൻ പാടുള്ളൂ. പ്രസ്തുത പഠിതാവ് ഡിജിറ്റൽ സാക്ഷരത നേടി എന്ന് ഉറപ്പാക്കേണ്ട ചുമതല ബന്ധപ്പെട്ട വോളണ്ടിയറുടേത് തന്നെ ആയിരിക്കും.

ii. പരിശീലന മോഡ്യൂൾ

ഡിജിറ്റൽ സാക്ഷരതാ പരിശീലനം ആവശ്യമുള്ള ഒരു വ്യക്തിയ്ക്ക് സ്മാർട്ട്ഫോൺ ഉപയോഗിച്ച് അടിസ്ഥാനപരമായ പരിശീലനം നൽകുന്നതിനുള്ള മോഡ്യൂൾ ആണ് തയ്യാറാക്കിയിട്ടുള്ളത്. കിലയുടെ നേതൃത്വത്തിൽ നടത്തിയ സംസ്ഥാനതല വർക്ക്ഷോപ്പിൽ ചർച്ച ചെയ്ത് അന്തിമമാക്കിയ മോഡ്യൂൾ ആണ് ഇതിന് ഉപയോഗിക്കുന്നത്. പരിശീലന മോഡ്യൂൾ ഡിജിറ്റൽ കോപ്പിയായി തയ്യാർ ചെയ്ത് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്. ആയതിന്റെ ആവശ്യം എണ്ണം കോപ്പികൾ അതത് തദ്ദേശ സ്ഥാപനം പ്രിന്റ് ചെയ്ത് പഠിതാക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്.

3. മൂല്യ നിർണ്ണയ പ്രക്രിയ

ഓരോ പഠിതാവിന്റെയും പരിശീലനത്തിന്റെ പുരോഗതി രേഖപ്പെടുത്തുന്നതിനുള്ള 'ഡിജിറ്റൽ

പ്രോഗ്രസ് കാർഡ് സംവിധാനം മൊബൈൽ ആപ്ലിക്കേഷനിൽ ഉണ്ടായിരിക്കും. ഓരോ ഘട്ടം പരിശീലനത്തിലും നേടുന്ന പുരോഗതി ഈ 'ഡിജിറ്റൽ പ്രോഗ്രസ് കാർഡ്'-ൽ പരിശീലനം നൽകുന്ന വോളണ്ടീയർമാർ രേഖപ്പെടുത്തുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ആളുകളുടെ പഠന പുരോഗതി, പരിശീലനത്തിനായി വികസിപ്പിക്കുന്ന മൊബൈൽ ആപ്പ് തന്നെ ഉപയോഗിച്ച് വിലയിരുത്തേണ്ടതാണ്. ഇതിനായി ഒരു 'evaluation module' മൊബൈൽ ആപ്ലിക്കേഷനിൽ ഉൾച്ചേർക്കുന്നതാണ്. പരിശീലനം നൽകിയ മാതൃകയിൽ തെരഞ്ഞെടുക്കപ്പെട്ട വോളണ്ടിയർമാരെ നിയോഗിച്ച് തന്നെയായിരിക്കും മൂല്യ നിർണ്ണയവും നടത്തേണ്ടത്. എന്നാൽ ഒരു പഠിതാവിന് പരിശീലനം നൽകിയ വോളണ്ടിയർ യാതൊരു കാരണവശാലും അതേ പഠിതാവിന്റെ പഠന പുരോഗതി മൂല്യ നിർണ്ണയം നടത്തുവാൻ പാടില്ല. ഓരോ പഠിതാവിന്റെയും ഡിജിറ്റൽ സാക്ഷരത പരിശോധിച്ച് അത് മൊബൈൽ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തി കഴിയുമ്പോൾ മൂല്യ നിർണ്ണയ പ്രക്രിയ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അപ്പോൾ തന്നെ ഒരു ഡിജിറ്റൽ സാക്ഷരതാ സാക്ഷ്യപത്രം നൽകി അവർ വിജയിച്ചതായി കണക്കാക്കുന്നതാണ്.

മൂല്യനിർണ്ണയത്തിൽ പരാജയപ്പെടുന്നവർക്ക് വീണ്ടും ആവശ്യമായ പരിശീലനം നൽകുകയും ഡിജിറ്റൽ സാക്ഷരത ലഭിച്ചു എന്ന് ഉറപ്പാക്കി വീണ്ടും മൂല്യ നിർണ്ണയം നടത്തുകയും വേണം. മൂന്ന് തവണയിൽ കൂടുതൽ പരാജയപ്പെട്ടാൽ തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന ഡിജിറ്റൽ സാക്ഷരതാ സമിതി, ഇവർക്ക് പ്രത്യേക പരിഗണന നൽകി ഓരോ വ്യക്തിക്കും പ്രത്യേകം ശ്രദ്ധ നൽകി പഠിപ്പിച്ചെടുക്കേണ്ടതാണ്.

ഡിജി കേരളം പദ്ധതി വിജയകരമായി പൂർത്തിയാക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും, നിയോജക മണ്ഡലങ്ങൾക്കും, ജില്ലകൾക്കും ബഹു. മുഖ്യമന്ത്രിയുടെ സി. എം. ഡിജിറ്റൽ അവാർഡ് നൽകുന്നതാണ്. സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 10 സ്ഥാപനങ്ങൾക്കും, 140 നിയോജക മണ്ഡലങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 10 മണ്ഡലങ്ങൾ ക്കും 14 ജില്ലകളിൽ 4 ജില്ലകൾക്കും അവരുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പ്ലാറ്റിനം, സ്വർണ്ണം, വെള്ളി, വെങ്കലം എന്നിങ്ങനെ തിരിച്ച് അവാർഡ് നൽകുന്നതാണ്.

4. സംഘടനാ സംവിധാനം

'ഡിജി കേരളം' പദ്ധതിയുടെ പ്രവർത്തനങ്ങൾ ഓരോ തലത്തിലും ഏകോപിപ്പിക്കുന്നതിനും പരിശോധിയ്ക്കുന്നതിനും ചുവടെ ചേർത്തിട്ടുള്ള മാതൃകയിൽ സംഘടനാ സംവിധാനങ്ങൾ രൂപീകരിക്കേണ്ടതാണ്. എല്ലാതലത്തിലും രൂപീകരിക്കുന്ന മോണിട്ടറിംഗ് സമിതികൾ പദ്ധതിയുടെ മൊത്തത്തിലുള്ള നിർവ്വഹണത്തിനും മോണിട്ടറിങ്ങിനും മേൽനോട്ടം വഹിക്കേണ്ടതാണ്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങൾ, മൊബൈൽ ആപ്ലിക്കേഷൻ, വെബ്പോർട്ടൽ, റിപ്പോർട്ടുകൾ തയ്യാറാക്കൽ എന്നിവ സാങ്കേതിക സമിതിയുടെ ചുമതലയായിരിക്കും.

i. സംസ്ഥാന തലം

'ഡിജി കേരളം' പദ്ധതിയുമായി യോജിച്ച് പ്രവർത്തിക്കുന്ന വകുപ്പുകളുടെ സംസ്ഥാനതല ഉദ്യോഗസ്ഥരെ ചേർത്ത് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 'ഡിജി കേരളം' സംസ്ഥാന മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതാണ്.

പദ്ധതി നിർവഹണത്തിനുള്ള സമയക്രമം

ക്രമ നമ്പർ	പ്രവർത്തി	സമയക്രമം
1.	വോളണ്ടീയർമാരുടെ രജിസ്ട്രേഷൻ	17/05/2024ന് പുനരാരംഭിച്ച് 30/06/2024 ന് മുൻപ് പൂർത്തിയാക്കണം
2	സംസ്ഥാനത്ത് ഒടാകെ വിവര ശേഖരണം	2024 ജൂൺ 6 മതൽ 30വരെ

3.	വോളണ്ടിയർമാരുടെ പരിശീലനം	2024 ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെ
4.	പഠിതാക്കളുടെ പരിശീലനം	2024 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 30 വരെ
5.	പരിശീലനം ലഭിച്ച പഠിതാക്കളുടെ മൂല്യനിർണ്ണയം	2024 ഒക്ടോബർ 1 മുതൽ
6.	പുനഃ പരിശീലനം ലഭിച്ച പഠിതാക്കളുടെ മൂല്യനിർണ്ണയം	2024 ഒക്ടോബർ 5 മുതൽ 15 വരെ
7.	തദ്ദേശ സ്ഥാപനങ്ങൾ ഡിജിറ്റൽ സാക്ഷരത നേടിയതായ പ്രഖ്യാപനം	2024 ഒക്ടോബർ 5 മുതൽ 31 വരെ
8.	സംസ്ഥാനം സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയതായുള്ള പ്രഖ്യാപനം	2024 നവംബർ 1

'ഡിജി കേരളം' സംസ്ഥാനതല മോണിറ്ററിംഗ് സമിതി

- ബഹു. മുഖ്യമന്ത്രി- ചെയർമാൻ
- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി — വൈസ് ചെയർമാൻ
- പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് —കൺവീനർ
- പ്രിൻസിപ്പൽ സെക്രട്ടറി ഐ.റ്റി. വകുപ്പ് — അംഗം
- പ്രിൻസിപ്പൽ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പ് — അംഗം
- പ്രിൻസിപ്പൽ ഡയറക്ടർ - സംസ്ഥാന നോഡൽ ഓഫീസർ
- ഡയറക്ടർ, റൂറൽ - അംഗം
- ഡയറക്ടർ, അർബൻ - അംഗം
- എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ — അംഗം
- എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ — അംഗം
- ഡയറക്ടർ ജനറൽ - കില
- ചെയർമാൻ, മുനിസിപ്പൽ ചെയർപെഴ്സൺസ് ചേമ്പർ - അംഗം
- ചെയർമാൻ, മേയേഴ്സ് കൗൺസിൽ - അംഗം
- പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ - അംഗം
- പ്രസിഡന്റ്, ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ - അംഗം

- പ്രസിഡന്റ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ - അംഗം
- ഡയറക്ടർ, സാമൂഹിക സന്നദ്ധസേന- അംഗം
- ഡയറക്ടർ, സാക്ഷരത മിഷൻ- അംഗം
- സെക്രട്ടറി, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ- അംഗം
- സെക്രട്ടറി, യൂത്ത് വെൽഫയർ ബോർഡ്- അംഗം
- സ്റ്റേറ്റ് കോർഡിനേറ്റർ, എൻ എസ് എസ്- അംഗം
- രജിസ്ട്രാർ, ടെക്നിക്കൽ യൂണിവേഴ്സിറ്റി- അംഗം
- രജിസ്ട്രാർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി- അംഗം
- ഡെപ്യൂട്ടി ഡയറക്ടർ എൽ.എസ്.ജി.ഡി., പ്രിൻസിപ്പൽ ഡയറക്ടറേറ്റ് — അസിസ്റ്റന്റ് നോഡൽ ഓഫീസർ
- അസിസ്റ്റന്റ് ഡയറക്ടർ എൽ.എസ്.ജി.ഡി. , പ്രിൻസിപ്പൽ ഡയറക്ടറേറ്റ് — അസിസ്റ്റന്റ് നോഡൽ ഓഫീസർ

ii. ജില്ലാ തലം

സംസ്ഥാന മാതൃകയിൽ ജില്ലാതലത്തിൽ ബഹു. എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എന്നിവർ രക്ഷാധികാരികൾ ആയും ജില്ലാ കലക്ടർ അദ്ധ്യക്ഷനും ആയി 'ഡിജി കേരളം' ജില്ലാതല മോണിറ്ററിംഗ് സമിതിയും രൂപീകരിക്കേണ്ടതാണ്.

'ഡിജി കേരളം' ജില്ലാതല മോണിറ്ററിംഗ് സമിതി

- ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് —ചെയർമാൻ
- ജില്ലാ കലക്ടർ —കോ-ചെയർമാൻ
- ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് —കൺവീനർ & ജില്ലാ നോഡൽ ഓഫീസർ
- തദ്ദേശ സ്ഥാപന അദ്ധ്യക്ഷന്മാരുടെ സംഘടനാ പ്രതിനിധികൾ - അംഗങ്ങൾ
- പ്രോജക്ട് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ— അംഗം
- തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർമാർ - അംഗങ്ങൾ
- ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ — അംഗം
- ജില്ലാ കോ-ഓർഡിനേറ്റർ, ഇൻഫർമേഷൻ കേരളാ മിഷൻ — അംഗം

- സെക്രട്ടറി, ജില്ല ലൈബ്രറി കൗൺസിൽ-അംഗം
- പ്രൊജക്ട് ഓഫീസർ/TEM/TDM- അംഗം
- കൈലയുടെ പ്രതിനിധി- അംഗം
- സാക്ഷരത മിഷൻ ജില്ല കോർഡിനേറ്റർ- അംഗം
- എൻ.എസ്.എസ്. ജില്ല കോർഡിനേറ്റർ- അംഗം
- ജില്ലാ പ്രോഗ്രാം മാനേജർ - അംഗം
- കമ്മ്യൂണിറ്റി ഡവലപ്മെന്റ് എക്സ്പർട്ട് — അംഗം

iii. **നിയോജക മണ്ഡലതലം**

ജില്ലാ മാതൃകയിൽ നിയോജക മണ്ഡല തലത്തിൽ ബന്ധപ്പെട്ട എം.എൽ.എ. അദ്ധ്യക്ഷനും ജില്ലാ നോഡൽ ഓഫീസർ കൺവീനറും ആയി 'ഡിജി കേരളം' നിയോജക മണ്ഡലതല മോണിറ്ററിംഗ് സമിതിയും രൂപീകരിക്കേണ്ടതാണ്.

'ഡിജി കേരളം' നിയോജക മണ്ഡലതല മോണിറ്ററിംഗ് സമിതി

- ബന്ധപ്പെട്ട എം.എൽ.എ.— അദ്ധ്യക്ഷൻ
- എം.എൽ.എ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ— കൺവീനർ
- നഗരസഭാ അദ്ധ്യക്ഷന്മാർ - അംഗങ്ങൾ
- നഗരസഭാ സെക്രട്ടറിമാർ - അംഗങ്ങൾ
- ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷന്മാർ - അംഗങ്ങൾ
- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ — അംഗങ്ങൾ
- ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാർ - അംഗങ്ങൾ
- ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ — അംഗങ്ങൾ

iv. **തദ്ദേശ സ്വയംഭരണ സ്ഥാപനതലം**

പദ്ധതിയുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ എല്ലാം നടക്കുന്നത് തദ്ദേശ സ്ഥാപനതലത്തിൽ ആയതിനാൽ എല്ലാ പ്രവർത്തനങ്ങളും ഏറ്റവും കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഒരു തദ്ദേശ സ്ഥാപനതല കമ്മിറ്റിയും ഒരു ടെക്നിക്കൽ സബ്ബ് കമ്മിറ്റിയും രൂപീകരിക്കേണ്ടതാണ്.

'ഡിജി കേരളം' — തദ്ദേശ സ്ഥാപനതല മോണിട്ടറിംഗ് സമിതി

- തദ്ദേശ സ്ഥാപന അദ്ധ്യക്ഷൻ — അദ്ധ്യക്ഷൻ
- തദ്ദേശ സ്ഥാപന സെക്രട്ടറി — കൺവീനർ
- എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും — അംഗങ്ങൾ
- പ്രമുഖ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ - അംഗങ്ങൾ
- 'ഡിജി കേരളം' കോ-ഓർഡിനേറ്റർ* - അംഗം
- ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ മെമ്പർമാർ - അംഗങ്ങൾ
- ബ്ലോക്ക് പഞ്ചായത്തിലെ ചുമതലയുള്ള ഉദ്യോഗസ്ഥൻ- അംഗം
- സി.ഡി.എസ്. ചെയർപേഴ്സൺ - അംഗം
- തദ്ദേശ സ്ഥാപനതല അസിസ്റ്റന്റ് സെക്രട്ടറി—നോഡൽ ഓഫീസർ
- ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥ പ്രതിനിധി - അംഗം
- ബ്ലോക്ക് ആർ.ജി.എസ്.എ. കോ-ഓർഡിനേറ്റർ, Thematic Expert — അംഗം
- ടെക്നിക്കൽ അസിസ്റ്റന്റ്, ഐ.കെ.എം. — അംഗം
- സാക്ഷരത പ്രേരക്- അംഗം
- SC പ്രൊമോട്ടർ- അംഗം
- ST പ്രൊമോട്ടർ- അംഗം
- പ്രോഗ്രാം ഓഫീസർ എൻ എസ് എസ്- അംഗം

- സന്നദ്ധ സേവന തൽപരതയും സംഘാടന മികവുമുള്ള ഒരു വ്യക്തിയെ തദ്ദേശ സ്ഥാപനം 'ഡിജി കേരളം' കോ-ഓർഡിനേറ്റർ ആയി തെരഞ്ഞെടുക്കേണ്ടതാണ്. ആവശ്യമെങ്കിൽ തദ്ദേശ സ്ഥാപനം തീരുമാനിക്കുന്ന ഒന്നോ രണ്ടോ അംഗങ്ങളെ കൂടി സമതിയുടെ ഭാഗമാക്കാവുന്നതാണ്.

വാർഡ്/ഡിവിഷൻ തലം

വാർഡ്/ഡിവിഷൻ തലത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും വാർഡ്/ഡിവിഷൻ തല മോണിട്ടറിംഗ് സമിതി രൂപീകരിക്കേണ്ടതാണ്. പദ്ധതി മോണിറ്ററിംഗിനായി വാർഡ് തല കോർഡിനേറ്ററായി ഗ്രാമസഭ കോർഡിനേറ്ററെ ചുമതലപ്പെടുത്താവുന്നതാണ്.

'ഡിജി കേരളം' — വാർഡ്/ഡിവിഷൻതല മോണിട്ടറിംഗ് സമിതി

- വാർഡ് മെമ്പർ/ഡിവിഷൻ കൗൺസിലർ — അദ്ധ്യക്ഷൻ

- വാർഡ് /ഡിവിഷൻതല ചുമതലയുള്ള ഉദ്യോഗസ്ഥ/ൻ — കൺവീനർ
- സി.ഡി.എസ്. അംഗം - അംഗം
- എ.ഡി.എസ്. അംഗങ്ങൾ - അംഗം

5. **പദ്ധതിയ്ക്കുള്ള വിഭവസ്രോതസ്സ്**

വോളണ്ടിയർമാരുടെ ഭക്ഷണം, അവർക്ക് വേണ്ട സുരക്ഷിതമായ യാത്ര ഒരുക്കൽ, മറ്റ് പ്രിന്റിംഗ് ചെലവുകൾ തുടങ്ങി ഡിജി കേരളം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള എല്ലാ ചെലവുകളും സാക്ഷരതാ പ്രവർത്തന അക്കൗണ്ടിൽ നിന്ന് തദ്ദേശ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. പ്രസ്തുത അക്കൗണ്ടിൽ തുകയില്ലെങ്കിൽ മാത്രം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാവുന്നതാണ്. (ഇതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി ഒരു ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് പരമാവധി മൂന്ന് ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്).

അനുബന്ധം

Digi Keralam — Survey Questionnaire

(The mobile application to collect the field level details of digitally illiterate shall be designed on the following sequence of questions asked and responses received)

1.പേര് -

2. വയസ്സ് -

3. ലിംഗം -

4. വിദ്യാഭ്യാസ യോഗ്യത -

5. തൊഴിൽ -

6. കുടുംബശ്രീ അംഗമാണോ ?

7. തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡ് ഉണ്ടോ ?

8. സ്മാർട്ട്ഫോൺ/കമ്പ്യൂട്ടർ ഉപയോഗിക്കാൻ അറിയാമോ ?

(ഈ ചോദ്യത്തിന് 'അല്ല' എന്നാണ് ഉത്തരം എങ്കിൽ ഡിജിറ്റൽ സാക്ഷരത ഇല്ല എന്നും, 'അതെ' എന്നാണ് ഉത്തരം എങ്കിൽ ഇനിയുള്ള ചോദ്യങ്ങൾ ചോദിയ്ക്കാവുന്നതാണ്)

9. സ്വന്തമായി സോഷ്യൽ മീഡിയ സൈറ്റുകൾ ഉപയോഗിക്കാൻ അറിയാമോ?

10. ചുവടെ ചേർത്തിട്ടുള്ള ഏതെങ്കിലും സർക്കാർ പദ്ധതി വഴിയാണോ ഡിജിറ്റൽ സാക്ഷരത കൈവരിച്ചത്

i. ബാലസഭ ii. അയൽക്കൂട്ടം iii. ഇ-മുറ്റം iv. അക്ഷയ v. മറ്റുള്ളവ

11. ഏതൊക്കെ സോഷ്യൽ മീഡിയ സൈറ്റുകൾ ഉപയോഗിക്കാൻ അറിയാം— Whatsapp, Facebook, Instagram, Twitter, Telegram, Signal, etc.

(ഈ ചോദ്യത്തിന് ഉത്തരം നൽകുവാൻ *check box നൽകം. ഏതെങ്കിലും ഒരു സോഷ്യൽ മീഡിയ ആപ്ലിക്കേഷൻ ഉപയോഗിക്കാൻ അറിയാം എങ്കിൽ* അടുത്ത ഘട്ടത്തിലേക്കുള്ള ചോദ്യങ്ങൾ ചോദിയ്ക്കാം)

12. ഓൺലൈൻ ആയി സാധന സാമഗ്രികൾ വാങ്ങാൻ അറിയാമോ?

13. സ്മാർട്ട്ഫോണ് ഉപയോഗിച്ച് സ്വന്തമായി ഓൺലൈന് ബാങ്കിംഗ്/ പെയ്മെൻറ് ആപ്പുകൾ ഉപയോഗിക്കാൻ അറിയാമോ?

14. സർക്കാർ സേവനങ്ങൾ ഓൺലൈന് ആയി പ്രയോജനപ്പെടുത്താൻ അറിയാമോ?

പരിശീലന മൊഡ്യൂൾ

മൊഡ്യൂൾ-1

1. സ്മാർട്ട് ഫോൺ ഓൺ ചെയ്യാനും ഓഫ് ചെയ്യാനും അറിയുക.
2. സ്മാർട്ട് ഫോൺ ഉപയോഗിച്ച് ഒരു കോൾ ചെയ്യാനും സ്വീകരിക്കാനും അറിയുക.
3. സ്മാർട്ട് ഫോൺ ഉപയോഗിച്ച് ഫോട്ടോ എടുക്കാൻ അറിയുക.
4. സ്മാർട്ട് ഫോൺ ഉപയോഗിച്ച് മെസ്സേജുകൾ അയയ്ക്കുവാനും സ്വീകരിക്കുവാനും അറിയുക.
5. സ്മാർട്ട് ഫോണിൽ ഒരു പുതിയ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യാൻ അറിയുക.

മൊഡ്യൂൾ-2

1. സ്മാർട്ട് ഫോൺ ഉപയോഗിച്ച് ഇ-മെയിൽ അയയ്ക്കുവാനും സ്വീകരിക്കുവാനും അറിയുക.
2. ഒരു സോഷ്യൽ മീഡിയ ആപ്ലിക്കേഷനിൽ (Whatsapp, Facebook പോലുള്ളവ) സ്വന്തമായി പ്രൊഫൈൽ ഉണ്ടാക്കുവാനും ഒരു facebookപേജ് like ചെയ്യാനും അറിയുക.
3. ഒരു സോഷ്യൽ മീഡിയ ആപ്ലിക്കേഷൻ (Whatsappപോലുള്ളവ) ഉപയോഗിച്ച് ടെക്സ്റ്റ് മെസ്സേജുകൾ അയയ്ക്കാനും സ്വീകരിക്കാനും അറിയുക.
4. ഒരു സോഷ്യൽ മീഡിയ ആപ്ലിക്കേഷൻ (Whatsappപോലുള്ളവ) ഉപയോഗിച്ച് വോയ്സ് മെസ്സേജുകൾ അയയ്ക്കുവാനും സ്വീകരിക്കാനും അറിയുക.
5. ഓൺലൈൻ മാധ്യമങ്ങളിൽ വീഡിയോ കോൺഫറൻസ് (ഗൂഗിൾ മീറ്റ് പോലുള്ളവ) ആപ്ലിക്കേഷൻ ഉപയോഗിക്കുവാൻ അറിയുക

മൊഡ്യൂൾ-3

1. ഗൂഗിൾ സെർച്ച് വഴി വിവരങ്ങൾ, ചിത്രങ്ങൾ ശേഖരിക്കുവാൻ അറിയുക

2. YouTube ഉപയോഗിച്ച് വീഡിയോ കാണുവാനും, ഒരു YouTube ചാനൽ subscribe ചെയ്യാനും അറിയുക

3. ഓൺലൈൻ ആയി ഗാർഹിക ഉപയോഗത്തിനുള്ള ഗ്യാസ് ബുക്ക് ചെയ്യാനും വൈദ്യുതി ബില്ലുകൾ പെയ്മെന്റ് നടത്താനും അറിയുക

4. സർക്കാർ സേവനങ്ങൾ ഓൺലൈൻ ആയി ഉപയോഗിക്കുവാൻ അറിയുക (ILGMS, KSMART, eDistrict, മുതലായവ)

5. ബഹു. മുഖ്യമന്ത്രിയുടെ 'സത്യമേവ ജയതേ' പദ്ധതിയുടെ വിശദാംശങ്ങൾ

ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: pd.lsgd@kerala.gov.in

No. LSGD/PD/116/2025-DPLB2 തീയതി: 14-03-2025

സർക്കുലർ

വിഷയം: തദ്ദേശസ്വയം ഭരണ വകുപ്പ്- പ്രിൻസിപ്പൽ ഡയറക്ടറേറ്റ്- ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ കെ സ്മാർട്ട് സോഫ്റ്റ് വെയർ വിന്യസിക്കുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും, ബ്ലോക്ക് പഞ്ചായത്തുകളിലും, ജില്ലാ പഞ്ചായത്തുകളിലും 2025 ഏപ്രിൽ 1 മുതൽ നിലവിൽ ഉപയോഗിച്ച് വരുന്ന സോഫ്റ്റ് വെയറിന് പകരമായി KSMART (Kerala Solution for Managing Administrative Reformation and Transformation) സംവിധാനം ഏർപ്പെടുത്തുകയാണ്. കെ സ്മാർട്ടിന്റെ കാര്യക്ഷമമായ വിന്യാസത്തിനും നടത്തിപ്പിനുമായി നിരവധി ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ആയതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ എല്ലാ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ അടിയന്തിരമായി പാലിക്കേണ്ടതും ആവശ്യമായ ക്രമീകരണങ്ങൾ 01.04.2025 മുതൽ ഏർപ്പെടുത്തേണ്ടതുമാണ് .

1. കെ സ്മാർട്ട് വിന്യാസത്തിന്റെ ഭാഗമായി 2025 മാർച്ച് 31 മുതൽ ഏപ്രിൽ 5 വരെ സേവനങ്ങൾക്കായി ജനങ്ങൾക്ക് അപേക്ഷകൾ നൽകാൻ കഴിയുന്നതല്ല. 2025 ഏപ്രിൽ 1 മുതൽ 9 വരെ ഉദ്യോഗസ്ഥ തലത്തിലും സോഫ്റ്റ് വെയറുകൾ പ്രവർത്തിക്കുന്നതല്ല. ഈ വിവരം സോഷ്യൽ മീഡിയ മുഖേനയോ മറ്റേതെങ്കിലും മാർഗ്ഗം മുഖേനയോ പൊതുജനങ്ങളെ അറിയിക്കേണ്ടതും ഓഫീസിൽ പൊതുജനങ്ങൾക്ക് ദൃശ്യമാകും വിധം പ്രദർശിപ്പിക്കേണ്ടതുമാണ്

2. ഗ്രാമപഞ്ചായത്തുകളിൽ ചെയ്യേണ്ടതായ പ്രവർത്തനങ്ങൾ

A) GSPARK അപ്ഡേഷൻ

സെക്രട്ടറി അടക്കമുള്ള ഗ്രാമപഞ്ചായത്ത് ഓഫീസിലെ എല്ലാ സ്ഥിരം ജീവനക്കാരുടെയും വിവരങ്ങൾ GSPARK ൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഡെപ്യൂട്ടേഷനിൽ ഉള്ള ജീവനക്കാരുടെ വിവരങ്ങളും GSPARK ൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ജീവനക്കാരുടെ GSPARK ഐ.ഡി, KSMART ൽ ഉപയോഗപ്പെടുത്തുന്നതിനാൽ തന്നെ GSPARK ലെ തസ്തിക, ഫോൺ നമ്പർ എന്നിവ ശരിയാണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. GSPARK ൽ ജീവനക്കാരിൽ ആരെങ്കിലും നിലവിൽ മറ്റ് ഓഫീസുകളിൽ ആണ് ഉള്ളതെങ്കിൽ അവരെ GSPARK ൽ നിലവിലുള്ള ഓഫീസിലേക്ക് ട്രാൻസ്ഫർ

ചെയ്യേണ്ടതാണ്, ഇല്ലാത്ത ജീവനക്കാർക്ക് GSPARK ൽ ഐഡി പുതിയതായി സൃഷ്ടിക്കേണ്ടതാണ്.

എൻജിനീയറിങ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ, ക്ലാർക്ക് എന്നിവരുടെ കാര്യത്തിൽ ശമ്പളം സ്പാർക്ക് വഴിയാണ് നൽകുന്നതെങ്കിൽ സ്പാർക്കിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയും, ശമ്പളം പഞ്ചായത്ത് ഫണ്ടിൽ നിന്ന് പഞ്ചായത്ത് ഓഫീസ് മുഖേനയാണ് നൽകുന്നത് എങ്കിൽ GSPARK ൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതുമാണ്. ഓഫീസിലെ താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ (Temporary Employees) താൽക്കാലിക ജീവനക്കാരായി GSPARK ൽ ചേർക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഓഫീസിലെ എല്ലാ താൽക്കാലിക ജീവനക്കാരുടെയും വിവരങ്ങൾ താൽക്കാലിക ജീവനക്കാരായി (Temporary Employees) GSPARK ൽ ചേർക്കേണ്ടതാണ്.

B) സിവിൽ രജിസ്ട്രേഷൻ.

ജനന മരണ വിവാഹ രജിസ്ട്രേഷനുകളിൽ നിലവിലുള്ള എല്ലാ അപേക്ഷകളും 2025 മാർച്ച് 31 ന് മുമ്പായി തീർപ്പാക്കേണ്ടതാണ്. 2025 മാർച്ച് 31 ന് സിവിൽ രജിസ്ട്രേഷൻ സംബന്ധിച്ച് പുതിയ അപേക്ഷകൾ സ്വീകരിക്കുന്നത് താൽക്കാലികമായി നിർത്തലാക്കുന്നതിനാൽ ആയത് സംബന്ധിച്ച അറിയിപ്പുകൾ ആശുപത്രികൾ, അക്ഷയ കേന്ദ്രങ്ങൾ, പൊതുജനങ്ങൾ എന്നിവർക്ക് നൽകേണ്ടതാണ്. ജില്ലാ രജിസ്ട്രാറിൽ നിന്നും, ചീഫ് രജിസ്ട്രാറിൽ നിന്നും അനുമതി ലഭിക്കേണ്ടതായ അപേക്ഷകൾ ജില്ലാ രജിസ്ട്രാർമാരും ചീഫ് രജിസ്ട്രാറും 2025 മാർച്ച് 25 ന് മുൻപായി തീർപ്പാക്കേണ്ടതും ഇപ്രകാരം തിരികെ ലഭിച്ച അപേക്ഷകൾ ഗ്രാമപഞ്ചായത്തുകൾ 2025 മാർച്ച് 31ന് മുമ്പായി തീർപ്പാക്കേണ്ടതുമാണ്. വിവാഹ രജിസ്ട്രേഷനുകളിൽ ഭർത്താവും ഭാര്യയും നേരിട്ട് ഹാജരായി ഒപ്പ് രേഖപ്പെടുത്താത്തത് മൂലം അവശേഷിക്കുന്ന അപേക്ഷകളുടെ കാര്യത്തിൽ നിശ്ചിത ദിവസത്തിനകം ഓഫീസിൽ ഹാജരാകാനും അല്ലാത്തപക്ഷം അപേക്ഷ നിരസിക്കുന്നതാണ് എന്ന വിവരം അപേക്ഷകരെ അറിയിക്കേണ്ടതും അപേക്ഷകൾ 2025 മാർച്ച് 31ന് മുമ്പായി തീർപ്പാക്കേണ്ടതുമാണ്. പാസ്റ്റ് ഡാറ്റാ എൻട്രി നടത്തിയിട്ടുള്ള എല്ലാ റെക്കോർഡുകളും 2025 മാർച്ച് 31ന് മുമ്പായി തീർപ്പാക്കേണ്ടതാണ്.

C) പ്രോപ്പർട്ടി ടാക്സ്

ILGMS സോഫ്റ്റ്‌വെയറിൽ നിലവിലുള്ള എല്ലാ അപേക്ഷകളും നടപടി പൂർത്തീകരിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ അപ്ഡേറ്റ് ചെയ്ത് 2025 മാർച്ച് 31 നകം ഡിജിറ്റൽ സൈൻ ചെയ്യേണ്ടതാണ്. നടത്തേണ്ടതായുള്ള ഡാറ്റ പ്യൂരിഫിക്കേഷൻ 2025 മാർച്ച് 31 നകം പൂർത്തീകരിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിലെ discrepancy tab ൽ ലിസ്റ്റ് ചെയ്തിരിക്കുന്ന എല്ലാ അപാകങ്ങളും 2025 മാർച്ച് 31 നകം പരിഹരിക്കേണ്ടതാണ്

D) കെട്ടിട നിർമ്മാണ അനുമതി (സങ്കേതം)

2025 മാർച്ച് 31 ന് കെട്ടിട നിർമ്മാണ അനുമതിക്കായുള്ള പുതിയ അപേക്ഷകൾ sanketham വഴി സ്വീകരിക്കുന്നത് നിർത്തലാക്കുന്നതാണ്. സങ്കേതത്തിൽ ലഭിച്ചിട്ടുള്ള നിലവിലുള്ള എല്ലാ അപേക്ഷകളും 2025 ഏപ്രിൽ 30 നകം നടപടികൾ സ്വീകരിച്ച് തീർപ്പാക്കേണ്ടതാണ്.

E) സ്ഥാപന

2025 ഏപ്രിൽ മുതൽ സ്ഥാപന സോഫ്റ്റ് വെയർ പൂർണ്ണമായും നിർത്തലാക്കുന്നതാണ്. തുടർന്ന് ശമ്പളവും മറ്റ് അലവൻസുകളും GSPARK വഴി മാത്രം ചെയ്യേണ്ടതാണ് .

F) ILGMS ഫയലുകൾ

ILGMS സോഫ്റ്റ് വെയറിൽ Skipped Attachment ഫയലുകൾ ഒന്നും 2025 മാർ ച്ച് 3 1 ന് അവശേഷിക്കുന്നില്ല എന്ന് ഉറപ്പുവരുത്തണം. ILGMS ൽ നിലവിലുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാത്തതായ ഫയലുകളിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുന്നവ 2025 മാർച്ച് 31 നകം തീർപ്പാക്കേണ്ടതാണ്. മൈനർ ഫംഗ്ഷൻ മാറ്റം ആവശ്യമുള്ളവ ഈ തീയതിക്കുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

G) ജോലി വിഭജന രേഖ പുനഃക്രമീകരിക്കൽ

ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലെ നിലവിലെ ജോലി വിഭജനരേഖയിൽ എന്തെങ്കിലും മാറ്റം ആവശ്യമുണ്ടെങ്കിലോ നിലവിലെ ജോലി വിഭജന രേഖ പൂർണ്ണമല്ലാതിരിക്കുകയോ അപാകതകൾ ഉള്ളതായിരിക്കുകയോ ആണെങ്കിൽ ആയത് എത്രയും വേഗം പുതുക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. ആയതിനു വേണ്ടിയും കെ-സ്മാർട്ട് വിന്യസിക്കുന്നതിനു വേണ്ടിയും മാത്രമായി ജീവനക്കാരുടെ പ്രത്യേക യോഗം ചേർന്ന് ടി വിഷയം ചർച്ച ചെയ്ത് തീരുമാനങ്ങൾ സ്വീകരിച്ച് മിനിട്സ് ചെയ്യേണ്ടതാണ്. കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 184 പ്രകാരം സെക്രട്ടറി ചുമതലാ വിഭജനം നടത്തുമ്പോൾ ഓരോ സേവനങ്ങളുടെയും ഓപ്പറേറ്റർ, വെരിഫയർ, അപ്രൂവർ, എൻക്വയറി ഓഫീസർ authoriser എന്നിവരുടെ ചുമതലകൾ വഹിക്കുന്ന ജീവനക്കാർ ആരെല്ലാമാണെന്ന് കൃത്യമായി നിർവ്വചിക്കേണ്ടതാണ്. കെ-സ്മാർട്ട് വിന്യാസവുമായി ബന്ധപ്പെട്ട വിഷയവും നടപടിക്രമങ്ങളും പഞ്ചായത്ത് യോഗത്തിൽ ചർച്ച ചെയ്യേണ്ടതാണ്.

2025 ഏപ്രിൽ മാസം മുതൽ ഓഫീസ് തലത്തിലെ എല്ലാ പ്രവർത്തനങ്ങളും കെ-സ്മാർട്ട് വഴി നിർവ്വഹിക്കുന്നതിനാൽ താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള മുഴുവൻ ജീവനക്കാരും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും അവരവരുടെ ആധാർ അപ്ഡേറ്റ് ചെയ്ത് മൊബൈൽ നമ്പർ ചേർത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതുണ്ട്.

H) സർവീസ് മാപ്പിംഗ്

KSMARTൽ സർവീസുകൾ മാപ്പ് ചെയ്യുന്നതിനായി സർവീസ് മാപ്പിങ്ങുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള എക്സൽ വർക്ക് ഷീറ്റിൽ വിവരങ്ങൾ ചേർത്ത് പൂർത്തിയാക്കേണ്ടതാണ്. സർവീസ് മാപ്പിങ് നടത്തുന്നതിനായി KSMART സോഫ്റ്റ് വെയർ ഇൻഫർമേഷൻ കേരള മിഷൻ 2025 മാർച്ച് 25 നകം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്.

I) സാമ്പത്തിക നടപടികൾ സംബന്ധിച്ച്

ഓരോ അക്കൗണ്ടുകളും കൃത്യമായി RECONCILE ചെയ്ത് തയ്യാറാക്കി വയ്ക്കേണ്ടതാണ്. നിലവിൽ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ തനത് ഫണ്ടുള്ള ദേശസാൽകൃത/ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ആവശ്യമായ എണ്ണം E-POS മെഷീനുകൾ ലഭ്യമാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ബാങ്കുകളിൽ നിന്നും E-POS മെഷീനുകൾ ലഭ്യമാകാത്ത പക്ഷം Federal Bank, Canara Bank, Union

Bank, South Indian Bank, State Bank of India എന്നീ ബാങ്കുകളിൽ ഏതെങ്കിലും നിന്നും E-POS മെഷീനുകൾ ലഭ്യമാക്കാവുന്നതാണ്

J) IFTE&OS ലൈസൻസ് (വ്യാപാര-വ്യവസായ-സംരംഭക ലൈസൻസ്)

IFTE&OS ലൈസൻസ് പുതുക്കുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ ILGMS ൽ തന്നെ മാർച്ച് 31 ന് മുമ്പായി ലൈസൻസ് തയ്യാറാക്കി നൽകേണ്ടതാണ്. അവശേഷിക്കുന്ന അപേക്ഷകൾ KSMARTൽ P D E ചെയ്തതിനുശേഷം 2025 ഏപ്രിലിനുശേഷം ലൈസൻസ് അനുവദിക്കാവുന്നതാണ്.

K) LDMS

Ldms ൽ onboard.lsgkerala.gov.in എന്ന വെബ് സൈറ്റ് ൽ marriage place, hospital,village,post office തുടങ്ങിയ മാസ്റ്ററുകളുടെ Updation അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ് .

L) അടിസ്ഥാന സൌകര്യങ്ങൾ

ഓഫീസിലെ ഇന്റർനെറ്റ് കണക്ടിവിറ്റി, സ്പീഡ്, ആവശ്യമെങ്കിൽ അധിക കണക്ഷനുകൾ, കമ്പ്യൂട്ടറുകളുടെ ലഭ്യത, ഉപയോഗക്ഷമത എന്നിവ പരിശോധിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

M) സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ

കെ-സ്മാർട്ട് വിഭാവനം ചെയ്തിരിക്കുന്നത് പൌരകേന്ദ്രീകൃതമായാണ്. പൊതുജനങ്ങൾ നൽകേണ്ട അപേക്ഷകളും റിപ്പോർട്ടുകളും പരാതികളും സ്വന്തം ലോഗിൻ മുഖേനയാണ് നൽകേണ്ടത്. അതിനാൽ ഫ്രണ്ട് ഓഫീസിന് പ്രാധാന്യം ഇല്ലാത്ത സാഹചര്യമാണ് ഉണ്ടാകുന്നത് എന്നാൽ സാങ്കേതിക വിദ്യയിൽ പരിജ്ഞാനം കുറഞ്ഞവർക്കും അത് ലഭ്യമല്ലാത്തവർക്കും പ്രസ്തുത സാങ്കേതിക വിദ്യ സ്വായത്തമാവുകയും പരിചിതമാവുകയും ചെയ്യേണ്ടതുണ്ട്. അതുവരെയുള്ള കാലയളവിൽ പൊതുജനങ്ങളെ സഹായിക്കുന്നതിന് പഞ്ചായത്ത് ഓഫീസുകളിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കേണ്ടതാണ്. സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകളിൽ ലോഗിൻ ക്രിയേറ്റ് ചെയ്യുന്നതിനും അതുവഴി അപേക്ഷകൾ നല്കുന്നതിനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനും സൌകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകളിൽ ഇത്തരം സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകളുടെ ചുമതല ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ്മാർക്ക് ആയിരിക്കും. സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ടെക്നിക്കൽ അസിസ്റ്റന്റ്മാർക്കൊപ്പം സാക്ഷരത പ്രേരക് മാരുടെ സേവനം കൂടി പ്രയോജനപ്പെടുത്താവുന്നതാണ്. സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകൾക്ക് പുറമെ കുടുംബശ്രീ ഹെൽപ് ഡെസ്കുകൾ ആവശ്യാനുസരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്താവുന്നതാണ്. കുടുംബശ്രീ ഹെൽപ് ഡെസ്കുകൾ, ഹോസ്പിറ്റൽ കിയോസ്കുകൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവയ്ക്കുള്ള പിന്തുണ എന്ന രീതിയിലും ഇത്തരം സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകളും ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ്മാരും പ്രവർത്തിക്കേണ്ടതാണ്.

N. പ്രചാരണ പ്രവർത്തനങ്ങൾ (IEC Programs)

കെ-സ്മാർട്ട് വിന്യാസം സംബന്ധിച്ചും ആയത് നിർവ്വഹിക്കുന്നതു സംബന്ധിച്ചും കെ-സ്മാർട്ട് ഉപയോഗിക്കുന്നതു സംബന്ധിച്ചും പൊതുജനങ്ങൾക്കും വ്യാപാരികൾക്കും സേവനദാതാക്കൾക്കും ആവശ്യമായ അറിവു ലഭിക്കുന്ന തരത്തിലുള്ള പ്രചാര പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. പ്രാദേശിക ചാനലുകളിലും വാട്സ് ആപ്പ് ഗ്രൂപ്പുകളിലും ആവശ്യമായ പ്രചരണം നടത്തുന്നതിനുള്ള പോസ്റ്ററുകളും വീഡിയോകളും വോയിസ് ക്ലിപ്പിംഗുകളും തയ്യാറാക്കി പ്രസിദ്ധീകരിക്കാവുന്നതാണ്. പൊതുജനങ്ങൾക്ക് ലോഗിൻ ക്രിയേറ്റ് ചെയ്യാനും അപേക്ഷകൾ നൽകാനും ആവശ്യമായ സഹായം നൽകുന്നതിന് കുടുംബശ്രീ, ഹരിതകർമ്മസേന, സാക്ഷരതാ പ്രേരക്മാർ, യുവജന-സാംസ്കാരിക സംഘടനകൾ എന്നിവരെ പ്രാപ്തരാക്കേണ്ടതാണ്. ഡിജി കേരള പദ്ധതിയുടെ അടുത്ത ഘട്ടമായി എല്ലാവർക്കും കെ സ്മാർട്ട് ലോഗിൻ ക്രിയേറ്റ് ചെയ്യുന്നതിനും കെട്ടിടങ്ങൾ ലിങ്ക് ചെയ്യുന്നതിനുമുള്ള കാംപെയ്ൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്താവുന്നതാണ്

3) ബ്ലോക്ക് പഞ്ചായത്തുകളിൽ ചെയ്യേണ്ടതായ പ്രവർത്തനങ്ങൾ

ഇ-ഓഫീസിലെ *(e-office)* ഫയലുകൾ മാർച്ച് 31 നകം തീർപ്പാക്കേണ്ടതാണ് അവശേഷിക്കുന്ന ഫയലുകൾ ഡൗൺലോഡ് ചെയ്ത് KSMARTൽ പുതിയ ഫയൽ ആരംഭിക്കേണ്ടതിനാൽ തന്നെ ഇക്കാര്യത്തിൽ അതീവ ജാഗ്രത പുലർത്തേണ്ടതാണ്.

4) ജില്ലാ പഞ്ചായത്തുകളിൽ ചെയ്യേണ്ടതായ പ്രവർത്തനങ്ങൾ

സെക്രട്ടറി അടക്കമുള്ള പഞ്ചായത്ത് ഓഫീസിലെ എല്ലാ സ്ഥിരം ജീവനക്കാരുടെയും വിവരങ്ങൾ GSPARK ൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ഡെപ്യൂട്ടേഷനിൽ ഉള്ള ജീവനക്കാരുടെ വിവരങ്ങളും GSPARK ൽ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. ജീവനക്കാരുടെ GSPARK ഐ.ഡി, KSMART ൽ ഉപയോഗപ്പെടുത്തുന്നതിനാൽ തന്നെ GSPARKലെ തസ്തിക, ഫോൺ നമ്പർ എന്നിവ ശരിയാണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. GSPARK ൽ ജീവനക്കാരിൽ ആരെങ്കിലും നിലവിൽ മറ്റ് ഓഫീസുകളിൽ ആണ് ഉള്ളതെങ്കിൽ അവരെ GSPARK ൽ നിലവിലുള്ള ഓഫീസിലേക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതാണ്, ഇല്ലാത്ത ജീവനക്കാർക്ക് GSPARKൽ ഐഡി പുതുതായി ഉണ്ടാക്കേണ്ടതാണ്.

എൻജിനീയറിങ് വിഭാഗത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ കാര്യത്തിൽ ശമ്പളം സ്പാർക്ക് വഴിയാണ് നൽകുന്നതെങ്കിൽ സ്പാർക്കിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയും, ശമ്പളം പഞ്ചായത്ത് ഫണ്ടിൽ നിന്ന് പഞ്ചായത്ത് ഓഫീസ് മുഖേനയാണ് നൽകുന്നത് എങ്കിൽ GSPARKൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ (Temporary Employees) താൽക്കാലിക ജീവനക്കാരായി GSPARK ൽ ചേർക്കേണ്ടതാണ്.

പഞ്ചായത്ത് ഓഫീസിലെ എല്ലാ താൽക്കാലിക ജീവനക്കാരുടെയും വിവരങ്ങളും ടെമ്പററി ജീവനക്കാരായി GSPARK ൽ ചേർക്കേണ്ടതാണ്.

5) ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ ചുമതലകൾ

കെ-സ്മാർട്ട് ആപ്ലിക്കേഷൻ വളരെ നല്ല രീതിയിൽ ഉപയോഗിക്കപ്പെടുന്നുണ്ട് എന്ന് ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതും എന്തെങ്കിലും പ്രശ്നങ്ങളോ ബുദ്ധിമുട്ടുകളോ തദ്ദേശസ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ ശ്രദ്ധയിൽപ്പെടുത്തുന്ന പക്ഷം പ്രശ്ന പരിഹാരത്തിനായി ജില്ലാ തലത്തിൽ നിയോഗിക്കപ്പെടുന്ന ടെക്നിക്കൽ ടീമിന്റെയും ജില്ലാ നോഡൽ

ഓഫീസറുടെയും, ഇൻ്റേണൽ വിജിലൻസ് ഓഫീസർമാരുടെയും സഹായത്തോടുകൂടി ആയത് പരിഹരിക്കേണ്ടതുമാണ്. പരാതിരഹിതമായി സോഫ്റ്റ്‌വെയർ എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും വിന്യസിക്കപ്പെടുന്നുണ്ടെന്നും എല്ലാ ജീവനക്കാരും ആയത് യഥാവിധി ഉപയോഗിക്കുന്നുണ്ടെന്നും നിർദ്ദേശങ്ങളെല്ലാം കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്നും ഇന്റേണൽ വിജിലൻസ് ഓഫീസർമാർ മുഖേന പരിശോധന നടത്തി ജില്ലാ ജോയിന്റ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതും അപാകതകൾ ഉണ്ടാവുകയാണെങ്കിൽ ആയത് യഥാസമയം സ്റ്റേറ്റ് നോഡൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സർക്കാരിന്റെ സേവന നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന കെ- സ്മാർട്ട്, വിന്യസിക്കുന്നതും പരിപാലിക്കുന്നതുമായ പ്രവർത്തനങ്ങളിലുണ്ടാകുന്ന മനഃപൂർവ്വമായ വീഴ്ചകൾ ഗുരുതരമായി വീക്ഷിക്കുന്നതും ഉത്തരവാദിയാകുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

SEERAM SAMBASIVA RAO IAS
PEN : 721045
Principal Director
Local Self Government Department
Swaraj Bhavan, Nanthencode
Kowdiar PO, Tvpm - 695003

പകർപ്പ്

1. പ്രിൻസിപ്പൽ ഡയറക്ടറുടെ സി.എ ക്ക്
2. റൂറൽ ഡയറക്ടറുടെ സി.എ ക്ക്
3. അർബൻ ഡയറക്ടറുടെ സി.എ ക്ക്
4. സ്റ്റേറ്റ് നോഡൽ ഓഫീസർ കെ സ്മാർട്ട്
5. ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം
6. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
7. എല്ലാ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖാന്തിരം)

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കെ-സ്മാർട്ട് ആപ്ലിക്കേഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനുമതി നൽകിയും മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചും വിന്യസിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.ജി) വകുപ്പ്

സ.ഉ.(കൈ) നം.66/2025/LSGD തീയതി,തിരുവനന്തപുരം, 10-04-2025

പരാമർശം:-
1. സ.ഉ.(കൈ) നം.75/2022/തസ്വഭവ തീയതി, 06.04.2022
2. സ.ഉ.(കൈ) നം.279/2022/LSGD തീയതി, 31.12.2022

ഉത്തരവ്

1. ഇൻഫർമേഷൻ കേരളാ മിഷൻ തയ്യാറാക്കിയ K-SMART (Kerala Solutions for Managing Administrative Reformation and Transformation) എന്ന ആപ്ലിക്കേഷൻ കേരള സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കുറ്റമറ്റ രീതിയിൽ വിന്യസിച്ച് പ്രവർത്തിപ്പിച്ച് പരിപാലിക്കുന്നതിനായി കെ-സ്മാർട്ടിൻ്റെ പ്രവർത്തനങ്ങളും നടപടിക്രമങ്ങളും ഉൾപ്പെട്ട മാർഗ്ഗരേഖ ചുവടെ പറയും പ്രകാരം അംഗീകരിച്ച് ഉത്തരവാകുന്നു.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ

2.1 ഫ്രണ്ട് ഓഫീസ് കം സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ

(എ) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസിനോട് ചേർന്ന് സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സാങ്കേതിക വിദ്യയിൽ പരിജ്ഞാനം കുറഞ്ഞവർക്കും അത് ലഭ്യമല്ലാത്തവർക്കും പ്രസ്തുത സാങ്കേതിക വിദ്യ സ്വായത്തമാവുകയും പരിചിതമാവുകയും ചെയ്യുന്നതുവരെ പൊതുജനങ്ങളെ സഹായിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തിക്കേണ്ടതാണ്. സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകളിൽ ജനങ്ങൾക്ക് ലോഗിൻ ക്രിയേറ്റ് ചെയ്യുന്നതിനും അതുവഴി സേവനാവശ്യങ്ങൾ (Demand for Services - അപേക്ഷകൾ, മെമ്മോറാണ്ടങ്ങൾ, റിപ്പോർട്ടുകൾ, പരാതികൾ, അഭ്യർത്ഥനകൾ മുതലായവ) നൽകുന്നതിനും സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകളുടെ പൂർണ്ണ ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ടെക്നിക്കൽ അസിസ്റ്റൻറ്മാർക്ക് ആയിരിക്കും. പ്രസ്തുത സെന്ററുകളുടെ സുഗമമായ നടത്തിപ്പിന് പ്രോജക്ട് അസിസ്റ്റൻറ്, സാക്ഷരതാ പ്രേരക്, ഓഫീസ് അറ്റൻഡൻ്റ്, ഇൻ്റേണുകൾ മറ്റ് ജീവനക്കാർ തുടങ്ങിയവരെ കൂടി ആവശ്യാനുസരണം നിയോഗിക്കാവുന്നതാണ്. കുടുംബശ്രീ ഹെൽപ്പ് ഡെസ്കുകൾ ഹോസ്പിറ്റൽ കിയോസ്കുകൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവയുള്ള പിന്തുണ എന്ന രീതിയിലും ഇത്തരം സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകളും ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ്മാരും പ്രവർത്തിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ഫ്രണ്ട് ഓഫീസ് സംവിധാനത്തോട് ചേർന്ന് ഇത്തരം സിറ്റിസൺ ഫെസിലിറ്റേഷൻ സെൻററുകൾ പ്രവർത്തിക്കേണ്ടതാണ്. കെ-സ്മാർട്ട് നടപ്പിലാക്കുന്നതോടെ ഫ്രണ്ട് ഓഫീസ് കൗണ്ടറിൽ വിവരാവകാശ നിയമപ്രകാരം ഉള്ള അപേക്ഷകൾ ഒഴികെ പൊതുജനങ്ങളിൽ നിന്നും മറ്റു അപേക്ഷകൾ സ്വീകരിക്കേണ്ടതില്ല എന്നാൽ മറ്റു ഓഫീസുകളിൽ നിന്നും മേലധികാരികളിൽ നിന്നും വരുന്ന ഔദ്യോഗിക കത്തുകൾ തപാലുകൾ എന്നിവ ടി കൗണ്ടർ വഴി സ്വീകരിക്കേണ്ടതും വിവരങ്ങൾ കെ-സ്മാർട്ടിൽ ചേർക്കേണ്ടതുമാണ്

(ബി) സിറ്റിസൺ ഫെസിലിറ്റേഷൻ സെൻറർ സുഗമമായി പ്രവർത്തിക്കുന്നുവെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന

LSG GUIDE

സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്. സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകൾ നൽകുന്ന സഹായ പ്രവർത്തനങ്ങൾക്ക് യാതൊരു ഫീസും ഈടാക്കാൻ പാടുള്ളതല്ല.

(സി) സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകളിൽ എല്ലാ സേവനാവശ്യങ്ങളും സോഫ്റ്റ്‌വെയറിൽ ചേർത്തും, അവയോടൊപ്പമുള്ള അനുബന്ധങ്ങൾ സ്കാൻ ചെയ്ത് അറ്റാച്ച് ചെയ്തും മാത്രമാണ് സ്വീകരിക്കേണ്ടത്. എന്നാൽ ഏതെങ്കിലും സേവനാവശ്യത്തോടൊപ്പം ചെക്ക്, ഡിമാൻഡ് ഡ്രാഫ്റ്റ്, പോസ്റ്റൽ ഓർഡർ, ട്രഷറി ചലാൻ, ഫിക്സഡ് ഡെപ്പോസിറ്റ് രശീതി, സർവീസ് ബുക്ക്, മറ്റുള്ള Valuables, പണം ലഭിക്കുന്നതിനു വേണ്ടി ഹാജരാക്കുന്നത് ഉൾപ്പെടെയുള്ള രേഖകൾ എന്നിവയും പരിശോധന നടത്തേണ്ടതായ ബില്ലുകൾ തുടങ്ങിയ വിലപ്പെട്ട രേഖകൾ ഉള്ള പക്ഷം ആയവയുടെ scanned കോപ്പികൾ ഫയലിൽ അറ്റാച്ച് ചെയ്യേണ്ടതും അസ്സൽ ഓഫീസ് സൂപ്പർവൈസർക്ക് കൈമാറേണ്ടതുമാണ്. സർവീസ് ബുക്കുകളുടെ കാര്യത്തിൽ അതോടൊപ്പം ലഭിക്കുന്ന കത്തിൻ്റെ നമ്പർ റഫറൻസ് ആയി രേഖപ്പെടുത്തേണ്ടതും, പ്രസ്തുത കത്തും, സർവീസ് ബുക്കിലെ ഉദ്യോഗസ്ഥന്റെ പേര് രേഖപ്പെടുത്തിയ പേജിന്റെ ഇമേജും ഫയലിൽ അറ്റാച്ച് ചെയ്യേണ്ടതുമാണ്. ഇത്തരം വിലപിടിപ്പുള്ള രേഖകൾ അതത് ദിവസം തന്നെ ഓഫീസ് സൂപ്പർവൈസർക്ക് / ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്. ഓഫീസ് സൂപ്പർവൈസർ / ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ വിലപിടിപ്പുള്ള രേഖകൾ രജിസ്റ്റർ ഓഫ് വാല്യൂബ്ൾസിൽ രേഖപ്പെടുത്തി ആധികാരികമാക്കേണ്ടതും ചുമതലപ്പെട്ട സീറ്റിലേക്ക് നൽകി തുടർ നടപടി ഉറപ്പാക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥൻ അത് സുരക്ഷിതമായി സൂക്ഷിക്കേണ്ടതുമാണ്. ഫ്രണ്ട് ഓഫീസിൽ മറ്റ് ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന കത്തിടപാടുകളോടോപ്പമുള്ള വിലപിടിപ്പുള്ള രേഖകളുടെ കാര്യത്തിലും മേൽ നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2.2 കുടുംബശ്രീ ഹെൽപ്പ് ഡെസ്കുകൾ

(എ) സിറ്റിസൺ ഫെസിലിറ്റേഷൻ സെന്ററുകൾക്ക് പുറമേ ജനങ്ങൾക്ക് സേവനാവശ്യങ്ങൾ നൽകുന്നതിനും സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുമായി ആവശ്യമെങ്കിൽ കുടുംബശ്രീ ഹെൽപ്പ് ഡെസ്കുകൾ ഏർപ്പെടുത്താവുന്നതാണ്.

(ബി) കുടുംബശ്രീ ഹെൽപ്പ് ഡെസ്കുകൾ, അക്ഷയ കേന്ദ്രങ്ങൾ, തുടങ്ങിയ അംഗീകൃത സേവനദാതാക്കൾ പൊതുജനങ്ങൾക്ക് കെ-സ്മാർട്ടിൽ ലോഗിൻ നിർമ്മിച്ചു നൽകി പ്രസ്തുത ലോഗിൻ വഴി മാത്രം വിവിധ സേവനാവശ്യങ്ങളും അനുബന്ധങ്ങളും അയയ്ക്കേണ്ടതാണ്. അപ്രകാരം നിർമ്മിച്ച ലോഗിൻ വിവരം, തുടർന്നും ഉപയോഗിക്കുന്നതിനായി സേവനം ആവശ്യപ്പെടുന്നയാൾക്ക് നിർബന്ധമായും നൽകേണ്ടതാണ്.

(സി) കുടുംബശ്രീ ഹെൽപ്പ് ഡെസ്കുകൾ, അക്ഷയ കേന്ദ്രങ്ങൾ, തുടങ്ങിയ അംഗീകൃത സേവനദാതാക്കൾ വഴി സേവനങ്ങൾ നൽകുന്നതിന് ഈടാക്കാവുന്ന തുക, സംബന്ധിച്ച് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതുവരെ പരാമർശം 1 ഉത്തരവ് പ്രകാരമുള്ള തുക പ്രസ്തുത കേന്ദ്രങ്ങൾക്ക് ഈടാക്കാവുന്നതാണ്.

(ഡി) പൊതുജന സേവന കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ ആക്ഷേപം ഉള്ള പക്ഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയവ പരിശോധിക്കുകയും തുടർ നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

3.സ്ഥാപനങ്ങൾ

കെ-സ്മാർട്ടിൽ ലോഗിൻ അനുവദിക്കുന്ന ആശുപത്രികൾ, കല്യാണമണ്ഡപങ്ങൾ, പോലീസ് സ്റ്റേഷനുകൾ, ഘടകസ്ഥാപനങ്ങൾ, സബ്ബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ ഓഫീസ് മുതലായ സ്ഥാപനങ്ങളിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നൽകേണ്ട റിപ്പോർട്ടുകൾ, ആവശ്യങ്ങൾ, നിവേദനങ്ങൾ, പരാതികൾ, മറുപടികൾ എന്നിവ കെ-സ്മാർട്ടിൽ പ്രസ്തുത സ്ഥാപനങ്ങളിലെ ചുമതലക്കാർക്ക് അനുവദിക്കുന്ന ലോഗിനിലൂടെ നൽകേണ്ടതാണ്.

4.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ

(എ) കെ-സ്മാർട്ട് സംവിധാനം ആരംഭിക്കുന്ന തീയതി മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കടലാസ് രഹിത ഓഫീസുകളായി പ്രവർത്തിക്കേണ്ടതാണ്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും, വിവിധ പ്രവർത്തനങ്ങൾക്ക് അനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റാങ്ക് നിശ്ചയിക്കുന്നതിനും പര്യാപ്തമായ ഡാഷ്ബോർഡും റിപ്പോർട്ടുകളും കെ-സ്മാർട്ടിൽ ഐ.കെ.എം. ലഭ്യമാക്കേണ്ടതാണ്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുഭരണ വർക്കിംഗ് ഗ്രൂപ്പ് മൂന്നുമാസത്തിലൊരിക്കൽ കെസ്മാർട്ട് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. സ്ഥാപനതല പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതിന് ആവശ്യമായ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങളും കണ്ടെത്തലുകളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ യോഗം / കൗൺസിൽ പരിഗണിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

5. ജീവനക്കാരുടെ ചുമതലകൾ

(എ) ഫയൽ നടപടികൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഘടക സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള എല്ലാ ജീവനക്കാരും കെ-സ്മാർട്ടിൽ എർപ്പെടുത്തിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും സോഫ്റ്റ്‌വെയറിലൂടെ മാത്രം നിർവഹിക്കേണ്ടതാണ് .

(ബി) സ്പാർക്ക് / ജി-സ്പാർക്ക് അപ്ഡേഷൻ

കെ-സ്മാർട്ട് പ്രവർത്തിക്കുന്നത് സർക്കാർ ജീവനക്കാർക്കായുള്ള ജി-സ്പാർക്ക്/ സ്പാർക്ക് സോഫ്റ്റ്‌വെയറുകളുമായുള്ള ഇന്റഗ്രേഷനിലൂടെ ആയതിനാൽ സ്പാർക്ക്/ ജി-സ്പാർക്ക് ഇവയിൽ ജീവനക്കാരുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും വിവരങ്ങൾ ഗ്രാമ, ജില്ലാ പഞ്ചായത്തുകളിൽ ജി-സ്പാർക്കിലും ബ്ലോക്ക് പഞ്ചായത്തുകളിൽ സ്പാർക്കിലും അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

(സി) ചുമതലാ വിഭജനവും ചുമതലാ കൈമാറ്റവും

കെ-സ്മാർട്ടിലെ എല്ലാ സർവ്വീസുകളും റോളുകളും ചുമതലപ്പെട്ട എല്ലാ ജീവനക്കാർക്കുമായി മാപ്പ് ചെയ്യേണ്ടതാണ്. ഇപ്രകാരം മാപ്പ് ചെയ്തിട്ടുള്ള സർവീസുകളിൽ നൽകുന്ന ഓപ്പറേറ്റർ- വെരിഫൈയർ- എൻക്വയറി ഓഫീസർ- റെക്കമെന്റിങ് ഓഫീസർ- അപ്രൂവർ- ഓതറൈസർ എന്നീ ചുമതലകൾ കേരള പഞ്ചായത്ത് രാജ് നിയമം 1994, വകുപ്പ് 184 / കേരള മുൻസിപ്പൽ നിയമം 1994, വകുപ്പ് 50(2) പ്രകാരമുള്ള ചുമതലാ വിഭജനവും ചുമതലകളുടെ ഡെലിഗേഷനുമായി കണക്കാക്കുന്നതാണ്. ഇത്തരത്തിൽ കെ-സ്മാർട്ടിൽ സർവീസുകൾ മാപ്പ് ചെയ്ത ചുമതലകൾ നൽകിയത് സംബന്ധിച്ച റിപ്പോർട്ട് ഐ.കെ.എം, അതത് സമയങ്ങളിൽ കാലികമാക്കി കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതും പ്രസ്തുത റിപ്പോർട്ട് ചുമതലാ വിഭജന / ചുമതലാ കൈമാറ്റ രേഖയായി ഔദ്യോഗിക സംവിധാനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതുമാണ്.

(ഡി) ജീവനക്കാർക്ക് അധിക ചുമതല നൽകൽ

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സേവനമനുഷ്ഠിക്കുന്ന ഏതൊരു ജീവനക്കാരനും അതേ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയോ സ്ഥാപനങ്ങളിലെയോ സമാന തസ്തികയിലോ അല്ലാതെയോ ഉള്ള ജീവനക്കാരുടെ അധിക ചുമതല നൽകാൻ കെ-സ്മാർട്ടിലൂടെ സാധിക്കുന്നതാണ്.

(ഇ) പണം സ്വീകരിക്കൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എല്ലാ വരവുകളും ചെലവുകളും കെ-സ്മാർട്ടിലൂടെയാണ് സ്വീകരിക്കേണ്ടതും നൽകേണ്ടതും. മാനുവൽ രസീതുകൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. വസ്തു നികുതിയും, ഡിമാന്റ് ചെയ്തിട്ടുള്ള നികുതികളും, ഫീസുകളും പിഴത്തുകകളും ഫീൽഡിൽ നേരിട്ടു പോയി പിരിച്ചെടുക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥർ ഗുണഭോക്തൃ വിഹിതം സ്വീകരിക്കുന്നതിനും ഇ-പോസ് (E-POS) മെഷീനുകൾ ആവശ്യാനുസരണം ലഭ്യമാക്കി ഉപയോഗിക്കേണ്ടതാണ്. ഇ-പോസ് മെഷിനുകൾ ബാങ്കുകളിൽ നിന്നും ലഭ്യമാക്കുമ്പോൾ അവ കെ-സ്മാർട്ടിൽ ഇന്റഗ്രേറ്റ് ചെയ്തവയാണ് എന്ന് ഉറപ്പാക്കേണ്ടതാണ്.

LSGGUIDE

(എഫ്) ഫീൽഡ് പരിശോധന

ഫീൽഡ് പരിശോധനയും അന്വേഷണ റിപ്പോർട്ടുകളും ജീവനക്കാർ കെ-സ്മാർട്ട് വഴി മാത്രം നൽകേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടുകൾക്കൊപ്പം അവയുടെ ആധികാരികത ഉറപ്പുവരുത്തുന്നതിനുള്ള ഫോട്ടോ, വീഡിയോ,ലൊക്കേഷൻ, മറ്റ് രേഖകൾ എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. റിപ്പോർട്ടുകളും ശുപാർശകളും നൽകുന്ന ജീവനക്കാർക്ക് ആയതിന്റെ പൂർണ്ണമായ ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ് .

(ജി) അപേക്ഷകൾ തിരിച്ചയ്ക്കൽ

വിവിധ സേവനാവശ്യങ്ങളിലോ അനുബന്ധങ്ങളിലോ അപാകങ്ങൾ ഉള്ളതായി കണ്ടെത്തി അവ അപേക്ഷകന് തിരിച്ചയക്കുന്നപക്ഷം ആയതിനുള്ള വ്യക്തമായ കാരണം നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

(എച്ച്) ഹാർഡ് കോപ്പികൾ

കെ-സ്മാർട്ടിൽ ഇലക്ട്രോണിക്കലായി ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടുകളുടേയും രജിസ്റ്ററുകളുടേയും ഹാർഡ് കോപ്പികൾ സൂക്ഷിക്കേണ്ടതില്ല. മറ്റ് ആഫീസുകളിൽ നിന്നും വിവിധ പരിശോധനകൾക്കായി എത്തുന്ന ഉദ്യോഗസ്ഥർ, ഇലക്ട്രോണിക് സംവിധാനം പ്രയോജനപ്പെടുത്തേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപന ആഫീസിൽ നിന്നും ഹാർഡ് കോപ്പികൾ ആവശ്യപ്പെടാൻ പാടില്ലാത്തതുമാണ്.

(ഐ) സർവീസുകളും ചെക്ക് ലിസ്റ്റുകളും:

കെ-സ്മാർട്ടിൽ, ഓരോ സർവീസിലും ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ സേവനങ്ങൾ ആവശ്യപ്പെടുമ്പോൾ, അനുബന്ധമായി അറ്റാച്ച് ചെയ്യുന്നതിനായി ക്രമപ്പെടുത്തിയിട്ടുള്ള രേഖകൾ അതത് സർവീസുകൾക്ക് മാത്രം ആവശ്യമുള്ള രേഖകൾ ആയിരിക്കുന്നതാണ്. ഇവയിൽ കൂടുതലായി ഉള്ള രേഖകൾ, വിവരങ്ങൾ, അനുബന്ധങ്ങൾ എന്നിവ അകാരണമായി ആവശ്യപ്പെടുകയോ ആയതിനായി ഫയലുകൾ അപേക്ഷകർക്ക് തിരിച്ചു നൽകുകയോ ചെയ്യാൻ പാടുള്ളതല്ല.

(ജെ) രജിസ്റ്ററുകളും റിപ്പോർട്ടുകളും

കെ-സ്മാർട്ടിൽ വിവിധ മോഡ്യൂളുകളിൽ നിയമാനുസൃത രജിസ്റ്ററുകളും റിപ്പോർട്ടുകളും ഐ.കെ.എം യഥാസമയം

തയ്യാറാക്കി ഏർപ്പെടുത്തേണ്ടതാണ്. കെ-സ്മാർട്ടിന്റെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും വിവിധ ഔദ്യോഗിക സംവിധാനങ്ങൾക്ക് പരിശോധനകൾക്കായി പ്രസ്തുത റിപ്പോർട്ടുകളും രജിസ്റ്ററുകളും ഓൺലൈനായി തന്നെ ലഭ്യമാക്കുന്നതിനുമുള്ള സൗകര്യങ്ങൾ ഐ.കെ.എം ഏർപ്പെടുത്തേണ്ടതാണ്.

(കെ) ലൈവ് ഓഫീസ്

പൊതുജന താത്പര്യം മുൻനിർത്തി, കൃത്യ സമയത്ത് സേവനം ലഭ്യമാക്കുന്നതിനു വേണ്ടി അവധി ദിവസങ്ങളിലോ, ഓഫീസ് സമയത്തിന് മുൻപോ ശേഷമോ, യാത്രാവേളകളിലോ അവർ എവിടെത്തന്നെ ആയിരുന്നാലും ഓൺലൈനായി ചുമതലകൾ നിർവ്വഹിക്കാവുന്നതാണ്.

(എൽ) സേവനങ്ങൾ നൽകേണ്ട സമയ പരിധി

കെ-സ്മാർട്ടിലെ ഓരോ സേവനങ്ങളും, ആക്ടിലോ, ചട്ടങ്ങളിലോ, സേവനാവകാശ നിയമത്തിലോ, പൗരാവകാശ രേഖയിലോ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിയ്ക്കകം നൽകേണ്ടതാണ്. എന്നാൽ സേവനാവശ്യങ്ങളിലെ ന്യൂനതകൾ മൂലം അവ തിരിച്ചയക്കുന്ന സാഹചര്യത്തിൽ, അപേക്ഷകൻ ആയത് പരിഹരിച്ച് ലഭ്യമാക്കുന്നത് വരെയുള്ള കാലയളവ്, സേവനം നൽകേണ്ട സമയപരിധിയിൽ ഉൾപ്പെടുന്നതല്ല. ഒരു സർവീസ് നൽകുന്നതിന് ഓരോ സീറ്റിനും അനുവദിച്ചിട്ടുള്ള സമയം കെ-സ്മാർട്ടിൽ നിശ്ചയിച്ചിട്ടുള്ളതു പ്രകാരമായിരിക്കുന്നതാണ്.

(എം) നോളജ് ബാങ്ക്

സേവനാവശ്യങ്ങളുടെ പരിശോധനാ വേളയിൽത്തന്നെ കെ-സ്മാർട്ടിലെ ഓരോ സർവ്വീസിനും അനുവർത്തിക്കേണ്ട നിയമാനുസൃത നടപടിക്രമങ്ങൾ ഉൾപ്പെട്ട നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, മറ്റ് നിർദ്ദേശങ്ങൾ എന്നിവ ജീവനക്കാർക്ക് ലഭ്യമാക്കുന്നതിനുള്ള നോളജ് ബാങ്ക് സംവിധാനം സോഫ്റ്റ്‌വെയറിൽ ഐ.കെ.എം ക്രമീകരിക്കേണ്ടതാണ്.

(എൻ) അവധികളുടെ ക്രമീകരണം

സോഫ്റ്റ്‌വെയർ സുഗമമായി പ്രവർത്തിക്കുന്നതിന്, സർക്കാർ കലണ്ടർ പ്രകാരമുള്ള പൊതു അവധികൾ സോഫ്റ്റ് വെയറിൽ ക്രമീകരിക്കേണ്ടതാണ്. ക്ഷമതയുള്ള അധികാര സ്ഥാനം പ്രഖ്യാപിക്കുന്ന മുറയ്ക്ക്, പ്രാദേശിക അവധികൾ ബാധകമാകുന്ന കാര്യാലയങ്ങളിലെ സ്ഥാപനമേധാവിമാർ ക്രമീകരിക്കേണ്ടതാണ്.

(ഒ) പ്രവർത്തനക്ഷമത വിലയിരുത്തൽ

ഓരോ ജീവനക്കാരുടെയും ചുമതലകൾ കൃത്യമായി നിർവ്വഹിക്കുന്നതിലുള്ള കാര്യശേഷി വിലയിരുത്തി അനുവദനീയമായ സമയപരിധിക്കുള്ളിൽ ഗുണമേന്മയുള്ള സേവനം നൽകുന്ന ജീവനക്കാരെ കണ്ടെത്തി അർഹമായ അംഗീകാരം നൽകാൻ മേലധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. സേവനം നൽകുന്നതിൽ മതിയായ കാരണമില്ലാതെ കാലതാമസം ഉണ്ടാകുന്ന പക്ഷം, ആയത് ഗൗരവതരമായി കാണേണ്ടതും സേവനാവകാശ നിയമപ്രകാരം പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഏത് ജീവനക്കാരന്റെ ഭാഗത്താണ് കാലതാമസം ഉണ്ടായതെന്ന് പരിശോധിക്കുമ്പോൾ ജീവനക്കാരന്റെ ബിസിനസ് റിപ്പോർട്ട് കൂടി വിശകലനം ചെയ്ത് മാത്രമേ നടപടികൾ സ്വീകരിക്കാവൂ. ഇതിനായി ഓരോ ജീവനക്കാരന്റെയും ബിസിനസ് റിപ്പോർട്ട് ഐ.കെ.എം കെ-സ്മാർട്ടിൽ ഏർപ്പെടുത്തേണ്ടതാണ്.

(പി) മുൻഗണനാ ക്രമം പാലിക്കൽ

കെ-സ്മാർട്ടിലെ എല്ലാ സേവനാവശ്യങ്ങളും ഫയലുകളും മുൻഗണനാ ക്രമം പാലിച്ച് ലിസ്റ്റ് ചെയ്യേണ്ടതും, ജീവനക്കാർ മുൻഗണനാ ക്രമമനുസരിച്ച് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഏതെങ്കിലും അനിവാര്യമായ കാരണത്താൽ മുൻഗണനാ ക്രമം മറികടക്കേണ്ട സാഹചര്യം ഉണ്ടാവുകയാണെങ്കിൽ ആയതിന്റെ കാരണം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ മുൻഗണനാ ക്രമം മറികടന്നത് സംബന്ധിച്ച റിപ്പോർട്ട് സോഫ്റ്റ് വെയറിൽ ലഭ്യമാക്കേണ്ടതും ആയത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

6. മോഡ്യൂളുകൾ

6.1 സിവിൽ രജിസ്ട്രേഷൻ

6.1.1 ജനന, മരണ രജിസ്ട്രേഷൻ

(എ) ജനന, മരണ രജിസ്ട്രേഷൻ നടപടികളിൽ 2023-ലെ ജനന, മരണ രജിസ്ട്രേഷൻ ആക്ട് ഭേദഗതിക്കനുസൃതമായ മാറ്റങ്ങൾ കെ-സ്മാർട്ട് സോഫ്റ്റ്‌വെയറിൽ വരുത്തിയിട്ടുണ്ട്. അപേക്ഷകൾ പൂർണ്ണമായും ഇ-ഫയലിംഗ് ചെയ്യേണ്ടതും പൊതുജനങ്ങൾക്ക് ഓൺലൈനായി സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. മാനുവൽ ആയി അപേക്ഷ വാങ്ങുകയോ, ആക്ട് പ്രകാരമോ ചട്ടങ്ങൾ പ്രകാരമോ നിഷ്കർഷിച്ചിട്ടുള്ള ആവശ്യങ്ങൾക്കല്ലാതെ പൊതു ജനങ്ങളെ ഹിയറിംഗിനായോ മറ്റ് ആവശ്യങ്ങൾക്കോ ഓഫിസിലേക്ക് വിളിച്ചു വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

(ബി) രജിസ്റ്ററുകൾ ഇലക്ട്രോണിക്കലായി സൂക്ഷിക്കേണ്ടതാണ്. റിപ്പോർട്ടുകൾ, അനുബന്ധ രേഖകൾ എന്നിവയുടെ

ഹാർഡ് കോപ്പി വാങ്ങുകയോ ഓഫീസിൽ സൂക്ഷിക്കുകയോ ചെയ്യേണ്ടതില്ല.

(സി) രജിസ്ട്രേഷനുകളിൽ ആധാർ ലിങ്ക് ചെയ്യുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന പക്ഷം, ബന്ധപ്പെട്ട രജിസ്റ്ററിൽ കോളം ഇല്ലെങ്കിൽക്കൂടി ആയത് ചേർത്ത് നൽകേണ്ടതാണ്.

(ഡി) യഥാസമയം റിപ്പോർട്ട് ചെയ്യാത്ത ഇവന്റുകൾ, സാരവത്തായ തിരുത്തലുകൾ തുടങ്ങിയ ആവശ്യങ്ങൾക്ക് ക്ഷമതയുള്ള അധികാരിയിൽ നിന്നും അനുമതി ലഭ്യമാകേണ്ടതായ അപേക്ഷകൾ ഡിജിറ്റലായി പ്രോസസ്സ് ചെയ്യുമ്പോൾ, നിലവിൽ മാനുവൽ ആയി ചെയ്തു കൊണ്ടിരിക്കുന്ന പ്രോസീഡിംഗ്സ് തയ്യാറാക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ ഒഴിവാക്കി കെ-സ്മാർട്ടിൽ സ്വീകരിച്ചിരിക്കുന്ന അപ്രൂവൽ നടപടിക്കു വിധേയമായി എത്രയും പെട്ടെന്ന് സേവനം നൽകേണ്ടതാണ്.

(ഇ) ജനന മരണ രജിസ്ട്രേഷൻ ആക്റ്റിലെ വകുപ്പ് 7 (2) ഭേദഗതി ചെയ്തത് പ്രകാരം രജിസ്ട്രാറുടെ അധികാര പരിധിക്ക് പുറത്ത് വച്ച് നടന്ന ജനനം, മരണം ഇവ രജിസ്ട്രാർക്ക് രജിസ്റ്റർ ചെയ്യാവുന്നതല്ല. എന്നാൽ വിദേശത്ത് ജനനം നടക്കുകയും ഇന്ത്യയിൽ സ്ഥിര താമസമാക്കണമെന്ന ഉദ്ദേശ്യത്തോടെ തിരികെ എത്തുകയും ചെയ്യുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ, ദത്തെടുത്ത കുട്ടികളുടെ ജനന രജിസ്ട്രേഷൻ എന്നിവയ്ക്ക് ഈ നിബന്ധന ബാധകമായിരിക്കുന്നതല്ല.

(എഫ്) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനു വേണ്ടി ലഭിക്കുന്ന അപേക്ഷകളിൽ വിപുലമായ അന്വേഷണം നടത്തുന്നതിന് രജിസ്ട്രാർമാർക്ക് ക്ഷമത ഇല്ലാത്തതിനാൽ, അതത് രജിസ്ട്രേഷൻ യൂണിറ്റിൽ ജനനം അല്ലെങ്കിൽ മരണം നടന്നിട്ടില്ലെന്ന് നിലവിലുള്ള രജിസ്റ്ററുകൾ ഇലക്ട്രോണിക്കലായോ അല്ലാതെയോ പരിശോധിച്ച്, ആയത് രജിസ്റ്റർ ചെയ്തിട്ടില്ലായെന്ന് ഉറപ്പുവരുത്തി എൻ.എ.സി അനുവദിക്കേണ്ടതാണ്.

(ജി) രജിസ്ട്രേഷനുകൾക്കും തിരുത്തലുകൾക്കും ആധാർ ഇ-കെ.വൈ.സി ചെയ്തു വരുന്ന അപേക്ഷകളിൽ പ്രത്യേകമായി അപേക്ഷകന്റെ തിരിച്ചറിയൽ രേഖ ആവശ്യമില്ലാത്തതും, അല്ലാത്ത അപേക്ഷകളിൽ തിരിച്ചറിയൽ രേഖ ആവശ്യമായിട്ടുള്ളതുമാണ്.

(എച്ച്) സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലങ്ങൾ സോഫ്റ്റ്‌വെയറിൽ തന്നെ ഡിക്ലറേഷൻ ആയി സ്വീകരിക്കേണ്ടതാണ്. ആയത് പ്രത്യേക അറ്റാച്ച്മെന്റ് ആയി വാങ്ങേണ്ടതില്ല.

(ഐ) പൊതു ജനങ്ങൾക്ക് അതിവേഗത്തിൽ സേവനങ്ങൾ ലഭ്യമാകുന്നതിന് സോഫ്റ്റ്‌വെയറിൽ തന്നെ നിർണയിച്ചിട്ടുള്ള ഡോക്യുമെന്റുകൾ, ചെക്ക് ലിസ്റ്റുകൾ, ഫോർമാറ്റുകൾ എന്നിവ ഉപയോഗിക്കേണ്ടതാണ്. ഇവയിൽ കൂടുതൽ രേഖകളോ വിവരങ്ങളോ ആവശ്യപ്പെടാനോ സേവനം നിഷേധിക്കാനോ പാടുള്ളതല്ല.

(ജെ) ജനനവും മരണവും റിപ്പോർട്ട് ചെയ്യാൻ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിവരദാതാക്കൾക്ക് (ഇൻഫോർമെൻറ്) പ്രത്യേക ലോഗിൻ അനുവദിക്കേണ്ടതും, ആയതു വഴി റിപ്പോർട്ടിംഗ് നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

(കെ) കുട്ടിയുടെ പേര് ചേർക്കൽ, തിരുത്തൽ എന്നിവയ്ക്ക് കുട്ടിയുടെ പിതാവിനോ മാതാവിനോ രക്ഷാകർത്താവിനോ പ്രായപൂർത്തിയായ സംഗതിയിൽ കുട്ടിക്ക് തന്നെയോ അപേക്ഷിക്കാവുന്നതാണ്. ആയതിന് സംയുക്ത അപേക്ഷ ആവശ്യമില്ല. ഇക്കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം കക്ഷികൾ ഉന്നയിച്ചാൽ, രജിസ്ട്രാർ തീരുമാനമെടുക്കേണ്ടതാണ്. രജിസ്ട്രാറുടെ തീരുമാനത്തിൽ ആക്ഷേപമുള്ളപക്ഷം ജില്ലാ രജിസ്ട്രാർക്കും, ജില്ലാ രജിസ്ട്രാറുടെ തീരുമാനത്തിൽ ആക്ഷേപമുള്ളപക്ഷം ചീഫ് രജിസ്ട്രാർക്കും അപ്പീൽ നൽകാവുന്നതാണ്. അത്തരത്തിലും പരിഹാരമാകാത്ത സാഹചര്യങ്ങളിൽ കക്ഷികൾ ബന്ധപ്പെട്ട കോടതിയിൽ നിന്നും ഹാജരാക്കുന്ന വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രം രജിസ്ട്രാർ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(എൽ) മരണ സർട്ടിഫിക്കറ്റിൽ ജീവിതപങ്കാളിയുടെ പേര് രേഖപ്പെടുത്തേണ്ടതും, ഒന്നിൽ കൂടുതൽ ജീവിതപങ്കാളിയുടെ പേര് നിയമാനുസൃതമായി രേഖപ്പെടുത്താൻ കഴിയുന്നതുമാണ്. ജീവിതപങ്കാളിയെ മരണ രജിസ്ട്രേഷൻ നടത്തുന്ന സമയത്ത് ഉൾപ്പെടുത്താതിരിക്കുകയും, പിന്നീട് ഉൾപ്പെടുത്താനോ തിരുത്താനോ ആവശ്യപ്പെടുകയും ചെയ്താൽ, മരണപ്പെട്ട വ്യക്തിയുമായുള്ള ബന്ധം തെളിയിക്കുന്നതിനുള്ള നിയമാനുസൃത രേഖയുടെ അടിസ്ഥാനത്തിൽ മാത്രം തുടർനടപടി സ്വീകരിക്കേണ്ടതാണ്. ആക്ഷേപങ്ങൾ ലഭിക്കുകയാണെങ്കിൽ മേൽ പറഞ്ഞ രീതിയിലുള്ള അപ്പീൽ നടപടികൾ പിന്തുടരേണ്ടതാണ്.

(എം) രജിസ്ട്രേഷനിലെ തിരുത്തലുകൾക്ക്, ചട്ടങ്ങളിൽ പരിധി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ, വിവരങ്ങൾ പരമാവധി കൃത്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ഉൾക്കുറിപ്പുകൾ ഒന്നിലധികം തവണ തിരുത്തി നൽകാവുന്നതാണ്.

PSC GUIDE

6.1.2 വിവാഹ രജിസ്ട്രേഷൻ

(എ) വിവാഹശേഷം ദമ്പതികളിൽ ഒരാളോ രണ്ടുപേരുമോ സ്ഥലത്തില്ലാതെ വരുന്ന സാഹചര്യത്തിൽ വിവാഹ (പൊതു) രജിസ്ട്രേഷനു വേണ്ടി രജിസ്ട്രാറുടെ മുൻപാകെ നേരിൽ ഹാജരാകുന്നതിൽ കക്ഷികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഗണിച്ച്, വിവാഹ (പൊതു) രജിസ്ട്രേഷനുള്ള എല്ലാ അപേക്ഷകളിലും ഓൺലൈനായി വീഡിയോ ഇ-കെ.വൈ.സി. സംവിധാനത്തിലൂടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ഓൺലൈൻ രീതി തിരഞ്ഞെടുക്കാത്തവർ രജിസ്ട്രാറുടെ മുൻപാകെ നേരിൽ ഹാജരായി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. അത്തരത്തിൽ ഹാജരാകുമ്പോഴും ഇലക്ട്രോണിക് രജിസ്റ്റർ ആയതിനാൽ, രജിസ്റ്ററിൽ ദമ്പതികൾ ഒപ്പ് വയ്ക്കേണ്ടതില്ല.

(ബി) വിവാഹ രജിസ്റ്ററിൽ തിരുത്തലുകൾ ആവശ്യമായാൽ, സോഫ്റ്റ്‌വെയറിൽ ആവശ്യപ്പെടുന്ന രേഖകൾ സഹിതം ഓൺലൈനായി ഭർത്താവിനോ ഭാര്യക്കോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. വിവാഹ സമയത്തുള്ള കക്ഷികളുടെ തൊഴിൽ, സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നത് പൊതുജനങ്ങൾക്ക് പലവിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതിനാൽ, "തൊഴിൽ", സർട്ടിഫിക്കറ്റ് ഫീൽഡിൽ നിന്നും ഒഴിവാക്കുന്നു. വിവാഹ മെമ്മോറാണ്ടത്തിൽ ഭർത്താവിന്റെയും ഭാര്യയുടെയും മാതാപിതാക്കളുടെ "മേൽവിലാസം, ഒപ്പ്" എന്നീ പ്രസക്തമല്ലാത്ത വിവരങ്ങളും ഒഴിവാക്കുന്നു.

(സി) വിവാഹത്തിന്റെ സാധുത പരിശോധിക്കുന്നതിന് രജിസ്ട്രാർമാർക്ക് ക്ഷമത ഇല്ലാത്തതിനാൽ, മതാധികാര സ്ഥാനത്ത് നിന്നും നൽകുന്ന സാക്ഷ്യപത്രം അല്ലെങ്കിൽ ഫോറം 2 ൽ ഉള്ള പ്രഖ്യാപനം, സബ് രജിസ്ട്രാർ ഓഫിസിൽ നടന്ന വിവാഹം ആണെങ്കിൽ, വിവാഹ ഓഫിസറുടെ സർട്ടിഫിക്കറ്റ് എന്നിവയുടെയും കക്ഷികളുടെ ജനനത്തീയതി തെളിയിക്കുന്ന രേഖയുടെയും അടിസ്ഥാനത്തിൽ, രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്. അതിന്മേൽ അന്വേഷണം നടത്തി അനാവശ്യമായ കാലതാമസം വരുത്താൻ പാടുള്ളതല്ല.

6.2 വസ്തു നികുതി

(എ) കെട്ടിട ഉടമകൾ കെട്ടിടം ലിങ്ക് ചെയ്യുന്നതിനായി നൽകുന്ന സേവനാവശ്യങ്ങളിന്മേൽ ജീവനക്കാർ യഥാസമയം നടപടികൾ സ്വീകരിക്കേണ്ടതാണ്. ജീവനക്കാരുടെ ലോഗിനിൽ നിന്നും കെട്ടിടങ്ങൾ ലിങ്ക് ചെയ്യുന്ന സൗകര്യം ഉപയോഗപ്പെടുത്തിയും കെട്ടിടങ്ങൾ ലിങ്ക് ചെയ്യേണ്ടതാണ്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ നൽകിവരുന്ന കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം, കാലപ്പഴക്കം, നിർമ്മാണ വർഷം, നികുതി, നികുതി ഒഴിവാക്കലുകൾ, മേൽക്കൂരയുടെ തരം കെട്ടിടത്തിന്റെ ഉപയോഗ വിഭാഗം, വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങളടങ്ങിയ വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരം എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയ ബിൽഡിംഗ് സർട്ടിഫിക്കറ്റ് ഉപയോഗിക്കാവുന്നതാണ്.

6.3 കെട്ടിട നിർമ്മാണ അനുമതികൾ

(എ) 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം 'ലോ റിസ്ക്' വിഭാഗം കെട്ടിടങ്ങളുടെ നിർമ്മാണ അനുമതിക്കായി 'സെൽഫ് സർട്ടിഫൈഡ് ബിൽഡിംഗ് പെർമിറ്റ്' ആണ് നേടേണ്ടത് എന്നതിനാൽ, ഈ വിഭാഗം കെട്ടിടങ്ങൾക്ക് കെ-സ്മാർട്ടിൽ 'സെൽഫ് സർട്ടിഫൈഡ് ബിൽഡിംഗ് പെർമിറ്റിന് മാത്രമേ അപേക്ഷ നൽകാൻ കഴിയുകയുള്ളൂ

(ബി) സെൽഫ് സർട്ടിഫൈഡ് ബിൽഡിംഗ് പെർമിറ്റ് സൗകര്യത്തിന്റെ ഗുണ ഫലങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുക എന്ന നയത്തിന്റെ ഭാഗമായി 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2019 ലെ കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരം ലോ റിസ്ക് ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള കെട്ടിടങ്ങൾക്ക്, അനുമതിക്കായി 'സെൽഫ് സർട്ടിഫൈഡ് ബിൽഡിംഗ് പെർമിറ്റ്' സംവിധാനം വഴി അപേക്ഷിക്കുന്നതിന് ബിൽഡിംഗ് ലൈസൻസികൾ പ്രത്യേകം എം-പാനൽ ചെയ്തിരിക്കേണ്ടതുണ്ട് എന്ന നിബന്ധന ഒഴിവാക്കുന്നു

(സി) പുതിയ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ പൂർണ്ണമായും കെ-സ്മാർട്ടിലൂടെയാണ് തീർപ്പാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ 2025 മാർച്ചിലെ അവസാന പ്രവൃത്തി ദിവസം വരെ സ്വീകരിച്ച അപേക്ഷകൾ സമയപരിധിക്കുള്ളിൽ സങ്കേതം ആപ്ലിക്കേഷനിലൂടെ തീർപ്പ് കൽപ്പിക്കേണ്ടതാണ്.

LSG GUIDE

6.4 ലൈസൻസുകളും അനുമതികളും

18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (ഇ.പി.എ.) വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ മുഖേന തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന മണ്ണ് സംരക്ഷണ മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണം - ടെണ്ടറിംഗിനും നിർവ്വഹണത്തിനുമുള്ള തുക പരിധി ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.595/2025/LSGD തീയതി,തിരുവനന്തപുരം, 04-03-2025

പരാമർശം:-
1. സ.ഉ.(കൈ) നം.3/2021/Agri, തീയതി 08.01.2021
2. സ.ഉ.(സാധാ) നം.427/2024/LSGD; തീയതി 22.02.2024
3. പത്തനംതിട്ട ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 27.05.2024-ലെ പി7-704/2024 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 30.01.2025-ന നടന്ന യോഗത്തിന്റെ തീരുമാനം 3.5

ഉത്തരവ്

പരാമർശം 1 ഉത്തരവ് പ്രകാരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് 15 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾ മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർവ്വഹണം നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളൂ. ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ മുഖേന നടപ്പാക്കുന്ന, പ്രത്യേകിച്ച് ജില്ലാ പഞ്ചായത്തുകളുടെ, മണ്ണ് സംരക്ഷണ പ്രോജക്ടുകളുടെ നിർവ്വഹണത്തെ ഇത് ബാധിക്കുന്നുണ്ട് എന്നും, ഈ പരിധി ഒഴിവാക്കാവുന്നതാണെന്നും മേൽ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ മണ്ണ് ജല സംരക്ഷണ വകുപ്പിന്റെ പ്രതിനിധി അറിയിച്ചിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകളിൽ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വരുന്ന കേസുകളിൽ ടെണ്ടറിംഗിനും നിർവ്വഹണത്തിനുമുള്ള പരിധി ഒഴിവാക്കി ഉത്തരവാകുന്നു. ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥന്മാരായ പ്രോജക്ടുകൾക്ക് ടെണ്ടറിംഗിനും നിർവ്വഹണത്തിനും തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിന്റെ മാനദണ്ഡം ബാധകമാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, മണ്ണു പര്യവേക്ഷണ സംരക്ഷണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
15. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
16. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
17. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
18. ഡയറക്ടർ ജനറൽ, കില
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. കൃഷി വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/165/2025-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 28-04-2025

സർക്കുലർ

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - വനത്തോടു ചേർന്നുള്ള പ്രദേശത്ത് ഫെൻസിംഗ്/കിടങ്ങ് നിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം വകയിരുത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 27.03.2025-ന നടന്ന യോഗത്തിന്റെ തീരുമാനം 4.5

****

വനാതിർത്തി പങ്കിടുന്ന തദ്ദേശ സ്ഥാപനങ്ങളിൽ മനുഷ്യ - വന്യജീവി സംഘർഷം കൂടി വരികയാണ്. വനം വകുപ്പിന്റെ മാത്രം വിഹിതം ഉപയോഗിച്ച് ഏകദേശം 3000 കി.മീറ്ററോളം വരുന്ന ഫെൻസിംഗ് / കിടങ്ങ് എന്നിവ നിർമ്മിക്കുന്നത് പ്രായോഗികമല്ല. ഇതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതവും ഉപയോഗിക്കുന്നത് പരിഗണിക്കണമെന്ന് ആവശ്യം ഉയരുന്നുണ്ട്.

വന്യമൃഗശല്യം പരിഹരിക്കുന്നതിനുള്ള മാർഗ്ഗമെന്ന നിലയിൽ സൗരവേലി, റിപ്പലന്റ്സ്, സ്കേയറേഴ്സ്, അലാം സിഗ്നലുകൾ എന്നിവ സ്ഥാപിക്കാൻ സൂചിത മാർഗ്ഗരേഖ ഖണ്ഡിക 6.1.39 പ്രകാരം എല്ലാ തലങ്ങളിലുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകിയിട്ടുള്ളതാണ്. നാമമാത്ര/ചെറുകിട കർഷർക്ക് യൂണിറ്റ് കോസ്റ്റിന്റെ 50 ശതമാനമാണ് സബ്സിഡി ധനസഹായം നൽകാവുന്നത്. ഇതനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്. MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കിടങ്ങു നിർമ്മിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

വന്യജീവി ആക്രമണം ഉണ്ടാകുന്നതടക്കമുള്ള അടിയന്തിര സാഹചര്യം വരുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാഹനം RRTക്ക് തൽക്കാല ആവശ്യത്തിന് വിട്ടുകൊടുക്കുകയോ ഈ ദിവസങ്ങളിൽ വാഹനം വാടകയ്ക്ക് എടുത്തു നൽകുകയോ ചെയ്യേണ്ടതുമാണ്.

ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. തദ്ദേശ സ്വയംഭരണ (ഇ.പി.എ) വകുപ്പ് (2584551)
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം സ്വന്തമായി ഉല്പാദിപ്പിക്കുന്ന സൂക്ഷ്മ മൂലകങ്ങൾ, ജൈവ ഉല്പാദനോപാദികൾ തുടങ്ങിയവ ടെണ്ടർ കൂടാതെ വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1211/2025/LSGD തീയതി,തിരുവനന്തപുരം, 17-05-2025

പരാമർശം:-

1. സ.ഉ.(സാധാ) നം.1087/2020/തസ്വഭവ; തീയതി 10.06.2020
2. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
3. വെജിറ്റബിൾ ആൻഡ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.05.2024ലെ VFPCK/CA1/GoK Communications/2024/409 നമ്പർ കത്ത്
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.04.2025-ന നടന്ന യോഗത്തിന്റെ തീരുമാനം 4.58

ഉത്തരവ്

ബഹു. കൃഷി വകുപ്പ് മന്ത്രി ചെയർമാനായ വെജിറ്റബിൾ ആൻഡ് ഫ്രൂട്സ് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) യിൽ നിന്നും വിത്ത്, നടീൽ വസ്തുക്കൾ, ഗ്രോബാഗ് എന്നിവ വാങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരാമർശം 1 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് ഗ്രോബാഗുകൾ നിരോധിക്കുകയും പകരമായി മൺചട്ടികൾ, HDPE കണ്ടയിനറുകൾ എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതാണെന്ന് കൃഷി വകുപ്പ് നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ, HDPE ഗ്രോബാഗുകൾ, HDPE ചട്ടികൾ, മൺചട്ടികൾ എന്നിവ VFPCK യിൽ സജ്ജമാക്കിയിട്ടുണ്ടെന്നും, കൂടാതെ ടെക്നോളജി ട്രാൻസ്ഫർ മുഖേന പഴം - പച്ചക്കറി കൃഷിയ്ക്കാവശ്യമായ സൂക്ഷ്മമൂലകങ്ങളും, ഗുണമേയുള്ള ജൈവ ഉൽപാദനോപാധികളം ഉൽപാദിപ്പിക്കുന്നുണ്ടെന്നും, അതിനാൽ HDPE ഗ്രോബാഗുകൾ, HDPE ചട്ടികൾ, മൺചട്ടികൾ, സൂക്ഷ്മമൂലകങ്ങൾ, ജൈവ ഉൽപോദനോപാധികൾ എന്നിവ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ കേരളയിൽ (വി.എഫ്.പി.സി.കെ) നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വാങ്ങുന്നതിന് അനുമതി നൽകണമെന്നും VFPCK ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 3 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

2. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. HDPE ചട്ടികളും, മൺ ചട്ടികളും VFPCK സ്വയം ഉൽപാദിപ്പിക്കുന്നില്ല. അതിനാൽ, പരാമർശം 1 പ്രകാരം അനുമതി നൽകിയിട്ടുള്ളതിന് പുറമെ, VFPCK സ്വന്തമായി

ഉല്പാദിപ്പിക്കുന്ന സൂക്ഷ്മ മൂലകങ്ങൾ, ജൈവ ഉല്പാദനോപാദികൾ തുടങ്ങിയവ മാത്രം VFPCKയിൽ നിന്ന് ടെണ്ടർ കൂടാതെ വാങ്ങാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ റ്റി വി

ജോയിന്റ് സെക്രട്ടറി

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, VFPCK, മൈത്രി ഭവൻ, കാക്കനാട്, കൊച്ചി - 682037
2. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
6. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കൃഷി വകുപ്പ്
22. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

7.2 മണ്ണ്-ജലസംരക്ഷണം

"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ്ജ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്ടുകളുടെ യൂണിറ്റ് കോസ്റ്റ് - സംസ്ഥാനതലത്തിൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവാകുന്നു

തദ്ദേശ സ്വയംഭരണ (ആർ എ) വകുപ്പ്

സ.ഉ.(സാധാ) നം.1416/2022/LSGD തീയതി,തിരുവനന്തപുരം, 08-06-2022

പരാമർശം:-
1. 07.02.2018 ലെ സ.ഉ.(സാധാ) നം.358/2018/തസ്വഭവ
2. 26.05.2020 ലെ സ.ഉ.(സാധാ)നം.981/2020/തസ്വഭവ
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 01.04.2022 ലെ DB3/753/2013/CE/LSGD(Part C) നമ്പർ കത്ത്.

ഉത്തരവ്

സ്കൂളുകൾ, ആശുപത്രികൾ തുടങ്ങിയ പൊതുസ്ഥാപനങ്ങളിലെ കിണറുകൾ റീചാർജ്ജ് ചെയ്യാൻ ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ, പരന്ന മേൽക്കൂരയുള്ള കെട്ടിടങ്ങളിൽ നിന്ന് മഴവെള്ളം സംഭരിക്കുന്ന സംവിധാനത്തിന് 20,500/- രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് 24,000/-രൂപയും യൂണിറ്റ് കോസ്റ്റായി അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ ആവശ്യപ്രകാരം സമ്പൂർണ്ണജലസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുസ്ഥാപനങ്ങളുടെ കിണർ റീചാർജ്ജ് ചെയ്യുന്നതിന് പരാമർശം (2) പ്രകാരം ഈ നിരക്ക് യഥാക്രമം 24,500/-, 26,000/- രൂപയായി വർദ്ധിപ്പിച്ചു നൽകിയിയിരുന്നു. ഈ തുക നിലവിലുള്ള DSR 2018 പ്രകാരം കണക്കാക്കി നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ വർദ്ധിപ്പിച്ച തുക സംസ്ഥാനതലത്തിൽ പ്രാബല്യത്തിൽ വരുന്ന വിധം ഭേദഗതി വരുത്താവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ജലശ്രീ-സമ്പൂർണ്ണ ജലസുരക്ഷാ പദ്ധതിയിൽ കിണറുകൾ റീ ചാർജ്ജ് ചെയ്യുന്നതിന് പരന്ന മേൽക്കൂരയ്ക്ക് 24,500/-രൂപയായും ചരിഞ്ഞ മേൽക്കൂരയ്ക്ക് 26,000/-രൂപയായും വർദ്ധിപ്പിച്ച നിരക്കുകൾ സംസ്ഥാന തലത്തിൽ പ്രാബല്യത്തിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലിസി മോൾ. ഇ

ഡെപ്യൂട്ടിസെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ ആൻറ് ഇ), തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by Suja S K
Date: 09-06-2022 14:11:35
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തസ്വഭവ- 14-ാം പഞ്ചവൽസരപദ്ധതി- സബ്സിഡി മാർഗ്ഗരേഖ- കിണർ റീചാർജ്ജിങ്ങിന് അനുവദിച്ചിട്ടുള്ള പരാമവധി സബ് സിഡി തുക (പരന്ന മേൽക്കൂരയ്ക്ക് 12000/- രൂപയും ചരിഞ്ഞ മേൽക്കൂരയ്ക്ക് 15000/- രൂപയും) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സ്വകാര്യ കെട്ടിടങ്ങൾക്ക് കിണർ റീചാർജിങ് പ്രവർത്തി ചെയ്യുന്നതിനുള്ള പരമാവധി യൂണിറ്റ് കോസ്റ്റായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ആർഎ) വകുപ്പ്

സ.ഉ.(സാധാ) നം.1475/2023/LSGD തീയതി,തിരുവനന്തപുരം, 19-07-2023

പരാമർശം:-

1. റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് ആന്റ് ഡവലപ്മെന്റ് സെൻർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 08/03/2022 ലെ കത്ത്
2. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 15/03/2022, 29/08/2022 , 02/2/2023, 01/06/2023 എന്നീ തീയതികളിലെ NREGA/2200/2019-B2 നമ്പർ കത്ത്
3. 28/05/2022 ലെസ ഉ (കൈ) നം 115/2022/തസ്വഭവ
4. തദ്ദേശ സ്വയം ഭരണ ചീഫ് എഞ്ചിനീയറുടെ 02/02/2023 ലെ DB5/2732/2022/CE/LID&EW നമ്പർ കത്ത്

ഉത്തരവ്

ദേശീയ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കിണർ റീചാർജ്ജിംഗ് നടത്തുന്നതിനുള്ള യൂണിറ്റ് നിലവിലിൽ പരന്ന മേൽക്കൂരയുള്ള ഭവനങ്ങൾക്ക് 8000 രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള കെട്ടിടങ്ങൾക്ക് 8600 രൂപയുമാണെന്നും നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവുമൂലം മിക്ക തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും കിണർ റീചാർജ്ജ് പദ്ധതി പൂർത്തീകരിക്കുവാൻ ബുദ്ധിമുട്ട് അനുഭവിക്കുകയാണെന്നും ആയതിനാൽ നിലവിലെ യൂണിറ്റ് കോസ്റ്റ് 16000 രൂപയായി ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് ആൻറ് ഡവലപ്മെന്റ് സെന്റർ, തൃശ്ശൂർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം ഒന്ന് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. പരാമർശം മൂന്ന് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ രേഖയിൽ കിണർ റിചാർജ്ജിംഗുമായി ബന്ധപ്പെട്ട് പരണ മേൽക്കൂരയുള്ള ഭവനങ്ങൾക്ക് 12000/- രൂപയും ചരിഞ്ഞ മേൽക്കൂരയുള്ള ഭവനങ്ങൾക്ക് 15000 രൂപയും യൂണിറ്റ് കോസ്റ്റായി സർക്കാർ അനുവദിച്ച് നല്കിയിട്ടുള്ളതിനാൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കൾക്കും പ്രസ്തുത കിണർ റി ചാർജ്ജ് യൂണിറ്റ് കോസ്റ്റ് ബാധകമാക്കണമെന്ന് പരാമർശം രണ്ട് പ്രകാരം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ

ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3. 14-ാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കിണർ റീചാർജിങ്ങിന് അനുവദിച്ചിട്ടുള്ള പരമാവധി സബ്സിഡി തുക (പരന്നമേൽക്കൂരയ്ക്ക് 12,000/- രൂപയും, ചരിഞ്ഞ മേൽക്കൂരയ്ക്ക് 15,000/- രൂപയും) MGNREGS അംഗീകൃത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി അളവുകളുടെ അടിസ്ഥാനത്തിൽ NREGS -ൽ സ്വകാര്യ കെട്ടിടങ്ങൾക്ക് കിണർ റീചാർജിങ് പ്രവൃത്തികളിലും പരമാവധി യൂണിറ്റ് കോസ്റ്റായി കണക്കാക്കാവുന്നതായി പരാമർശം 4 പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം മൂന്ന് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ രേഖയിൽ കിണർ റീചാർജിങ്ങിന് അനുവദിച്ചിട്ടുള്ള പരാമവധി സബ്സിഡി തുക (പരന്ന മേൽക്കൂരയ്ക്ക് 12000/- രൂപയും ചരിഞ്ഞ മേൽക്കൂരയ്ക്ക് 15000/- രൂപയും) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ അംഗീകൃത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി അളവുകളുടെ അടിസ്ഥാനത്തിൽ NREGS -ൽ സ്വകാര്യ കെട്ടിടങ്ങൾക്ക് കിണർ റീചാർജിങ് പ്രവർത്തി ചെയ്യുന്നതിനുള്ള പരമാവധി യൂണിറ്റ് കോസ്റ്റായി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

H MUHAMMED FAISAL

ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (അർബൻ) വകുപ്പ്

ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ്

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.

മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ , റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് റിസർച്ച് ആന്റ് ഡവലപ്മെന്റ് സെൻർ

എല്ലാ കോർപ്പറേഷൻ / മുനിസിപ്പൽ സെക്രട്ടറിമാർക്കും (ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (അർബൻ) വകുപ്പ് മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും

(ഡയറക്ടർ, തദ്ദേശ സ്വയം ഭരണ (റൂറൽ) വകുപ്പ് മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ&പിആർഡി (വെബ്&ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Priya S A

സെക്ഷൻ ഓഫീസർ

Date: 20-07-2023 11:13:06

പകർപ്പ്

ബഹു തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്

7.3 മൃഗസംരക്ഷണം/ക്ഷീരവികസനം

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എ.ബി.സി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാമുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ആർ.സി)വകുപ്പ്

സ.ഉ.(സാധാ) നം.2065/2022/LSGD തീയതി,തിരുവനന്തപുരം, 23-08-2022

പരാമർശം:- 26.07.2022 ലെ എ.ബി.സി വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റിയുടെ യോഗത്തിന്റെ നടപടിക്കുറിപ്പ്.

ഉത്തരവ്

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റി ബഹു.തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 26.07.2022 ന് ചേർന്ന യോഗത്തിൽ അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പ്രോഗ്രാമുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന ഇനങ്ങളിലെ കാര്യങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും സംയുക്ത പ്രോജക്ടായാണ് എ.ബി.സി. പദ്ധതി നടപ്പാക്കേണ്ടത്. മുഖ്യ നിർവ്വഹണ സ്ഥാപനം ജില്ലാ പഞ്ചായത്തായിരിക്കും. ഇതിനുള്ള വിഹിതം ജില്ലാ പഞ്ചായത്തിന് മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ കൈമാറണം. പൊതുവിഭാഗം വികസന ഫണ്ട്, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, തനത് ഫണ്ട് വിഹിതം എന്നിവ ഇതിനായി ഉപയോഗിക്കാവുന്നതാണ്.
2. പേവിഷനിർമ്മാർജ്ജന ബോധവത്ക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതാണ്. പേവിഷ നിർമ്മാർജ്ജന ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ സന്നദ്ധതയുള്ള സാമൂഹ്യപ്രവർത്തകരെയും സന്നദ്ധ സംഘടനകളെയും കണ്ടെത്തി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പരിശീലനം നൽകണം.
3. ജില്ലാ പഞ്ചായത്തുകൾക്ക് നേരിട്ടോ, ആനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരവും ABC ചെയ്യുന്നതിന് അനുമതിയുമുള്ള മൃഗക്ഷേമ സംഘടനകൾ വഴിയോ പദ്ധതി നടപ്പാക്കാവുന്നതാണ്.
4. തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ടാണ് എ.ബി.സി. പദ്ധതി നടപ്പാക്കുന്നതെങ്കിൽ ഓരോ പ്രദേശത്തെയും നായ്ക്കളുടെ എണ്ണമനുസരിച്ച് രണ്ട് ബ്ലോക്കുകൾക്ക് ഒരെണ്ണം എന്ന നിലയിൽ ഓപ്പറേഷൻ തിയേറ്റർ, നായ്ക്കളെ താമസിപ്പിക്കാനുള്ള ഷെൽറ്റർ, മറ്റു സൗകര്യങ്ങൾ എന്നിവ ഒരുക്കണം. ബ്ലോക്കു പഞ്ചായത്തുകളോടൊപ്പം സമീപത്തുള്ള നഗരസഭകളേയും കൂട്ടിച്ചേർക്കാവുന്നതാണ്. എന്നാൽ കോർപ്പറേഷനുകൾ പ്രത്യേകമായി സൗകര്യമൊരുക്കുന്നത് പരിഗണിക്കണം. കെട്ടിട സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം

ഡോഗ് റൂളും, Standard Operating Procedure (SOP) കൂടി പാലിച്ച് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരുക്കണം. ഇതിന്റെ മാനദണ്ഡം വെറ്ററിനറി സർജൻ നിശ്ചയിച്ച് മുഖ്യ നിർവഹണ ഏജൻസിയായ തദ്ദേശഭരണ സ്ഥാപനങ്ങളെ അറിയിക്കണം. നിർമ്മിക്കുന്ന കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ, Post and Pre-Operation Care Unit, സ്റ്റോർ, സി.സി. TV, എയർ കണ്ടീഷണർ, കിച്ചൺ എന്നിവയടക്കമുള്ള സൗകര്യമൊരുക്കണം. കൂടാതെ ഷെൽറ്ററും ഒരുക്കണം. 10 നായകളുടെ ഓപ്പറേഷന് 50 കൂടുകൾ എന്ന നിരക്കിലാണ് ഷെൽറ്റർ സൗകര്യമൊരുക്കേണ്ടത്. ഈ രീതിയിൽ അടിസ്ഥാന സൌകര്യം ഒരുക്കുന്നതിന് ആവശ്യമായ വിഹിതം മുഖ്യ നിർവഹണ ഏജൻസിയായ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന് ആ പ്രദേശത്തെയും സമീപ പ്രദേശത്തെയും ഗ്രാമപഞ്ചായത്തുകളും പങ്കാളികളാകുന്ന ബ്ലോക്ക് പഞ്ചായത്തും നഗരസഭയും കൈമാറണം. ഇപ്രകാരം ആവശ്യമായി വരുന്ന ചെലവിനുശേഷമുള്ള തുക എ.ബി.സി.യുടെ പൊതു ചെലവിനായി ജില്ലാ പഞ്ചായത്തിന് കൈമാറേണ്ടതാണ്.

5. ഒരു വെറ്ററിനറി സർജൻ, 4 മൃഗപരിപാലകർ, ഒരു തീയേറ്റർ സഹായി, ഒരു ശുചീകരണ സഹായി, ഡോഗ് കാച്ചേഴ്സ് എന്നിവരടങ്ങുന്ന ബ്ലോക്ക് തല ടീം രൂപീകരിക്കണം. ഇവർക്ക് ജില്ലാ തലത്തിൽ പരിശീലനം നൽകണം. അനിമൽ വെൽഫയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള കൂനൂരിലെ World Veterinary Service Centre ൽ അയച്ച് ഡോഗ് കാച്ചേഴ്സിന് ആവശ്യമായ പരിശീലനം നൽകണം. ഇതിനാവശ്യമായ ചെലവ് എ.ബി.സി പ്രോഗ്രാമിനു മാറ്റിവച്ച വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്. കോർപ്പറേഷൻ തലത്തിലും ഇതേ പോലെ ഒരു ടിമിനെ രൂപീകരിക്കാവുന്നതാണ്. മുനിസിപ്പാലിറ്റികളിൽ സെന്റർ ഇല്ലായെങ്കിൽ സമീപ ബ്ലോക്ക് പഞ്ചായത്തിൽ ഒരുക്കിയിരിക്കുന്ന സൗകര്യവും ഇവിടെ രൂപീകരിച്ചിരിക്കുന്ന ടീമിന്റെ സഹായവും ഉപയോഗിക്കണം.

6. ഓപ്പറേഷൻ ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യവും ഒരുക്കിയതിനു ശേഷം താഴെപ്പറയുന്ന രീതിയിൽ വെറ്റിനറി ഡോക്ടറേയും സഹായികളേയും 6 മാസത്തേക്ക് നിയമിക്കാവുന്നതാണ്. തുടർന്ന് ആവശ്യമെങ്കിൽ സേവനം ആറുമാസം കൂടി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ ഓരോ ദിവസവും നായ്ക്കൾക്ക് ശസ്ത്രക്രിയ നടക്കുന്നുവെന്ന് ബന്ധപ്പെട്ട ബ്ലോക്കിലെ വെറ്ററിനറി ഡോക്ടർ ഉറപ്പുവരുത്തണം. ഒരു ദിവസം കുറഞ്ഞത് എത്ര സർജറി നടത്തണമെന്നത് ഡെപ്യൂട്ടി ഡയറക്ടർ (Animal Husbandry) നിശ്ചയിക്കണം. പ്രതിമാസം വെറ്ററിനറി സർജൻ- 44,020 രൂപ, Animal Handlers (മൃഗപരിപാലകൻ) - 20,000 രൂപ, ഓപ്പറേഷൻ തീയേറ്റർ സഹായി 25,000 രൂപ, ശുചീകരണ സഹായി - 12,000 രൂപ എന്ന നിരക്കിൽ വേതനം നൽകാവുന്നതാണ്.

7. ഡോഗ് കാച്ചേഴ്സിനെ നിയോഗിച്ച് നായ്ക്കളെ പിടികൂടി കൊണ്ടുവന്ന് പാർപ്പിക്കുന്നതിനുള്ള ഷെൽറ്റർ, ശസ്ത്രക്രിയയ്ക്കാവശ്യമായ മരുന്ന്, ഉപകരണങ്ങൾ തുടങ്ങിയ സംവിധാനം ഒരുക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾക്ക് / നഗരഭരണ സ്ഥാപനങ്ങൾക്കായിരിക്കും.

8. തദ്ദേശഭരണ സ്ഥാപനതലത്തിൽ തെരുവ് നായ്ക്കളുടെ എണ്ണത്തിന് അനുസരിച്ച് (നായ ഒന്നിന് മരുന്നിനത്തിൽ 600 രൂപയും, 200 രൂപ നായ്ക്കളുടെ ട്രാൻസ്പോർട്ടേഷനും 400 രൂപ ആഹാരത്തിനും ഒരു നായയെ പിടിയ്ക്കുന്നതിന് 300 രൂപ നിരക്കിൽ ഡോഗ് കാച്ചേഴ്സിനും നൽകണം. ആകെ 1,500 രൂപ) വിഹിതം വകയിരുത്തേണ്ടതാണ്.

9. അതത് ഗ്രാമപഞ്ചായത്ത് /നഗരസഭകളിൽനിന്നും പിടികൂടിയ നായ്ക്കളെ ബ്ലോക്ക് തല എ.ബി.സി സെന്ററിൽ എത്തിച്ച് ശസ്ത്രക്രിയ നടത്തി അനന്തര ചികിത്സകളും നൽകി പൂർണ്ണ ആരോഗ്യം ഉറപ്പാക്കണം. പെൺ നായകൾക്ക് 5 ദിവസവും ആൺ നായകൾക്ക് 4 ദിവസവും ഷെൽട്ടർ സൗകര്യമൊരുക്കണം. ഇതിനുശേഷം ആരോഗ്യം ഉറപ്പാക്കി പഴയസ്ഥലത്ത് തിരികെവിടണം.
10. ABC പ്രോഗ്രാം പ്രകാരം നടപടിക്രമങ്ങളും ഓപ്പറേഷനും നടക്കുന്നത് ABC ഡോഗ് റൂളും Standard Operating Procedure (SOP) പ്രകാരമാണെന്ന് മോണിറ്ററിംഗ് കമ്മിറ്റിയും വെറ്ററിനറി ഡോക്ടറും ഉറപ്പാക്കണം.
11. ABC പ്രോഗ്രാം നടപ്പാക്കുന്നതിന് ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (Animal Husbandary) ഖണ്ഡിക 5 പ്രകാരമുള്ള ടീം രൂപീകരിച്ച് നടപടി സ്വീകരിക്കുകയോ അനിമൽ വെൽഫയർ ബോർഡിന്റെ അംഗീകാരം നേടിയിട്ടുള്ള മൃഗക്ഷേമ സംഘടനയെ ചുമതലപ്പെടുത്തുകയോ ചെയ്യാം. അനിമൽ വെൽഫയർ ഓർഗനൈസേഷൻ മുഖേനയാണ് നടപ്പാക്കുന്നതെങ്കിൽ നായ ഒന്നിന് 2,100 രൂപ നിരക്കിൽ കൈമാറേണ്ടതാണ്. മൃഗക്ഷേമ സംഘടന മുഖേനയാണ് ABC പ്രോഗ്രാം നടപ്പാക്കുന്നതെങ്കിൽ മുകളിൽ ഖണ്ഡിക 4, 5, 6 ൽ പറയുന്നതടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടതില്ല.
12. ഏതെങ്കിലും തദ്ദേശഭരണസ്ഥാപനങ്ങളിൽ നായകൾക്ക് ഓപ്പറേഷൻ നടത്തുന്നതിന് ആവശ്യമായ സൗകര്യമുണ്ടെങ്കിൽ അത്തരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സ്വന്തം നിലയ്ക്ക് എ.ബി.സി പരിപാടി നടത്താവുന്നതാണ്. എന്നാൽ അതിനായി ഖണ്ഡിക 6 ൽ പറയുന്ന രീതിയിൽ ഡോക്ടറെയും സഹായികളേയും നിയമിക്കേണ്ടതില്ല. പകരം ബ്ലോക്ക് തലത്തിൽ നിയോഗിക്കുന്ന ഈ ടീമിനെ ഒഴിവു സമയം നോക്കി ഉപയോഗിക്കേണ്ടതാണ്.
13. എ.ബി.സി പരിപാടി നടപ്പാക്കുന്നതിന് സംസ്ഥാനതലം, ഗ്രാമപഞ്ചായത്ത് / നഗരസഭാ തലം എന്ന രീതിയിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കണം. സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. ഗ്രാമപഞ്ചായത്ത് /നഗരസഭാ തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി ഇതിനകം രൂപീകരിച്ചിട്ടില്ലെങ്കിൽ ഉടൻ രൂപീകരിക്കണം.
14. ഓപ്പറേഷൻ തിയ്യേറ്ററുമായി ബന്ധപ്പെടുന്നവർ, മൃഗപരിപാലകർ, ഡോഗ് കാച്ചേഴ്സ് എന്നിവർക്ക് നിർബന്ധമായി ആന്റി റാബിസ് വാക്സിനേഷൻ നൽകണം. നായകൾക്കും വാക്സിനേഷൻ നൽകേണ്ടതാണ്.
15. നായയുടെ ഓപ്പറേഷനു ശേഷമുള്ള അവയവങ്ങൾ "IMAGE"-നു നൽകണം. അല്ലെങ്കിൽ ശാസ്ത്രീയമായ നടപടികൾക്കു ശേഷം അതത് പ്രദേശത്ത് സുരക്ഷിതമായി സംസ്കരിക്കണം.
16. ഓരോ സെന്ററിലേക്കും ആവശ്യമായ ജോലിക്കാരെ അതത് പ്രദേശത്തു നിന്നും സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്ക് പ്രകാരം തെരഞ്ഞെടുക്കാവുന്നതാണ്.
17. വീടുകളിൽ വളർത്തുന്ന എല്ലാ നായകൾക്കും കാലാകാലങ്ങളിൽ വാക്സിനേഷൻ നിർബന്ധമായി എടുക്കണം. ഇത് മൃഗാശുപത്രി വഴി സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കണം. എല്ലാ വളർത്തു നായകൾക്കും ലൈസൻസ് എടുക്കണമെന്ന നിർദ്ദേശം കർശനമായി പാലിക്കുന്നതിന് നടപടി സ്വീകരിക്കാൻ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും പ്രത്യേകം നിർദ്ദേശം നൽകണം.
18. തെരുവു നായ്ക്കളേയും മറ്റുള്ളവർ ഉപേക്ഷിക്കുന്ന നായ്ക്കളേയും ദത്തെടുത്ത് വളർത്തി

പരിപാലിക്കാൻ തയ്യാറുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനും വീട്ടിൽ വളർത്തുന്ന നായ്ക്കളെ തെരുവിൽ ഉപേക്ഷിക്കുന്ന പ്രവണതയ്ക്കെതിരെയും ബോധവത്ക്കരണം നടത്തണം.

19. ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടിന് ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ (Animal Husbandry) ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥനായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത്ഡയറക്ടർ മുഖാന്തിരം)
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
(പഞ്ചായത്ത്/നഗരകാര്യ ഡയറക്ടർമാർ മുഖാന്തിരം)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം)
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം. ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം. വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പിന്
തദ്ദേശ സ്വയംഭരണ (എഫ് .എം) വകുപ്പിന്
തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പിന്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് കരുതൽ ഫയൽ/ ഓഫീസ് കോപ്പി (File No.LSGD-RC3/346/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by Pradeesh M
Date: 23-08-2022 16:48:01
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. ഡിഎ1/322/2022-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 15-09-2022

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - സബ്സിഡി ധനസഹായ മാർഗ്ഗരേഖ പ്രകാരം "കന്നുകുട്ടി കാളക്കുട്ടി, പോത്തുകുട്ടി" എന്നിവയ്ക്ക് സബ്സിഡി നൽകുന്നത് - വ്യക്തത വരുത്തുന്നത് - സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21.08.2022-ന നടന്ന യോഗത്തിന്റെ തീരുമാനം 3.12

****

തദ്ദേശ ഭരണസ്ഥാപനങ്ങൾ പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതിയും പ്രോജക്ടുകളും തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗരേഖ സൂചന (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ഖണ്ഡിക 6.3 (5) പ്രകാരം "കന്നുകുട്ടി കാളക്കുട്ടി, പോത്തുകുട്ടി" എന്നിവ നൽകാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കന്നുകുട്ടി എന്നതു കൊണ്ട് പശുകിടാവും എരുമകിടാവും ഉൾപ്പെടും എന്ന് വ്യക്തത വരുത്തുന്നു. എന്നാൽ ഇവയ്ക്ക് രണ്ടിനം പ്രത്യേക യൂണിറ്റ് നിരക്ക് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണ്.

ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. പഞ്ചായത്ത് ഡയറക്ടർ

8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, മൃഗ സംരക്ഷണ വകുപ്പ്
11. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
12. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്തെ തെരുവുനായകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് 12/09/2022, 13/09/2022 തീയതികളിൽ നടന്ന ഉന്നത തലയോഗത്തിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ(സാധാ)നം.2244/2022/LSGD തീയതി,തിരുവനന്തപുരം, 15/09/2022

പരാമർശം:- 1. സ.ഉ.(സാധാ) നം. 2065/2022/തസ്വഭവ തീയതി 23/08/2022.

2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12/09/2022, 13/09/2022 തീയതികളിൽ ചേർന്ന ഉന്നതതല യോഗതീരുമാനങ്ങൾ.

ഉത്തരവ്

സംസ്ഥാനത്തെ വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യം പരിഹരിക്കുന്നതിന്റെ ഭാഗമായി 26/07/2022 ന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതു പ്രകാരമുള്ള നടപടികളുടെ നിർവ്വഹണം ഊർജ്ജിതമാക്കണം. എല്ലാ ബ്ലോക്കിലും ചുരുങ്ങിയത് ഒരു ABC കേന്ദ്രമെങ്കിലും സജ്ജീകരിക്കുന്നതിന് DPC കൾ ഇടപെടണം.

സംസ്ഥാനത്തെ തെരുവുനായകളുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന അടിന്തര സാഹചര്യം പരിഗണിച്ച് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12/09/2022, 13/09/2022 തീയതികളിൽ ഉന്നത തല യോഗങ്ങൾ ചേർന്നിരുന്നു. പ്രസ്തുത യോഗങ്ങളിൽ തെരുവുനായകളുടെ കടിയേൽക്കുന്നത് നിയന്ത്രിക്കുന്നത് സംബന്ധിച്ചും കടിയേൽക്കുന്നവർക്ക് പേ വിഷബാധയേൽക്കുന്നത് തടയുന്നത് സംബന്ധിച്ചും വിശദമായി ചർച്ച ചെയ്യുകയും മുൻ മന്ത്രിതല യോഗങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു. നിലവിലെ സ്ഥിതി പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിനായി പരാമർശം (2) തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് തെരുവുനായകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള നിർദ്ദേശങ്ങൾക്ക് പുറമെ ഒരു അടിയന്തര കർമ്മപരിപാടി പ്രാദേശിക സർക്കാർ തലത്തിൽ ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉത്തരവാകുന്നു. ഈ കർമ്മ പരിപാടിക്ക് നാലു ഘടകങ്ങളുണ്ടാകും.

1. തീവ്ര വാക്സിനേഷൻ യജ്ഞം

2. തെരുവുനായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമായുള്ള അഭയകേന്ദ്രങ്ങൾ സജ്ജമാക്കൽ

3. ശുചിത്വയജ്ഞം

4. ഐ.ഇ.സി ക്യാംപെയ്ൻ (IEC Campaign)

തദ്ദേശ തലത്തിലെ കർമ്മ പരിപാടി നടപ്പിലാക്കാൻ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ കർമ്മ പരിപാടി നടപ്പിലാക്കുന്നതിനും ഏകോപിത പ്രവർത്തനം ഉറപ്പാക്കുന്നതിനും തുടർച്ചയായി സ്ഥിതി വിവര കണക്കുകൾ വിലയിരുത്തുന്നതിനും സംസ്ഥാന, ജില്ലാ, തദ്ദേശ ഭരണ സ്ഥാപന തലങ്ങളിൽ സമിതികൾ രൂപീകരിക്കേണ്ടതായിട്ടുണ്ട്. ഇവയുടെ ഘടനയും ഉത്തരവാദിത്വങ്ങളും താഴെ വിശദീകരിച്ചിട്ടുണ്ട്.

1. തീവ്ര വാക്സിനേഷൻ യജ്ഞം

- സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ കടിയേൽക്കുന്നത് മനുഷ്യരിൽ പേവിഷബാധയേൽക്കുന്നതിന് മുഖ്യകാരണമായി മാറിയിട്ടുണ്ട്. ഈ വിഷയത്തിൽ തെരുവുനായ്ക്കളിൽ പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പ് ആരംഭിക്കേണ്ടത് അനിവാര്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും മൃഗക്ഷേമ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവയുടെ സഹായത്തോടെയും തെരുവുനായ്ക്കളിൽ ഈ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ഇപ്രകാരം തെരുവുനായ്ക്കളിൽ കുത്തിവയ്ക്കുന്ന പേവിഷബാധ കുത്തിവയ്പ്പിന് തുക ഈടാക്കേണ്ടതില്ല. മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ആയിരിക്കും നായ്ക്കളെ കുത്തിവയ്ക്കുക. ഓരോ പ്രദേശത്തെയും അനിമൽ ഫീഡേഴ്സിന്റെ സഹായത്താൽ ഹാൻഡ്ക്യാച്ചിങ് നടത്തിയും നായ്ക്കളെ പിടിക്കാവുന്നതാണ്. ഹാൻഡ്ക്യാച്ചിങ്ങിലൂടെ പിടിക്കാൻ കഴിയാത്ത നായ്ക്കളെ പിടിക്കുന്നതിനായി ഡോഗ് ക്യാച്ചർമാരുടെ സേവനം വിനിയോഗിക്കാവുന്നതാണ്. ആയതിനു വേണ്ട തുക അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.
- ഇപ്രകാരം സംസ്ഥാനത്ത് തെരുവ് നായ നിയന്ത്രണ തീവ്രയജ്ഞ പരിപാടി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള പ്രത്യേക വാക്സിനേഷൻ യജ്ഞം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2022 സെപ്തംബർ 20 മുതൽ ഒക്ടോബർ 20 വരെ സംഘടിപ്പിക്കേണ്ടതാണ്.
- വാക്സിനേഷൻ ഡ്രൈവിനായുള്ള എസ്.ഒ.പി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കി ലഭ്യമാക്കുന്നതാണ്.
- ആരോഗ്യ വകുപ്പും മൃഗസംരക്ഷണവകുപ്പും ലഭ്യമാക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലുള്ള ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി പ്രസ്തുത പ്രദേശങ്ങളിൽ വാക്സിനേഷൻ ഡ്രൈവ് ഊർജ്ജിതമാക്കേണ്ടതാണ്. ഹോട്ട്സ്പോട്ടുകൾ നിർണ്ണയിക്കുന്നത് സംബന്ധിച്ച തീരുമാനം മൃഗസംരക്ഷണ വകുപ്പിന്റേയും ആരോഗ്യ വകുപ്പിന്റേയും സഹായത്തോടെ ജില്ലാതലത്തിൽ കൈകൊള്ളേണ്ടതാണ്.

- തദ്ദേശ ഭരണ സ്ഥാപനതല കമ്മിറ്റികൾ ആക്രമണകാരികളായ നായകൾ കൂടുതലുള്ള പ്രദേശങ്ങൾ കണ്ടത്തേണ്ടതും ടി സ്ഥലങ്ങളിൽ സമ്പൂർണ്ണ (Saturation) വാക്സിനേഷൻ ഡ്രൈവുകൾ സംഘടപ്പിക്കുന്നതിന് മുൻഗണന നൽകേണ്ടതുമാണ്.
- സ്കൂൾ പരിസരങ്ങളിലും കുട്ടികൾ സഞ്ചരിക്കുന്ന ഇടങ്ങളിലും വാക്സിനേഷൻ ഡ്രൈവ് നടത്തുമ്പോൾ മുൻഗണന നൽകേണ്ടതാണ്.
- ഹോട്ട് സ്പോട്ടുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വാക്സിനേഷൻ യജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനായി ജില്ലാ - ബ്ലോക്ക് - തദ്ദേശ സ്ഥാപന തലത്തിലുള്ള വാഹന സൗകര്യങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.
- പൊതുജനാരോഗ്യ കേന്ദ്രങ്ങളിലെയും വെറ്ററിനറി ആശുപത്രികളിലേയും മെഡിക്കൽ ഓഫീസർമാർ തെരുവുനായ ആക്രമണം സംബന്ധിച്ച വിവരങ്ങൾ (Daily Reports) തദ്ദേശ ഭരണസ്ഥാപന തല കമ്മിറ്റിക്ക് കൃത്യമായി നൽകേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ ഹോട്ട്സ്പോട്ടുകളും നായ ശല്യം പുതുതായി ഉണ്ടായി വരുന്ന കേന്ദ്രങ്ങളും കണ്ടെത്തേണ്ടതാണ്.
- വാക്സിനേഷൻ കേന്ദ്രങ്ങളിലേക്ക് നായകളെ കൊണ്ടുവരുന്നതിനായി മൃഗപാലകരായും Dog Catcher ആയും പ്രവർത്തിക്കാൻ തയ്യാറാകുന്ന ചുവടെ ചേർക്കുന്ന മേഖലകളിൽ നിന്നും സന്നദ്ധപ്രവർത്തകരെ ഒരാഴ്ചക്കുള്ളിൽ തദ്ദേശ ഭരണ സ്ഥാപനതല കമ്മിറ്റി കണ്ടെത്തി നിയോഗിക്കാവുന്നതാണ്.
  1. സന്നദ്ധ സേനാംഗങ്ങൾ
  2. കുടുംബശ്രീ പ്രവത്തകർ
  3. മൃഗക്ഷേമ സംഘടന പ്രവർത്തകർ
  4. ജനമൈത്രി പോലീസ്
  5. മൃഗ ക്ഷേമ സംഘടനകൾ.

- ഇത്തരം മൃഗപരിപാലകർക്ക് (സന്നദ്ധ പ്രവർത്തകർക്ക്) ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ രോഗം വരാതിരിക്കാനുള്ള കരുതൽ വാക്സിനേഷൻ നൽകേണ്ടതാണ്.
- എല്ലാ നഗര തദ്ദേശഭരണ സ്ഥാപനങ്ങളും വാക്സിനേഷൻ യജ്ഞത്തിനായി വാഹനങ്ങൾ വാടയ്ക്ക് എറ്റെടുക്കാവുന്നതാണ്. വാക്സിനേഷനായി വാഹനങ്ങൾ സജ്ജീകരിക്കുന്നത് സംബന്ധിച്ച എസ്.ഒ.പി മൃഗസംരക്ഷണ വകുപ്പ് തയ്യാറാക്കുന്നതാണ്. ഈ വാഹനങ്ങൾ ഗ്രാമപഞ്ചായത്ത്/നഗര തദ്ദേശഭരണ സ്ഥാപനതലത്തിൽ കണ്ടെത്തിയിട്ടുള്ള ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് വാക്സിനേഷൻ നൽകുന്നതിനായി ഉപയോഗിക്കേണ്ടതാണ്. ഇത് സംബന്ധിച്ച സമയക്രമം മൃഗസംരക്ഷണ വകുപ്പിന്റെ അസിസ്റ്റന്റ് ഡയറക്ടർ ഗ്രാമപഞ്ചായത്തുകളുമായും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ആലോചിച്ച് തീരുമാനിക്കേണ്ടതാണ്. (സമയക്രമം സംബന്ധിച്ച അറിയിപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മുൻകൂട്ടി നൽകേണ്ടതാണ്.)
- ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വളർത്തുനായകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ ഐ.എൽ.ജി.എം.എസ് പോർട്ടൽ വഴി സമർപ്പിക്കാവുന്നതും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മൂന്ന് ദിവസത്തിനകം വാക്സിനേഷൻ പൂർത്തീകരിച്ച് പഞ്ചായത്ത് ലഭ്യമാക്കേണ്ടതുമാണ്. ഐ.എൽ.ജി.എം.എസ് ൽ സുഗമമായ

രജിസ്ട്രേഷൻ ഇൻഫർമേഷൻ കേരള മിഷൻ ഉറപ്പ് വരുത്തേണ്ടതുമാണ്. രജിസ്റ്റർ ചെയ്ത നായകളെ തിരിച്ചറിയുന്നതിനായുള്ള മെറ്റൽ ടോക്കൺ/കോളർ ഉടമയുടെ ഉത്തരവാദിത്തത്തിൽ ഘടിപ്പിക്കേണ്ടതാണ്.

- പരാമർശം (1) ഉത്തരവിലെ എട്ടാം ഖണ്ഡികയിൽ വിവരിക്കുന്നത് പ്രകാരം എ.ബി.സി പ്രോഗ്രാമിന് അനുവദിച്ചതുപോലെ 200/- രൂപ നായയുടെ ട്രാൻസ്പോർട്ടേഷനും ഒരു നായയെ പിടിക്കുന്നതിന് 300/- രൂപ ഡോഗ് ക്യാച്ചേഴ്സിനും നൽകേണ്ടതാണ്.
- തെരുവ് നായകളെ വാക്സിനേഷനായും വന്ധ്യംകരിക്കുന്നതിനായും കേന്ദ്രങ്ങളിലേക്ക് കൊണ്ടുവരുന്ന മൃഗസ്നേഹികളായ വ്യക്തികൾക്ക് 500/- രൂപ (Loose companion offer) പ്രതിഫലമായി എ.ബി.സി കേന്ദ്രങ്ങളിൽ നിന്നും നൽകേണ്ടതാണ്.
- മൃഗപരിപാലകർക്കുള്ള (സന്നദ്ധപ്രവർത്തകർ) പരിശീലനം മൃഗസംരക്ഷണ വകുപ്പിന്റേയോ വെറ്ററിനറി സർവ്വകലാശാലയുടെയോ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകളുടേയോ സഹകരണത്തോടെ അടിയിന്തിരമായി സംഘടിപ്പിക്കേണ്ടതാണ്.

2.<u>തെരുവുനായകൾക്കും ഉപേക്ഷിക്കപ്പെട്ട നായകൾക്കുമായുള്ള അഭയകേന്ദ്രങ്ങൾ.</u>

- ആക്രമണകാരികളായ നായകളെ തെരുവുകളിൽ നിന്നും മാറ്റേണ്ടത് അനിവാര്യമാകയാൽ അവയെ അഭയ കേന്ദ്രങ്ങളിൽ പാർപ്പിക്കേണ്ടതാണ്.
- ആദ്യ ഘട്ടം എന്ന നിലയിൽ ഹോട്ട്സ്പോട്ടുകൾ നിലവിലുള്ള എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്. ഇതിനായി ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് ഏകോപിപ്പിച്ച് വിനിയോഗിക്കാവുന്നതാണ്. തൊട്ടടുത്ത നഗര തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ട് കൂടി ആവശ്യമെങ്കിൽ ഏകോപിപ്പിച്ച് അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഉപയോഗിക്കാത്തതോ പൂർണ്ണമായി ഉപയോഗിക്കാത്ത കെട്ടിടഭാഗമോ അഭയ കേന്ദ്രങ്ങളുടെ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ കണ്ടെത്തുന്നതിനുള്ള പ്രാഥമിക പരിശോധന തദ്ദേശ ഭരണസ്ഥാപനതല കമ്മിറ്റി നിർവ്വഹിക്കേണ്ടതാണ്. ജില്ലാ ഭരണകൂടങ്ങൾ ഇക്കാര്യത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കാവശ്യമായ സഹായം ലഭ്യമാക്കേണ്ടതാണ്. മറ്റു വകുപ്പുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളാണെങ്കിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സ്ഥിരം സംവിധാനം ഒരുക്കുന്നത് വരെ താൽകാലികാടിസ്ഥാനത്തിൽ പ്രസ്തുതകെട്ടിടങ്ങൾ അഭയ കേന്ദ്രങ്ങൾ നടത്തുന്നതിനായി ഉപയോഗിക്കാവുന്നതും ഇതിനായി ഇത്തരം കെട്ടിടം ദുരന്ത നിവാരണം 2005 സെക്ഷൻ 65 പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ ഏറ്റെടുത്ത് നൽകേണ്ടതുമാണ്.
- മേൽപ്പറഞ്ഞ പ്രകാരം അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് (ഹോട്ട്സ്പോട്ടുകൾ കണ്ടെത്താത്ത പ്രദേശങ്ങളാണെങ്കിൽ കൂടിയും) ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരതദ്ദേശഭരണ സ്ഥാപനങ്ങൾക്കും അനുമതി നൽകുന്നു. ആയതിന് മേൽപ്പറഞ്ഞ പ്രകാരം ത്രിതലപഞ്ചായത്തുകളുടെയും നഗരസഭകളുടെയും ഫണ്ടുകൾ ഏകോപിപ്പിക്കാവുന്നതാണ്.

- അഭയ കേന്ദ്രത്തിൽ ഭക്ഷണം നൽകുന്നതിനും അടിസ്ഥാന പരിചരണത്തിനുമായി തദ്ദേശ സ്വയംഭരണസ്ഥാപനതല കമ്മിറ്റികൾ ഒരു ഷെൽറ്റർ മാനേജ്മെന്റ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. ഇത്തരം ഗ്രൂപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് വിവിധ ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും സഹായം ജില്ലാതല കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായുള്ള ഫണ്ട്, ഭക്ഷണം മറ്റ് വിഭവങ്ങൾ എന്നിവ സ്വരൂപിക്കുന്നതിനായി മൃഗസ്നേഹികളെയും പ്രാദേശിക മൃഗക്ഷേമ സംഘടനാ പ്രവർത്തകരേയും സന്നദ്ധ വിഭാഗങ്ങളേയും ഈ ഗ്രൂപ്പിൽ അംഗങ്ങളാക്കാൻ ശ്രദ്ധചെലുത്തേണ്ടതാണ്.
- നിലവിലുള്ള സ്വകാര്യ പുനരധിവാസ കേന്ദ്രങ്ങളെയും, നായ വളർത്തൽ കേന്ദ്രങ്ങളെയും ഈ ആവശ്യത്തിനായി ഉപയോഗിക്കാനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളുടെ ഉടമകളെ തദ്ദേശഭരണസ്ഥാപനതല കമ്മിറ്റിക്ക് ഒരു റിസോഴ്സ് സപ്പോർട്ട് ആന്റ് മൊബിലൈസേഷൻ ടീം ആയി പങ്ക് ചേർക്കാവുന്നതാണ്.

3. ശുചിത്വയജ്ഞം

- എല്ലാ പൊതുനിരത്തുകളിലെയും പൊതു സ്ഥലങ്ങളിലെയും ജൈവ - സങ്കര മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.
- തുമ്പൂർമുഴി പോലെയുള്ള മാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- ഭക്ഷണ - മാംസ മാലിന്യങ്ങൾ തെരുവുനായകൾക്ക് ഉപയോഗിക്കാനാകുന്ന വിധം നിക്ഷേപിക്കുന്നത് തടയുന്നതിനായി ഹോട്ടലുകൾ, കല്ല്യാണമണ്ഡപങ്ങൾ, റസ്റ്റാറന്റുകൾ, ഭക്ഷണശാലകൾ എന്നിവയുടെ ഉടമകൾ, മാംസവ്യാപാരികൾ, വ്യാപാരി വ്യവസായി സംഘടനകൾ എന്നിവരുമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോഗം വിളിച്ചുകൂട്ടി കർശ്ശന നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.
- അനധികൃത അറവുശാലകളിൽ നിന്നും മറ്റ് മാംസ വ്യാപാരശാലകളിൽ നിന്നും മാംസ മാലിന്യങ്ങൾ പൊതുഇടങ്ങളിൽ നിക്ഷേപിക്കുന്നത് തടയുന്നതിന് നിരന്തരം പരിശോധനകൾ നടത്തുന്നതിനും, കുറ്റക്കാരിൽ നിന്ന് പിഴ ഈടാക്കുന്നതിനുള്ള കർശ്ശന നടപടികളും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.
- മാലിന്യ സംസ്കരണ വ്യവസ്ഥകൾ ഫലവത്താണോ എന്ന് ഉറപ്പുവരുത്തുന്നതിനായി ഡി & ഒ ലൈസൻസ് ഉള്ള സ്ഥാപനങ്ങളിൽ തീവ്രപരിശോധനകൾ നടപ്പിലാക്കണം.
- എല്ലാ മാർക്കറ്റുകളിലും വ്യാപാര ഇടങ്ങളിലും മാലിന്യം സംസ്കരിക്കുന്നത് യഥാവിധിയാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.
- തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളെ ഉപയോഗിച്ച് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കമ്പോസ്റ്റ് പിറ്റുകൾ, മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ (Mini MCF) എന്നിവ ഉണ്ടാക്കുന്നതിനുള്ള 30 ദിവസത്തെ തീവ്രയജ്ഞം ഒക്ടോബർ മാസത്തിൽ സംഘടിപ്പിക്കേണ്ടതാണ്. പ്രത്യേകിച്ചും മാർക്കറ്റുകളിൽ പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കണം.

- ശുചീകരണ യജ്ഞം പൊതു സ്ഥലങ്ങളിലെ (വിശേഷാൽ മാർക്കറ്റുകളിലെയും കമ്പോളങ്ങളിലെയും) ഖര - ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും കൂടി മുൻതൂക്കം നൽകിക്കൊണ്ടാവണം നിർവ്വഹിക്കേണ്ടത്. ഇതിനായി സന്നദ്ധ പ്രവർത്തകരേയും വിദ്യാർത്ഥികളേയും ഉപയോഗപ്പെടുത്താവുന്നതാണ്. മേൽ കാര്യങ്ങൾ മുൻനിർത്തി (ഒക്ടോബർ 2 മുതലുള്ള ശുചിത്വ പക്വാടയുടെയും മുൻഗണന ഇത്തരം പ്രവർത്തനങ്ങൾക്കായിരിക്കണം) ശുചിത്വ മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്.

4. ഐ. ഇ. സി ക്യാംപെയ്ൻ (IEC Campaign)

- തെരുവുനായകളുടെ ആക്രമണ സ്വഭാവത്തെ ഉദ്ദീപിപ്പിക്കുന്ന പ്രവൃത്തികളെക്കുറിച്ചുള്ള അവബോധം, നായകളുടെ അക്രമഭീതി ഉണ്ടാകുന്ന സാഹചര്യത്തിൽ ചെയ്യേണ്ടുന്ന നടപടികൾ, പ്രഥമ ശുശ്രൂഷയുടെ പ്രാധാന്യം, കടിയേൽക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾ എന്നിവയെ കുറിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കും മാതാപിതാക്കൾക്കും സ്കൂൾ അധികൃതർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ പി.ടി.എ-യുടെ സഹായത്തോടുകൂടി പരിശീലനം നൽകേണ്ടതാണ്. ഇതിനായുള്ള പ്രചാരണ നടപടികൾ ജില്ലാ ഇൻഫർമേഷൻ ഓഫീസർ സ്വീകരിക്കേണ്ടതാണ്.
- രാഷ്ട്രീയ പാർട്ടികൾ, എൻ.ജി.ഒ-കൾ, വ്യാപാരി വ്യവസായി സംഘടനകൾ, ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുമായി ചേർന്ന് നിയോജക മണ്ഡല അടിസ്ഥാനത്തിൽ എം.എൽ.എ.മാരുടെ നേതൃത്വത്തിൽ യോഗങ്ങൾ സംഘടിപ്പിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കേണ്ടതാണ്.
- വളർത്തുനായകൾക്ക് കൃത്യമായ ഇടവേളകളിൽ വാക്സിനേഷൻ നൽകുകയും മൃഗസംരക്ഷണ വകുപ്പ് അവയ്ക്ക് രജിസ്ട്രേഷൻ നൽകുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവയ്ക്ക് ലൈസൻസ് നൽകുകയും ചെയ്യേണ്ടതാണ്. ഇതിനായുള്ള നിരന്തര ബോധവത്കരണം നടത്തുന്നതിനുള്ള നടപടികൾ എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാരും സ്വീകരിക്കേണ്ടതാണ്.
- നായകളുടെ കടിയേൽക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ നിരന്തര ബോധവത്കരണം നടത്തുന്നതിനുള്ള നടപടികൾ വിവര പൊതുജനസമ്പർക്ക വകുപ്പ് സ്വീകരിക്കേണ്ടതാണ്.
- തെരുവുനായ പ്രശ്നം സംബന്ധിച്ച സേവനങ്ങൾ ലഭ്യമാക്കുന്നതിന് ജില്ലാതലത്തിൽ ടോൾ ഫ്രീ നമ്പർ രൂപീകരിക്കുന്നതിനും അടിയന്തര സേവനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള സംവിധാനം ജില്ലാ കളക്ടർമാർ ഒരുക്കേണ്ടതാണ്.
- സ്കൂൾ പ്രവൃത്തി ദിവസങ്ങളിൽ സ്കൂൾ പരിസരത്തും ഇടവഴികളിലും മാലിന്യ നിക്ഷേപ പരിസരങ്ങളിലും അക്രമകാരികളായ നായകളുടെ വിഹാരം തടയുന്നതിനായി സന്നദ്ധ പ്രവർത്തകരുടെ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതാണ്.

ഓർഗനൈസേഷൻ സംവിധാനം.

മേൽ വാക്സിനേഷൻ ഡ്രൈവ് ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് ഫലപ്രദമായ ഒരു ഓർഗനൈസേഷൻ സംവിധാനം ത്രിതല തട്ടിൽ രൂപീകരിക്കേണ്ടതായിട്ടുണ്ട്.

- സംസ്ഥാനതല കമ്മിറ്റി

അതിതീവ്ര തെരുവുനായ നിയന്ത്രണ യജ്ഞത്തിന്റെ മേൽനോട്ടം വഹിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനതല കമ്മിറ്റി രൂപീകരിക്കുന്നു.

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി
2. മൃഗസംരക്ഷണ വകുപ്പ് മന്ത്രി
3. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി
4. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
5. ആരോഗ്യ വകുപ്പ് സെക്രട്ടറി
6. മൃഗസംരക്ഷണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ (കൺവീനർ)
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ
11. ആരോഗ്യ വകുപ്പ് ഡയറക്ടർ
12. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
13. ഡയറക്ടർ, പി ആർ ഡി

ഉത്തരവാദിത്തങ്ങൾ

- തീവ്രയജ്ഞം നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം പുറപ്പെടുവിക്കുക.
- സമഗ്രതല ഏകോപനപ്രവർത്തനം.
- ദൈവാര അവലോകനം.
- തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പ്രതിദിന റിപ്പോർട്ടുകൾ ലഭ്യമാക്കി ജില്ലാ / സംസ്ഥാന കമ്മിറ്റികളുടെ പരിഗണനക്കുള്ള മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) തയ്യാറാക്കേണ്ടതാണ്.

ജില്ലാതല കമ്മിറ്റി

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കോ- ചെയർമാനായും ജില്ലാതലത്തിൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ തല ജോയിന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ജില്ലാ തല ജോയിന്റ് ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർ അംഗങ്ങളായിരിക്കും. പദ്ധതി നിർവ്വഹണത്തിനും ധനസമാഹരണത്തിനുമായി ജില്ലാ പ്ലാനിംഗ് ഓഫീസർ ഡിപിസി സെക്രട്ടേറിയറ്റിന്റെ തലവൻ എന്ന നിലയിൽ പ്രത്യേക ക്ഷണിതാവ് ആയിരിക്കും. മറ്റ് വിദഗദ്ധർ, സൊസൈറ്റി ഫോർ ദ പ്രിവൻഷൻ ഓഫ് അനിമൽസ് അംഗങ്ങൾ കൂടാതെ ആരോഗ്യം, പോലീസ്, കുടുംബശ്രീ മുതലായവരെ ആവശ്യാനുസൃതം

പ്രത്യേക ക്ഷണിതാക്കളായി പങ്കെടുപ്പിക്കാം. ജില്ലാ ഇൻഫർമേഷൻ ഓഫീസർ കമ്മിറ്റിക്ക് വേണ്ട ഐ.ഇ.സി സപ്പോർട്ട് നൽകേണ്ടതാണ്.

ഉത്തരവാദിത്തങ്ങൾ

- വാക്സിനേഷൻ തീവ്രയജ്ഞത്തിന്റെ സമഗ്രമായ ഏകോപനം.
- തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഹോട്ട് സ്പോട്ടുകളുടെ നിർണ്ണയം അന്തിമമാക്കൽ.
- ബന്ധപ്പെട്ട വ്യക്തികൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവരുടെ യോഗങ്ങൾ നടത്തി സഹായങ്ങൾ ലഭ്യമാക്കുക.
- നിയോജക മണ്ഡലതല മീറ്റിംഗുകൾ ഏകോപിപ്പിക്കുക.
- തദ്ദേശ സ്ഥാപനങ്ങൽക്ക് ഷെൽറ്ററുകൾ ലഭ്യമാക്കുനതിന് യുദ്ധകാല അടിസ്ഥാനത്തിൽ ആവശ്യമായ സഹായങ്ങൽ നൽകുക.
- പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സഹായത്തോടെ ജില്ലാ തല ബോധവത്കരണ ക്യാംപെയ്നുകൾ സംഘടിപ്പിക്കുക.
- ജില്ലാ / ബ്ലോക്ക് തല പരിശീലന പരിപാടികൾ ഏകോപിപ്പിക്കുക.

തദ്ദേശ സ്ഥാപനതല ജനകീയ കമ്മിറ്റി

- തദ്ദേശസ്ഥാപനതല കമ്മിറ്റികളും ഡോഗ് കൺട്രോൾ സെല്ലും അനിമൽ ബർത്ത് കൺട്രോൾ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പുനഃസംഘടിപ്പിക്കേണ്ടതാണ്.
- തദ്ദേശ സ്ഥാപനതല കമ്മിറ്റികളുടെ ഏകോപനം നടത്തുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുമായി താഴെപ്പറയുന്ന വിഭാഗങ്ങളെ ഉൾപ്പെടുത്തി ഈ സംവിധാനങ്ങളെ വിപുലീകരിക്കാവുന്നതാണ്.

i. മൃഗസംരക്ഷണ സംഘടനകളുടെ പ്രതിനിധികൾ
ii. റസിഡന്റ്സ് അസ്സോസ്സിയേഷൻ ഭാരവാഹികൾ
iii. ഹോട്ടൽ & റസ്റ്റാറന്റ് അസ്സോസ്സിയേഷൻ, വ്യാപാരി-വ്യവസായി അസ്സോസ്സിയേഷൻ
iv. NSS/NCC പ്രതിനിധികൾ
v. വാതിൽപ്പടി സേവനം സ്റ്റേറ്റ് കോർഡിനേറ്റർ
vi. ധനകാര്യ-സഹകരണ സ്ഥാപനങ്ങൾ
vii. കുടുംബശ്രീ സി.ഡി.എസ്.
viii. ജനമൈത്രി, പോലീസ് സംവിധാനം

ഉത്തരവാദിത്തങ്ങൾ

- തദ്ദേശ സ്ഥാപനതലത്തിലുള്ള ഹോട്ട് സ്പോട്ടുകൾ കണ്ടെത്തുക
- വോളന്റിയർമാരെ കണ്ടെത്തുക അവരുടെ സേവനം ഉറപ്പുവരുത്തുക
- തെരുവ് നായ്ക്കളുടെ ഭക്ഷണത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി ധനസമാഹാരണം നടത്തുക
- നായ്ക്കളെ പിടിക്കുന്നവർക്കും നായ്ക്കളുടെ പരിപാലനം നടത്തുന്നവർക്കും പരിശീലനം നല്കുക, പ്രതിരോധകുത്തിവയ്പ് നല്കുക.

- തെരുവ്നായ്ക്കളുടെ ഷെൽറ്ററുകളുടെ പരിപാലനം
- മാംസവിപണന അസ്സോസ്സിയേഷനുകളുടെ യോഗം ചേരുക
- ഹോട്ടൽ, കമ്മ്യൂണിറ്റി ഹാൾ, കല്യാണമണ്ഡപം സ്ഥാപന ഉടമകളുടെ യോഗം ചേരുക
- സ്വകാര്യ നായ് വളർത്തൽ കേന്ദ്രങ്ങളുടെ ഉടമകളുടെ പങ്കാളിത്തം/സേവനം ഉറപ്പ് വരുത്തുക
- പൊതുസ്ഥലങ്ങളിലെ മാലിന്യ നീക്കം ചെയ്യുന്ന നടപടികൾ ഏകോപിപ്പിക്കുക. ക്ലീനിംഗ് ഡ്രൈവ് സംഘടിപ്പിക്കുക
- വാക്സിനേഷൻ, ഷെൽട്ടർ, ജനങ്ങളിൽ അവബോധേ സൃഷ്ടിക്കുന്നതിനുള്ള ബോധവത്ക്കരണ പരിശീലന പരിപാടികൾ (IEC) സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- അനധികൃത അറവ്ശാലകൾ കണ്ടെത്തുകയും പിഴ ഈടാക്കുകയും ചെയ്യുക. മാംസാവശിഷ്ടങ്ങൾ നിയമാനുസൃതം സംസ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- സന്നദ്ധസംഘടനകളുടെ സഹായത്തോടെ പാചകം ചെയ്ത ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
- തദ്ദേശ സ്ഥാപനതലത്തിൽ നടത്തുന്ന ദൈനംദിന പ്രവർത്തനങ്ങളുടെ നടപടി റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കുന്ന ഡാഷ്ബോർഡിൽ ലഭ്യമാക്കേണ്ടതാണ്.

<u>പദ്ധതി രൂപീകരണം/പുതുക്കൽ</u>

വെറ്റിനറി ഓഫീസർമാർ ആയിരിക്കും പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ. തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായി സ്പെഷ്യൽ പ്രോജക്ട് ആയി ചെയ്യാവുന്നതാണ്.

- വാക്സിനേഷൻ യജ്ഞം
- ABC കേന്ദ്രങ്ങൾ സജ്ജീകരിക്കൽ
- വാഹനം വാടകയ്ക്ക് എടുക്കൽ
- IEC പ്രവർത്തനങ്ങൾക്ക്
- അഭയകേന്ദ്രങ്ങളുടെ നിർമ്മാണം, പരിപാലനം
- Dog Catchers ന്റെയും മൃഗപരിപാലകരുടേയും നിയമനം/പരിശീലനം
- കർമ്മപരിപാടിയുമായി ബന്ധപ്പെട്ടു വരുന്ന മറ്റു അത്യന്താപേക്ഷിത ചിലവുകൾ

മേൽ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിനുള്ള പ്രോജക്ടുകൾ സുലേഖ സോഫ്റ്റ് വെയറിലെ 'സ്പെഷ്യൽ പ്രോജക്ടുകൾ' എന്ന സൗകര്യം ഉപയോഗിച്ച് തയ്യാറാക്കാവുന്നതാണ്. പൊതുവിഭാഗം, സാധാരണ വിഹിതം, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ്, തനതു ഫണ്ട് എന്നിവ വകയിരുത്താവുന്നതാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാന്റ് ആണ് വകയിരുത്തുന്നതെങ്കിൽ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ കൂടി പ്രൊജക്ട് വിവരങ്ങൾ ഉൾപ്പെടുത്തണം. പ്രോജക്ടുകൾക്ക് ഡി.പി.സി. ക്ലിയറൻസ് ആവശ്യമില്ല. വെറ്റിംഗ് ഓഫീസറുടെ അനുമതിയോടുകൂടി നിർവ്വഹണം നടത്താവുന്നതാണ്. ഇപ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ പദ്ധതി ഭേദഗതി സമയത്ത്

വാർഷിക പദ്ധതിയുടെ ഭാഗമാകേണ്ടതും ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് ഡി.പി.സി. പ്രോസസിംഗിന്റെ ഭാഗമാക്കേണ്ടതുമാണ്.

- പദ്ധതി നടത്തിപ്പിനുള്ള പശ്ചാത്തല സൗകര്യങ്ങൾ തദ്ദേശ സ്ഥാപന എഞ്ചിനീയറിംഗ് വിഭാഗം ഒരുക്കേണ്ടതാണ്.
- സ്പെഷ്യൽ പ്രോജക്ടിനായി മാത്രം സെപ്റ്റംബർ 20 മുതൽ 30 വരെ സുലേഖ സോഫ്റ്റ് വെയർ ഓപ്പൺ ചെയ്ത് നൽകേണ്ടതാണ്.

മോണിറ്ററിംഗ്

സംസ്ഥാനതലത്തിൽ രണ്ടാഴ്ചയിൽ ഒരിക്കലും, ജില്ലാതലത്തിൽ ആഴ്ചയിലും, തദ്ദേശ സ്ഥാപനതലത്തിൽ ദൈനംദിനവും ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

ഡാഷ്ബോർഡ് സംവിധാനം

ക്യാമ്പയിൻ പ്രവർത്തനം മികച്ച രീതിയിൽ ഏകോപിപ്പിക്കുന്നതിനും, വിലയിരുത്തുന്നതിനുമായി തദ്ദേശ സ്ഥാപനങ്ങൾ ആവശ്യമായ വിവരങ്ങൾ നല്കുന്നതിന് ഒരു പൊതുവായ ഡാഷ് ബോർഡ് സംവിധാനം ഒരുക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷൻ (IKM) ചുമതലപ്പെടുത്തുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ എ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
4. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
6. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
7. സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം.
